# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃക്കാക്കര മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ -ഇ.കെ.എം(എം1)1405/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 22/08/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തൃക്കാക്കര മുനിസിപ്പാലിറ്റി

സർ,

വിഷയം : തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.(ഇ മെയിൽ മുഖേന)
2)സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
3)ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം
4)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, എറണാകുളം
5)കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ -ഇ.കെ.എം(എം1)1405/2022 തീയ്യതി: 22/08/2022

## എറണാകുളം ജില്ലയിലെ തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 112 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 22-07-2022 | 06-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-07-2022 | 06-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

കുമാരി.സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ധീരജ് ജെ, ഓഡിറ്റ് ഓഫീസർ
ശ്രീ.ഹരീഷ് ബാബു എൻ , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.കവിത എസ് കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.വിജു എം എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷഹീർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ പ്രവീൺ വി എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി വൃന്ദ സി എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ കിരൺ കെ എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഉഷ പ്രവീൺ | ചെയർപേഴ്സൺ | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | ചെയർപേഴ്സൺ | 12-11-2020 | 27-12-2020 |

| | | | |
|---|---|---|---|
| ശ്രീമതി അജിത തങ്കപ്പൻ | ചെയർപേഴ്സൺ | 28-12-2020 | 31-03-2021 |
| ശ്രീ പി എസ് ഷിബു | സെക്രട്ടറി | 01-04-2020 | 01-02-2021 |
| ശ്രീ കൃഷ്ണകുമാർ | സെക്രട്ടറി | 02-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ ധന്യ കെ വി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ ആഷാമോൾ ടി സി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ സീമ കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ മീര ബെൻ വക്കച്ചൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ജാസ്മിൻ പി | വ്യവസായ വികസന ഓഫീസർ | 01-04-2020 | 18-08-2020 |
| ശ്രീമതി പ്രിയ എസ് | വ്യവസായ വികസന ഓഫീസർ | 19-08-2020 | 30-11-2020 |
| ശ്രീമതി ദീപ കെ കെ | വ്യവസായ വികസന ഓഫീസർ | 01-12-2020 | 31-03-2021 |
| ശ്രീമതി ജോളി സെബാസ്റ്റ്യൻ | എച്ച് എം തെങ്ങോട് | 01-04-2020 | 03-06-2020 |
| ശ്രീമതി എൽസമ്മ ജോസഫ് | എച്ച് എം തെങ്ങോട് | 04-06-2020 | 31-03-2021 |
| ശ്രീമതി സ്മിത കെ ബി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി അനിത പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി അഞ്ജു കുര്യൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 08-06-2020 |
| ശ്രീമതി ഷൈമ ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 09-06-2020 | 31-03-2021 |
| ശ്രീ സജി കുമാർ എ എം | പ്രോജക്ട് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി അനിതാകുമാരി ടി | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി രമ്യ കെ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി മേരി കാതറിൻ ജോർജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 25-06-2020 |
| ശ്രീമതി ബോണി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 26-06-2020 | 31-03-2021 |
| ശ്രീ ബി ദിലീപ് | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2020 | 28-07-2020 |
| ശ്രീ മനോജ് ജി | ഹെൽത്ത് ഇൻസ്പെക്ടർ | 29-07-2020 | 02-02-2021 |

| | | | |
|---|---|---|---|
| ശ്രീ സതീഷ്കുമാർ ജി | ഹെൽത്ത് ഇൻസ്പെക്ടർ | 03-02-2021 | 31-03-2021 |
| ശ്രീ എസ് രാജേന്ദ്രൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-05-2020 |
| ശ്രീ ഷിബു എൽ നാൽപ്പാട്ട് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-06-2020 | 10-08-2020 |
| ശ്രീമതി സുജാകുമാരി എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 11-08-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Kavitha S Kannan (Senior Grade Auditor, On 26-07-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Hareesh Babu .N (Asst. Audit Officer, On 27-07-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 27-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 06-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Hareesh Babu .N (Asst. Audit Officer, On 27-07-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 10-08-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Kavitha S Kannan (Senior Grade Auditor, On 31-07-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Hareesh Babu .N (Asst. Audit Officer, On 27-07-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-5 |
| 7 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി<br>Written By: Hareesh Babu .N (Asst. Audit Officer, On 27-07-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 27-07-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Kiran K.S (Auditor, On 09-08-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 10-08-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Saly Joseph (Audit Officer (HG), On 09-08-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 10-08-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 27-07-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-10 |
| 12 | തനത് ഫണ്ട് - നഗരസഭയ്ക്ക് കൃത്യമായ കണക്കുകളില്ല<br>Written By: Saly Joseph (Audit Officer (HG), On 09-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-11 |
| 13 | ഫ്ളക്സി അക്കൌണ്ട് - അംഗീകാരമില്ലാതെ വൻ തുകകൾ പിൻവലിക്കാൻ സൌകര്യമൊരുക്കുന്നു.<br>Written By: Saly Joseph (Audit Officer (HG), On 10-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-12 |
| 14 | കണക്കിൽ ഉൾപ്പെടുത്താതെ ബാങ്കിൽ വരവ് വന്ന 48,46,390/-രൂപയ്ക്ക് വിശദീകരണം നൽകിയില്ല<br>Written By: Kiran K.S (Auditor, On 09-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 18-08-2022) | 1-13 |
| 15 | സ്ഥിരനിക്ഷേപം- 4.2 കോടി രൂപയുടെ സ്ഥിരനിക്ഷേപ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Saly Joseph (Audit Officer (HG), On 18-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 20-08-2022) | 1-14 |
| 16 | നഗരസഭ കെട്ടിടങ്ങളിൽ നിന്ന് വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല<br>Written By: Vrinda C S (Senior Grade Auditor, On 07-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-15 |
| 17 | മുനിസിപ്പൽ ചട്ടങ്ങൾക്ക് വിരുദ്ധമായി പുതിയ ഷോപ്പിംഗ് കോംപ്ലക്സ് വാടകക്ക് നൽകി<br>Written By: Vrinda C S (Senior Grade Auditor, On 07-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 18-08-2022) | 1-16 |
| 18 | ലൈസൻസ് ഈടാക്കുന്നതിലെ പൊതു അപാകതകൾ - യന്ത്രങ്ങളുടെ ഉപയോഗത്തിന് പ്രത്യേകഫീസ് ഈടാക്കുന്നില്ല | 1-17 |

| | | |
|---|---|---|
| | Written By: Vrinda C S (Senior Grade Auditor, On 07-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | |
| 19 | D&O ലൈസൻസ്: തമിഴ് നാട്ടിൽ അടച്ചുപൂട്ടിച്ച കമ്പനികൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്<br>Written By: Saly Joseph (Audit Officer (HG), On 09-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 18-08-2022) | 1-18 |
| 20 | റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ നഗരസഭ നടപ്പാക്കുന്നു-റോഡ് കട്ടിംങ് ചാർജ്ജ് ഈടാക്കേണ്ടതാണ്<br>Written By: Viju M S (Senior Grade Auditor, On 06-08-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 11-08-2022) | 1-19 |
| 21 | റൈറ്റ് ഓഫ് വേ പെർമിഷൻ -ഒറ്റത്തവണ കോൺട്രിബ്യൂഷൻ ഈടാക്കിയതിൽ കുറവ്-2കോടി 8 ലക്ഷം നഷ്ടം<br>Written By: Viju M S (Senior Grade Auditor, On 05-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 18-08-2022) | 1-20 |
| 22 | വസ്തുനികുതി-2,94.00,000/-രൂപ പിരിച്ചെടുക്കാതെ അവശേഷിക്കുന്നു; കെട്ടിട നമ്പറിംഗ് കൃത്യമാക്കേണ്ടതാണ്<br>Written By: Kiran K.S (Auditor, On 09-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 18-08-2022) | 1-21 |
| 23 | സൂപ്പർമാർക്കറ്റ് കെട്ടിടത്തിന് ഉപയോഗക്രമത്തിനനുസരിച്ചുള്ള നികുതി നിർണ്ണയിച്ചില്ല<br>Written By: Kiran K.S (Auditor, On 09-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-22 |
| 24 | കെട്ടിടങ്ങൾ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു; നികുതിയിൽ കുറവ്<br>Written By: Kiran K.S (Auditor, On 09-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-23 |
| 25 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: Praveen V.N (Senior Grade Auditor, On 09-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 09-08-2022) | 1-24 |
| 26 | തൊഴിൽ നികുതി അപാകതകൾ<br>Written By: Praveen V.N (Senior Grade Auditor, On 09-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-25 |
| 27 | കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയതിലെ അപാകതകൾ<br>Written By: Praveen V.N (Senior Grade Auditor, On 09-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-26 |
| 28 | കെട്ടിട നിർമ്മാണ പെർമിറ്റ് ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കാത്തത് സംബന്ധിച്ച്<br>Written By: Praveen V.N (Senior Grade Auditor, On 09-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-27 |
| 29 | നഗരസഭ കെട്ടിടങ്ങളിൽ നിന്ന് വാടക ലഭിക്കുന്നില്ല<br>Written By: Vrinda C S (Senior Grade Auditor, On 07-08-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 11-08-2022) | 1-28 |
| 30 | ഫയലുകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു<br>Written By: Kavitha S Kannan (Senior Grade Auditor, On 04-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-29 |
| 31 | പാലിയേറ്റീവ് കെയർ<br>Written By: Kavitha S Kannan (Senior Grade Auditor, On 04-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-30 |
| 32 | വാഹനത്തിന്റെ ഇൻഷുറൻസ് പുതുക്കിയിട്ടില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 05-08-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 11-08-2022) | 1-30-1 |
| 33 | പാലിയേറ്റീവ് ഉപകരണങ്ങൾ ലഭ്യമായില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 05-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 20-08-2022) | 1-30-2 |
| 34 | ചെലവ് തുകകൾ അതാത് ബെനിഫിഷ്യറിയ്ക്ക് അനുവദിക്കുന്നില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 05-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 20-08-2022) | 1-30-3 |
| 35 | മേൽക്കൂര മാറ്റൽ- അനുവദനീയമായതിലും അധികം സബ്സിഡി നൽകി<br>Written By: Kavitha S Kannan (Senior Grade Auditor, On 04-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-31 |
| 36 | വീട് വാസയോഗ്യമാക്കൽ - അപാകതകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 04-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-32 |
| 37 | 1.75കോടിയോളം ചെലവഴിച്ചിട്ടും നഗരസഭാമന്ദിരത്തിന് ചോർച്ചകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 04-08-2022) | 1-33 |

| | | |
|---|---|---|
| | Last Updated By: Raj N.C (Computer Assistant, On 22-08-2022) | |
| 38 | BMBC ടാറിംഗ് പ്രവൃത്തിയ്ക്ക് ബിറ്റുമിൻ ഉപയോഗിച്ചതിലെ വില വ്യത്യാസം കരാറുകാരുടെ ബില്ലിൽ നിന്ന് കുറച്ചില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 01-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-34 |
| 39 | ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധിക തുക അനുവദിച്ചു<br>Written By: Hareesh Babu .N (Asst. Audit Officer, On 05-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 18-08-2022) | 1-35 |
| 40 | ഉദ്ഘാടനത്തിന് സർക്കാർ അനുവദിച്ച പരിധിയിൽ അധികരിച്ച് തുക ചെലവഴിച്ചു<br>Written By: Hareesh Babu .N (Asst. Audit Officer, On 02-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-36 |
| 41 | ഡെപ്പോസിറ്റ് വർക്ക്-കെ.എസ്.ഇ.ബി<br>Written By: Hareesh Babu .N (Asst. Audit Officer, On 05-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-37 |
| 42 | ഡെപ്പോസിറ്റ് പ്രവൃത്തികൾ-കേരള വാട്ടർ അതോറിറ്റി<br>Written By: Hareesh Babu .N (Asst. Audit Officer, On 05-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-38 |
| 43 | പഠനമുറി നിർമാണം ത്വരിതപ്പെടുത്തേണ്ടതാണ്<br>Written By: Kavitha S Kannan (Senior Grade Auditor, On 04-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-39 |
| 44 | മുൻകുറുകൾ ക്രമീകരിച്ചിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 01-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-40 |
| 45 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 05-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-41 |
| 46 | സർക്കാർ ഉത്തരവിനു വിരുദ്ധമായി ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റി<br>Written By: Hareesh Babu .N (Asst. Audit Officer, On 01-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-42 |
| 47 | തെരുവ് വിളക്ക് പരിപാലനം- അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 05-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-43 |
| 48 | ഹൈമാസ്റ്റ് ലൈറ്റ് വാങ്ങിയതിലെ അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 04-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-44 |
| 49 | LED ലൈറ്റ് സ്ഥാപിക്കൽ : വാർഷിക കണക്കിൽ ഉൾപ്പെടുത്താതെ 2,83,70,557/- രൂപ അധികം ചെലവു ചെയ്തു<br>Written By: Saly Joseph (Audit Officer (HG), On 07-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-45 |
| 50 | വൃക്ക രോഗികൾക്ക് ഡയാലിസിസ് -സർക്കാർ അനുമതി ഹാജരാക്കേണ്ടതാണ്<br>Written By: Hareesh Babu .N (Asst. Audit Officer, On 05-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-46 |
| 51 | ഭവന പുനരുദ്ധാരണം- നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 01-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-47 |
| 52 | സെക്രട്ടറിയുടെ ശമ്പളം സർക്കാരിലേയ്ക്ക് ഒടുക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 01-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-08-2022) | 1-48 |
| 53 | ക്വാർട്ടേഴ്സ് ഉപയോഗം-ശമ്പളത്തിൽ നിന്നും വാടക കുറവുചെയ്യുന്നതിന്റെ രേഖകൾ ഹാജരാക്കിയില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 01-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 18-08-2022) | 1-49 |
| 54 | അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് - തുക തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 05-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 18-08-2022) | 1-50 |
| 55 | കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കി<br>Written By: Hareesh Babu .N (Asst. Audit Officer, On 05-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-08-2022) | 1-51 |
| 56 | റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ് സ്ഥാപിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്<br>Written By: Hareesh Babu .N (Asst. Audit Officer, On 02-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-08-2022) | 1-52 |

| | | |
|---|---|---|
| 57 | മരങ്ങൾ ലേലം ചെയ്തിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 02-08-2022)<br>Last Updated By: Saly Joseph (Audit Officer (HG), On 10-08-2022) | 1-53 |
| 58 | സർക്കാർ മാർഗ നിർദ്ദേശത്തിന് വിരുദ്ധമായി വാഹനം വാങ്ങി<br>Written By: Hareesh Babu .N (Asst. Audit Officer, On 05-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 19-08-2022) | 1-54 |
| 59 | ക്ലീനിംഗ് പ്രവൃത്തി-ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 05-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-08-2022) | 1-55 |
| 60 | വാഹനങ്ങളുടെ ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തിയിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 04-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-08-2022) | 1-56 |
| 61 | ഡി.പി.സി അംഗീകാരമില്ലാതെ പ്രോജക്ടുകൾ നടപ്പിലാക്കുന്നു<br>Written By: Hareesh Babu .N (Asst. Audit Officer, On 05-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 20-08-2022) | 1-57 |
| 62 | ലൈബ്രറി സെസ്സിനത്തിൽ അടവാക്കുവാൻ കുടിശ്ശിക-13 ലക്ഷം<br>Written By: Hareesh Babu .N (Asst. Audit Officer, On 05-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-08-2022) | 1-58 |
| 63 | വാഹന ഉപയോഗവും-പരിപാലനവും അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 04-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 18-08-2022) | 1-59 |
| 64 | ഷീ ലോഡ്ജ്-കൗൺസിൽ തീരുമാനം നടപ്പായില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 05-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 18-08-2022) | 1-60 |
| 65 | അഗതി രഹിത കേരളം- പദ്ധതിയുടെ വിനിയോഗ വിവരം ലഭ്യമല്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 02-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 18-08-2022) | 1-61 |
| 66 | തൊഴിലുറപ്പ് പദ്ധതിക്കായി അനുവദിച്ച തുക റീക്കൂപ്പ് ചെയ്തിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 05-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-08-2022) | 1-62 |
| 67 | ജീവനക്കാരുടെ ശമ്പള റിക്കവറികൾ ഒടുക്കിയതിന്റെ രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 05-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-63 |
| 68 | കേന്ദ്രാവിഷ്കൃത പദ്ധതികൾ-പി.എം.എ.വൈ<br>Written By: Kavitha S Kannan (Senior Grade Auditor, On 06-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 18-08-2022) | 1-64 |
| 69 | വയോജനങ്ങൾക്ക് കട്ടിൽ – 129 കട്ടിലുകൾ വിതരണം ചെയ്തതിന്റെ രേഖകളില്ല -5,64,850 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Vrinda C S (Senior Grade Auditor, On 07-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 18-08-2022) | 1-65 |
| 70 | ബാലസഭ – മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി പണം വിനിയോഗിച്ചു<br>Written By: Vrinda C S (Senior Grade Auditor, On 07-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 20-08-2022) | 1-66 |
| 71 | അങ്കണവാടി അനുപൂരക പോഷകാഹാര വിതരണത്തിലെ അപാകതകൾ<br>Written By: Vrinda C S (Senior Grade Auditor, On 07-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-67 |
| 72 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ട്– വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Vrinda C S (Senior Grade Auditor, On 07-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 09-08-2022) | 1-68 |
| 73 | അങ്കണവാടി എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ -രേഖകൾ മുഴുവൻ ഹാജരാക്കിയില്ല – തനത് ഫണ്ട് ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Vrinda C S (Senior Grade Auditor, On 07-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 21-08-2022) | 1-69 |
| 74 | ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി - കരാർ ഹാജരാക്കിയില്ല<br>Written By: Vrinda C S (Senior Grade Auditor, On 07-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 18-08-2022) | 1-70 |
| 75 | തുടർ സാക്ഷരത -ഗുഡ് ഇംഗ്ലീഷ്-സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം ലഭ്യമല്ല<br>Written By: Viju M S (Senior Grade Auditor, On 01-08-2022) | 1-71 |

| | | |
|---|---|---|
| | Last Updated By: Hareesh Babu .N (Asst. Audit Officer, On 18-08-2022) | |
| 76 | എ ബി സി പ്രോഗ്രാം അപാകതകൾ<br>Written By: Viju M S (Senior Grade Auditor, On 01-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 18-08-2022) | 1-72 |
| 77 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം-അപാകതകൾ<br>Written By: Viju M S (Senior Grade Auditor, On 03-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-73 |
| 78 | പൊതുടാപ്പുകളുടെ വെള്ളക്കരം - അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 04-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 18-08-2022) | 1-74 |
| 79 | ഫിഷ് മാർക്കറ്റ് നിർമ്മാണം- അംഗീകാരമില്ല, 1,55,25,544/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു<br>Written By: Saly Joseph (Audit Officer (HG), On 09-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 21-08-2022) | 1-75 |
| 80 | മുൻസിപ്പൽ ബസ്സ് സ്റ്റാന്റ് നവീകരണവും ഹൈടെക് സ്ത്രീസൗഹൃദ വെയിറ്റിംഗ് ഷെഡ് നിർമ്മാണവും-അപാകത<br>Written By: Saly Joseph (Audit Officer (HG), On 09-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 21-08-2022) | 1-76 |
| 81 | തെങ്ങോട് വനിതാ വ്യവസായ കേന്ദ്രം നവീകരണം -അപാകതകൾ<br>Written By: Saly Joseph (Audit Officer (HG), On 09-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 21-08-2022) | 1-77 |
| 82 | മുനിസിപ്പൽ പെൻഷൻ തുക - മുനിസിപ്പാലിറ്റി ചട്ടം അവഗണിച്ച് ദേശസാൽകൃത ബാങ്കിൽ നിക്ഷേപിച്ചു<br>Written By: Viju M S (Senior Grade Auditor, On 03-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-78 |
| 83 | ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമാൻ വിഹിതം നൽകിയതിന്റെ വിനിയോഗ വിവരം,രശീത് എന്നിവ ലഭ്യമാക്കിയില്ല<br>Written By: Dheeraj J (Audit Officer, On 09-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 21-08-2022) | 1-79 |
| 84 | വിനിയോഗ വിവരം,രശീത് ലഭ്യമാക്കിയിട്ടില്ല<br>Written By: Dheeraj J (Audit Officer, On 09-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 21-08-2022) | 1-80 |
| 85 | പത്രപരസ്യങ്ങൾ - പരസ്യചാർജ്ജിൽ അർഹമായ ഇളവ് പ്രയോജനപ്പെടുത്തിയില്ല<br>Written By: Dheeraj J (Audit Officer, On 09-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 19-08-2022) | 1-81 |
| 86 | ജാതികൃഷി വികസന പദ്ധതി - ഗുണഭോക്തൃ പട്ടികയിലുള്ളതിനേക്കാൾ അധികം പേർക്ക് ആനുകൂല്യം നൽകി<br>Written By: Dheeraj J (Audit Officer, On 09-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 19-08-2022) | 1-82 |
| 87 | കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണ പദ്ധതി - രേഖകൾ ലഭ്യമാക്കിയില്ല, ഗുണഭോക്തൃ പട്ടികയിലില്ലാത്തവർക്ക് ആനുകൂല്യം നൽകി<br>Written By: Dheeraj J (Audit Officer, On 09-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 21-08-2022) | 1-83 |
| 88 | പദ്ധതി ചെലവിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല<br>Written By: Dheeraj J (Audit Officer, On 09-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-84 |
| 89 | തെങ്ങ് കൃഷി വികസനം - ഗുണഭോക്തൃ പട്ടികയിലില്ലാത്തവർക്ക് ആനുകൂല്യം നൽകിയതും മറ്റ് ന്യൂനതകളും<br>Written By: Dheeraj J (Audit Officer, On 09-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-85 |
| 90 | വാഴകൃഷി വികസനം - പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ<br>Written By: Dheeraj J (Audit Officer, On 09-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 19-08-2022) | 1-86 |
| 91 | ബയോഫ്ലോക്ക് മത്സ്യ കൃഷി പദ്ധതി നിർവ്വഹണത്തിൽ സബ്സിഡി കണക്കാക്കിയതിലെ വ്യത്യാസം<br>Written By: Dheeraj J (Audit Officer, On 09-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-87 |
| 92 | സുഭിക്ഷ കേരളം – സർക്കാർ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിലും വ്യത്യസ്തമായ നിരക്കിൽ ആനുകൂല്യം അനുവദിച്ചത് സംബന്ധിച്ച് | 1-88 |

| | | |
|---|---|---|
| | Written By: Dheeraj J (Audit Officer, On 09-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | |
| 93 | ലാപ്ടോപ്പ് വിതരണം- അപാകതകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 04-08-2022)<br>Last Updated By: Saly Joseph (Audit Officer (HG), On 18-08-2022) | 1-89 |
| 94 | ടെണ്ടർ നടപടികൾ കൂടാതെ വാങ്ങൽ നടത്തി<br>Written By: Viju M S (Senior Grade Auditor, On 01-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 19-08-2022) | 1-90 |
| 95 | ഗുണഭോക്തൃവിഹിതം ഈടാക്കിയില്ല - നഷ്ടം 4,02,785/- രൂപ<br>Written By: Viju M S (Senior Grade Auditor, On 01-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 1-91 |
| 96 | മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് വാഹനങ്ങൾ ഉപയോഗിച്ചതിലെ അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 09-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 09-08-2022) | 1-92 |
| 97 | ബാങ്ക് മടക്കിയ ചെക്കുകളുടെ വിവരങ്ങൾ/തുടർനടപടികൾ ലഭ്യമാക്കിയില്ല<br>Written By: Kiran K.S (Auditor, On 09-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 19-08-2022) | 1-93 |
| 98 | ബാങ്ക് പാസ്സ്ബുക്കുകൾ/സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കിയില്ല<br>Written By: Kiran K.S (Auditor, On 10-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 19-08-2022) | 1-94 |
| | ഭാഗം **2** | |
| 1 | റൈറ്റ് ഓഫ് വേ പെർമിഷൻ -ഒറ്റത്തവണ കോൺട്രിബ്യൂഷൻ കുറവായി ഈടാക്കി-2കോടി 8 ലക്ഷം നഷ്ടം<br>Written By: Viju M S (Senior Grade Auditor, On 09-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 2-1 |
| 2 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ 34217/-രൂപയുടെ കുറവ്<br>Written By: Praveen V.N (Senior Grade Auditor, On 09-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 2-2 |
| 3 | സൂപ്പർമാർക്കറ്റ് കെട്ടിടത്തിന് ഉപയോഗക്രമത്തിനനുസരിച്ചുള്ള നികുതി നിർണ്ണയിച്ചില്ല - നികുതി നഷ്ടം<br>Written By: Hareesh Babu .N (Asst. Audit Officer, On 17-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 2-3 |
| 4 | കെട്ടിടങ്ങൾ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു; നികുതിയിൽ കുറവ്<br>Written By: Hareesh Babu .N (Asst. Audit Officer, On 21-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 2-4 |
| | ഭാഗം **3** | |
| 1 | ഗുണഭോക്തൃവിഹിതം ഈടാക്കിയില്ല - നഷ്ടം 4,02,785/-രൂപ<br>Written By: Viju M S (Senior Grade Auditor, On 05-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 3-1 |
| 2 | ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധിക തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 05-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 3-2 |
| 3 | കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കി പ്രവൃത്തി നടത്തി-52810/-രൂപ നഷ്ടം<br>Written By: Hareesh Babu .N (Asst. Audit Officer, On 05-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 3-3 |
| 4 | മേൽക്കൂര മാറ്റൽ- അനുവദനീയമായതിലും അധികം സബ്സിഡി നൽകി<br>Written By: Kavitha S Kannan (Senior Grade Auditor, On 04-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 21-08-2022) | 3-4 |
| 5 | സർക്കാർ ഉത്തരവിന് വിധേയമായി തുക റിക്കൂപ്പ് ചെയ്തില്ല, കൃത്യമായ രേഖകളുമില്ല: 1,44,32,656/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു<br>Written By: Saly Joseph (Audit Officer (HG), On 10-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 21-08-2022) | 3-5 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 27-07-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 27-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Hareesh Babu .N (Asst. Audit Officer, On 27-07-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 27-07-2022) | 4-2 |

| | | |
|---|---|---|
| 3 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Hareesh Babu .N (Asst. Audit Officer, On 10-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Hareesh Babu .N (Asst. Audit Officer, On 27-07-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 27-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Hareesh Babu .N (Asst. Audit Officer, On 27-07-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 27-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Saly Joseph (Audit Officer (HG), On 11-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 19-08-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Hareesh Babu .N (Asst. Audit Officer, On 10-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 10-08-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക<br>Written By: Hareesh Babu .N (Asst. Audit Officer, On 27-07-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 27-07-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 27-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Hareesh Babu .N (Asst. Audit Officer, On 07-08-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്നഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 27-07-2022)<br>Last Updated By: Raj N.C (Computer Assistant, On 22-08-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 19.02.2021 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള കണക്കുകളും യഥാർത്ഥ കണക്കുകളും കാര്യമായ അന്തരമുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| പുതുക്കിയ ബജറ്റ് പ്രകാരം | 1147995486 | 1230943411 |
| യഥാർത്ഥ കണക്ക് | 636684558 | 721663366 |
| വ്യത്യാസം | 511310928 | 509280045 |

ബജറ്റ് യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.7.2021 | 31.07.2021 |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1) R&P സ്റ്റേറ്റ്മെന്റ് വസ്തുനികുതി സർചാർജ്ജിനത്തിൽ 110010300 എന്ന ഹെഡിൽ 2409899/-രൂപ വരവുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് യഥാർത്ഥത്തിൽ വസ്തുനികുതിയിനത്തിൽ സർവ്വീസ് സെസ്സായി പിരിച്ച തുകയാണ്.

2) 2020-21 ലെ ബാലൻസ് ഷീറ്റ് B1 ഷെഡ്യൂളിലെ 310100100 എന്ന ഹെഡിൽ 674824771/-രൂപയും, 2019-20 B1 ഷെഡ്യൂളിൽ 637754493/-രൂപയുമാണ് ചേർത്തിരിക്കുന്നത്. ഈ രണ്ട് തുകകൾ തമ്മിൽ കാര്യമായ വ്യത്യാസമുണ്ട്.

3) 2020-21 ലെ 160109900 Other Revenue Grants എന്ന ഹെഡിൽ 1007980/- രൂപ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ (പൂരക പോഷകാഹാരം, എൻ.യു.എൽ.എം,പി.എം.എ.വൈ) തുകയാണ് ഇവ എങ്കിലും തനതു ഫണ്ടിൽ ആണ് അക്കൗണ്ട് ചെയ്യുന്നത്. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായ നടപടിയായി ഓഡിറ്റ് ഇതിനെ വിലയിരുത്തുന്നു. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്ന അക്കൌണ്ടിലേക്ക് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുക ക്രെഡിറ്റ് ചെയ്യുന്നത് ശരിയായ നടപടിയല്ല.

4) ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളിൽ Gross Salary Payable എന്ന ഹെഡിൽ വന്നിരിക്കുന്ന തുക സെക്രട്ടറിയുടെ ശമ്പളമിനത്തിൽ സർക്കാരിലേക്ക് അടയ്ക്കേണ്ട തുകയാണ്. ആയത് അടവാക്കിയിട്ടില്ല.

5) ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളിൽ 350300700(CGST) എന്ന ഹെഡിലും,350300800(SGST) എന്ന ഹെഡിലും വ്യത്യസ്തമായ തുകയാണ് ചേർത്തിരിക്കുന്നത്.

6) ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളിൽ 350300710(CGST-TDS) എന്ന ഹെഡിലും, 350300810(SGST-TDS) എന്ന ഹെഡിലും വ്യത്യസ്തമായ തുകയാണ് ചേർത്തിരിക്കുന്നത്.

7) ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളിൽ 350300400 എന്ന ഹെഡിൽ VAT-ഇനത്തിൽ അടയ്ക്കാനുള്ള തുകയായി 1117104.64/-രൂപ അടയ്ക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. നാളിതു വരെയും തുക സർക്കാരിലേക്ക് അടച്ചിട്ടില്ല.

8) 2020-21 ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളിൽ 350410103 എന്ന ഹെഡിൽ ചേർത്തിട്ടുള്ള Advance Collection Of Revenues-Advertisement Tax ഉം, 350410399 എന്ന ഹെഡിൽ ചേർത്തിട്ടുള്ള Advance Collection Of Revenues-other Fees എന്നിവയും 2019-20 ലെ ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള തുകകൾ തന്നെയാണ്.

9) 2020-21ബാലൻസ് ഷീറ്റ് B15 ഷെഡ്യൂളിൽ വസ്തു നികുതിയിനത്തിൽ ലഭിക്കാനുള്ളതായി കാണിച്ചിരിക്കുന്ന തുകയുടെ 5% അല്ല ലൈബ്രറി സെസിനത്തിൽ ലഭിക്കാനുള്ളതായി കാണിച്ചിരിക്കുന്നത്.

10) ലൈസൻസ് ഫീസിനത്തിൽ 2020-21 സാമ്പത്തിക വർഷം ഡിമാന്റായി കാണിച്ചിരിക്കുന്നത് 38,00,000/-രൂപയാണ്. തൻവർഷത്തെ കളക്ഷൻ തുക 1360610/-രൂപയാണ്. 2019-20 ലെ B9 ഷെഡ്യൂളിൽ ലൈസൻസ് ഫീസിനത്തിൽ മുൻകൂറായി ലഭിച്ച 23,87,295/-രൂപയും കൂട്ടിച്ചേർക്കുമ്പോൾ ലഭിക്കുന്ന തുക 37,47,905/-രൂപയാണ്. ബാക്കി ലഭിക്കാനായിട്ടുള്ള തുക B15 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ട തുക 55,095/-രൂപയാണ്. എന്നാൽ 20-21 വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത് 33395/-രൂപയാണ്.

11) വാർഷിക ധനകാര്യ പത്രിക B-18 Schedule പ്രകാരമുള്ള മുൻകൂർ തുകകൾ ഏതൊക്കെ ഇനങ്ങളിലാണ് ക്രമീകരിക്കാനുള്ളതെന്ന വിശദാംശം ലഭ്യമാക്കിയില്ല.

| | | |
|---|---|---|
| 460100500 | Standing Advance | 10,31,915- |
| 460100700 | Misleneous Receipts | 11,334,740 |
| 460400201 | Advance To Contractors | 1,350,000 |
| 460500202 | Advance To Implementing Agencies | 10,141,274 |
| 460509909 | Advance To Others | 455892 |

മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23,57,29,562.81 |
| വരവ് | 63,66,84,558.00 |
| ആകെ | 87,24,14,120.81 |
| ചെലവ് | 71,99,37,121.00 |
| നീക്കിയിരിപ്പ് | 15,24,76,999.81 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ | | 82335879 | 82335879 | 62745009 | | 19590870 |
| വികസനഫണ്ട് -SCP | | 32909550 | 32909550 | 30659016 | | 2250534 |
| വികസനഫണ്ട് -TSP | | 1238000 | 1238000 | 75000 | | 1163000 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | | 34188000 | 34188000 | 32657796 | | 1530204 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | | 17835760 | 17835760 | 13019998 | | 4815762 |
| ധനകാര്യകമ്മീഷൻ അവാർഡ് (Untied) | | 102942014 | 102942014 | 62444406 | | 40497608 |
| ധനകാര്യകമ്മീഷൻ അവാർഡ് (Tied) | | 35630000 | 35630000 | 13878379 | | 21751621 |
| എൻ.യു.എൽ.എം | 1798756.66 | 1011925 | 2810681.66 | 1514031.66 | 1296650 | |
| ശുചിത്വമിഷൻ | 11296673 | 332357 | 11629030 | 5534817 | 6094213 | |
| പി.എം.എ.വൈ | 13129570 | 10745356 | 23874926 | 13512157 | 10362769 | |

എൻ.യു.എൽ.എം. പി.എം.എ.വൈ, ഐ.സി.ഡി.എസ് എന്നീ കേന്ദ്രഫണ്ടുകൾ യൂണിയൻ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുകയും ഫയൽ പ്രകാരം ചെലവായ തുകയും നിർവഹണോദ്യോഗസ്ഥയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള ചെലവുമായി പൊരുത്തപ്പെടാത്തതിനാൽ അനുപൂരക പോഷകാഹാരത്തിന്റെ ഫണ്ട് വിവരങ്ങൾ ചേർക്കുവാൻ സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡിക- 1-67(1)ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തുകകൾ പൊരുത്തപ്പെടാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതും ആയത് കൃത്യമാക്കി തൻവർഷത്തെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഗ്രാന്റ് വിനിയോഗം-അവലോകനം

മെയിന്റനൻസ് ഗ്രാന്റ് റോഡ്, എസ്.എസ്.പി ഗ്രാന്റ് എന്നിവ മാത്രമാണ് 100% ചെലവഴിക്കുവാൻ നഗരസഭയ്ക്ക് സാധിച്ചത്. ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) 61%വും ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied) 39% വും പൊതുവിഭാഗം വികസനഫണ്ട് 23% വും ടി.എസ്.പി 93% വും നോൺ റോഡ് ഗ്രാന്റ് 27% വും ലാപ്സായി പോയിട്ടുണ്ട്. ഈയൊരു സ്ഥിതിവിശേഷത്തിന് കാരണമായ സാഹചര്യങ്ങളിലേയ്ക്ക് നഗരസഭ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 326 | 594986629 | 202 | 229796238 | 88 | 36 | 61.96% |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 13,97,279 | 2,25,75,522 | 2,39,72,801 | 2,39,12,597 | 60,204 |
| ആകെ | 13,97,279 | 2,25,75,522 | 2,39,72,801 | 2,39,12,597 | 60,204 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 3911300 | 255 |
| വിധവാപെൻഷൻ | 30845700 | 2097 |
| വാർദ്ധക്യകാലപെൻഷൻ | 50548800 | 3729 |
| വികലാംഗപെൻഷൻ | 7732800 | 514 |
| 50 വയസിന് മുകളിലിലുള്ള അവിവാഹിതകൾക്കുള്ള ധനസഹായം | 632200 | 45 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30/07/2022 ന് മുനിസിപ്പാലിറ്റി സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 84874/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1. തനതുഫണ്ട് വരവുകൾ കൃത്യമായി പിരിച്ചെടുക്കുന്നതിൽ വീഴ്ചയുണ്ടാകുന്നുണ്ട്. ഉദാ- റോഡ് റെസ്റ്റൊറേഷൻ ഫീസ് , കെട്ടിട നികുതി എന്നീ ഇനത്തിൽ വരവ് കൃത്യമായി പിരിച്ചെടുക്കുന്നില്ല.

2. പണമിടപാടുകൾ കൃത്യമായ അക്കൗണ്ട് ഹെഡുകളിൽ രേഖപ്പെടുത്തുന്നില്ല.
3. സ്ഥിരനിക്ഷേപത്തിന്റെ കൃത്യമായ കണക്ക് – രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5. മരാമത്ത് പ്രവൃത്തികളുടെ ഫയൽ സൂക്ഷിപ്പ് ശരിയായ രീതിയിലല്ല. മുൻവർഷം നടപ്പാക്കിയ തനതു ഫണ്ട് വകയിരുത്തിയ ചില മരാമത്ത് പ്രവൃത്തികളുടെ തുക പദ്ധതി സ്പിൽ ഓവർ ആക്കാതെ തന്നെ തൻവർഷം നൽകിയിട്ടുണ്ട്. സുലേഖയിൽ രേഖപ്പെടുത്താത്തതിനാൽ ആകെ പദ്ധതി ചെലവിലും ഇപ്രകാരം നൽകിയ തുകയുടെ വിവരം ഉൾപ്പെടുന്നില്ല. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

6. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല. വാർഷിക പദ്ധതി നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് മോണിട്ടറിങ്ങ് സമിതികൾ വിലയിരുത്തിയിട്ടില്ല.
7. കാര്യക്ഷമമായ മാലിന്യ സംസ്കരണ സംവിധാനം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

8. പ്രോജക്ട് തയ്യാറാക്കാതെ ഡി.പി.സി. അംഗീകാരമില്ലാതെ തനത് ഫണ്ടിൽ നിന്നും തുക ചെലവ് ചെയ്യുന്നു.

2020-21 സാമ്പത്തിക വർഷം തൃക്കാക്കര നഗരസഭയിൽ നിന്നും വളരെയധികം പ്രവൃത്തികൾക്കായി പ്രോജക്ട് വച്ച് ഡി.പി.സി. അംഗീകാരമില്ലാതെ തുക ചെലവഴിച്ചിട്ടുണ്ട്. ഏകദേശം പതിനഞ്ച് കോടിയിലധികം രൂപ ഇപ്രകാരം അംഗീകാരമില്ലാതെ ചെലവ് പത്രികയിൽ ഉൾപ്പെടുത്താതെ ചെലവ് ചെയ്തിട്ടുണ്ട്. എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിക്കൽ, ഫിഷ് മാർക്കറ്റ് നിർമ്മാണം, നഗരസഭാ മന്ദിരം നവീകരണം, പി.എച്ച്.സി.നിർമ്മാണം, സ്കൂൾ നിർമ്മാണം തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഇവയ്ക്കായി മറ്റ് ഫണ്ടുകൾ, എം.പി/എം.എൽ.എ.ഫണ്ടുകൾ, വകുപ്പിൽ നിന്നുള്ള ധനസഹായം എന്നിവ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. പ്രോജക്ട് തയ്യാറാക്കി ഡി.പി.സി. അംഗീകാരത്തോടെ ചെലവ് പത്രികയിൽ ഉൾപ്പെടുത്തി തനത് ഫണ്ടിൽ നിന്നും തുക ചെലവ് ചെയ്യുന്നതിന് അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

9. തനത് ഫണ്ടിൽ നിന്നും മുൻകൂറുകൾ നൽകുന്നു.

തനത് ഫണ്ടിൽ നിന്ന് വ്യക്തമായ രേഖകൾ ഇല്ലാതെ, പ്രോജക്ടിൽ ഉൾപ്പെടുത്താതെ മുൻകൂറുകൾ നൽകുന്നു. അവ യഥാസമയം ക്രമീകരിക്കുകയോ, ചെലവ് തുക കഴിച്ച് ബാക്കി തുക തിരികെ അടവാക്കുകയോ ചെയ്യുന്നില്ല. മുൻകൂർ ക്രമീകരിക്കാതെ ശേഷിക്കുന്നവ പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

10. തനത് ഫണ്ടിൽ നിന്നും ഡെപ്പോസിറ്റ് വർക്കുകൾക്ക് പ്രോജക്ടില്ല.

നഗരസഭ 2020-21 വർഷം ഡെപ്പോസിറ്റ് വർക്കുകൾക്കായി വിവിധ ഏജൻസികൾക്ക് നൽകിയ തുകയ്ക്ക് പ്രോജക്ട് തയ്യാറാക്കുന്നില്ല. ആയതിനാൽ ഡെപ്പോസിറ്റ് വർക്കുകൾക്കായി നൽകിയ തുക സംബന്ധിച്ചും, ചെലവ് ചെയ്ത തുക സംബന്ധിച്ചും, വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തത് സംബന്ധിച്ചും കൃത്യമായ കണക്കുകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല.

11. നഗരസഭ – ഫ്ലക്സി ഫിക്സഡ് ഡെപ്പോസിറ്റ്

നഗരസഭയുടെ തനത് ഫണ്ട് ബാങ്ക് അക്കൗണ്ട് ഫ്ലക്സി ഫിക്സഡ് ഡെപ്പോസിറ്റ് സംവിധാനം ഉള്ളതാണ്. എന്നാൽ ഫ്ലക്സി ഡെപ്പോസിറ്റ് ക്രഡിറ്റ്, ഡെബിറ്റ് കണക്കുകൾ കൃത്യമായി നഗരസഭ സൂക്ഷിക്കുന്നില്ല. ഫ്ലക്സി ഫിക്സഡ് ഡെപ്പോസിറ്റ് നീക്കിയിരിപ്പ് തുക ഉൾപ്പെടെയുള്ള നീക്കിയിരുപ്പല്ല ബാങ്ക് ബുക്കുമായി തുലനം നടത്തിയിട്ടുള്ളത്.

12. ഫ്ലക്സി അക്കൗണ്ട് സംവിധാനം വൻ തുകകൾ പിൻവലിക്കുന്നതിന് സൗകര്യപ്രദമാകുന്നു.

നഗരസഭ തനത് ഫണ്ടിന്റെ ബാങ്ക് അക്കൗണ്ട് ഫ്ലക്സി അക്കൗണ്ട് സംവിധാനമായതിനാൽ വലിയ തുകകൾ ഒറ്റ ചെക്ക് വഴി പിൻവലിച്ച് അംഗീകാരമില്ലാത്ത പ്രോജക്ടുകൾക്ക് തുക ചെലവഴിക്കുന്നതിന് സൗകര്യമാകുന്നു (ഉദാഹരണം - എൽ.ഇ.ഡി.ലൈറ്റ് സ്ഥാപിക്കൽ, ഫിഷ് മാർക്കറ്റ് നിർമ്മാണം) . അതുകൊണ്ടുതന്നെ നഗരസഭാധികൃതർ പ്രോജക്ട് വയ്ക്കാതെ, ചെലവ് രേഖയിൽ ഉൾപ്പെടുത്താതെ, വൻ തുക ചെലവ് ചെയ്തിട്ടുണ്ട്. ഈയൊരു നിലപാട് സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തേണ്ടതും നിജസ്ഥിതി വ്യക്തമാക്കപ്പെടേണ്ടതുമാണ്.

13. ഫ്ലക്സി അക്കൗണ്ട് സംവിധാനം - മറ്റ് ഫിക്സഡ് ഡെപ്പോസിറ്റ് ചെയ്യുന്ന തുകകൾക്കും കൃത്യതയില്ല.

നഗരസഭയിൽ ഫ്ലക്സി ഫിക്സഡ് ഡെപ്പോസിറ്റ് രജിസ്റ്ററുകൾ രേഖകളില്ലാത്തതുകൊണ്ട്, നഗരസഭയുടെ തനത് ഫണ്ടിലുള്ള അക്കൗണ്ടുകളിൽ നിന്നും (യൂണിയൻ ബാങ്ക്, എച്ച്.ഡി.എഫ്.സി.ബാങ്ക്, ട്രഷറി റ്റി.എസ്.ബി.അക്കൗണ്ട്) സ്ഥിരനിക്ഷേപം നടത്തുന്ന മറ്റ് ഫിക്സഡ് ഡെപ്പോസിറ്റ് തുകകൾക്കും കൃത്യതയില്ല. സ്ഥിര നിക്ഷേപ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സ്ഥിരനിക്ഷേപ രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

14. നഗരസഭാ കെട്ടിടനികുതി - വാർഡ് വിഭജനം മൂലം അവ്യക്തത

നഗരസഭയിൽ ഇടയ്ക്കിടെ നടത്തുന്ന വാർഡ് വിഭജനം മൂലം തൃക്കാക്കര നഗരസഭയിലുള്ള കെട്ടിടങ്ങളുടെ കെട്ടിട നമ്പറിംഗ് വ്യക്തമല്ല. ഇതുമൂലം പല കെട്ടിടങ്ങൾക്കും നികുതി ചുമത്തുന്നതിന് സാധിക്കുകയില്ല. ഇപ്രകാരമൊരു നടപടി മൂലം വലിയ കെട്ടിടങ്ങൾ കെട്ടിടനികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെടാനിടയുണ്ട്. അതുകൊണ്ട് തന്നെ നഗരസഭ കണക്കിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള കെട്ടിടനികുതി അരിയർ കണക്ക് കൃത്യമല്ല. അരിയർ ഡിമാന്റ് രജിസ്റ്ററുകളും നഗരസഭ സൂക്ഷിച്ചിട്ടില്ല.

15. നഗരസഭ ആസ്തികൾ - കൃത്യമായ രേഖകളില്ല

നഗരസഭയിൽ ആസ്തികൾ കൈയ്യേറുന്നതും വയൽ നികത്തുന്നതും വർദ്ധിക്കുന്നു (ഉദാ: പുറവങ്കര പ്രോജക്ട്). പുറമ്പോക്ക് സ്ഥലങ്ങൾ, കുളങ്ങൾ, ഗ്രൗണ്ടുകൾ, വയലുകൾ, നഗരസഭയുടെ സ്ഥലങ്ങൾ തുടങ്ങി നഗരസഭാ പരിധിയിലുള്ള നഗരസഭയുടെ ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും നഗരസഭ ആസ്തികൾ കൈയ്യേറ്റം ചെയ്തിട്ടുള്ളത്

ഒഴിപ്പിച്ച് തിരികെ ലഭ്യമാക്കേണ്ടതുമാണ്.

16. നഗരസഭ ലൈസൻസ് - നോൺസെസ് റീജിയൺ സംബന്ധിച്ച രേഖകളില്ല.

നഗരസഭയിലുള്ള ഇൻഫോപാർക്ക്, CEZ എന്നിവടങ്ങളിലുള്ള നോൺ സെസ്സ് റീജിയൺ കമ്പനികൾ സംബന്ധിച്ച് വ്യക്തമായ രജിസ്റ്റർ സൂക്ഷിക്കേണ്ടതും അവയുടെ കെട്ടിട നികുതി, ലൈസൻസ് എന്നിവ പിരിച്ചെടുക്കേണ്ടതുമാണ്.

17. രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

നഗരസഭയിൽ വേണ്ട ഫിക്സഡ് ഡെപ്പോസിറ്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ഇവ സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.02.2016 മുതൽ 04.03.2016 വരെ | 2014-15, 2015-16 (1st Half) | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.01.2020 മുതൽ 07.02.2020വരെ | 2017-18 – 2018-19 | 02.03.2020 |

## 1-11 തനത് ഫണ്ട് - നഗരസഭയ്ക്ക് കൃത്യമായ കണക്കുകളില്ല

തൃക്കാക്കര നഗരസഭ 2020-21 വർഷം തനത് ഫണ്ട് കൈകാര്യം ചെയ്തിട്ടുള്ളത് സുതാര്യമായിട്ടല്ല. വിവിധ ബാങ്കുകളിൽ തനത് ഫണ്ട് വരുമാനം സൂക്ഷിക്കുന്നുണ്ട്. അവയെല്ലാം തന്നെ ഫ്ലക്സി ഫിക്സഡ് ഡെപ്പോസിറ്റ് സമ്പ്രദായത്തിലുള്ളതാണ്. (അക്കൗണ്ട് നം 450210200 /385402010001061) ഒഴികെ മറ്റ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കുകളോടൊപ്പം ഫ്ളക്സി ഫിക്സഡ് ഡെപ്പോസിറ്റ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. അതുകൊണ്ട്തന്നെ ടി ബാങ്കുകളിലെ ഫ്ളക്സി ഫിക്സഡ് ഡെപ്പോസിറ്റ് എത്രയെന്ന് വ്യക്തമല്ല. ആവർത്തിച്ചാവശ്യപ്പെട്ടിട്ടും നഗരസഭയുടെ ഓൺലൈൻ വരുമാനം സൂക്ഷിക്കുന്ന HDFCബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക് ഹാജരാക്കിയില്ല (ഹാജരാക്കിയത് അവ്യക്തമാണ്). നഗരസഭയുടെ കണക്കുകൾ സുതാര്യമായി കൈകാര്യം ചെയ്യാത്തത് ഗുരുതരമായ അപാകതയാണ്.

നഗരസഭയുടെ വരുമാനം പ്രധാനമായും കൈകാര്യം ചെയ്യുന്ന ബാങ്ക് അക്കൗണ്ട് (അക്കൗണ്ട് നം 450210200 /385402010001061) 31.3.2021 ലെ ബാലൻസ് തുക തനത് ഫണ്ട് ബാങ്ക് ബുക്കുമായി ഒത്തുനോക്കിയതിൽ ശരിയായ രീതിയിലല്ല. ഉലന പത്രിക ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 01.04.2020 ലെ മുന്നിരിപ്പ് | | 5,95,23,573.00 |
| കൂട്ടുക<br>1)പണമാക്കാത്ത ചെക്കുകൾ<br>2)നേരിട്ട് ബാങ്കിൽ ക്രഡിറ്റ് ചെയ്ത തുക | 4,20,62,678/-<br>219,20 36,155/- | |
| ആകെ | | 229,36,22,406.00 |
| കുറയ്ക്കുക<br>1)ബാങ്കിൽ ക്രഡിറ്റ് ചെയ്യാത്ത തുകകൾ<br>2)ബാങ്കിൽ നിന്നും നേരിട്ട് പിൻവലിച്ചിട്ടുള്ള തുക | 61,38,176/-<br>228,70,23,985/- | |
| 31.03.2021 ലെനീക്കിയിരുപ്പ് | | 11,15,462/- |

ഉലനം ചെയ്തതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 31.03.2021 ലെ ബാങ്ക് അക്കൗണ്ട് ബാലൻസ് 11,15,462.4 രൂപയും ഫ്ളക്സി ഫിക്സഡ് ഡെപ്പോസിറ്റ് ബാലൻസു തുക 10,75,00,000/-രൂപയും ഉൾപ്പെടെ ആകെ 10,86,15,462/-രൂപയുണ്ട്. ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരുപ്പ് തുക 59,523,573/- രൂപയാണ്. ഉലനം ചെയ്ത പരിശോധനയ്ക്കായി ഹാജരാക്കിയ പത്രികയിൽ ബാങ്ക് അക്കൗണ്ട് ബാലൻസ് 11,15,462.40/-രൂപയായിട്ടാണ് ചേർത്തിരിക്കുന്നത്. യഥാർത്ഥത്തിലുള്ള ബാങ്ക് അക്കൗണ്ട് ബാലൻസ് തുകയായ 10,86,15,462/-രൂപയുമായി പൊരുത്തപ്പെടുത്തേണ്ടതായിരുന്നു.

അതിനു പകരം ഫ്ളക്സി ഫിക്സഡ് ഡെപ്പോസിറ്റ് ഉൾപ്പെടെയുള്ള 219 കോടിയോളം രൂപ (219,20,36,155/- രൂപ) വിവിധ വർഷങ്ങളിൽ നേരിട്ട് ബാങ്കിൽ ക്രഡിറ്റ് ചെയ്ത തുകയായും, 228 കോടിയോളം രൂപ (228,70,23,985/-)വിവിധ വർഷങ്ങളിൽ ബാങ്കിൽ നിന്നും നേരിട്ട് പിൻവലിച്ചിട്ടുള്ള തുകയുമായി ചേർത്തിരിക്കുന്നു. ഇതിൽ ഫ്ളക്സി ഫിക്സഡ് ഡെപ്പോസിറ്റ്, ഫ്ളക്സി ഫിക്സഡ് ക്രഡിറ്റ് അല്ലാത്ത ഇനങ്ങൾ എന്താണ് എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. അവ കണ്ടെത്തി അതാത് ഹെഡ് ഓഫ് അക്കൗണ്ടിൽ ചേർത്ത് വ്യക്തത വരുത്തേണ്ടതാണ്. ഫ്ളക്സി ഫിക്സഡ് ഡെപ്പോസിറ്റ് സ്റ്റേറ്റ്മെന്റ്, ബാങ്ക് അക്കൌണ്ട് സ്റ്റേറ്റ്മെന്റ് എന്നിവയും ബാങ്ക് ബുക്കുമായി മന്തിലി റിക്കൺസിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സെക്രറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2)നഗരസഭയുടെ കണക്കിൽ ഉൾപ്പെടുത്താതെ ബാങ്കിൽ വരവ് വന്ന തുകകൾ(ഖ: 1-13 ൽ ഉദാഹരണമായി ചേർത്തിട്ടുണ്ട്) നഗരസഭയുടെ വരവിനങ്ങളുടെ അതാത് ഹെഡ് ഓഫ് അക്കൗണ്ടിൽ ചേർത്ത് വ്യക്തത വരുത്തേണ്ടതുമാണ്. അല്ലാത്ത പക്ഷം വരവ് നഷ്ടമായി കണക്കാക്കുന്നതാണ്.

3)നഗരസഭയിൽ നിന്നും നൽകിയ ചെക്കുകൾ പണമാക്കാൻ അവശേഷിക്കുന്നവ ചെക്കിന്റെ കാലാവധി കഴിഞ്ഞവ അതാത് ഹെഡ് ഓഫ് അക്കൗണ്ടിൽ വരവായി ചേർത്ത് വ്യക്തത വരുത്തേണ്ടതുമാണ്. തൻവർഷം പണമാക്കാൻ അവശേഷിക്കുന്ന ചെക്കുകൾ 4,20,62,678/-രൂപയാണ്. ഇതിൽ ചില ചെക്കുകൾ പണമാക്കിയിട്ടുള്ളവയാണ്. ഉദാ – ചെക് നം 402925/-രൂപ,തീ.05.01.2021 എന്ന് ചേർത്തിട്ടുള്ളത് 31.03.2021 ന് മുൻപ് പണമാക്കിയിട്ടുള്ള ചെക്കാണിത്. അതിനാൽ തന്നെ കൃത്യമായ കണക്കല്ല നഗരസഭ പരിശോധനയ്ക്കായി ഹാജരാക്കിയത് എന്ന് വ്യക്തമാണ്.

4) നഗരസഭയുടെ കണക്കിൽ ഉൾപ്പെടുകയും ബാങ്കിൽ വരാത്തതുമായ പണമാക്കാൻ അവശേഷിക്കുന്ന ചെക്കുകൾക്ക് (61,38,176/-രൂപ) വ്യക്തത വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം 61,38,176/-രൂപ വരവ് നഷ്ടമായി കണക്കാക്കുന്നതാണ്.

നഗരസഭയിലെ തനത് വരുമാനം സൂക്ഷിക്കുന്ന എല്ലാബാങ്ക് അക്കൗണ്ടുകളുടെയും ഫ്ളക്സി ഫിക്സഡ് ഡെപ്പോസിറ്റ് സ്റ്റേറ്റ്മെന്റ് ബാലൻസ് ഉൾപ്പെടെയുള്ള ബാങ്ക് അക്കൗണ്ട് ബാലൻസുകൾ ബാങ്ക് ബുക്കുമായി മന്തിലി റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സെക്രറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-12 ഫ്ളക്സി അക്കൌണ്ട് - അംഗീകാരമില്ലാതെ വൻ തുകകൾ പിൻവലിക്കാൻ സൌകര്യമൊരുക്കുന്നു.

നഗരസഭയുടെ തനത് ഫണ്ട് അക്കൌണ്ട് (അക്കൌണ്ട് നം 38540201000l061) ഫ്ളക്സി അക്കൌണ്ട് സമ്പ്രദായം ആണ്. അക്കൌണ്ടിൽ നിന്നും ഒരു നിശ്ചിത തുക എത്തുമ്പോൾ ബാങ്കിൽ നിന്നും ഓട്ടോമാറ്റിക് സംവിധാനത്തിൽ സ്ഥിരനിക്ഷേപം ആയി തുകകൾ മാറ്റം വരുത്താവുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു അക്കൌണ്ട് ആയതിനാലാവാം അംഗീകാരമില്ലാത്ത പ്രവർത്തികൾ നടപ്പാക്കി വലിയ തുകകൾ പിൻവലിക്കാൻ നഗരസഭയ്ക്ക് സൌകര്യമുണ്ട്.

2020-21 വർഷം അംഗീകാരമില്ലാത്ത പ്രവർത്തികൾക്കായി പിൻവലിച്ച തുകകളുടെ വിശദാംശം ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേര് | തുക | ചെക് നം/ തി. |
|---|---|---|---|
| 1 | LED ലൈറ്റ് സ്ഥാപിക്കൽ | 1,40,19,205/- | 2403018/ 3.2.2021(തനത് ഫണ്ട്) |
| 2 | Tube /Sodium Vapour Lamp മാറ്റി സ്ഥാപിക്കൽ | 1,44,32,656/- | 2403019/ 3.2.2021(തനത് ഫണ്ട്) |
| 3 | ഫിഷ് മാർക്കറ്റ് നിർമ്മാണം | 1)82,76,041/-<br>2)32,56,119/- | 1)403208/തിയതി 31.3.2021<br>2)403206/തിയതി 31.3.2021 |
| 4 | നഗരസഭാമന്ദിരം നവീകരണം | 1)47,17,412/-<br>2)46,24,157/- | 1)402916/തിയതി 31.3.2021<br>2)403031/തിയതി 21.12.2021 |
| 5 | MA HS നിർമ്മാണം | 47,62,780/- | 5916153/തിയതി 6.1.2021 |
| 6 | Phc നിർമ്മാണം | 58,49,758/- | 5916152/തിയതി 6.1.2021 |
| 7 | കൊല്ലം കുടിമുഗൾ BMBC Tarring | 53,26,889/- | 361427/തിയതി 2.6.2020 |

പ്രോജക്റ്റുകൾ ഡിപിസി അംഗീകാരം നേടി തുക ചെലവ് ചെയ്യേണ്ടതും ചെലവുരേഖയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

### 1-13 കണക്കിൽ ഉൾപ്പെടുത്താതെ ബാങ്കിൽ വരവ് വന്ന 48,46,390/-രൂപയ്ക്ക് വിശദീകരണം നൽകിയില്ല

നഗരസഭയുടെ യൂണിയൻ ബാങ്കിലെ 385402010001061-ാം നമ്പർ തനതുഫണ്ട് അക്കൌണ്ടിലേയ്ക്ക് വരവിനങ്ങളിൽ ഉൾപ്പെടാത്ത താഴെ പറയുന്ന തുകകൾ ബാങ്കിൽ ക്രെഡിറ്റ് ആയതായി കാണുന്നു. പ്രസ്തുത തുകകൾ ഏത് ഇനത്തിൽ വരവ് വന്ന തുകകളാണെന്ന് (ഏത് ഹെഡിലേക്കാണ് ഉൾപ്പെടുത്തിയതെന്ന്) അറിയിക്കേണ്ടതാണ്.

| ക്രമ നം | തീയതി | ചെക്ക് നം | തുക |
|---|---|---|---|
| 1 | 29.09.2020 | 748745 | 5,70,360 |
| 2 | | 748753 | 15,43,610 |
| 3 | | 748751 | 27,32,420 |
| ആകെ | | | 48,46,390 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (104/06.08.2022) മറുപടി ലഭ്യമാക്കിയില്ല.

### 1-14 സ്ഥിരനിക്ഷേപം- 4.2 കോടി രൂപയുടെ സ്ഥിരനിക്ഷേപ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കിയില്ല

തൃക്കാക്കര നഗരസഭ 2020-21 വർഷം സ്ഥിരനിക്ഷേപ ഇടപാടുകൾ കൈകാര്യം ചെയ്തിട്ടുള്ളത് സുതാര്യമായിട്ടല്ല. നഗരസഭ വിവിധ ബാങ്കുകളിൽ തനത് ഫണ്ട് വരുമാനം സൂക്ഷിക്കുന്നുണ്ട്. അവയെല്ലാം തന്നെ ഫ്ലക്സി ഫിക്സഡ് ഡെപ്പോസിറ്റ് സമ്പ്രദായത്തിലുള്ളതായതുകൊണ്ട് ഫ്ലക്സി ഫിക്സഡ് ഡെപ്പോസിറ്റ് അല്ലാത്ത സ്ഥിരനിക്ഷേപകണക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പ്രത്യകം സൂക്ഷിക്കേണ്ടതാണ്. നഗരസഭ സ്ഥിരനിക്ഷേപകണക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ സ്ഥിരനിക്ഷേപതുകകൾ സംബന്ധിച്ച കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. മുൻകാല സ്ഥിരനിക്ഷേപകണക്കിന്റെ തുടർച്ചയായുള്ള വിശദാംശങ്ങൾ അടങ്ങിയ സ്ഥിരനിക്ഷേപ രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയും, ഓരോ നിക്ഷേപവും പരിശോധനയ്ക്ക് ഹാജരാക്കാത്തത് ഗുരുതരമായ അപാകതയാണ് (മുൻസിപ്പാലിറ്റി ചട്ടം 47).

സ്ഥിരനിക്ഷേപ ലഡ്ജറും, ലഭ്യമാക്കിയ ഫയലും പരിശോധിച്ചതിൽ പ്രകാരം 4.2 കോടി രൂപയുടെ സ്ഥിരനിക്ഷേപ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

വിശദാംശം ചുവടെ ചേർക്കുന്നു.

1. 2018-19 വർഷം - ബാങ്ക് ഓഫ് ബറോഡയിൽ സ്ഥിരനിക്ഷേപം നടത്തിയിരുന്ന 3കോടി രൂപയും പലിശയും പിൻവലിച്ച് ഇന്ത്യൻ ഓവർസീസ് ബാങ്കിൽ സ്ഥിര നിക്ഷപം നടത്തുന്നതിന് തീരുമാനിച്ചു. എന്നാൽ ബാങ്ക് ഓഫ് ബറോഡയിൽ സ്ഥിരനിക്ഷേപത്തിന്റെ കാലാവധി 31.03.2019 ആയതിനാൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ സേവിംഗ്സ് അക്കൌണ്ടിൽ നിന്നും 29.03.2019 ൽ 302590 എന്ന ചെക്ക് മുഖേന 3കോടി രൂപ പിൻവലിച്ച് ഇന്ത്യൻ ഓവർസീസ് ബാങ്കിൽ സ്ഥിര നിക്ഷപം നടത്തി. 31.03.2019 ൽ കാലാവധി പൂർത്തിയായ ബാങ്ക് ഓഫ് ബറോഡയിൽ സ്ഥിരനിക്ഷേപം നടത്തിയിരുന്ന 3കോടി രൂപയും പലിശയും 03.04.2019 ൽ പിൻവലിച്ച് യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ നിക്ഷപം നടത്താൻ തീരുമാനിച്ചു. ലഡ്ജറിൽ ഈ തുക സ്ഥിര നിക്ഷപത്തിൽ നിന്ന് പിൻവലിച്ചതായി

ചേർത്തിട്ടുണ്ട്. എന്നാൽ 3കോടി രൂപയും പലിശയും യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൌണ്ടിൽ വരവു വന്നതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. (സേവിംഗ്സ് അക്കൌണ്ട് പാസ് ബുക്കിൽ ഈ തുക വരവു വന്നിട്ടില്ല)

2) 2019-20 വർഷം തനതു ഫണ്ടിൽ നിന്നും 5കോടി രൂപ പിൻവലിച്ച് HDFC ബാങ്കിൽ സ്ഥിരനിക്ഷേപം നടത്തുന്നതിന് തീരുമാനിച്ചു. അതിന്റെ തുടർ നടപടികൾ ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

എന്നാൽ HDFC ബാങ്കിലെ സേവിംഗ്സ് അക്കൌണ്ടിൽ നിന്നും 2020-21 വർഷം സ്ഥിരനിക്ഷേപം നടത്തുന്നതിനായി പിൻവലിച്ച 2.4 കോടി രൂപയുടെ ഒറിജിനൽ രസീത് ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടപ്പോൾ 1.2 കോടി രൂപയുടെ ഇൻവോയ്സ് രസീത് മാത്രമാണ് ലഭ്യമാക്കിയത്. ഇതാകട്ടെ ഈ ബാങ്കിലുള്ള ഫ്ലക്സി ഫിക്സഡ് ഡെപ്പോസിറ്റ് തുകയാണോ എന്ന് വ്യക്തവുമല്ല. ബാക്കിയുള്ള 1.2 കോടി രൂപ പിൻവലിച്ച തീയതി തുടങ്ങി സ്ഥിരനിക്ഷേപം നടത്തിയതിന്റെ വിശദാംശം പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ആയത് ഹാജരാക്കേണ്ടതാണ്.

3)മുൻകാല സ്ഥിരനിക്ഷേപകണക്കിന്റെ തുടർച്ചയായുള്ള വിശദാംശങ്ങൾ അടങ്ങിയ സ്ഥിരനിക്ഷേ രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്കായി ഹാജരാക്കിയില്ല.
മേൽ സൂചിപ്പിച്ച പ്രകാരം ആകെ 4.2 കോടി രൂപയുടെ സ്ഥിരനിക്ഷേപ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയത് ഹാജരാക്കേണ്ടതാണ്. (ഇതു സംബന്ധിച്ച് 04.08.2022 ൽ നല്കിയ 82ാം നം ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചു)

1-15 നഗരസഭ കെട്ടിടങ്ങളിൽ നിന്ന് വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്ന് വാടക രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1)നഗരസഭാ വാടക രജിസ്റ്റർ പരിശോധിച്ച പ്രകാരം 2020-21 വർഷം കുടിശ്ശിക വരുത്തിയ വാടകക്കാരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടത്തിന്റെ പേര് (രജിസ്റ്റർ ക്രമ നം) | വാടകക്കാരുടെ പേര് | പ്രതിമാസ വാടക | കുടിശ്ശിക വരുത്തിയ കാലയളവ് |
|---|---|---|---|---|
| 1 | ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് (1) | ഇ.പി.കാദർകുഞ്ഞ് | 2695 | 12/2020 മുതൽ 03/2021 വരെ |
| 2 | " (2) | റാഷിദ്.യു.കെ | 3260 | 10/2020 മുതൽ 03/2021 വരെ |
| 3 | "(5) | ജോർജ്ജ് ജോസഫ് | 2017 | 2020-21 Full |
| 4 | "(6) | ജോർജ്ജ് ജോസഫ് | 1360 | 2020-21 Full |
| 5 | "(12) | ഡാലസ് വർഗ്ഗീസ് | 2570 | 2020-21 Full |
| 6 | "(18) | ജോർജ്ജ് ജോസഫ് | 1105 | 2020-21 Full |
| 7 | ടാക്സി സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് (21) | അബ്ദുൾ സലാം | തുക രേഖപ്പെടുത്തിയിട്ടില്ല | 2020-21 Full |
| 8 | ടാക്സി സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് (23) | ഹനീഷ ഹനീഫ് | 1277 | 2021 ഫെബ്രുവരി ഒഴികെയുള്ള മാസങ്ങൾ |
| 9 | ടാക്സി സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് (24) | ഹനീഷ ഹനീഫ് | 1277 | 2020-21 Full |
| 10 | ടാക്സി സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് (31) | ടി.കെ.ഷംസു | 7372 | 2020-21 Full |
| 11 | ടാക്സി സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് (37) | ടി.കെ.ചാരു | 4323 | 2020-21 Full |
| 12 | ടാക്സി സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് (39) | ടി.കെ.അമീർ &അഷറഫ് | 4682 | 2020-21 Full |
| 13 | ടാക്സി സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് (40) | മൊയ്തീൻ അലി | 4975 | 2020-21 Full |
| 14 | കമ്മ്യൂണിറ്റി ഹാൾ(42) | സോണി മാനുവൽ | 11693 | 8/2020 മുതൽ 03/2021 വരെ |
| 15 | കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ (45) | കെ.എം.ഷമീർ, നസീർ | 19803 | 2020-21 Full |
| 16 | കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ (46) | രാധ തിരുവാതിര | 12480 | 2020-21 Full |
| 17 | കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ (47) | എം.എം.കുഞ്ഞുമുഹമ്മദ് | 6141 | 2020-21 Full |
| 18 | കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ (48) | കുഞ്ഞുമുഹമ്മദ് | 1684 | 2020-21 Full |
| 19 | കാക്കനാട് ജംഗ്ഷൻ 4,5,6,7 എന്നീ റൂമുകളിലെ വാടക തുക രേഖപ്പെടുത്തുകയോ ടി സാമ്പത്തികവർഷം തുക | കാരണം വ്യക്തമാക്കേണ്ടതാണ്. | | |

| | | | | |
|---|---|---|---|---|
| | ഒടുക്കിയതായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല | | | |
| 20 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (3) | പി.എം.റഹീം | 2139 | 2020-21 Full |
| 21 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (4) | ഇ.ഐ.സുബൈർ | 2139 | 10/2020 മുതൽ 03/21 വരെ |
| 22 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (5) | സി.കെ.യൂസഫ് | 2139 | 2020-21 Full |
| 23 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (11) | വക്കച്ചൻ | 2139 | 12/20 മുതൽ 03/2021 വരെ |
| 24 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (12) | എ.കെ.താജുദ്ദീൻ | 2139 | 2020-21 Full |
| 25 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (22) | കെ.ഐ.അഷറഫ് | 2139 | 2020-21 Full |
| 26 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (23) | എസ്.ജയകുമാർ | 2139 | 2020-21 Full |
| 27 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (32) | റസിയ അബ്ദുൾ മജീദ് | 2139 | 07/20 മുതൽ 03/21 വരെ |
| 28 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (35) | അബ്ദുൾ റഷീദ് | 2139 | 09/20 മുതൽ 03/21 വരെ |
| 29 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (46) | സെക്രട്ടറി. സി.ഐ.ടി.യു | 2139 | 2020-21 Full |
| 30 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (43) | മാനേജർ, സപ്ലൈകോ ഡിപ്പോ | തുക രേഖപ്പെടുത്തിയിട്ടില്ല | 2020-21 Full |
| 31 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (44) | സഫിയ അലിയാർ | 5628 | 10/20 മുതൽ 03/21 വരെ |
| 32 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (60) | മിനി.യു.പി | തുക രേഖപ്പെടുത്തിയിട്ടില്ല | 2020-21 Full |
| 33 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (61) | സി.എ.കരീം | 5629 | 2020-21 Full |
| 34 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (67) | അക്ബർ.കെ.കെ | 5628 | 2020-21 Full |
| 35 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (68) | നിർമ്മല | | 2020-21 Full |
| 36 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (69) | രാജേഷ് | 5676 | 2020-21 Full |
| 37 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (70) | ബാബുകുട്ടൻ. വി.എസ് | 5744 | 2020-21 Full |
| 38 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (71) | ധന്യ.ഒ.വി | 4000 | 09/20 മുതൽ 03/21 വരെ |
| 39 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (72) | ടി.കെ.വാസു | 5695 | 2020-21 Full |
| 40 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (73) | ജീവൻ ജേക്കബ് * | 5209 | 2020-21 Full |
| 41 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (74) | ശ്രേയസ് | 5630 | 2020-21 Full |
| 42 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (75) | ദീപ.സി.കെ | 5630 | 2020-21 Full |
| 43 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (76) | ജയ് പീറ്റർ | 5513 | 2020-21 Full |
| 44 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (77) | ടി.ഡി.ജനലാൽ | 5630 | 2020-21 Full |
| 45 | NGO ക്വോർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് (79) | ടി.കെ.ശിവദാസൻ | 5630 | 2020-21 Full |

കോവിഡ് സാഹചര്യത്തിൽ 2020 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിലെ വാടക തുക സർക്കാർ ഇളവ് ചെയ്ത് നൽകിയിരുന്നു. എന്നാൽ ടി മാസങ്ങളിൽ ഇളവ് നൽകിയിരുന്ന കടമുറികൾ തുറന്ന് പ്രവർത്തിച്ചിരുന്നില്ല എന്ന റവന്യൂ വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ട് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട കൊണ്ടും, കുടിശ്ശികയായ സ്ഥാപനങ്ങളിൽ നിന്ന് വാടക ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നം.10/23.07.2022ന് മറുപടി ലഭിച്ചില്ല. തൻവർഷം കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ വിവരം മാത്രമാണ് മേൽപട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നത്. ഇവരിൽ പലരും വർഷങ്ങളായി വാടക ഒടുക്കാത്തവരാണ്. മുൻ

ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇത് സൂചിപ്പിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലെ കുടിശ്ശിക തുക ഉൾപ്പെടെ കണക്കാക്കി ആയത് ഈടാക്കിയതിന്റെ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2)ഓരോ വർഷവും 5% വാടക വർദ്ധിപ്പിച്ച് ഈടാക്കുന്നുണ്ടെങ്കിലും വാടകക്കാരുമായുള്ള നഗരസഭയുടെ കരാർ പുതുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. കരാറുകൾ എല്ലാ വർഷവും പുതുക്കേണ്ടതും ഓഡിറ്റിനായി ലഭ്യമാക്കേണ്ടതുമാണ്.

3) വാടക ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ രജിസ്റ്ററിന്റെ ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ടി രേഖ ആധികാരികമാക്കി സൂക്ഷിക്കേണ്ടതാണ്.

4) ഡിമാന്റ് രജിസ്റ്ററിൽ വാടക കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന വാർഡ്, കെട്ടിട നമ്പർ മുതലായവ രേഖപ്പെടുത്തുന്നില്ല. മാത്രമല്ല നഗരസഭ വാടകക്ക് നൽകിയിരിക്കുന്ന പല കെട്ടിടങ്ങളുടെയും വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി നഗരസഭ പുതുതായി പണികഴിപ്പിച്ച അയ്യൻ കാളി തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ താഴത്തെ നില ശാന്ത കുഞ്ഞപ്പൻ, നവജ്യോതി പഞ്ചമി സ്വയം സഹായ സംഘത്തിനും, ഒന്നാം നില കാർത്തു വാസു, മകര ജ്യോതി സ്വയം സഹായ സംഘത്തിനും 2020-21 വർഷം ലേലം ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്നുള്ള വാടക വരവ് തുക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം നഗരസഭ ആസ്തികൾ വാടകയ്ക്ക് നൽകുമ്പോൾ എല്ലാ വരവുകളും ഒരു രജിസ്റ്ററിൽ തന്നെ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 മുനിസിപ്പൽ ചട്ടങ്ങൾക്ക് വിരുദ്ധമായി പുതിയ ഷോപ്പിംഗ് കോംപ്ലക്സ് വാടകക്ക് നൽകി

2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം ലൈസൻസുകളുടെ പുതുക്കൽ, ലൈസൻസികളെ പുനരധിവസിപ്പിക്കൽ എന്നിവ ഒഴികെയുള്ള വില്പന, പാട്ടത്തിന് നൽകൽ, വാടകയ്ക്ക് കൊടുക്കൽ എന്നിവ മുഖേന മുനിസിപ്പാലിറ്റികളുടെ വസ്തു കൈമാറ്റങ്ങൾ പരസ്യ ലേലം വഴിയോ ടെണ്ടർ മുഖേനയോ ആയിരിക്കേണ്ടതാണ്. എന്നാൽ 26.08.2020 ലെ 11-ാം നമ്പർ നഗരസഭാ കൗൺസിൽ തീരുമാന പ്രകാരം കാക്കനാട് ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന നഗരസഭ വക ടാക്സി സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിനു മുകളിൽ പുതുതായി പണി കഴിപ്പിച്ച കടമുറികൾ എറണാകുളം ജില്ലാ ഗവ.കോൺട്രാക്റ്റേഴ്സ് മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നം.ഇ.1383 ക്ക് വാടകക്ക് നൽകുന്നതിന് തീരുമാനിച്ചു. ഇത് സംബന്ധിച്ച ഫയൽ (നം.R2-10997/2020) പരിശോധിച്ചതിൽ 177.84 ച.മീ ഗ്രൗണ്ട് ഫ്ലോറും, 177.84 ച.മീ ഒന്നാം നിലയും 24.32 ച.മീ സ്റ്റെയർ റൂമും ഉൾപ്പെടെ 380 ച.മീ ആണ് നഗരസഭ പുതുതായി പണി കഴിപ്പിച്ച കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം. 10.07.2020 ൽ 16/3995, 16/3996 എന്നീ കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ട്(ഇത് ഒന്നാം നിലയുടെ മാത്രം കെട്ടിട നമ്പറാണോ എന്ന് വ്യക്തമാക്കേണ്ടതാണ് ). 177.84 ച.മീ ഉള്ള ഒന്നാം നിലയാണ് എഞ്ചിനീയറിംഗ് വിഭാഗം നിശ്ചയിച്ച 43000/-രൂപ+ടാക്സ് എന്ന പ്രതിമാസ വാടക നിരക്കിൽ കൗൺസിൽ തീരുമാനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ വാടകക്ക് നൽകിയിരിക്കുന്നത്. ഇപ്രകാരം ടെണ്ടർ/ലേല നടപടികൾ കൂടാതെ കെട്ടിടം നൽകുന്നതിൽ നഗരസഭാ സെക്രട്ടറിയുടെ വിയോജനക്കുറിപ്പ് മറികടന്നുകൊണ്ടാണ് കൗൺസിൽ ഇത്തരത്തിലൊരു തീരുമാനം എടുത്തുകാണുന്നത്. ഇത് ചട്ട വിരുദ്ധമായ നടപടിയാണ്. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/23.07.2022) നഗരസഭ മറുപടി നൽകിയിട്ടില്ല. മൂന്നു മാസ വാടക(1,29,644/-രൂപ)മുൻകൂർ ഡെപ്പോസിറ്റ് ആയി (രസീത് നം.01/120330400240:22.09.2020) നൽകിയാണ് 23.09.2020 ൽ ഇവർ നഗരസഭയുമായി കരാർ ചമച്ചിരിക്കുന്നത്(01.09.2020 മുതൽ 11 മാസത്തേക്ക്). ഫയൽ പരിശോധിച്ചതിൽ കെട്ടിടം പണി പൂർത്തിയാകുമ്പോൾ ഒന്നാം നില കോൺട്രാക്റ്റേഴ്സ് സൊസൈറ്റിക്ക് വാടകക്ക് നൽകുന്നതിന് 06.02.2019 ലെ 32-ാം നമ്പർ കൗൺസിലും 17.07.2017 ലെ 11-ാം നമ്പർ കൗൺസിലും തീരുമാനമെടുത്തിരിക്കുന്നതായി കാണുന്നു. ആയതിന്റെ കാരണവും വ്യക്തമല്ല. ഇത്തരത്തിൽ ഏകപക്ഷീയമായ നടപടിയിലൂടെ ഒരു സ്വകാര്യ സ്ഥാപനത്തിന് ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ആസ്തികൾ ഉപയോഗത്തിനായി വിട്ടുനൽകുന്നത് സുതാര്യമായ നടപടിയായി ഓഡിറ്റ് വിലയിരുത്തുന്നില്ല. മാത്രമല്ല ഇതിന്റെ താഴത്തെ നില വാടകക്ക് നൽകിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ആയത് ലേലം നടത്തുന്നതിന് നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്. മത്സരാധിഷ്ഠിത/ലേല നടപടികളിലൂടെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 ലൈസൻസ് ഈടാക്കുന്നതിലെ പൊതു അപാകതകൾ - യന്ത്രങ്ങളുടെ ഉപയോഗത്തിന് പ്രത്യേകഫീസ് ഈടാക്കുന്നില്ല

2020-21 സാമ്പത്തികവർഷത്തേക്കുള്ള ലൈസൻസ് സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ട പൊതുവായ അപാകതകൾ താഴെപ്പറയുന്നു

1) യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ലൈസൻസ് ഫീസ് ഈടാക്കുന്നില്ല.

2011 ലെ കേരള മുനിസിപ്പാലിറ്റി വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം ഏതെങ്കിലും ഫാക്ടറിയോ,വർക്ക് ഷോപ്പോ, ജോലി സ്ഥലമോ,യന്ത്ര സാമഗ്രിയോ,നിർമ്മാണ യന്ത്രമോ ഒരു പുരയിടത്തിലോ, കെട്ടിടത്തിലോ പ്രവർത്തിക്കുവാൻ അനുവദിച്ചുകൊണ്ടുള്ള ഏതൊരു ലൈസൻസിയും 3-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള കുറഞ്ഞ നിരക്കിന് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് ചുമത്തേണ്ടതാണ്. ചട്ടം 15(6) പ്രകാരം ഇത്തരത്തിൽ നൽകിയിരിക്കുന്ന ലൈസൻസ് പുതുക്കി നൽകുന്നതിനും 14-ാം ചട്ട പ്രകാരമുള്ള വാർഷിക ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ ഇത് സംബന്ധിച്ച അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ യന്ത്രസാമഗ്രികൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് ആദ്യമായി ലൈസൻസ് എടുക്കുമ്പോൾ ചുമത്തേണ്ട Installation Of Machinery എന്ന ഹെഡിൽ ഫീസ് ഈടാക്കുന്നുണ്ടെങ്കിലും ലൈസൻസ് പുതുക്കുമ്പോൾ Running Fee For Machinery എന്ന ഹെഡിൽ പ്രത്യേകം ഫീസ് ഈടാക്കുന്നതായി കാണുന്നില്ല.

ഒരു വാർഡിലെ ഏതാനും ഉദാഹരണങ്ങൾ മാത്രം താഴെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര്, വിലാസം | വാർഡ് നം/കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | എച്ച്.പി | ഈടാക്കേണ്ട ഫീസ് | ലൈസൻസ് നം/ തീയതി- തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | എം.എച്ച്.മൂസ മുരിയങ്കര വീട്, കുസുമഗിരി | 9/329- A 13 | Data Traders | 10 | 200 | 447/28.09.2020 - 600/- |
| 2 | നൗഷാദ്.സി.ഐ, ചെറുകുറ്റിക്കൽ | 9/159-Z | SCM Shipping Services(P)L | 31 | 900 | 933/14.01.2021 -1000/- |
| 3 | പ്രിൻസ് പോൾ ചീനാത്ത് | 9/കെട്ടിട നം ഇല്ല | Minify Solutions (P)L | 2.5 | 100 | ലൈസൻസ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല- 2000/- |
| 4 | വിനീത് വർമ്മ, ഡയറക്ടർ, ബ്രിഗേഡ് ഹോട്ടൽ | 9/2467 | Four Points By Sheraton Kochi | 815 | 16800 | ലൈസൻസ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്- 40,000 |
| 5 | നവീൻ ഫിലിപ്പ്, വലിയതോട്ടത്തിൽ വീട് | 9/16,16A | Vision Motors(P) L | 5 | 100 | 233/20.03.2020-6000 |
| 6 | കെ.പ്രദീപ്കുമാർ, ജനറൽ മാനേജർ, നിറ്റാ ജെലാറ്റിൻ | 1 )9/2999,<br>2)9/2997 | Nitta Gelatin India L. | 10825 | 323250 | 1)194/17.08.2020 – 4000<br>2)195/17.08.2020-35660<br>രണ്ടും 5 വർഷത്തേക്കാണോ ലൈസൻസ് പുതുക്കി നൽകിയിരിക്കുന്നത് എന്ന വിവരം അറിയിക്കേണ്ടതാണ്. |
| 7 | ബിജു.ഇ.വി, എറാംബ്രശ്ശേരി | 9/622-A1 | Kannaki Engg.welding Workshop | 10 | 200 | അനുവദിച്ച<br>ലൈസൻസ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല- 1200 |
| 8 | റെനേഷ്.കെ.രാജൻ, കളങ്ങാട്ട് (H) | 9/589D | Maxxfit Fitness Studio | 20 | 350 | 441/26.09.2020-2000 |
| 9 | കവിത പാർത്ഥസാരഥി, അമ്പാടി വീട് | 9/518 | അമ്പാടി പ്രിന്റ് ടെക് | 4 | 100 | 756/03.12.2020 - 600 |
| 10 | പ്രവീൺ ശശിധരൻ | 9/418-A1A | McDonalds | 10 | 200 | അനുവദിച്ച ലൈസൻസ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല .16.03.2020-3000 |

യന്ത്ര സാമഗ്രികൾ സ്ഥാപിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് അവയുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ റണ്ണിംങ് ഫീ ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി(68/03.08.2022)യ്ക്ക് ലൈസൻസ് ഫീസ് എന്ന ഒറ്റ ഹെഡിൽ തന്നെയാണ് ഫീസുകൾ ഈടാക്കുന്നതെന്നും യന്ത്രങ്ങൾക്ക് പ്രത്യേകം ഫീസ് കാണിക്കുന്നില്ലെന്നുമാണ് സെക്ഷനിൽ നിന്ന് മറുപടി തന്നത്. അപേക്ഷകളിൽ രേഖപ്പെടുത്തുന്ന യന്ത്രത്തിന്റെ കുതിരശക്തിക്കനുസരിച്ച് ലൈസൻസ് പുതുക്കുന്നതിന് അപേക്ഷിക്കുമ്പോൾ Running Fees For Machinery എന്ന പ്രത്യേക സാംഖ്യ ഹെഡിൽ വരവ് വെക്കേണ്ടതും Licence Fees ന് അതിനായുള്ള ഹെഡിൽ ഡിമാന്റ് രേഖപ്പെടുത്താനും ശ്രദ്ധിക്കേണ്ടതാണ്.

2) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല.

നഗരസഭയിൽ നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതും പൂട്ടിപ്പോകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അത്തരത്തിലൊരു ട്രേഡേഴ്സ് ലിസ്റ്റ് നഗരസഭയിൽ ലഭ്യമാണെങ്കിൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. ടി ലിസ്റ്റ് ഇല്ലാത്തതിനാൽ ഏതെല്ലാം സ്ഥാപനങ്ങൾ നഗരസഭയിൽ പ്രവർത്തിക്കുന്നുണ്ടെന്നോ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും സാധ്യമാകുന്നതല്ല. 2020-21 ൽ രജിസ്റ്റർ പ്രകാരം ആകെ 3113 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. 43 വാർഡുകളുള്ള, കേരളത്തിൽ തന്നെ ഏറ്റവും വികസിതവും അനവധി വ്യാപാര,വാണിജ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതുമായ ഒരു നഗരസഭയിൽ ഇത് വളരെ കുറഞ്ഞ ഒരു കണക്കാണ്. സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 9000 ന് മുകളിൽ വാണിജ്യ സ്ഥാപനങ്ങൾ നഗരസഭയിലുണ്ട്. കൃത്യമായ ഫീൽഡ് വെരിഫിക്കേഷൻ നടത്തി ലൈസൻസ് ആവശ്യമായ മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതും അതനുസരിച്ച് ഫീസ് ഡിമാന്റ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ കൃത്യമായി ക്രമ നമ്പറിടുകയോ അനുവദിച്ച ലൈസൻസ് നമ്പർ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. മാത്രമല്ല ലൈസൻസിന്റെ വാർഷിക സംക്ഷിപ്തം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയോ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ട്രേഡേഴ്സിന്റെ ലിസ്റ്റ് തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3) സെസ് – നോൺ സെസ് റീജിയനുകളിലെ സ്ഥാപനങ്ങളുടെ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല.

തൃക്കാക്കര നഗരസഭാ പരിധിയിൽ Cochin Special Economic Zone(സെസ്) ( വാർഡ് 24), ഇൻഫോപാർക്ക് (വാർഡ് 9) എന്നിവ സ്ഥിതി ചെയ്യുന്നു. ഇൻഫോപാർക്കിലെ ചില റീജിയനുകളും സെസ് വിഭാഗത്തിൽ ഉൾപ്പെടുന്നുണ്ട്. പ്രത്യേക സാമ്പത്തിക മേഖലയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾക്ക് നഗരസഭയിൽ നിന്നുള്ള ലൈസൻസ് ആവശ്യമില്ലെന്ന് അധികൃതർ അറിയിച്ചു. എന്നാൽ ഏതെല്ലാം സ്ഥാപനങ്ങളാണ് സെസിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും അല്ലാത്തവ ലൈസൻസ് എടുക്കുന്നുണ്ടോ എന്നുമുള്ള അന്വേഷണങ്ങൾക്ക് അത്തരത്തിലൊരു ലിസ്റ്റോ വിവരശേഖരണമോ നഗരസഭ നടത്തിയിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. ഉദാഹരണമായി ഇൻഫോ പാർക്കിൽ പ്രവർത്തിക്കുന്ന TCS (കെട്ടിട നം.9/624/1-5)പോലുള്ള ഐ.ടി സ്ഥാപനങ്ങൾ നഗരസഭയിൽ നിന്ന് ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ മറ്റ് പ്രധാന ഐ.ടി സ്ഥാപനങ്ങളൊന്നും ലൈസൻസ് എടുത്തതായും കാണുന്നില്ല. ആയതിനാൽ

ഏതെല്ലാം സ്ഥാപനങ്ങളാണ് സെസ്, നോൺ സെസ് വിഭാഗങ്ങളിൽ ഉൾപ്പെടുന്നതെന്ന വിവരങ്ങൾ കണ്ടെത്തി നഗരസഭയിൽ സൂക്ഷിക്കേണ്ടതും നഗരസഭയ്ക്ക് ലഭ്യമാകേണ്ട വരുമാനങ്ങൾ നഷ്ടപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-18 D&O ലൈസൻസ്: തമിഴ് നാട്ടിൽ അടച്ചുപൂട്ടിച്ച കമ്പനികൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്

04.01.2021 ലെ കൌൺസിൽ പ്രമേയം

തൃക്കാക്കര നഗരസഭ പരിധിയിലൂടെ ഒഴുകുന്നതും പ്രധാന ജലസ്രോതസുമായ കടമ്പ്രയാറിൽ സുപ്രീം കോടതി വിധിയെ തുടർന്ന് തമിഴ്നാട്ടിലെ തിരുപ്പൂരിൽ അടച്ചുപൂട്ടിയ ഡൈനിംഗ്,പ്രിന്റിംഗ് & ബ്ളീച്ചിംഗ് യൂണിറ്റുകൾ ഈ പ്രദേശത്ത് പ്രവർത്തിപ്പിച്ച് അതിൽ നിന്നുള്ള മാലിന്യം കടമ്പ്രയാറിലേയ്ക്ക് ഒഴുക്കുന്നു. ഏകദേശം 150 ഓളം ഫാക്ടറികൾ ഇവിടെ പ്രവർത്തനം നടത്തുന്നു. ഇത്തരത്തിൽ പ്രവർത്തിക്കുന്ന കമ്പനി അധികാരികൾക്കെതിരായും ജലസ്രോതസ് പൂർവ്വ സ്ഥിതിയിൽ സംരക്ഷിക്കപ്പെടുന്നതിനുള്ള നടപടിയ്ക്കായും സർക്കാരിലേയ്ക്ക് അറിയിയ്ക്കാൻ തീരുമാനിച്ചു.

ഇതു സംബന്ധിച്ച തുടർ നടപടികളും സൂചിപ്പിച്ചിട്ടുള്ള കമ്പനികളിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നവയുടെ ലിസ്റ്റും, ഈടാക്കിയ ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം, ഫയൽ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം തിയതി മുഖേന ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല. നഗരസഭ അതിർത്തിക്കുള്ളിലെ ജലാശയങ്ങൾ വരും തലമുറകൾക്കും ഉപകാരപ്രദമായ രീതിയിൽ സംരക്ഷിക്കേണ്ടതും മറ്റ് സ്ഥലങ്ങളിൽ നിന്നും അടച്ചു പൂട്ടിയ കമ്പനികൾ ഈ പ്രദേശത്ത് പ്രവർത്തിക്കുന്നുമില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-19 റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ നഗരസഭ നടപ്പാക്കുന്നു-റോഡ് കട്ടിംങ് ചാർജ്ജ് ഈടാക്കേണ്ടതാണ്

ഫയൽ നം-ഇ2-4034/17

ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ്.

ജി.ഒ (എം.എസ്) നം 69/2017/PWD തീ 12.12.2017 പ്രകാരം സിറ്റി ഗ്യാസ് വിതരണ പദ്ധതി പ്രകാരം റോഡ് കട്ടിംങ് റെസ്റ്റോറേഷൻ പ്രവൃത്തികൾ രണ്ട് വിധത്തിൽ നടപ്പാക്കാവുന്നതാണ്.

1) നിലവിലുള്ള ഉത്തരവ് പ്രകാരം റോഡ് റെസ്റ്റോറേഷൻ ഫീ ഈടാക്കിക്കൊണ്ട് റോഡ് റെസ്റ്റോറേഷൻ പ്രവർത്തികൾ നടപ്പാക്കാവുന്നതോ അല്ലെങ്കിൽ,

2) റെസ്റ്റോറേഷൻ പ്രവർത്തികൾ നഗരസഭയെ ഒഴിവാക്കി ഗ്യാസ് വിതരണ ഏജൻസികൾ സ്വന്തം നിലക്ക് നടപ്പാക്കി നഗരസഭയ്ക്ക് കൈമാറുന്ന രീതിയിലും. ഇപ്രകാരം പദ്ധതി നടപ്പാക്കുമ്പോൾ ഒറിജിനൽ റോഡിന്റെ സ്റ്റാൻഡേർഡിൽ തന്നെ കട്ടിംങ് നടത്തിയ റോഡുകൾ ചെയ്യേണ്ടതാണെന്നും, റെസ്റ്റോറേഷൻ ഫീസിന്റെ 10% ബാങ്ക് ഗ്യാരന്റിയായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ അടവാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

A) തൃക്കാക്കര നഗരസഭ പരിധിയിൽ 19,22,27,28,29,31,32 വാർഡുകളിൽ റോഡ് റെസ്റ്റോറേഷൻ ഫീസ് 11,12,05,610/- രൂപ കണക്കാക്കിയതിന്റെ 10% മായ 1,11,20,561/- രൂപ ബാങ്ക് ഗ്യാരന്റിയായി നല്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വാർഡുകളിൽ അദാനി ഗ്രൂപ്പ് റോഡിന്റെ മുൻപുണ്ടായിരുന്ന നിലവാരത്തിൽ റെസ്റ്റോറേഷൻ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല. മാത്രമല്ല ആ വാർഡുകളിലെ റോഡുകളിൽ നഗരസഭ പ്രവർത്തികൾ (ചെലവ് രേഖകൾ പ്രകാരം) നടപ്പാക്കിയിട്ടുമുണ്ട്. ആയതിനാൽ അദാനി ഗ്രൂപ്പിൽ നിന്നും റെസ്റ്റോറേഷൻ ഫീസ് 11,12,05,610/-രൂപ,അല്ലെങ്കിൽ നഗരസഭ നടപ്പിലാക്കിയതിന്റെ റോഡ് പ്രവൃത്തികൾക്ക് ആനുപാതികമായ തുക ഈടാക്കേണ്ടതാണ്.

B) ജി.ഒ(എം.എസ്) നം.69/2017/PWD തീ 12.12.2017ലെ രണ്ടാമത്തെ വ്യവസ്ഥയനുസരിച്ച് തൃക്കാക്കര നഗരസഭ പരിധിയിൽ 1 മുതൽ 17വരെയും, 20,21വാർഡുകളിലേയും 31 മുതൽ 43 വരെ വാർഡുകളിലും ഗ്യാസ് പൈപ്പ് ലൈൻ വലിക്കുന്നതിനായി നഗരകാര്യ കൗൺസിലിന്റെ 14.08.2020ലെ 10ാം നമ്പർ തീരുമാന പ്രകാരം റെസ്റ്റോറേഷൻ ഫീസ് ഇനത്തിൽ വരുന്ന തുകയായ 79,10,95,000/-രൂപയുടെ 10% വരുന്ന തുകയുടെ 7,91,09,500/-രൂപയുടെ ബാങ്ക് ഗ്യാരന്റി സമർപ്പിച്ച് കരാർ വച്ച് വ്യവസ്ഥകൾക്ക് വിധേയമായി ഗ്യാസ് വിതരണ ഏജൻസികൾ സ്വന്തം നിലക്ക് നടപ്പാക്കി നഗരസഭയ്ക്ക് കൈമാറുന്ന രീതിയിൽ പ്രവൃത്തികൾ നടപ്പിലാക്കുവാൻ അനുമതി നല്കിയിട്ടുള്ളതാണ്. എന്നാൽ ഈ പ്രവൃത്തികൾക്ക് ബാങ്ക് ഗ്യാരണ്ടി വച്ചതിന്റേയോ,റെസ്റ്റോറേഷൻ ഫീസ് അടവാക്കിയതിന്റേയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയത് ഓഡിറ്റിനായി ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 05.08.2022 ൽ നല്കിയ 91ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. അതിനാൽ റെസ്റ്റോറേഷൻ ഫീസ് അടവാക്കിയതിന്റെയോ, ബാങ്ക് ഗ്യാരണ്ടി വച്ചതിന്റെയോ രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്. കൂടാതെ മേൽ പരാമർശിച്ചിട്ടുള്ള വാർഡുകളിൽ നഗരസഭയുടെ ചെലവിൽ റോഡ് പ്രവൃത്തി, റോഡ് റീടാറിംങ്, ടൈൽ വിരിക്കൽ മുതലായ പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന് ആനുപാതികമായി റെസ്റ്റോറേഷൻ ഫീസ് കണക്കാക്കി നഗരസഭ ഈടാക്കേണ്ടതാണ്.

## 1-20 റൈറ്റ് ഓഫ് വേ പെർമിഷൻ -ഒറ്റത്തവണ കോൺട്രിബ്യൂഷൻ ഈടാക്കിയതിൽ കുറവ്-2കോടി 8 ലക്ഷം നഷ്ടം

ഫയൽ നം. ഇ1-15738/21.05.2020

തൃക്കാക്കര നഗരസഭ പരിധിയിൽ ഇന്റർനെറ്റ് ലഭ്യത വേഗതയിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് M/S ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് 07.08.2018 ൽ RJIL/OFC/ROW/INTRA/THRIKKAKKARA.MC/FTTX/A/C/763 പ്രകാരം സമർപ്പിച്ച അപേക്ഷയും 19.08.2020, 28.09.2020 തീയതികളിലെ RJIL/OFC/ROW/KL/THRIKKAKKARA.MC/FTTX/A/C/1729 എന്നീ അപേക്ഷകൾ പരിഗണിച്ച് റെസ്റ്റോറേഷൻ ചാർജ്ജ്, റൈറ്റ് ഓഫ് വേ പെർമിഷൻ ഫീസ് എന്നിവ യഥാക്രമം 66.28 കിലോമീറ്ററിനും, 83.64 കിലോമീറ്ററിനും ഈടാക്കുവാൻ നിർദ്ദേശിച്ച് കൊണ്ട് നഗരസഭ സെക്രട്ടറി ആദ്യത്തെ അപേക്ഷയ്ക്ക് 21.05.2020 ൽ E1-15738/2018 ഉത്തരവ് പ്രകാരവും,രണ്ടാമത്തെ അപേക്ഷയ്ക്ക് 07.01.2021ൽ E2-12984/2020 ഉത്തരവ് പ്രകാരവും അനുവാദം നൽകിയിട്ടുണ്ട്. മേൽ പദ്ധതികൾക്ക് നഗരസഭ കൗൺസിലിന്റെ 20.05.2019,21.10.2020 തീയതികളിൽ 16,62

എന്നീ തീരുമാനങ്ങൾ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ആയത് പ്രകാരം സെക്രട്ടറി അനുവാദം നൽകിയിട്ടുള്ള വർക്കിന്റെ റെസ്റ്റോറേഷൻ ചാർജ്ജും, റെറ്റ് ഓഫ് വേ പെർമിഷൻ -ഒറ്റത്തവണ കോൺട്രിബ്യൂഷനും നൽകിയ ഇനത്തിൽ 2,08,49,930/-രൂപ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ഭാഗം 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-21 വസ്തുനികുതി-2,94.00,000/-രൂപ പിരിച്ചെടുക്കാതെ അവശേഷിക്കുന്നു; കെട്ടിട നമ്പറിംഗ് കൃത്യമാക്കേണ്ടതാണ്

നഗരസഭയുടെ 2020-21 വാർഷിക ധനകാര്യ പത്രികയിലെ (ബാലൻഷീറ്റ് B-15) വിവരങ്ങൾ പ്രകാരം വസ്തു നികുതി ഇനത്തിൽ ആകെ 29,437,241/-രൂപ (തൻവർഷ കുടിശ്ശിക – 17,296,627/-രൂപ, മുൻവർഷങ്ങളിലെ കുടിശ്ശിക – 12,140,614/-രൂപ) നഗരസഭ പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു. കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നഗരസഭ സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനും നിലവിലെ (2021-22 സാമ്പത്തിക വർഷത്തെ) കുടിശ്ശിക ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റിന് അന്വേഷണത്തിന്(നം.90/05.08.2022) മറുപടി നൽകിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

നഗരസഭയിൽ ഇടയ്ക്കിടെ നടത്തുന്ന വാർഡ് വിഭജനം മൂലം തൃക്കാക്കര നഗരസഭയിലുള്ള കെട്ടിടങ്ങളുടെ കെട്ടിട നമ്പറിംഗ് വ്യക്തമല്ല. ഇതുമൂലം പല കെട്ടിടങ്ങൾക്കും നികുതി ചുമത്തുന്നതിന് സാധിക്കുന്നില്ല. ഇപ്രകാരമൊരു നടപടി മൂലം വലിയ കെട്ടിടങ്ങൾക്ക് കെട്ടിടനികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെടാനിടയുണ്ട്. അതുകൊണ്ട് തന്നെ നഗരസഭ കണക്കിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള കെട്ടിടനികുതി അരിയർ കണക്ക് കൃത്യമല്ല. അരിയർ ഡിമാന്റ് രജിസ്റ്ററുകളും നഗരസഭ സൂക്ഷിച്ചിട്ടില്ല.

നഗരസഭയുടെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നായ വസ്തു നികുതി ഇനത്തിൽ വൻ തുക പിരിച്ചെടുക്കാതെ അവശേഷിക്കുന്നു എന്നത് വളരെ ഗൗരവമായി കാണേണ്ടതും തുക പിരിച്ചെടുക്കുന്നതിന് നിയമ പ്രകാരമുള്ള തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-22 സൂപ്പർമാർക്കറ്റ് കെട്ടിടത്തിന് ഉപയോഗക്രമത്തിനനുസരിച്ചുള്ള നികുതി നിർണ്ണയിച്ചില്ല

തൃക്കാക്കര നഗരസഭയിൽ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് ചതുരശ്രമീറ്ററിന് 75/-രൂപയും, വാണിജ്യാവശ്യത്തിനുള്ള 200 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയുടെ അടിസ്ഥാന നിരക്ക് ചതുരശ്രമീറ്ററിന് 110/-രൂപയുമാണ്. എന്നാൽ നഗരസഭയുടെ അസസ്സ്മെന്റ് രജിസ്റ്ററിലും സഞ്ചയയിലും 220.76 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ശ്രീ.രവി ജേക്കബ്, ട്രിനിറ്റി എൻക്ലവ്,കാക്കനാട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 5/1399-ാം നമ്പർ കെട്ടിടത്തിന്റെ ഉപയോഗക്രമം സൂപ്പർമാർക്കറ്റ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വസ്തു നികുതി നിർണയത്തിൽ അടിസ്ഥാന നിരക്കായ 110/-രൂപയ്ക്ക് പകരം 75/-രൂപ കണക്കാക്കിയിരിക്കുന്നതിനാൽ വസ്തുനികുതി ഇനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | നികുതി നിർണ്ണയിക്കേണ്ടിയിരുന്നത് | നികുതി നിർണ്ണയിച്ചത് |
|---|---|---|
| തറവിസ്തീർണ്ണം (M2) | 220.76 | 220.76 |
| അടിസ്ഥാന വസ്തു നികുതി | 220.76 X 110 = 24284 | 220.76 X75 = 16557 |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് - 20% | 4857 | 3312 |
| ആകെ വസ്തുനികുതി | 29141 | 19869 |
| ലൈബ്രറി സെസ്സ് - 5% | 1457 | 994 |
| സർചാർജ്ജ് - 10% | 2914 | 1987 |
| ആകെ നികുതി | 33512 | 22850 |
| നികുതി നിർണ്ണയത്തിൽ വന്ന ആകെ കുറവ് | 33512 – 22850 = 10662 | |

മേൽ പരാമർശ പ്രകാരം സൂപ്പർമാർക്കറ്റ് ഉപയോഗ ക്രമത്തിലുള്ള കെട്ടിടത്തിന്റെ വസ്തുനികുതി കുറവായി നിർണ്ണയിച്ചതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (55/01.08.2022) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും നാളിതുവരെയുള്ള കുടിശ്ശിക ഈടാക്കി രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-23 കെട്ടിടങ്ങൾ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു; നികുതിയിൽ കുറവ്

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറ നിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. കെട്ടിട ഉടമകൾ വാണിജ്യാവശ്യത്തിനുള്ള വലിയ കെട്ടിടങ്ങളെ സൗകര്യാർത്ഥം ഒന്നിലധികം മുറികളായി തിരിക്കുന്നത് കേരള മുനിസിപ്പാലിറ്റി നിയമപ്രകാരം അനുവദനീയമാണ്. എന്നാൽ ഓരോ മുറിക്കും പ്രത്യേകം വസ്തുനികുതി നിശ്ചയിക്കുന്നതിനു നിയമത്തിൽ വ്യവസ്ഥയില്ല. ഇപ്രകാരം ചെയ്യുന്നത് നികുതി കുറയാൻ ഇടയാക്കും. എന്നാൽ നഗരസഭയിൽ വലിയ കെട്ടിടങ്ങളെ വിഭജിച്ച്, ഓരോ ഭാഗത്തിനും പ്രത്യേകം നികുതി നിർണ്ണയം നടത്തിയതിനാൽ നഗരസഭയ്ക്ക് വരുമാനനഷ്ടമുണ്ടായതായി കാണുന്നു. വിശദാംശങ്ങൾ ഭാഗം 2 ൽ 2-4 ആയി ചേർത്തിരിക്കുന്നു.

## 1-24 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം- 3 തൊഴിൽ നികുതി നിരക്ക് പട്ടിക പ്രകാരം 2020-21 സാമ്പത്തിക വർഷത്തിലെ 1-ാം അർദ്ധ വർഷത്തിൽ ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ 34217/-രൂപയുടെ കുറവ് വന്നിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക 2-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-25 തൊഴിൽ നികുതി അപാകതകൾ

2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവയിലെ അപാകതകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) 2020-21 സാമ്പത്തിക വർഷത്തിൽ രണ്ട് അർദ്ധ വർഷങ്ങളിലും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ അടവാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | South Indian Bank, Ix/839, Infopark Expy, Chittethukara, Kakkanad, Kerala 682039 |
| 2 | Muthoot Finance Ltd, BCG Residnecy Towers, Seaport - Airport Rd, Opp. Csez, Kakkanad,682030 |
| 3 | Muthoot Finance Ltd, Vadachira Building, 1st Floor, Door No.X/28E, Opposite Collectorate South Gate Civil Station Road Cochin, Kakkanad, 682030 |
| 4 | State Bank Of India, CSEZ Administrative Building, Seaport - Airport Rd, Kakkanad |
| 5 | State Bank Of India, Civil Line Rd, Padamughal, Kakkanad 682037 |
| 6 | State Bank Of India, G FLOOR, ASSET PADANNATT I PULSE, Thengode - Edachira Rd, PO, Kakkanad 682030 |
| 7 | State Bank Of India, NGO Quarters - Bharathmatha College Rd, Kunnumpuram, Vazhakkala, Kakkanad 682021 |
| 8 | State Bank Of India, CEZ ADMIN, Seaport - Airport Rd, Kakkanad 682037 |
| 9 | Canara Bank, HURUTHUMMEL PRIME INFOPARK MAIN ROAD,KAKKANAD, Kusumagiri, |
| 10 | Union Bank Of India, Thrikkakara, Vazhakkala, Kochi, Kerala 682021 |
| 11 | Bank Of Baroda, Kinfra Office Rd, Opp. Civil Station Ernakulam, Kakkanad 682030 |
| 12 | ICICI Bank, Palackal Bulding, Chembumukku, Kakkanadu 682030 |
| 13 | ICICI Bank, Seaport - Airport Rd, Kakkanad, 682037 |
| 14 | ICICI Bank, IX/418 Opp. To, Kochi, Infopark Rd, Edachira, Kakkanad, 682030 |
| 15 | ICICI Bank, C-108, First Floor, Northern Wing SCK-01 Building, Kakkanad 682303 |
| 16 | ICICI Bank Ltd., Jyothimaya Building, Infopark Kochi, Phase II, Kakkanad 682303 |
| 17 | Bank Of India, Thadathil Building, Seaport - Airport Rd, Padamughal, Kakkanad 682030 |
| 18 | Dena Bank, Mavelipuram, Seaport - Airport Rd, Kakkanad, 682030 |
| 19 | Catholic Cyrian Bank, Kozhippatt Estate, Kakkanad - NGO Quarters Rd, Kunnumpuram, Kakkanad, 682021 |
| 20 | Bank Of Maharashtra, Noel House, Kunnumpuram, Thrikkakara, P.O, Kakkanad 682030 |
| 21 | Indian Bank, Chirackal Building, Seaport - Airport Rd, Opp Sunrise Hospital, Echamuku, Kakkanad 682021 |
| 22 | Central Bank Of India, Seaport - Airport Rd, CSEZ PO, KAKKANAD 682037 |
| 23 | AXIS Bank, No 9/418, Group Mukkadan Infopark, Edachira Rd, Kakkanad 682030 |

(2) 2020-21 സാമ്പത്തിക വർഷത്തിൽ രണ്ട് അർദ്ധ വർഷങ്ങളിലും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | Naval Physical & Oceanographic Laboratory (*NPOL*), Kakkanad |
| 2 | Thrikkakara Municipal Co Operative Hospital, Kakkanad. |

(3) 2020-21 സാമ്പത്തിക വർഷത്തിൽ 1-ാം അർദ്ധ വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ അടവാക്കിയിട്ടുള്ള സ്ഥാപനങ്ങൾ 2-ാം അർദ്ധ വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ അടവാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | South Indian Bank, Infopark Rd, Rajagiri Valley, P.O, Kakkanad, Kerala 682039 |
| 2 | South Indian Bank, Kakkanad |
| 3 | Muthoot Fin Corp, Vazhakkala |
| 4 | Muthoot Fin Corp, CSEZ, Kakaknad |
| 5 | HDB Financial Services, Vazhakkala |
| 6 | Kosamattam Finance, Judgemukku, Thrikkakara, Edappally, Ernakulam, Kerala 682021 |
| 7 | IndusInd Bank, Seaport - Airport Rd, CSEZ, Kakkanad, Kerala 682037 |
| 8 | IndusInd Bank, Heera Cyber Views Infopark Road, Kakkanad, Edachira, 682030 |
| 9 | HDFC Bank, K & T Tower Kakkand Near Kakkand, Kochi 682030 |
| 10 | HDFC Bank, Carnival Infopark Phase I, GF 1A, Ground Floor, Kakkanad 682042 |

| | |
|---|---|
| 11 | HDFC Bank, Ground Floor, Athulya Infopark, Kochi, Kerala 682030 |
| 12 | HDFC Bank, Chackackeril Tower, Seaport - Airport Rd, 682037 |
| 13 | KSFE, Kakaknad |
| 14 | State Bank Of India, Civil Station, Kakkanad |
| 15 | Dhanalakshmi Bank, Seaport - Airport Rd, Kakkanad |
| 16 | Punjab National Bank, Kakkanad |
| 17 | Punjab National Bank, Thrikkakara |
| 18 | Canara Bank, Vazhakkala |
| 19 | Union Bank Of India, Ground Floor, Lulu Cyber Tower, 2, Infopark Campus 682030 |
| 20 | Bank Of Baroda, Vazhakkala |
| 21 | Corporation Bank, Kakkanad |
| 22 | TATA Consultancy Services, Kakkanad |
| 23 | MariApps Solutions Pvt Ltd, Kakkanad |
| 24 | Sperdian Technologies, Kakkanad |
| 25 | Wipro Limited, Kakaknad |
| 26 | Panobiz Business Technologies Pvt Ltd, Kakkanad |
| 27 | Baker Hughes Oilfield Digital Solutions India Pvt Ltd, Kakkanad |
| 28 | Outsource Partners International Pvt Ltd, Kakkanad |
| 29 | Burndy Technology And Global Business Services Pvt Ltd, Kakkanad |
| 30 | Cognizant Technology Solutions India Pvt Ltd, Kakaknad |

(4) 2020-21 സാമ്പത്തിക വർഷത്തിൽ 1-ാം അർദ്ധ വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുള്ള സ്ഥാപനങ്ങൾ രണ്ട് അർദ്ധ വർഷങ്ങളിലും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | Krayons Interior Systems Pvt Ltd, Mavelipuram, Kakkanad |
| 2 | Allianze BPO International, CSEZ, Kakkanad |
| 3 | Network Redux, CSEZ, Kakkanad |
| 4 | Supplyco Super Market, NGO Quarters, Kakkanad |
| 5 | Grey Matter, Infopark, Kakkanad |
| 6 | MagGenome Technologies Pvt Ltd, Padivattom, Kochi |
| 7 | Advenser Engineering Services Pvt Ltd, CSEZ, Kakkanad |
| 8 | Indus Motor Pvt Ltd, Kakkanad |
| 9 | NGA HR India Pvt Ltd, Leela Infopark, Kakaknad |
| 10 | Bitvoice Solutions Pvt Ltd, Kakaknad |
| 11 | Priedemann Facade Lab India Pvt Ltd, Kochi |
| 12 | HDFC Bank, Ground Floor, Athulya Infopark, Kakkanad |
| 13 | Kerala State Co Op Bank Ltd, Kakkanad |
| 14 | Hashroot Technologies Pvt Ltd, Infopark, Kakkanad |
| 15 | MSP Retail Pvt Ltd, Seaport Airport Road, Kochi |
| 16 | Frontline Business Solutions Pvt Ltd, Kakkanad |
| 17 | US Braids, CSEZ, Kakkanad |
| 18 | AM Power Cord Corporation, CSEZ, Kakkanad |
| 19 | Medmate Pharma Pvt Ltd, Kochi |
| 20 | Safecare Rubber Products Pvt Ltd, CSEZ, Kakkanad |
| 21 | SCM Shipping Services Pvt Ltd, Kakkanad |
| 22 | Indriya Connect Pvt Ltd, Carnival Infopark, Kakkanad |
| 23 | Adeptiq Solutions Pvt Ltd, CSEZ, Kakkanad |
| 24 | Zerone Consulting Pvt Ltd, CSEZ, Kakkanad |
| 25 | Aspire Child Development Centre, Kakkanad |
| 26 | Cubet Techno Labs Pvt Ltd, Infopark, Kakkanad |
| 27 | Wrench Solutions Pvt Ltd, CSEZ, Kakkanad |
| 28 | OEN India Ltd, Vazhakkala, Kakkanad |
| 29 | Telsa Electric, Kakkanad |
| 30 | Pragmalytics Technologies Pvt Ltd, Kakkanad |

(5) സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ലാത്തതിനാൽ സ്ഥാപന തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ (കുടിശ്ശിക തുക) സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ തൊഴിൽ നികുതി അടവാക്കിയ എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 06.08.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 105 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുകളിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ച് തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്ന് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയതിലെ അപാകതകൾ

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ അദ്ധ്യായം II ചട്ടം 5-വികസന പെർമിറ്റിനുള്ള/കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ- ഉപചട്ടം (1) (B) പ്രകാരം കെട്ടിടം നിർമ്മിക്കുകയോ, വ്യതിയാനം വരുത്തുകയോ ചെയ്യുന്ന ഏതൊരാളും അപ്പന്റിക്സ് A1 ഫോറത്തിൽ അനുബന്ധ രേഖകളോടൊപ്പം കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ സെക്രട്ടറിയ്ക്ക് നൽകേണ്ടതാണ്. കൂടാതെ ചട്ടം 5(4) പ്രകാരം വിവിധ അധികാര സ്ഥാനങ്ങളിൽ നിന്നും നിരാക്ഷേപ പത്രം/അനുമതി എന്നിവയും ലഭ്യമാക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിരിക്കുന്നതിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. ശ്രീ. എം.എസ് അനിൽകുമാർ, മാരിയിൽ, മാവേലിപുരം, കാക്കനാട് പി.ഒ എന്ന വ്യക്തി പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി നൽകിയ കെട്ടിട നിർമ്മാണ അപേക്ഷ കൺകറൻസും ലേ-ഔട്ട് & യൂസേജ് ഓഫ് പ്ലോട്ട് അംഗീകരാത്തിനായി എറണാകുളം ജില്ലാ നഗരാസൂത്രകന്റെ കാര്യാലയത്തിൽ സമർപ്പിക്കുകയും ഇതുപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് എറണാകുളം ജില്ലാ നഗരാസൂത്രകന്റെ കാര്യാലയത്തിലെ സീനിയർ ടൗൺ പ്ലാനറുടെ 13.01.2021 ലെ TCPEKM/635/2020-D.D.Dis നമ്പർ ഉത്തരവ് പ്രകാരം നിബന്ധനകൾക്ക് വിധേയമായി അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ 3-ാം നമ്പറിലുള്ള നിബന്ധന ഫയർ ആന്റ് റസ്ക്യു സർവ്വീസ് ഡിപ്പാർട്ട്മെന്റ്, ജില്ലാ കളക്ടർ എന്നിവടങ്ങളിൽ നിന്നുള്ള നിരാക്ഷേപ പത്രം/അനുമതി എന്നിവ ലഭ്യമാക്കിയിരിക്കണം എന്നതാണ്. എന്നാൽ ജില്ലാ കളക്ടറിൽ നിന്നുള്ള നിരാക്ഷേപ പത്രം/അനുമതി എന്നിവ ലഭിക്കുന്നതിന് മുൻപാണ് ടി വ്യക്തിക്ക് 10.02.2021ൽ TP1-BA-321/2020 നമ്പർ പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. പെർമിറ്റ് അനുവദിച്ച 10.02.2021 ന് ശേഷമാണ് എറണാകുളം ജില്ലാ കളക്ടേറ്റിലെ അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ 16.03.2020 ലെ NOC No.15/2020 (File No.DCEKM/9622/2019-M4) പ്രകാരം നിരാക്ഷേപ പത്രം ലഭ്യമായിട്ടുള്ളത്. 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ അദ്ധ്യായം II ചട്ടം 5(4) പ്രകാരം ജില്ലാ കളക്ടറുടെ നിരാക്ഷേപ പത്രം ലഭ്യമാക്കിയാൽ മാത്രമേ പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി അനുമതി നൽകാവൂ. എന്നാൽ ജില്ലാ കളക്ടറുടെ നിരാക്ഷേപ പത്രം ലഭിക്കുന്നതിന് മുൻപ് പെർമിറ്റ് അനുവദിച്ചതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

2. ഗ്രൂപ്പ് A1, F ഒക്യുപൻസിയിൽപ്പെട്ട നിർമ്മിതി വിസ്തൃതി 300 ച.മീറ്ററിൽ കൂടുതലും 1000 ച.മീറ്ററിൽ കുറവുമുള്ള എല്ലാ കെട്ടിടങ്ങൾക്കും നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ, 2016 ലെ പാർട്ട് 4 ഫയർ ആന്റ് ലൈഫ് സേഫ്റ്റിയിലേയും തുടർ ഭേദഗതികളിലേയും അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ കെട്ടിട നിർമ്മാണത്തിൽ പാലിച്ചിട്ടുണ്ടെന്ന് പ്ലാൻ തയ്യാറാക്കിയ എഞ്ചിനീയറുടെ സാക്ഷ്യപത്രം സഹിതം അപ്പന്റിക്സ്-L ൽ അപേക്ഷകനിൽ നിന്നും സ്വയം സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥർ അപ്പന്റിക്സ്-L രേഖകൾ ഹാജരാക്കാതെ തന്നെ നഗരസഭ പ്രസ്തുത കെട്ടിടങ്ങൾക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽഡിംഗ് പെർമിറ്റ് നമ്പർ, തീയതി, | നിർമ്മിത വിസ്തൃതി, കെട്ടിടത്തിന്റെ ഉപയോഗ ക്രമം | പേര്, മേൽവിലാസം |
|---|---|---|---|
| 1 | TP1-BA-526/2020, 14.12.2020 | 359.47 ച.മീറ്റർ, പാർപ്പിടാവശ്യം | അബ്ദുൾ കരിം കെ.എം, കൊല്ലംകുടി, കളപ്പുരക്കൽ, തൃക്കാക്കര. |
| 2 | TP1-BA-327/2020, 10.08.2020 | 617.33 ച.മീറ്റർ, പാർപ്പിടാവശ്യം | ജോജോ & അന്ന ബേബി, കണ്ണംമ്പിള്ളി, ഉതിയൂർ, സെസ്സ് പി.ഒ |
| 3 | TP1-BA-349/2020, 28.09.2020 | 413.81 ച.മീറ്റർ, പാർപ്പിടാവശ്യം | രഞ്ചിത്ത് കോശി & ഷഹാന എലിസ ജോൺ, ഫ്ലാറ്റ് നം.2A, ഗുഡ്എർത്ത് ഹൗസ് ഓഫ് ലൈഫ്, മാവേലിപുരം, കാക്കനാട് |
| 4 | TP1-BA-89/2020, 22.05.2020 | 780.10 ച.മീറ്റർ, പാർപ്പിടാവശ്യം | ലിജിൻ സേവ്യർ & എൽസീന ലിജിൻ, മാളിക്കൽ, അരുവിത്തറ, കോട്ടയം |
| 5 | TP1-BA-561/2020, 05.01.2021 | 348.64ച.മീറ്റർ, പാർപ്പിടാവശ്യം | ഷഹാന എ.കെ & ഷിഫ്ന എ.കെ, കോതച്ചേരി, ആലപ്പുഴ |
| 6 | TP1-BA-559/2020, 05.01.2021 | 311.95 ച.മീറ്റർ, പാർപ്പിടാവശ്യം | മുഹമ്മദ് എം.ഇ, മുറയിൻചിറ, പട്ടിമറ്റം പി.ഒ |
| 7 | TP1-BA-6/2021, 15.01.2021 | 410.02 ച.മീറ്റർ, പാർപ്പിടാവശ്യം | നിസാർ കെ.എ, കണ്ണംകേരിയിൽ, സെസ്സ് പി.ഒ |
| 8 | TP1-BA-493/2020, 01.02.2021 | 376.66 ച.മീറ്റർ, പാർപ്പിടാവശ്യം | വിനുരാജ് ബാബു, ഗോപരത്തി വളവനാട്, കലവൂർ, ആലപ്പുഴ |
| 9 | TP1-BA-41/2021, 15.02.2021 | 534.29 ച.മീറ്റർ, വാണിജ്യാവശ്യം | തോമസ് സെബാസ്റ്റ്യൻ & ത്രേസ്യാമ്മ, പുത്തൻകടുപ്പിൽ, തൃക്കാക്കര പി.ഒ |
| 10 | TP1-BA-333/2020, 17.09.2020 | 350.38ച.മീറ്റർ, വാണിജ്യാവശ്യം | ഹസൻ പി.എ, മാനത്ത്ചിറയ്ക്കൽ പുത്തൻപുരയിൽ, കാക്കനാട് |
| 11 | TP1-BA-434/2020, | 542.84 ച.മീറ്റർ, | പ്രഭാഷ് കുമാർ, സോപാനം, എടത്തല പി.ഒ |

| | | | |
|---|---|---|---|
| | 28.10.2020 | പാർപ്പിടാവശ്യം | |
| 12 | TP1-BA-549/2020, 15.01.2021 | 304.28ച.മീറ്റർ, പാർപ്പിടാവശ്യം | പ്രസൂൺ മോഹൻ & പ്രസാദ് മോഹൻ, ശ്രീപദ്മം, കാക്കനാട് |
| 13 | TP2-BA-27/2020, 06.07.2020 | 795.84 ച.മീറ്റർ, പാർപ്പിടാവശ്യം | രത്നകുമാർ വി.ബി, വടച്ചിറ, കാക്കനാട് |
| 14 | TP2-BA-220/2020, 01.01.2021 | 375.85 ച.മീറ്റർ, പാർപ്പിടാവശ്യം | സജിന അനസ്, കോപ്പിള്ളി, ആലുവ |
| 15 | TP2-BA-143/2020, 26.08.2020 | 370.67 ച.മീറ്റർ, പാർപ്പിടാവശ്യം | കരീം പി.കെ, പാടനാട്ട്, സെസ്സ് പി.ഒ, കാക്കനാട് |
| 16 | TP2-BA-92/2020, 15.05.2020 | 440.97 ച.മീറ്റർ, പാർപ്പിടാവശ്യം | ജോസ് കുന്നത്ത് തോമസ്, സ്കൈലൈൻ ഗ്രീൻവാലി വില്ലാസ് നം.6, തൃക്കാക്കര പി.ഒ |
| 17 | TP2-BA-45/2021, 30.03.2021 | 431.37 ച.മീറ്റർ, പാർപ്പിടാവശ്യം | അരുൺ എ.എസ് & പ്രീതി എസ്. നായർ, അരുൺ നിവാസ്, ചന്തവിള, തിരുവനന്തപുരം. |
| 18 | TP2-BA-208/2020, 18.12.2020 | 573.37 ച.മീറ്റർ, വാണിജ്യാവശ്യം & പാർപ്പിടാവശ്യം | ഐസക് വി.കെ & തോമസ് വി. ഐസക് , വലയിൽ, ഇടപ്പള്ളി |
| 19 | TP3-BA-3/2020, 09.07.2020 | 844.94 ച.മീറ്റർ, വാണിജ്യാവശ്യം | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിൽ കേരളം, കാക്കനാട് |
| 20 | TP3-BA-33/2020, 06.05.2020 | 355.14 ച.മീറ്റർ, വാണിജ്യാവശ്യം | അബ്ദുൾ ജലീൽ, മാനത്ത് പീച്ചംപിള്ളി, തൃക്കാക്കര |
| 21 | TP3-BA-50/2020, 26.08.2020 | 597.01 ച.മീറ്റർ, പാർപ്പിടാവശ്യം | അബ്ദുൾ അസീസ്, മൂലയിൽ, കാക്കനാട് |

മുകളിൽ സൂചിപ്പിച്ച പ്രസ്തുത കെട്ടിടങ്ങൾക്ക് അനുബന്ധ രേഖകൾ ഹാജരാക്കാതെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 08.08.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 108 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-27 കെട്ടിട നിർമ്മാണ പെർമിറ്റ് ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കാത്തത് സംബന്ധിച്ച്

2020-21 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന നമ്പറുകളിൽ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുള്ളതിന്റെ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ബിൽഡിംഗ് പെർമിറ്റ് നമ്പർ |
|---|---|
| 1 | TP1-BA-78/2020 |
| 2 | TP1-BA-103/2020 |
| 3 | TP1-BA-157/2020 |
| 4 | TP1-BA-164/2020 |
| 5 | TP1-BA-177/2020 |
| 6 | TP1-BA-179/2020 |
| 7 | TP1-BA-180/2020 |
| 8 | TP1-BA-199/2020 |
| 9 | TP1-BA-232/2020 |
| 10 | TP1-BA-285/2020 |
| 11 | TP1-BA-286/2020 |
| 12 | TP1-BA-290/2020 |
| 13 | TP1-BA-300/2020 |
| 14 | TP1-BA-306/2020 |
| 15 | TP1-BA-320/2020 |
| 16 | TP1-BA-334/2020 |
| 17 | TP1-BA-341/2020 |
| 18 | TP1-BA-385/2020 |
| 19 | TP1-BA-386/2020 |
| 20 | TP1-BA-389/2020 |
| 21 | TP1-BA-399/2020 |
| 22 | TP1-BA-414/2020 |
| 23 | TP1-BA-415/2020 |
| 24 | TP1-BA-423/2020 |
| 25 | TP1-BA-439/2020 |

| | |
|---|---|
| 26 | TP1-BA-443/2020 |
| 27 | TP1-BA-453/2020 |
| 28 | TP1-BA-489/2020 |
| 29 | TP1-BA-503/2020 |
| 30 | TP1-BA-504/2020 |
| 31 | TP1-BA-514/2020 |
| 32 | TP1-BA-550/2020 |
| 33 | TP1-BA-54/2021 |
| 34 | TP1-BA-57/2021 |
| 35 | TP1-BA-91/2021 |
| 36 | TP2-BA-31/2020 |
| 37 | TP2-BA-90/2020 |
| 38 | TP2-BA-98/2020 |
| 39 | TP2-BA-126/2020 |
| 40 | TP2-BA-128/2020 |
| 41 | TP2-BA-130/2020 |
| 42 | TP2-BA-146/2020 |
| 43 | TP2-BA-155/2020 |
| 44 | TP2-BA-156/2020 |
| 45 | TP2-BA-164/2020 |
| 46 | TP2-BA-174/2020 |
| 47 | TP2-BA-175/2020 |
| 48 | TP2-BA-181/2020 |
| 49 | TP2-BA-186/2020 |
| 50 | TP2-BA-191/2020 |
| 51 | TP2-BA-197/2020 |
| 52 | TP2-BA-202/2020 |
| 53 | TP2-BA-203/2020 |
| 54 | TP2-BA-206/2020 |
| 55 | TP2-BA-210/2020 |
| 56 | TP2-BA-211/2020 |
| 57 | TP2-BA-226/2020 |
| 58 | TP2-BA-356/2020 |
| 59 | TP2-BA-15/2021 |
| 60 | TP2-BA-20/2021 |
| 61 | TP2-BA-27/2021 |
| 62 | TP2-BA-53/2021 |
| 63 | TP2-BA-54/2021 |
| 64 | TP3-BA-52/2020 |
| 65 | TP3-BA-53/2020 |
| 66 | TP3-BA-66/2020 |
| 67 | TP3-BA-3/2021 |
| 68 | TP4-BA-57/2020 |
| 69 | TP4-BA-64/2020 |
| 70 | TP4-BA-73/2020 |
| 71 | TP4-BA-74/2020 |
| 72 | TP4-BA-80/2020 |
| 73 | TP4-BA-87/2020 |
| 74 | TP4-BA-6/2021 |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി 05.08.2022 ലെ ഓഡിറ്റ് റിക്വിസിഷൻ നം. 2, 08.08.2022 ലെ ഓഡിറ്റ് എൻക്വയറി നം. 111 എന്നിവ മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രസ്തുത ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. പ്രസ്തുത ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

1-28 നഗരസഭ കെട്ടിടങ്ങളിൽ നിന്ന് വാടക ലഭിക്കുന്നില്ല

1) കാക്കനാട് ജംഗ്ഷനിലെ നഗരസഭാ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തൃക്കാക്കര മുനിസിപ്പൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ് നം.E-993 എന്ന ആശുപത്രി 1999 ൽ നഗരസഭ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിന് പ്രതിമാസം 3000/- രൂപയ്ക്ക് വാടകക്ക് നൽകിയിരുന്നതും എന്നാൽ 2000-01 വർഷം മുതൽ ഇവർ വാടക ഒടുക്കാതെ തന്നെ പ്രവർത്തിക്കുന്നതുമാണ്. ഈയിനത്തിൽ ലക്ഷങ്ങളുടെ നഷ്ടമാണ് നഗരസഭയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കാക്കനാട് ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ഈ ആശുപത്രിക്ക് ശ്രീമതി.റോസിലി ജാസ്മിൻ,തെക്കുമ്പുറത്ത്,കണയന്നൂർ എന്ന വ്യക്തിയുടെ പേരിൽ 2020-21 ൽ ലൈസൻസ് അനുവദിച്ചിട്ടുണ്ട് (ലൈസൻസ് നമ്പർ- 711/25.11.2020). എന്നാൽ ടി കെട്ടിടം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിന്റെ കെട്ടിട നികുതി അടച്ചതിന്റെ രേഖയോ, വാടക കരാറോ ഹാജരാക്കിയിട്ടില്ല. 2011 ലെ കേരള മുനിസിപ്പാലിറ്റി ലൈസൻസ് നൽകൽ ചട്ടങ്ങൾ ചട്ടം 5 പ്രകാരം ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയിൽ അപേക്ഷകൻ കെട്ടിട ഉടമ അല്ലായെങ്കിൽ ഉടമയുടെ രേഖാമൂലമുള്ള സമ്മതപത്രം നിശ്ചിത വിലക്കുള്ള മുദ്രപ്പത്രത്തിൽ ഹാജരാക്കേണ്ടതാണ്. എന്നാൽ ഈ അപേക്ഷയിൽ അത്തരത്തിൽ ഒരു സമ്മതപത്രം ഹാജരാക്കിയിട്ടില്ല. നഗരസഭയുടെ കെട്ടിടമാണെന്ന് നഗരസഭ അവകാശപ്പെടുന്നതും എന്നാൽ ഇത് പുറമ്പോക്ക് ഭൂമിയാണെന്നും നഗരസഭയ്ക്ക് ഇതിൽ യാതൊരു അവകാശവുമില്ലെന്ന് ആശുപത്രി അധികൃതർ സ്ഥാപിക്കാൻ ശ്രമിക്കുന്നതുമായ ഭൂമിയാണ് ഇത്. എന്നാൽ നഗരസഭ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതും പഴയ പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചിരുന്നതുമായ കെട്ടിടമാണ് ഇത്. ആശുപത്രി തുടങ്ങേണ്ട ആവശ്യത്തിലേക്ക് പഞ്ചായത്തുമായി നിശ്ചിത വാടക നിശ്ചയിച്ച് കരാറിൽ ഏർപ്പെട്ടിരുന്നതുമാണ്. എന്നാൽ പിന്നീട് ഇവർ വാടക ഒടുക്കാതിരിക്കുകയും പഞ്ചായത്ത് പ്രവർത്തിച്ചിരുന്ന കെട്ടിടമായിരുന്ന ബിൽഡിംഗിന് നഗരസഭയ്ക്ക് അവകാശമില്ല എന്ന വാദമുന്നയിച്ച് വാടക ഒടുക്കാതിരിക്കുകയുമാണ്. എന്നാൽ ഇത് സംബന്ധിച്ച് നഗരസഭ ആശുപത്രിക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. 2000 ലെ കേരള മുനിസിപ്പാലിറ്റി വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും ചട്ടങ്ങൾ ചട്ടം 8 പ്രകാരം മുനിസിപ്പാലിറ്റിക്ക് സ്വന്തമല്ലാത്തതും എന്നാൽ മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ളതുമായ ഏതൊരു വസ്തുവും ഏത് വ്യവസ്ഥയിലാണോ അവ നിക്ഷിപ്തമായിട്ടുള്ളത് ആ വ്യവസ്ഥ ലംഘിക്കാതെ പാട്ടത്തിന് നൽകാവുന്നതാണ്. ആയതിനാൽ വർഷങ്ങളായി വാടക നൽകാതെ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ആശുപത്രി കെട്ടിടത്തിൽ നിന്നും വാടക കുടിശ്ശിക ഈടാക്കുന്നതിന് അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. ഇത് സംബന്ധിച്ച് കൗൺസിൽ കൂടി തീരുമാനമെടുക്കുന്നത് ഉചിതമായിരിക്കും. ടി കെട്ടിടം സഞ്ചയ പ്രകാരം Data Entry പൂർത്തിയാക്കിയിട്ടില്ല. ആസ്തി രജിസ്റ്ററിൽ 108 ചതുരശ്രമീറ്ററുള്ള കെട്ടിടം 1997 ൽ പണി പൂർത്തീകരിച്ചതാണ്. ഇത് സഞ്ചയയിൽ ഉൾപ്പെടുത്താത്തതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്.

2)തെങ്ങോട് വനിതാ വ്യവസായ കേന്ദ്രം 15.07.2020 ലെ 39-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം എഞ്ചിനീയറിംഗ് വിഭാഗം നിശ്ചയിക്കുന്ന നിരക്കിൽ വാടകക്ക് നൽകാൻ തീരുമാനിച്ചെങ്കിലും ആയതിന്റെ തുടർനടപടികൾ കൈക്കൊണ്ടു കാണുന്നില്ല. ജനറൽ വിഭാഗത്തിന് 40423/-രൂപയും എസ്.സി വിഭാഗത്തിന് 42289/-രൂപയുമാണ് വാടക നിശ്ചയിച്ചത്. കുടുംബശ്രീ സി.ഡി.എസിന് 50% വാടകയിൽ കുറവ് നൽകാൻ തീരുമാനിച്ചെങ്കിലും അവർ എടുക്കാഞ്ഞതിനാൽ ടി കെട്ടിടം ഒഴിഞ്ഞു കിടക്കുകയാണ്. ലക്ഷങ്ങൾ ചെലവഴിച്ച് പണിത കെട്ടിടം ഉപയോഗ ശൂന്യമാക്കി ഇടുന്നത് ശരിയായ നടപടിയല്ല. ഇതിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 ഫയലുകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

പട്ടികജാതി വികസന ഓഫീസർ നിർവഹണം നടത്തിയ 2020-21 വർഷത്തെ താഴെപ്പറയുന്ന പ്രോജക്ട് ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കിയില്ല (എൻക്വയറി- 85/04.08.22).

| ക്രമ.നം | പ്രോജക്ട് നം, പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 181/21(SO) – എസ്.സി പെൺകുട്ടികൾക്ക് വിവാഹത്തിന് ധനസഹായം | 750000 | 750000 |
| 2 | 184/21(SO) – വീടുകളുടെ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമിക്കൽ | 1537500 | 1537500 |
| 3 | 191/21(SO) – എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണം | 7837500 | 6787500 |
| 4 | 192/21(SO) – വീട് വാസയോഗ്യമാക്കൽ | 2100000 | 1650000 |

അനുബന്ധ അപേക്ഷകൾക്കും ബില്ലുകൾക്കുമൊപ്പം മേൽ ഫയലുകൾ ഹാജരാക്കുന്നതിന് വരെ പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിനായി ചെലവഴിച്ച ആകെ തുക (1,07,25,000/-രൂപ) തടസ്സപ്പെടുത്തുന്നു.

## 1-30 പാലിയേറ്റീവ് കെയർ

| | |
|---|---|
| പ്രോജക്ട്.നം, പേര് | 62/21, പാലിയേറ്റീവ് കെയർ |
| അടങ്കൽ | 13,00,000/- (വികസന ഫണ്ട് ) |
| ചെലവ് | 12,81,970/- |
| | 1)76200- 1/20-21, 21.05.20<br>2)72345- 2/20-21, 22.06.20<br>3)98737- 3/20-21, 06.08.20\<br>4)71640- 4/20-21., 27.08.20<br>5)69210-BRN 20110147019900481628/27.08.20<br>5)91550- 5/20-21, 02.11.20<br>6)80285- 6/20-21, 27.11.20<br>7)12630- 11/20-21, 27.11.20<br>8)79820- 13/20-21, 12.2.21<br>9)88410- 14/20-21, 13.02.21<br>10)34230- 15/20-21, 27.02.21 |

| | |
|---|---|
| | 11)163833- 21/20-21, 18.03.21<br>12)38820- 22/20-21, 18.03.21<br>13)42170- 23/20-21, 18.03.21<br>14)25530- 26/20-21, 24.03.21<br>15)54335- 29/20-21, 27.03.21<br>16)130959- 32/20-21, 27.03.21<br>17)51266- 35/20-21, 31.03.21 |

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി, കാക്കനാട്) നിർവഹണം നടത്തിയ പാലിയേറ്റീവ് പ്രോജക്ട് പരിശോധിച്ചതിലെ അപാകതകൾ താഴെപ്പറയുന്നു.

1) ഹോംകെയർ പോകാത്ത ദിവസങ്ങളിൽ ഡ്രൈവർക്ക് വേതനം നൽകി.

| ഡ്രൈവറുടെ പേര്, വേതനനിരക്ക് | നൽകിയ ആകെ വേതനം ,മാസം, | ഹോംകെയർ പോകാത്ത ദിവസങ്ങളിൽ നൽകിയ വേതനം |
|---|---|---|
| പ്രദീപൻ.കെ.ടി<br>പാലിയേറ്റീവ്ഡ്രൈവർ (പ്രൈമറി കെയർ യൂണിറ്റ്)<br>@675/day(2021ജനുവരി വരെ)<br>@730/day(2021ഫെബ്രുവരി മുതൽ) | 16200/-രൂപ (@675x24 Days)<br>ഏപ്രിൽ 2020 | 3375/-രൂപ (@675x5days)<br>01.04.20<br>04.04.20<br>09.04.20<br>21.04.20<br>27.04.20 |
| | 15525/-രൂപ (@675x23 Days)<br>മേയ് 2020 | 4050/-രൂപ (@675x6days)<br>09.05.20<br>10.05.20<br>14.05.20<br>20.05.20<br>22.05.20<br>23.05.20 |
| | 16200/-രൂപ (@675x24 Days)<br>ജൂൺ 2020 | 5400/-രൂപ (@675x8days)<br>05.06.20<br>08.06.20<br>09.06.20<br>11.06.20<br>15.06.20<br>20.06.20<br>25.06.20<br>29.06.20 |
| | 16200/-രൂപ (@675x24 Days)<br>ജൂലൈ 2020 | 5400/-രൂപ (@675x 8days)<br>02.07.20<br>09.07.20<br>14.07.20<br>16.07.20<br>22.07.20<br>25.07.20<br>26.07.20<br>28.07.20<br>31.07.20 |
| | 16200/-രൂപ (@675x24 Days)<br>സെപ്റ്റംബർ 2020 | 4050/-രൂപ (@675x6)<br>പ്രോജക്ട്.നം, പേര് – 62/21, പാലിയേറ്റീവ് കെയർ<br>അടങ്കൽ – 13,00,000/- (വികസന ഫണ്ട് )<br>ചെലവ് – 12,81,970/-<br><br>1)76200- 1/20-21, 21.05.20<br>2)72345- 2/20-21, 22.06.20<br>3)98737- 3/20-21, 06.08.20\<br>4)71640- 4/20-21., 27.08.20<br>5)69210-BRN 20110147019900481628/27.08.20 |

5)91550- 5/20-21, 02.11.20
6)80285- 6/20-21, 27.11.20
7)12630- 11/20-21, 27.11.20
8)79820- 13/20-21, 12.2.21
9)88410- 14/20-21, 13.02.21
10)34230- 15/20-21, 27.02.21
11)163833- 21/20-21, 18.03.21
12)38820- 22/20-21, 18.03.21
13)42170- 23/20-21, 18.03.21
14)25530- 26/20-21, 24.03.21
15)54335- 29/20-21, 27.03.21
16)130959- 32/20-21, 27.03.21
17)51266- 35/20-21, 31.03.21
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി, കാക്കനാട്) നിർവഹണം നടത്തിയ പാലിയേറ്റീവ് പ്രോജക്ട് പരിശോധിച്ചതിലെ അപാകതകൾ താഴെപ്പറയുന്നു.

1) ഹോംകെയർ പോകാത്ത ദിവസങ്ങളിൽ ഡ്രൈവർക്ക് വേതനം നൽകി.

ഡ്രൈവറുടെ പേര്, വേതനനിരക്ക്
നൽകിയ ആകെ വേതനം ,മാസം,
ഹോംകെയർ പോകാത്ത ദിവസങ്ങളിൽ നൽകിയ വേതനം

പ്രദീപൻ.കെ.ടി പാലിയേറ്റീവ്ഡ്രൈവർ (പ്രൈമറി കെയർ യൂണിറ്റ്)

@675/day(2021ജനവരി വരെ)
@730/day(2021ഫെബ്രുവരി മുതൽ)
16200/-രൂപ (@675x24 Days)

ഏപ്രിൽ 2020 – 3375/-രൂപ (@675x5days)
01.04.20
04.04.20
09.04.20
21.04.20
27.04.20
15525/-രൂപ (@675x23 Days)

മേയ് 2020 – 4050/-രൂപ (@675x6days)
09.05.20
10.05.20
14.05.20
20.05.20
22.05.20
23.05.20
16200/-രൂപ (@675x24 Days)

ജൂൺ 2020
5400/-രൂപ(@675x8days)
05.06.20
08.06.20
09.06.20
11.06.20
15.06.20
20.06.20
25.06.20
29.06.20
16200/-രൂപ (@675x24 Days)

ജൂലൈ 2020 – 5400/-രൂപ (@675x 8days)
02.07.20
09.07.20
14.07.20

16.07.20
22.07.20
25.07.20
26.07.20
28.07.20
31.07.20
16200/-രൂപ (@675x24 Days)

സെപ്റ്റംബർ 2020 – 4050/-രൂപ (@675x6 Days)
02.09.20
05.09.20
08.09.20
09.09.20
12.09.20
23.09.20,
15525/-രൂപ (@675x23 Days)

ഒക്ടോബർ 2020 – 3375/-രൂപ (@675x5days)
10.10.20
14.10.20
23.10.20
29.10.20
31.10.20
13500/-രൂപ (@675x20 Days)

നവംബർ 2020 – 2025/-രൂപ (@675x3days)
13.11.20
20.11.20
21.11.20
16200/-രൂപ (@675x24 Days)

ഡിസംബർ 2020 – 4050/-രൂപ (@675x6days)
05.12.20
11.12.20
17.12.20
19.12.20
20.12.20
31.12.20
16200/-രൂപ (@675x24 Days)

ജനവരി 2021 – 4725/-രൂപ (@675x7days)
06.01.20
09.01.20
13.01.20
17.01.20
21.01.20
27.01.20
30.01.20
16790/-രൂപ (@730x23 Days)

ഫെബ്രുവരി 2021
5110/-രൂപ(@730x7days)
03.02.20
06.02.20
10.02.20
14.02.20
18.02.20
24.02.20
25.02.20

ഹോംകെയറിലുൾപ്പെടാത്ത ദിവസങ്ങളിൽ മേൽ വിധത്തിൽ വേതനം നൽകിയതിനെ

| | | |
|---|---|---|
| | | സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല(എൻക്വയറി-84/04.08.22). മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ പ്രസ്തുത ചെലവ് രേഖകൾ ഹാജരാക്കുന്നതിന് വിധേയമായി ഡ്രൈവർക്കുള്ള വേതനമിനത്തിൽ അനുവദിച്ച 41560/-രൂപ തടസ്സപ്പെടുത്തുന്നു.days)<br>02.09.20<br>05.09.20<br>08.09.20<br>09.09.20<br>12.09.20<br>23.09.20, |
| | 15525/-രൂപ (@675x23 Days)<br>ഒക്ടോബർ 2020 | 3375/-രൂപ (@675x5days)<br>10.10.20<br>14.10.20<br>23.10.20<br>29.10.20<br>31.10.20 |
| | 13500/-രൂപ (@675x20 Days)<br>നവംബർ 2020 | 2025/-രൂപ (@675x3days)<br>13.11.20<br>20.11.20<br>21.11.20 |
| | 16200/-രൂപ (@675x24 Days)<br>ഡിസംബർ 2020 | 4050/-രൂപ (@675x6days)<br>05.12.20<br>11.12.20<br>17.12.20<br>19.12.20<br>20.12.20<br>31.12.20 |
| | 16200/-രൂപ (@675x24 Days)<br>ജനുവരി 2021 | 4725/-രൂപ (@675x7days)<br>06.01.20<br>09.01.20<br>13.01.20<br>17.01.20<br>21.01.20<br>27.01.20<br>30.01.20 |
| | 16790/-രൂപ (@730x23 Days)<br>ഫെബ്രുവരി 2021 | 5110/-രൂപ (@730x7days)<br>03.02.20<br>06.02.20<br>10.02.20<br>14.02.20<br>18.02.20<br>24.02.20<br>25.02.20 |

ഹോംകെയറിലുൾപ്പെടാത്ത ദിവസങ്ങളിൽ മേൽ വിധത്തിൽ വേതനം നൽകിയതിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല(എൻക്വയറി-84/04.08.22). മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ പ്രസ്തുത ചെലവ് രേഖകൾ ഹാജരാക്കുന്നതിന് വിധേയമായി ഡ്രൈവർക്കുള്ള വേതനമിനത്തിൽ അനുവദിച്ച 41560/-രൂപ തടസ്സപ്പെടുത്തുന്നു.

1-30-1 വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കിയിട്ടില്ല

PARIVAHAN സൈറ്റ് പരിശോധിച്ചതിൽ പാലിയേറ്റീവ് വാഹനമായ മാരുതി ഒമ്നിയുടെ (നം-KL.07-BZ-7382) ഇൻഷ്വറൻസ് കാലാവധി 19.01.2021ന് കഴിഞ്ഞിട്ടുണ്ട്. ഇൻഷ്വറൻസ് കാലാവധി കഴിഞ്ഞ വാഹനം നിരത്തിലിറക്കുന്നത് നിയമവിരുദ്ധമാണെന്നിരിക്കെ നാളിതുവരെ ആയത് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പുതുക്കാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടുമില്ല (എൻക്വയറി-84/04.08.22) അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും വാഹനത്തിന്റെ ഇൻഷ്വറൻസ് അടിയന്തിരമായി പുതുക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

1-30-2 പാലിയേറ്റീവ് ഉപകരണങ്ങൾ ലഭ്യമായില്ല

പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കാവശ്യമായ എയർ ബെഡ്. വാക്കർ, വീൽ ചെയർ എന്നിങ്ങനെയുള്ള ഉപകരണങ്ങൾ വാങ്ങുന്നത് KMSCL ൽ നിന്നാണ്. മേൽപ്പറഞ്ഞവ ഉൾപ്പെടെയുള്ള വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്ക് ബിൽ.നം-

21/20-21 പ്രകാരം 1,63,833/-രൂപ KMSCL ന് കൈമാറിയതിൽ (Profoma.Inv.no-5867/02.03.21) 1,07,210/-രൂപയുടെ ഉപകരണങ്ങളും ബിൽ.നം-29/20-21 പ്രകാരം കൈമാറിയ 54,335/-രൂപയുള്ള (Pro.Inv.no-5493/17.02.21) ഉപകരണങ്ങളും നിലവിലും ലഭ്യമായിട്ടില്ല. ഉപകരണങ്ങൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയത് ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് നൽകുന്നതിന് വിധേയമായി 161545/-രൂപ (107210+54335) തടസ്സപ്പെടുത്തുന്നു.

1-30-3 ചെലവ് തുകകൾ അതാത് ബെനിഫിഷ്യറിയ്ക്ക് അനുവദിക്കുന്നില്ല

ഹോംകെയർ സന്ദർശനത്തിനായി ഉപയോഗിക്കുന്ന നഗരസഭ വാഹനത്തിന്റെ ചെലവുകൾ(ഡീസൽ,ടയർ മാറ്റൽ)അതാത് സ്ഥാപനങ്ങൾക്ക് നൽകാതെ പാലിയേറ്റീവ് പ്രൈമറി കെയർ യൂണിറ്റ് നഴ്സായ പ്രേമയുടെ അക്കൗണ്ടിലേയ്ക്കാണ് അനുവദിച്ചിരിക്കുന്നത്. മാത്രമല്ല പ്രൈമറി-സെക്കണ്ടറി യൂണിറ്റുകളുടെ ഭക്ഷണച്ചെലവുകളും നഴ്സുമാരായ പ്രേമ.കെ.കെ, രജനി.പി.പി എന്നിവരുടെ അക്കൗണ്ടിലേയ്ക്കാണ് കൈമാറിയിട്ടുള്ളത്. അക്കൗണ്ട്സ് റൂൾ പ്രകാരം അതാത് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്കാണ് ചെലവ് തുകകൾ കൈമാറേണ്ടതെന്നിരിക്കെ നഴ്സുമാരുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയത് ക്രമവിരുദ്ധമാണ്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്(എൻക്വയറി-84/04.08.22).

1-31 മേൽക്കൂര മാറ്റൽ- അനുവദനീയമായതിലും അധികം സബ്സിഡി നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 151/21 |
| അടങ്കൽ | 15,00,000/-(എസ്.സി.പി) |
| ചെലവ് | 9,75,000/- |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

മേൽക്കൂര മാറ്റി ഭവന പുനരുദ്ധാരണം നടത്തുന്നതിലേയ്ക്ക് 10 ഗുണഭോക്താക്കൾക്ക് മേൽ പ്രോജക്ട് മുഖേന ധനസഹായം അനുവദിച്ചിട്ടുണ്ട്. ടി ഗുണഭോക്താക്കളിൽ ചൊങ്കൻ മനക്കക്കുഴി, തങ്കമ്മവിശ്വനാഥൻ വലിയനോടിപറമ്പിൽ, അയ്യപ്പൻ.വി പുതുമനക്കുടി എന്നിവർക്ക് എസ്.സി വിഭാഗങ്ങൾക്കനുവദനീയമായ പരമാവധി തുകയിലധികരിച്ച് സബ്സിഡി അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഭാഗം 3 ൽ ചേർത്തിട്ടുണ്ട്.

1-32 വീട് വാസയോഗ്യമാക്കൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് | വീട് വാസയോഗ്യമാക്കൽ , 154/21 |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ | 75,00,000/- [6733016/- (എസ്.സി.പി), 766984/-(തനത് ഫണ്ട്) ] |
| ചെലവ് | 36,75,000/- (എസ്.സി.പി) |
| | 1) 98/20-21, 25/02/21- 7,50,000/-<br>2)107/20-21,03/03/21-3,75,000/-<br>3)108/20-21, 03/03/21- 4,50,000/-<br>4)109/20-21,03/03/21- 2,25,000/-<br>5)114/20-21,03/03/21- 5,25,000/-<br>6)115/20-21,03/03/21- 2,25,000/-<br>7)118/20-21,04/03/21- 3,75,000/-<br>8)122/20-21,06/03/21- 3,00,000/-<br>9)133/20-21,24/03/21- 2,25,000/-<br>10)137/20-21,24/03/21- 75,000/-<br>11)138/20-21,24/03/21- 75,000/-<br>12)141/20-21,27/03/21- 75,000/- |

പട്ടികജാതിയിൽ പെട്ട ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിലേയ്ക്ക് 75,000/- രൂപ വീതം രണ്ട് ഗഡുക്കളായി പരമാവധി 1,50,000/-രൂപ ധനസഹായമായി നൽകുന്നതാണ് പ്രോജക്ട്. ആകെ 50 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഇവരിൽ മൂന്ന് പേർ ഒന്നാം ഗഡു മാത്രമേ കൈപ്പറ്റിയിട്ടുള്ളൂ. ബാക്കിയുള്ള 47പേർ ഒന്നാംഗഡു /അഡ്വാൻസ് 20-21 വർഷവും രണ്ടാം ഗഡു 21-22 വർഷവും കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.
പ്രോജക്ട് പരിശോധിച്ചതിലെ അപാകതകൾ താഴെപ്പറയുന്നു.

എ) ആകെയുള്ള 50 ഗുണഭോക്താക്കളിൽ മൂന്ന് പേർ അഡ്വാൻസ് തുക മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. ഇവർ രണ്ടാം ഗഡു കൈപ്പറ്റി ഭവനപുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്നത് വ്യക്തമല്ല. (എൻക്വയറി-38/01.08.22) വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും മേൽവിലാസവും | കൈപ്പറ്റിയ തുക,തീയതി |
|---|---|---|
| 1 | കാർത്തു ഒലിക്കുഴി,പടമുഗൾ | 75,000,25.02.21 |
| 2 | കുഞ്ഞിക്കാളി, കൊല്ലംകുടിമുഗൾ, തൃക്കാക്കര | 75,000, 24.03.21 |
| 3 | ചെല്ലപ്പൻ.ടി.കെ, തോപ്പിൽപ്പറമ്പിൽ, കരിമക്കാട് | 75,000, 24.03.21 |

മേൽ മൂന്ന് ഗുണഭോക്താക്കളും നിർമാണം തുടരുവാൻ കഴിയുന്നവരാണോയെന്ന് പരിശോധിക്കേണ്ടതും ആണെങ്കിൽ അവർക്ക് ആവശ്യമായ പിന്തുണ നൽകി നിർമാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

നിർമാണം തുടരുവാൻ പ്രസ്തുത വ്യക്തികൾക്ക് സാധിക്കുന്നതല്ലായെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം പദ്ധതി തുക ടിയാളുകളിൽ നിന്ന് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ബി) പുതിയ വീട് നിർമിച്ച് കുറഞ്ഞത് എട്ട് വർഷമെങ്കിലും കഴിഞ്ഞവർക്കാണ് മേൽ ആനുകൂല്യത്തിന് അർഹതയുള്ളത് (സർക്കുലർ.നം-ഡി.എ1/881/18/തസ്വഭവ,26.12.18) മേൽ നിബന്ധനയ്ക്ക് വിരുദ്ധമായി താഴെപ്പറയുന്ന രണ്ട് ഗുണഭോക്താക്കൾക്ക് അവരുടെ ഭവനങ്ങളുടെ കാലപ്പഴക്കം പരിഗണിക്കാതെ ധനസഹായം നൽകി.

1)രാധ അശോകൻ,കിണറ്റുശാലപറമ്പിൽ- വീട് നമ്പർ-35/1066 (പഴയത്-13/318BC1)

മേൽ കെട്ടിടം 2014-15 കാലയളവിലെ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടതാണെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (R1/14558/20, 25.09.20) .13 ാം ഡിവിഷന്റെ 2014-15 വർഷത്തെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ (പേജ് നം-54, ക്രമ.നം-3218) 01.01.2015ൽ ഭവനനിർമാണം പൂർത്തീകരിച്ചതായും 01.10.2014 പ്രാബല്യത്തിൽ നികുതി നിർണയം നടത്തിയതായും രേഖപ്പെടുത്തിയിട്ടുണ്ട്.

2)രഘു.വി.കെ,വല്യാട്ടുമുഗൾ- വീട് നമ്പർ-7/472

മേൽ കെട്ടിടം 2014-15 കാലയളവിലെ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടതാണെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (R1/17190/20, 05.11.20). 7-ാം ഡിവിഷന്റെ 2014-15 വർഷത്തെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ (പേജ് നം-19, ക്രമ.നം-3197) 01.04.2014ൽ ഭവനനിർമാണം പൂർത്തീകരിക്കുകയും 01.04.2014 പ്രാബല്യത്തിൽ നികുതി നിർണയിക്കുകയും ചെയ്തിട്ടുണ്ട്.

ഇരു ഗുണഭോക്താക്കളും 1,50,000/-രൂപ വീതം പരമാവധി സബ്സിഡി തുക കൈപ്പറ്റിയിട്ടുണ്ട് (ആദ്യഗഡു ഓഡിറ്റ് വർഷവും, രണ്ടാം ഗഡു അടുത്തവർഷവും )

സർക്കാർ ഉത്തരവിന് വിരുദ്ധമായി കാലപ്പഴക്കം പരിഗണിക്കാതെ മേൽപ്പറഞ്ഞ രണ്ട് ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് ആനുകൂല്യം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കിയില്ല (എൻക്വയറി-38). ആയതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്. സാധൂകരണം ലഭ്യമാകുന്നതിന് വിധേയമായി ചെലവ് തുക (75000x2=150000/-രൂപ) തടസ്സപ്പെടുത്തുന്നു.

## 1-33 1.75കോടിയോളം ചെലവഴിച്ചിട്ടും നഗരസഭാമന്ദിരത്തിന് ചോർച്ചകൾ

| | |
|---|---|
| പ്രവൃത്തി | നഗരസഭാ ഓഫീസ് നവീകരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ഫയൽ നം | E1-4082/19 |
| ചെലവ് വിവരം | 1)3040000,361311/18.04.20<br>2)3135000,361701/27.08.20<br>3)4624157,403031/04.02.21<br>4)4717412,402916/21.12.20<br>5)1902738,403030/04.02.21<br>1,74,19,307 |

നഗരസഭാ ഓഫീസ് കെട്ടിടം നവീകരിക്കുന്നതിനായി ആവിഷ്കരിച്ചതാണ് ഈ പ്രവൃത്തി. ആയതിനായി നഗരസഭാ കൗൺസിലിന്റെ 30.10.2019ലെ 41-ാം നമ്പർ തീരുമാന പ്രകാരം ടെണ്ടർ നടപടികൾ കൂടാതെ സിഡ്കോയെ ഏൽപ്പിക്കുകയാണ് ചെയ്തത്. അതനുസരിച്ച് സിഡ്കോയുമായി നഗരസഭ 20.11.2019ൽ കരാറുടമ്പടി ചമയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1) അക്രഡിറ്റഡ് ഏജൻസികളെ മരാമത്ത് പ്രവൃത്തി ഏൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട ജി.ഒ(പി)നം.77/2019 /ഫിൻ,തീയതി 04.07.2017ലെ ഉത്തരവ് പ്രകാരം സിഡ്കോയെ ഇന്റീരിയർ പ്രവൃത്തി ചെയ്യുന്നതിനുള്ള ഏജൻസിയായിട്ടാണ് അംഗീകരിച്ചിട്ടുള്ളത്. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ സിഡ്കോയെ അംഗീകൃത ഏജൻസിയായി തെരഞ്ഞെടുത്തതിലും അപാകതയുണ്ട്. സ്റ്റോർപർച്ചേസ് വകുപ്പിന്റെ ജി.ഒ(ആർ.ടി)നം.19/2019 /എസ്.പി.ഡി,തീയതി.13.05.2019, ജി.ഒ(ആർ.ടി)നം.20/2019/എസ്.പി.ഡി,തീയതി.13.05.2019 ഉത്തരവുകൾ പ്രകാരം ടെണ്ടർ നടപടികൾ കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഫർണീച്ചറുകൾ സിഡ്കോയിൽ നിന്നും വാങ്ങുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. റൂഫ് വർക്ക്, സീലിംഗ് വർക്ക്, ഇലക്ട്രിക്കൽ വർക്ക് എന്നീ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടില്ല.

2) തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ എഞ്ചിനിയറിംഗ് വിഭാഗം നിലവിലില്ലാതിരുന്ന കാലയളവിൽ നിർമ്മിതി കേന്ദ്ര,ഹാബിറ്റാറ്റ് മുതലായ മറ്റ് ഏജൻസികളെക്കൊണ്ട് പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്യിച്ചിരുന്നു. നിലവിൽ എഞ്ചിനീയറിംഗ് വിഭാഗം നഗരസഭയിൽ പ്രവർത്തിക്കുന്നതിനാൽ ഓഫീസ് കെട്ടിടം നവീകരിക്കുന്നതിന് സിഡ്കോ പോലുള്ള ഏജൻസികളെ ഏൽപ്പിച്ചത് ശരിയായ നടപടിയല്ല. എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ കൃത്യമായ എസ്റ്റിമേറ്റില്ലാതെ നടപ്പാക്കിയ ഈ പ്രവൃത്തി ഇ- ടെണ്ടർ മുഖേനയാണ് നടപ്പാക്കിയത്.

നിർമ്മാണം പൂർത്തീകരിച്ച് സിഡ്കോയ്ക്ക് തുക കൈമാറിയെങ്കിലും 17.06.2021ൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ കടവന്ത്രയിലെ സിഡ്കോ മാനേജർക്ക് നൽകിയ ഇ2-11223/21 നമ്പർ കത്തിൽ മേൽ പ്രവൃത്തി ചെയ്തതിൽ ധാരാളം അപാകതകൾ ഉള്ളതായി സൂചിപ്പിച്ചിട്ടുണ്ട്. 23.07.2022 ന് ഓഡിറ്റ് ടീം നടത്തിയ പരിശോധനയിലും ഈ അപാകതകൾ നിലനിൽക്കുന്നതായി ബോധ്യപ്പെടുകയുണ്ടായി. നവീകരിച്ച ഓഫീസ് കെട്ടിടം നിലവിൽ ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്. മഴവെള്ളം നഗരസഭാ മന്ദിരത്തിന്റെ ഭിത്തികളിൽ പതിക്കുന്നത് കാരണം ഭിത്തികളിൽ വിള്ളൽ ഉണ്ട്. വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക്(നം-13/23.07.22) മറുപടി നൽകിയില്ല. പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ആയതിനാൽ 1,74,19,307/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-34 BMBC ടാറിംഗ് പ്രവൃത്തിയ്ക്ക് ബിറ്റുമിൻ ഉപയോഗിച്ചതിലെ വില വ്യത്യാസം കരാറുകാരുടെ ബില്ലിൽ നിന്ന് കുറച്ചില്ല

BMBC രീതിയിലുള്ള ടാറിംഗ് പ്രവൃത്തിയിൽ ബിറ്റുമിനസ് കോൺക്രീറ്റിംഗിന് MoRTH സ്പെസിഫിക്കേഷൻ നമ്പർ 5.6.1.b പ്രകാരം സാധാരണ ബിറ്റുമിന് പകരം റബ്ബറൈസ്ഡ് ബിറ്റുമിൻ (NRBM- Natural Rubber Modified Bitumin) ആണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. NRBM ന് സാധാരണ ബിറ്റുമിനെക്കാൾ (VG 30) വില കൂടുതലുണ്ട്. NRBM ന് ടണ്ണിന്

33088.00 രൂപയും സാധാരണ ബിറ്റുമിന് (VG 30) ടണ്ണിന് 31720.00 രൂപയുമാണ് ഈ പ്രവൃത്തിയിൽ എസ്റ്റിമേറ്റ് നിരക്ക്. വില വ്യത്യാസം ടണ്ണിന് 1,368 രൂപ. 10% കരാറുകാരന്റെ ലാഭവും 10% ഓവർ ഹെഡ് ചാർജ്ജും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടി ഉൾപ്പെടുത്തുമ്പോൾ വിലവ്യത്യാസം 1641.6 രൂപയാണ് (കി.ഗ്രാമിന് 1.642രൂപ). എന്നാൽ നഗരസഭ നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ NRBM ന് പകരം VG 30 ബിറ്റുമിൻ ആണ് ഉപയോഗിച്ചതെങ്കിലും ഇവയുടെ വില വ്യത്യാസം കരാറുകാരന്റെ ബില്ലിൽ നിന്ന് കുറച്ചില്ല.

1)

| | |
|---|---|
| പ്രോജക്റ്റ് | കൊല്ലംകുടിമുഗൾ ഭാരത് മാതാ കോളേജ് റോഡ് BMBC ടാറിംഗ് |
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| അടങ്കൽ തുക | 44,00,000(തനത് ഫണ്ട്) |
| കരാറുകാരൻ | സുബിൻ ജോർജ്ജ് |
| അളവു പുസ്തകം | 356/17-18 |
| തുക നൽകിയതിന്റെ വിവരം | ചെക്ക് നം/തീയതി/തുക<br>1)302606/05.04.19-371936/-<br>2)302717/04.06.19-3437394/-<br>3)302734/07.06.19-43249/-<br>4)333560/07.09.19-279970/-<br>5)361420/27.05.20-58586/-<br>ആകെ-4191135/- |

ഈ പ്രവൃത്തിയുടെ ഇനം 9, സ്പെസിഫിക്കേഷൻ നമ്പർ 5.6.2.a പ്രകാരം 243.186ഘനമീറ്റർ ബിറ്റുമിനസ് കോൺക്രീറ്റിംഗ് നടത്തിയിട്ടുണ്ട്. ഇതിന് ഘനമീറ്ററിന് 127.22 കിലോഗ്രാം വീതം 30938.12 കിലോഗ്രാം NRBM ബിറ്റുമിന് പകരം 30938.12 കിലോഗ്രാം VG 30 ബിറ്റുമിനാണ് ഉപയോഗിച്ചത്. 30938.12 കിലോഗ്രാം ബിറ്റുമിന് വില വ്യത്യാസം കി.ഗ്രാമിന് 1.642/-രൂപ പ്രകാരം 50800/-രൂപ ബില്ലിൽ നിന്ന് കുറച്ചില്ല. അതിനാൽ 50800/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

2)

| | |
|---|---|
| പ്രോജക്റ്റ് | പടമുഗൾ ടി വി സെന്റർ റോഡ് BMBC ടാറിംഗ് |
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| അടങ്കൽ തുക | 58,80,000(തനത് ഫണ്ട്) |
| കരാറുകാരൻ | സുബിൻ ജോർജ്ജ് |
| അളവു പുസ്തകം | 130/17-18 |
| തുക നൽകിയതിന്റെ വിവരം | ചെക്ക് നം/തീയതി/തുക<br>1)361197/04.03.20-4878218/-<br>2)361316/21.04.20-322170/-<br>ആകെ-52,00,388/- |

ഈ പ്രവൃത്തിയുടെ ഇനം 9, സ്പെസിഫിക്കേഷൻ നമ്പർ 5.6.2.a പ്രകാരം 128.403 ഘനമീറ്റർ ബിറ്റുമിനസ് കോൺക്രീറ്റിംഗ് നടത്തിയിട്ടുണ്ട്. ഇതിന് ഘനമീറ്ററിന് 127.22 കിലോഗ്രാം വീതം 16335.43 കിലോഗ്രാം NRBM ബിറ്റുമിന് പകരം 16335.43 കിലോഗ്രാം VG 30 ബിറ്റുമിനാണ് ഉപയോഗിച്ചത്. 16335.43 കിലോഗ്രാം ബിറ്റുമിന് വില വ്യത്യാസം കി.ഗ്രാമിന് 1.642/-രൂപ പ്രകാരം 26823/-രൂപ ബില്ലിൽ നിന്ന് കുറച്ചില്ല. അതിനാൽ 26823/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

3)

| | |
|---|---|
| പ്രോജക്റ്റ് | പാപ്പാളി സെന്റ് നിക്കോളാസ് ചർച്ച് റോഡ് BMBC ടാറിംഗ്,വാർഡ് 23 |
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| അടങ്കൽ തുക | 60,00,000(തനത് ഫണ്ട്) |
| കരാറുകാരൻ | ജിനു ജെയിംസ് |
| അളവു പുസ്തകം | 2766/18-19 |
| തുക നൽകിയതിന്റെ വിവരം | ചെക്ക് നം/തീയതി/തുക<br>333567/17.09.20-4787617/ |

ഈ പ്രവൃത്തിയുടെ ഇനം 9, സ്പെസിഫിക്കേഷൻ നമ്പർ 5.6.2.a പ്രകാരം 100.317ഘനമീറ്റർ ബിറ്റുമിനസ് കോൺക്രീറ്റിംഗ് നടത്തിയിട്ടുണ്ട്. ഇതിന് ഘനമീറ്ററിന് 127.22 കിലോഗ്രാം വീതം 12762.33 കിലോഗ്രാം NRBM ബിറ്റുമിന് പകരം 12762.33 കിലോഗ്രാം VG 30 ബിറ്റുമിനാണ് ഉപയോഗിച്ചത്. 12762.33 കിലോഗ്രാം ബിറ്റുമിന് വില വ്യത്യാസം കി.ഗ്രാമിന് 1.642/-രൂപ പ്രകാരം 20956/-രൂപ ബില്ലിൽ നിന്ന് കുറച്ചില്ല. അതിനാൽ 20956/-രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

അപാകതകൾ വിശദീകരിക്കുവാനാവശ്യപ്പെട്ടതിന് (എൻക്വയറി-17/27.07.22, 67/01.08.22) മറുപടി ലഭ്യമാക്കിയില്ല. നഷ്ടതുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പരാമർശത്തിന് മറുപടി ലഭ്യമാക്കുന്നതിനും നഷ്ടതുക തിരികെ ഈടാക്കുന്നതിനും വിധേയമായി ചെലവ് തുക (50800+26823+20956=98,579/-)തടസ്സപ്പെടുത്തുന്നു.

1-35 ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധിക തുക അനുവദിച്ചു

നഗരസഭ തൻവർഷം നിർവ്വഹണം നടത്തിയ റോഡ് കട്ടവിരിയ്ക്കൽ, കോൺക്രീറ്റിംഗ് പ്രവൃത്തിയ്ക്ക് നെറ്റ് ബിൽ തുകയുടെ കൂടെ 12% ജി.എസ്.ടി കോമ്പൻസേഷനും കൂട്ടി കരാറുകാരന് അനുവദിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയിൽ സർക്കാർ നിശ്ചയിച്ചതിലും കൂടിയ നിരക്കിൽ കരാറുകാരന് ജി.എസ്.ടി നഷ്ടപരിഹാരം അനുവദിച്ചതിനാൽ 1,83,712/-രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ഭാഗം-3 ൽ ചേർത്തിട്ടുണ്ട്.

1-36 ഉദ്ഘാടനത്തിന് സർക്കാർ അനുവദിച്ച പരിധിയിൽ അധികരിച്ച് തുക ചെലവഴിച്ചു

| | | |
|---|---|---|
| ഫയൽ നമ്പർ | 1)E2-14504/20 | 2)E4-16295/10 |
| ചെക്ക് നമ്പർ/തീയതി | 361758/18.09.20 | 360880/22.10.20 |
| തുക | 1,05,145 | 50,000 |

സ.ഉ.(സാധ)3866/15/lsgd/28.12.15 പ്രകാരം മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങുകൾക്കായി തദ്ദേശസ്ഥാപനങ്ങൾക്ക് പരമാവധി ചെലവഴിക്കാവുന്ന തുക 25000/-രൂപയാണ്. പരിധിയിൽ അധികമായി ചെലവഴിക്കുന്ന തുകയ്ക്ക് സ്ഥാപനത്തിന്റെ സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതാണ് എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നവീകരിച്ച നഗരസഭാ മന്ദിരത്തിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് 1,05,145/-രൂപയും, വാർഡ് 6 ലെ അങ്കണവാടി ഉദ്ഘാടനവുമായി ബന്ധപ്പെട്ട് 50,000/-രൂപയും ഓവർസിയർമാരായ ശ്രീ നന്ദകുമാറിനും ശ്രീ ബിജുമോനും മുൻകൂറായി അനുവദിച്ച് നൽകിയിരുന്നു. സ്റ്റേജ്,ലൈറ്റ് ആന്റ് സൗണ്ട്,വീഡിയോ,ഫോട്ടോ എന്നിവയ്ക്ക് വേണ്ടിയാണ് മേൽ തുകകൾ ചെലവഴിച്ചത്. സർക്കാർ ഉത്തരവനുസരിച്ച് ഉദ്ഘാടന ചടങ്ങുകൾക്കായി പരമാവധി ചെലവഴിക്കാവുന്നത് 25000/- രൂപയാണ് എന്നാൽ അധികമായി ചെലവഴിച്ച 155145/-രൂപയ്ക്ക്(105145+25000)സർക്കാർ സാധൂകരണം ലഭ്യമാക്കി അധിക ചെലവ് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-37 ഡെപ്പോസിറ്റ് വർക്ക്-കെ.എസ്.ഇ.ബി

| പ്രവൃത്തി, ഫയൽ നമ്പർ | ചെക്ക്നം/തീയതി | നൽകിയ തുക |
|---|---|---|
| വിവിധ വാർഡുകളിലെ വൈദ്യുത ലൈനുകളിലെഅറ്റകുറ്റപ്പണി, E1-8057/20, (തനത് ഫണ്ട്) | 360993/23.11.20 | 4,02,345 |

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടുള്ള താഴെപ്പറയുന്ന പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയില്ല (എൻക്വയറി-54/31.07.22)

1) എസ്റ്റിമേറ്റുകൾ നഗരസഭാ കൗൺസിൽ അംഗീകരിച്ചതിനു ശേഷമല്ല തുക കൈമാറിയത്.

2) പൂർത്തീകരണ തീയതി ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി യുമായി കരാറിൽ ഏർപ്പെട്ടില്ല.
3))മുൻ വർഷങ്ങളിൽ നിക്ഷേപിച്ച തുകകൾ ഉൾപ്പെടെ ഓരോ പ്രവൃത്തിയും പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നത് ഉറപ്പു വരുത്തുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെന്ന് അറിയിച്ചിട്ടില്ല.
പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വിധേയമായി മേൽ പ്രവൃത്തിക്കായി ചെലവഴിച്ച 4,02,345/-രൂപ തടസ്സപ്പെടുത്തുന്നു.

1-38 ഡെപ്പോസിറ്റ് പ്രവൃത്തികൾ-കേരള വാട്ടർ അതോറിറ്റി

2020-21 സാമ്പത്തിക വർഷം വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ തുക അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി ,ഫയൽ നമ്പർ | അടങ്കൽ | ചെക്ക് നം/തീയതി | ചെലവ് തുക |
|---|---|---|---|---|
| 1 | മൂലേപ്പാടം റോഡ് വാർഡ് 29,30 കുടിവെള്ള പൈപ്പ് ലൈൻ, E1-13902/19 | 1430000/-(തനത് ഫണ്ട്) | 361380/20.05.20 | 1430000/- |
| 2 | വാർഡ് 3 ലെ കുടിവെള്ള പൈപ്പ് ലൈൻ,E1-24397/13 | 108402/-(തനത് ഫണ്ട്) | 361517/30.06.20 | 108402/- |
| 3 | പൈപ്പ് ലൈൻ റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ, E2-084/20 | 3490000/- (തനത് ഫണ്ട്) | 361604/29.07.20 | 3490000/- |
| 4 | പൈപ്പ് ലൈൻ റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ, E1-21053/19 | 793862/- | 360859/16.10.20 | 793862/- |
| 5 | കാക്കനാട്-കൊല്ലംകുടിമുഗൾ കുടിവെള്ള പൈപ്പ് ലൈൻ, E2-13374/20 | 4132000/- (തനത് ഫണ്ട്) | 403082/12.02.21 | 4132000/- |
| ആകെ | | | | 9954264/- |

നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള താഴെപ്പറയുന്ന പരാമർശങ്ങൾക്ക് വിശദീകരണം നൽകിയില്ല(എൻക്വയറി-53/31.07.22, 74/02.08.22).
1)മേൽ പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയോ എന്ന വിവരം അറിയിക്കേണ്ടതാണ്.

2) എസ്റ്റിമേറ്റുകൾ നഗരസഭാ കൗൺസിൽ അംഗീകരിച്ചതിനു ശേഷമല്ല പ്രസ്തുത തുകകൾ കൈമാറിയത്.

3)വാട്ടർ അതോറിറ്റിയുമായി സെക്രട്ടറി പൂർത്തീകരണ തീയതി ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി കരാറിൽ

ഏർപ്പെട്ടിട്ടില്ല.

4)മേൽപ്പറഞ്ഞ പ്രവൃത്തികളെല്ലാം ഭൗതികമായി പൂർത്തീകരിച്ചിട്ടുണ്ടോയെന്നും നിലവിൽ ഏതെങ്കിലും പ്രവൃത്തി ആരംഭിക്കാൻ ബാക്കിയുണ്ടോയെന്നും അറിയിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണ്.

5) മുൻ വർഷങ്ങളിൽ നിക്ഷേപിച്ച തുകകൾ ഉൾപ്പെടെ ഓരോ പ്രവൃത്തിയും പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നത് ഉറപ്പ് വരുത്തുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെന്ന് അറിയിക്കേണ്ടതാണ്.
6)ക്രമ നം 3 പ്രകാരം നഗരസഭ പരിധിയിലെ പൈപ്പ് ലൈൻ റോഡ് റ്റൈൽ വിരിക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 99,69,000/-രൂപയും ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തനത് ഫണ്ടിൽ നിന്നും നല്കിയ 34,90,000/-രൂപയും ടി പ്രവൃത്തിയ്ക്കായി ബഹു. MLA ഫണ്ട് (50 ലക്ഷം ) ലഭിച്ചതിനാൽ ക്രമീകരിച്ചതിന്റെ വിശദാംശം, ടി പ്രവൃത്തിയ്ക്കായി ആകെ ലഭിച്ച MLA ഫണ്ട് എന്നിവ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.
7)ക്രമ നം 5 പ്രകാരം കാക്കനാട് കൊല്ലംകുടിമുഗൾ റോഡ് BMBC ടാറിംഗ് ചെയ്യുന്നതിന്റെ ഭാഗമായി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 41,32,000/-രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിക്കേണ്ടതാണ്.

പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതിന് വിധേയമായി മേൽ പ്രവൃത്തികൾ നടപ്പാക്കുന്നതിലേയ്ക്കായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുള്ള 99,54,264/-രൂപ തടസ്സപ്പെടുത്തുന്നു.

1-39 പഠനമുറി നിർമാണം ത്വരിതപ്പെടുത്തേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി 159/21 |
| നിർവ്വഹണം | എസ്.സി.ഡി.ഒ |
| അടങ്കൽ | 2000000/- (എസ്.സി.പി)<br>2000000/- (തനത് ഫണ്ട്)<br>4000000/- |
| ചെലവ് | 1)92/22.02.21- 50000/-<br>2)96/22.02.21- 50000/-<br>3)120/10.03.21- 50000/-<br>4)123/15.03.21-150000/-<br>5)124/15.03.21-50000/-<br>6)126/15.03.21-50000/-<br>ആകെ- 400000/-(എസ്.സി.പി) |

അയ്യപ്പൻകുട്ടി.എൻ.കെ നാന്നിയാട്ടിൽ, മിനി അയ്യപ്പൻകുട്ടി ഐലോപ്പിള്ളി, കൃഷ്ണൻകുട്ടി.എ.സി, ഐലോപ്പിള്ളി, ബിന്ദു ഷൺമുഖൻ ചാത്തനാട്, ശോഭന കൊല്ലംകുടിമുഗൾ, സുജാത.എ.സി, കാട്ടാമറ്റം എന്നീ 6 ഗുണഭോക്താക്കളാണ് മേൽ പ്രോജക്ടിൽ ഉൾപ്പെട്ടിരുന്നത്. ഇവരിൽ അയ്യപ്പൻകുട്ടി.എൻ.കെ, എന്ന ഗുണഭോക്താവൊഴികെ ബാക്കിയുള്ള 5 പേർ നിർമാണം പൂർത്തീകരിച്ചതായി കാണുന്നില്ല. വിവരങ്ങൾ ആവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-86/04.08.22) മറുപടി നൽകിയില്ല. പ്രസ്തുത ഗുണഭോക്താക്കളുടെ പഠനമുറി നിർമാണം ഏത് ഘട്ടത്തിലായെന്ന് പരിശോധിച്ചറിയിക്കേണ്ടതാണ്. അഡ്വാൻസ് തുക കൈപ്പറ്റിയിട്ട് മേൽ ഗുണഭോക്താക്കൾ നാളിതുവരെയും നിർമാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതും നിർമാണം ത്വരിതപ്പെടുത്തി ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

1-40 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

തൃക്കാക്കര നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 വർഷത്തിൽ നൽകിയ താഴെ പറയുന്ന മുൻകൂർ തുകകൾ നാളിതുവരെ അഡ്ജസ്റ്റ് ചെയ്തിട്ടില്ല എന്ന് കാണുന്നു (എൻക്വയറി-5/22.07.22). ജി.ഒ.(പി)നമ്പർ 419/11/ഫിൻ തീയതി 04.10.2011 പ്രകാരം അഡ്വാൻസ് തുക കൈപ്പറ്റി 3 മാസത്തിനകം ആയത് അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം തുക പിൻവലിച്ച തീയതി മുതൽ അഡ്ജസ്റ്റ് ചെയ്യുന്ന തീയതി വരെ 18% നിരക്കിൽ പിഴപലിശ കൂടി ഈടാക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള അഡ്വാൻസുകൾ സമയപരിധിയ്ക്കകം അഡ്ജസ്റ്റ് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കിയില്ല. നിശ്ചിത കാലയളവിനുള്ളിൽ ക്രമീകരിക്കപ്പെടാതെ നിലവിലും ശേഷിക്കുന്ന തുകകൾ, ആയത് കൈപ്പറ്റിയ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പലിശയുൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുകകൾ ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കുന്നതിന് വിധേയമായി തൻവർഷം മുൻകൂർ നൽകിയ ആകെ തുക (10,25,000/-രൂപ) തടസ്സപ്പെടുത്തുന്നു(ഓഡിറ്റ് എൻക്വയറി നം.05/തീയതി.22.07.22).

| ക്രമ നം | വൗച്ചർ നം/ചെക്ക് നം/തീയതി | തുക | ഉദ്യോഗസ്ഥന്റെ പേര് | ആവശ്യം |
|---|---|---|---|---|
| 1 | 17/04,361302/03.04.20 | 50000 | ബി ദിലീപ്, HI | കോവിഡ് പ്രതിരോധ പ്രവർത്തനം |
| 2 | 19/04,361303/07.04.20 | 200000 | ബി ദിലീപ്, HI | കമ്മ്യൂണിറ്റി കിച്ചൻ |
| 3 | 62/04,361334/28.04.20 | 300000 | സജികുമാർ, JHI | മാസ്ക് സ്റ്റിച്ചിംഗ് |
| 4 | 60/10,360839/08.10.20 | 300000 | സജികുമാർ, JHI | കോവിഡ് പ്രതിരോധ പ്രവർത്തനം(ക്ലീനിംഗ് മെറ്റീരിയൽ വാങ്ങൽ) |
| 5 | 129/10,360906/23.10.20 | 25000 | അനൂപ് പി കെ,ഓവർസിയർ | അങ്കണവാടി കെട്ടിടം ഉദ്ഘാടനം |
| 6 | 82/03,403150/23.03.21 | 150000 | സജികുമാർ, JHI | കോവിഡ് വാക്സിനേഷൻ ക്യാമ്പ് നടത്തിയതിന് നൽകിയ തുക |

| | | | | |
|---|---|---|---|---|
| | ആകെ | 10,25,000 | | |

## 1-41 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം ഡെപ്പോസിറ്റ് തുകകൾ മൂന്ന വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും, തിരിച്ച വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ജനറൽ കമ്മിറ്റിയിലും ഈ വിവരം ബോധ്യപ്പെടുത്തി അത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതുമാണ്. ബാലൻസ് ഷീറ്റ് B7 ഷെഡ്യൂൾ പരിശോധിച്ചതിൽ ചുവടെ പറയുന്ന തുകകൾ ഡെപ്പോസിറ്റ് ഇനത്തിൽ ശേഷിക്കുന്നുണ്ട്. ഈ തുകകൾ മുൻ വർഷത്തെ ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലും ഉൾപ്പെട്ടുത്തിയിട്ടുണ്ട്.

| ഇനം (കോഡ്) | 2020-21 ലെ ബാലൻസ് |
|---|---|
| സപ്ലൈേഴ്സ് EMD - മുനിസിപ്പൽ ഫണ്ട് (340100105) | 28357 |
| കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് (340100201) | 40000 |
| സപ്ലൈേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് (340100205) | 7885 |
| കോൺട്രാക്ടേഴ്സ് റീട്ടെൻഷൻ (340100301) | 3742294.79 |
| സപ്ലൈയേഴ്സ് റീടെൻഷൻ മണി -മുനിസിപ്പൽ ഫണ്ട് (340100305) | 143529 |
| അദർ ഡെപ്പോസിറ്റ് (സപ്ലൈയേഴ്സ്&കോൺട്രാക്ടേഴ്സ് ) (340109900) | 189656 |
| വാടക ഡെപ്പോസിറ്റ് (340200100) | 4904779 |
| ലേല ഡെപ്പോസിറ്റ് (340200200) | 14201333 |
| ഇലക്ഷൻ ഡെപ്പോസിറ്റ് (340200600) | 500000 |
| ഡെപ്പോസിറ്റ് അദേഴ്സ് (340800100) | 1598387 |

ഡെപ്പോസിറ്റ് ഹെഡുകളിൽ നീക്കിയിരുപ്പായുള്ള മേൽ തുകകളിൽ കാലഹരണപ്പെട്ടവയുണ്ടെയെന്ന് പരിശോധിക്കേണ്ടതും,മൂന്ന് വർഷത്തിലധികം കാലയളവ് കഴിഞ്ഞ നിക്ഷേപ തുകകൾ കൗൺസിൽ അംഗീകാരത്തിന് വിധേയമായി ക്രമീകരിച്ച് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-42 സർക്കാർ ഉത്തരവിനു വിരുദ്ധമായി ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റി

2020-21 സാമ്പത്തിക വർഷത്തിൽ, സർക്കാർ, അർദ്ധ-സർക്കാർ, സർവ്വകലാശാലാ, പൊതുമേഖലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുൾപ്പെടെ മുഴുവൻ വിഭാഗം ജീവനക്കാരുടേയും ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം അടുത്ത 3 മാസത്തേക്ക് മാറ്റി വെച്ചു കൊണ്ട്, GO (P) No.42/2020/Fin. Dated 16.04.2020, GO (P) No.43/2020/Fin. Dated 17.04.2020, എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 16.04.2020 മുതൽ 3 മാസത്തേക്ക് ഈ അവകാശം മാറ്റിവെക്കുന്നു എന്നായിരുന്നു സർക്കാർ ഉത്തരവിൽ പറഞ്ഞിരുന്നത്. 27.04.2020-ലെ GO(P) No. 49/2020/Fin. പ്രകാരം താൽക്കാലിക ജീവനക്കാരെക്കൂടി മേൽ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തി.

1) 17.07.2020-ലെ GO(P) No. 94/2020/Fin നമ്പർ ഉത്തരവിലൂടെ മേൽ പറഞ്ഞ ഖണ്ഡികയിലെ ഉത്തരവ് പ്രകാരമുള്ള കാലാവധി 15.09.2020 വരെ വീണ്ടും ദീർഘിപ്പിച്ച് ഉത്തരവായിരുന്നു.

2) മേൽ പറഞ്ഞ രണ്ട് ഉത്തരവുകളിലൂടെ മാറ്റി വെയ്ക്കപ്പെട്ട ആർജിതാവധി സറണ്ടർ ആനുകൂല്യം, സറണ്ടർ തുക പി.എഫിൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവംബർ മാസം മുതൽ അനുവദിക്കുന്നതാണെന്നും, ഇപ്രകാരം ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്നും 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു.

3) എന്നാൽ, ആർജിതാവധി സറണ്ടർ ആനുകൂല്യം പണമാക്കി മാറ്റാനുള്ള അവകാശം 01.06.2021 മുതൽ 6 മാസത്തേക്കു കൂടി മാറ്റിവെച്ചു കൊണ്ട് വീണ്ടും GO(P) No. 104/2021/ Fin. Dated 26/07/2021 നമ്പർ പ്രകാരം സർക്കാർ ഉത്തരവിട്ടിട്ടുണ്ട്.

4) നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം, 2020-21 സാമ്പത്തിക വർഷത്തിൽ പണമാക്കി മാറ്റുന്നതിനുള്ള ആർജിതാവധി സറണ്ടർ ആനുകൂല്യം 01.06.2021 മുതൽ 6 മാസത്തേക്കു കൂടി മാറ്റി വെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, സർക്കാർ ഉത്തരവിനു വിരുദ്ധമായി താഴെ പറയുന്ന 19 ജീവനക്കാർ അവരുടെ 30 ദിവസത്തെ ആർജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | ജീവനക്കരന്റെ പേര് | ഉദ്യോഗപ്പേര് | കൈപ്പറ്റിയ തുക (ആർജിതാവധി സറണ്ടർ തുക) | ചെക്ക് നം, തീയതി |
|---|---|---|---|---|
| 1 | ഫൈസൽ | സീനിയർ ക്ലാർക്ക് | 48550.00 | 361309/ 16.04.2020 668490/- |
| 2 | പ്രകാശ് കുമാർ യു | ആർ ഐ | 45240.00 | |
| 3 | സുനിൽ സി എസ് | അക്കൗണ്ടന്റ് | 43080.00 | |
| 4 | ജോപ്പൻ ടി | സീനിയർ ക്ലാർക്ക് | 34980.00 | |
| 5 | പ്രമോദ് ടി ആർ | സീനിയർ ക്ലാർക്ക് | 33650.00 | |
| 6 | ജിനീഷ് സി ജെ | സീനിയർ ക്ലാർക്ക് | 33650.00 | |
| 7 | ഉണ്ണികൃഷ്ണൻ എം ആർ | സീനിയർ ക്ലാർക്ക് | 33650.00 | |
| 8 | രേഖ എം ആർ | സീനിയർ ക്ലാർക്ക് | 32870.00 | |
| 9 | സ്വർണ്ണമ്മ രാജൻ | സീനിയർ ക്ലാർക്ക് | 39240.00 | |
| 10 | സജയൻ സി പി | സീനിയർ ക്ലാർക്ക് | 35760.00 | |
| 11 | രമണൻ ജി ഒ | സീനിയർ ക്ലാർക്ക് | 32090.00 | |

| | | | | |
|---|---|---|---|---|
| 12 | സാദിഖ് എം എം | ക്ലാർക്ക് | 26510.00 | |
| 13 | ലിജിമോൾ എ ജെ | ക്ലാർക്ക് | 25850.00 | |
| 14 | മധുസൂദൻ എം ടി | ക്ലാർക്ക് | 25850.00 | |
| 15 | അഖിൽ ഇ എസ് | ക്ലാർക്ക് | 25250.00 | |
| 16 | കെ കെ ശശി | ഓഫീസ് അറ്റന്റന്റ് | 32870.00 | |
| 17 | പയസ് പി ജെ | ഓഫീസ് അറ്റന്റന്റ് | 27830.00 | |
| 18 | ദിലീപ് ബി | ഹെൽത്ത് ഇൻസ്പെക്ടർ | 56590.00 | |
| 19 | സിൻസി | സീനിയർ ക്ലാർക്ക് | 34980.00 | |
| | ആകെ | | 668490.00 | |

മേൽ പറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിന വിരുദ്ധമായി ആർജിതാവധി പണമാക്കി മാറ്റി ആകെ 668490/-രൂപ ജീവനക്കാർ കൈപ്പറ്റിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിലും, 2020-21-ലെ ആർജിതാവധി പണമാക്കി മാറ്റിയതും സർക്കാർ ഉത്തരവില്ലാതെയാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ തുക ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കാതിരിക്കുവാൻ കാരണങ്ങളുണ്ടെങ്കിൽ അതിന് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടതിന് (എൻക്വയറി.നം-2/22.07.22) മറുപടി നൽകിയില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി ആർജ്ജിതാവധി പണമാക്കി നൽകിയതിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാകുന്നതിന് വിധേയമായി ചെലവ് തുകയായ 6,68,490/-തടസ്സപ്പെടുത്തുന്നു.

## 1-43 തെരുവ് വിളക്ക് പരിപാലനം- അപാകതകൾ

നഗരസഭയിലെ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള ചെലവുകളുടെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ നഗരസഭയിൽ ഇല്ല

തൃക്കാക്കര/ആലുവ സെക്ഷനുകളിലാണ് നഗരസഭയിലെ തെരുവ് വിളക്കുകൾ സ്ഥിതിചെയ്യുന്നത്. നഗരസഭയിൽ എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നത് സംബന്ധിച്ച് കൃത്യമായ കണക്ക് നിലവില്ല. തെരുവ് വിളക്കുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കെ.എസ്.ഇ.ബി യുടെ കണക്ക് പ്രകാരം ആലുവ സെക്ഷന കീഴിലെ തെരുവ് വിളക്കുകൾക്ക് 79810/-രൂപയും, തൃക്കാക്കര സെക്ഷന കീഴിലെ തെരുവ് വിളക്കുകൾക്ക് 1789955/-രൂപയുമാണ് അടവാക്കുന്നത്.

2)സംയുക്ത പരിശോധന നടത്തിയിട്ടില്ല

തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കുന്നതിന് നഗരസഭയും കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്തപരിശോധന നടത്തണമെന്ന് തീരുമാനിച്ചിരുന്നുവെങ്കിലും ആയത് നടത്തിയിട്ടില്ല. അടിയന്തിരമായി സംയുക്തപരിശോധന നടത്തി വിവരം അറിയിക്കേണ്ടതാണ്.

3)മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല .

തൃക്കാക്കര,ആലുവ സെക്ഷനുകളിലെ കൺസ്യൂമർ നമ്പറിന കീഴിലുള്ള വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല. കെ.എസ്.ഇ.ബി യിൽ നിന്നും ഈ കൺസ്യൂമർ നമ്പറിന കീഴിലെ വിളക്കുകളുടെ വിവരം, നിരക്ക് നിശ്ചയിച്ചതിന്റെ രേഖകൾ എന്നിവ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. തെരുവു വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ. തിയതി 15.9.2011 ലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

4)തെരുവ് വിളക്ക് പരിപാലനത്തി ന്റെ വിവരം

2020-21 വർഷങ്ങളിലെ ചെലവു രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന പദ്ധതി പ്രകാരം മെയിന്റനൻസിനുള്ള തുക ചെലവഴിച്ചിട്ടുണ്ട്.

| ഫയൽ നമ്പർ | ചെക്ക് നമ്പർ/തീയതി | ചെലവഴിച്ച തുക |
|---|---|---|
| E1-8700/18 | 361481/18.06.20 | 1057054 |
| | 361693/26.08.20 | 1046847 |
| | 402956/12.01.21 | 556376 |
| | 403188/31.03.21 | 2367981 |
| | ആകെ | 50,28,258 |

ഓരോ വിളക്കും റിപ്പയർ ചെയ്യുന്നതിനുള്ള നിരക്ക് വ്യക്തമാക്കാതെയാണ് ടെണ്ടർ നടത്തി പ്രവർത്തി നടപ്പിലാക്കുന്നത്. തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം ഇല്ലാതെയാണ് തെരുവ് വിളക്ക് റിപ്പയറിന് എ എം സി അനുവദിക്കുന്നത്. റിപ്പയർ ചെയ്ത വിളക്കുകൾ സംബന്ധിച്ച് വാർഡ് കൗൺസിലർമാർ സാക്ഷ്യപത്രം നൽകുന്നുണ്ട്. തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവയൊന്നും നഗരസഭയിൽ നിലവിലില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയില്ല (എൻക്വയറി-48/31.08.22). തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതും സംയുക്തപരിശോധന നടത്തി എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നത് സംബന്ധിച്ച് കൃത്യമായ കണക്ക് തയ്യാറാക്കേണ്ടതുമാണ്. തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവയും കൃത്യമായി എഴുതി പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-44 ഹൈമാസ്റ്റ് ലൈറ്റ് വാങ്ങിയതിലെ അപാകതകൾ

| | |
|---|---|
| ഫയൽ നമ്പർ | 1)E1-13371/19,2)E1-13372/19, 3)E4-12647/19,4)E4-11435/19 |

| | |
|---|---|
| അടങ്കൽ | 30,00,000/- |
| ചെലവ് വിവരം(ചെക്ക് നം,തീയതി) | 1)122395/-,361598/27.07.20<br>2)343415/-,361598/27.07.20<br>3)1466719/-,361598/27.07.20<br>4)342542/-,361650/07.08.20<br>ആകെ-22,75,071/- |

നഗരസഭയിലെ പ്രധാന സ്ഥലങ്ങളിൽ എൽ.ഇ.ഡി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്റ്റ്. അതനുസരിച്ച് കൊല്ലത്തുള്ള യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ നിന്നും ഹൈമാസ്റ്റ് ലൈറ്റ് വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്.

1. കെ.എസ്.ഇ. ബി യിൽ നിന്നുള്ള ഇൻസ്റ്റലേഷൻ, സൂപ്പർവിഷൻ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

2. തെരുവ് വിളക്കുകൾ ലഭ്യമായത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. കൂടാതെ വിതരണം ചെയ്തത്/സ്ഥാപിച്ചത് സംബന്ധിച്ച വിവരങ്ങളും ഹാജരാക്കിയില്ല.

3. തെരുവ് വിളക്കുകളുടെ സ്ഥിതിവിവര കണക്കുകൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4. കേരള ഫിനാൻസ് ആക്റ്റ്, 2018 പ്രകാരം 01.04.2018 മുതൽ മരാമത്ത് പ്രവൃത്തികൾക്കും, സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകൾക്ക് പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഏർപ്പെടുത്തുകയും 1959 ലെ കേരള സ്റ്റാമ്പ് ആക്റ്റിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾക്കും, സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഓരോ 1000/- രൂപയ്ക്കും 1/-രൂപയായി നിശ്ചയിച്ചിട്ടുണ്ട്. കുറഞ്ഞത് 200/-രൂപയും പരമാവധി 1 ലക്ഷം രൂപയുമായാണ് സ്റ്റാമ്പ് ഡ്യൂട്ടി. നിർവ്വഹണ ഏജൻസിയുമായി ആകെ 200/-രൂപയുടെ മുദ്രപത്രത്തിലാണ് കരാർ ചമച്ചിട്ടുള്ളത്. നിശ്ചിത മൂല്യമില്ലാത്തതിനാൽ കരാറിന് നിയമപരമായ സാധുതയില്ല എന്ന് വിലയിരുത്തുന്നു.

5. പ്രൊജക്റ്റ് മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ലാതെ തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

6. 2020-21 സാമ്പത്തിക വർഷം എൽ ഇ ഡി മിനി ഹൈമാസ്റ്റ് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ നിന്നും വാങ്ങി നഗരസഭയിൽ എവിടെയും സ്ഥാപിച്ചതായി തെളിവുകൾ ഹാജരാക്കാത്തതിനാൽ 22,75,071/-രൂപയുടെ ചെലവിന്റെ കാര്യത്തിൽ വ്യക്തതയില്ല. നഗരസഭയും യുണൈറ്റഡ് ഇൻഡസ്ട്രീസുമായി ഏർപ്പെട്ട കരാറിലെ 7-ാം നമ്പർ നിബന്ധന (എഗ്രിമെന്റ് നമ്പർ, തീയതി രേഖപ്പെടുത്താത്ത) പ്രകാരം 90% തുക സാധനം സപ്ലൈ ചെയ്യുമ്പോഴും ബാക്കി തുക ഇൻസ്റ്റലേഷന് ശേഷവുമാണ് നൽകേണ്ടത്. ഓരോ വാർഡിലേയും എത്ര ലൈറ്റുകൾ ഏതെല്ലാം പോസ്റ്റുകളിൽ ഏത് തീയതിയിൽ മാറ്റിയാണ് പുതിയ ലൈറ്റ് സ്ഥാപിച്ചതെന്നതിനെ സാധൂകരിക്കുന്നതിനായി വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രവും കെ.എസ്.ഇ.ബി.യുടെ സാക്ഷ്യപത്രവും പരിശോധിച്ച് ഉറപ്പ് വരുത്താതെയാണ് മുഴുവൻ തുകയും നൽകിയത്.
പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ക്രമ.നം-1, 2, 3 ൽ സൂചിപ്പിച്ചിട്ടുള്ള രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

### 1-45 LED ലൈറ്റ് സ്ഥാപിക്കൽ : വാർഷിക കണക്കിൽ ഉൾപ്പെടുത്താതെ 2,83,70,557/- രൂപ അധികം ചെലവു ചെയ്തു

തൃക്കാക്കര നഗരസഭയിലെ വിവിധ പ്രദേശങ്ങളിൽ LED ലൈറ്റ് സ്ഥാപിക്കാനുള്ള പ്രവൃത്തിയ്ക്ക് നഗരസഭ കൗൺസിൽ അംഗീകാരം നൽകിയിട്ടുള്ള M/s United Electrical Industries Ltd. എന്ന സ്ഥാപനത്തിന് സ്പിൽ ഓവർ പ്രോജക്റ്റ് നം. 268 - ഗാൽവനൈസ്ഡ് പോളുകളിൽ LED ലൈറ്റ് സ്ഥാപിക്കുന്നതിനായി ധനകാര്യകമ്മീഷൻ ഫണ്ടിനത്തിൽ 2,42,22,717/-രൂപയും, പ്രോജക്റ്റ് നം. 267 - LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ ഇനത്തിൽ 1,50,00,000/-രൂപയും, തൻവർഷത്തെ പ്രോജക്റ്റ് നം. 148-LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ ഇനത്തിൽ 1,50,00,000/-രൂപയും,നൽകേണ്ടതിന് 27.10.2020ലെ കൗൺസിലിന്റെ 41ാം നമ്പർ തീരുമാനം പ്രകാരം നഗരസഭ തനത് ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിനും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തിരികെ ഈടാക്കുന്നതിനും സർക്കാരിലേയ്ക്ക് അനുമതിയ്ക്കായി അപേക്ഷിച്ചിട്ടുണ്ട്.

അതിൻപ്രകാരം സ.ഉ.(സാധാ)നം 28/2021 തസ്വഭവ Dt. 05.01.2021 ഉത്തരവ് മുഖേന മേൽ സൂചിപ്പിച്ച പ്രോജക്റ്റുകൾക്കായി 3,14,59,469/-രൂപ നഗരസഭ തനത് ഫണ്ടിൽനിന്നും അനുവദിക്കുന്നതിനും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തിരികെ ഈടാക്കുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്.

എന്നാൽ നഗരസഭ 2020-21 വർഷം LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ/ഗാൽവനൈസ്ഡ് പോളുകളിൽ LED ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്റ്റുകൾക്കായി M/s United Electrical Industries Ltd. എന്ന സ്ഥാപനത്തിന് ചെലവുചെയ്ത തുകകളുടെ വിശദാംശവും ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജനം | പ്രോജക്റ്റിന്റെ പേര് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെക് നം/ബിൽ നം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 268/20-21 (SO) | ഗാൽവനൈസ്ഡ് പോളുകളിൽ LED ലൈറ്റ് സ്ഥാപിക്കൽ (നിർവ്വഹണം: മുൻസിപ്പൽ എൻജിനിയർ) | 2,42,22,717 | 1)1,02,84,162/-<br>2)31,02,575/-<br>3)85,91,124/- (2021-22വർഷത്തെ ചെലവ്)<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 1)478/15.3.2021<br>2)449/15.3.2021 | മുൻവർഷം ഈ പ്രോജക്റ്റിനായി 1,50,00,000 രൂപ PWD Electrical Section ന് നല്കിയിട്ടുണ്ട്. |
| 2 | 267/20-21 (SO) | LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (നിർവ്വഹണം: മുൻസിപ്പൽ | 1,50,00,000 | 1)77,63,248/-<br>2)72,20,572/-<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 1)93/20.5.2020<br>2)447/15.3.2021 | മുൻവർഷം ഈ പ്രോജക്റ്റിനായി ചെലവഴിച്ച തുകയുടെ വിശദാംശം |

| | | | | | | |
|---|---|---|---|---|---|---|
| | | എൻജിനിയർ) | | | | ഹാജരാക്കേണ്ടതാണ് |
| | | | | 2020-21 വർഷത്തെ മാത്രം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് തുക: 2,83,70,557 | | |
| 3 | 148/20-21 | LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (തുക ചെലവ് ചെയ്തത്: സെക്രട്ടറി) | 1,50,00.000 | 1,40,19,205/- (തനത് ഫണ്ട്) | 2403018/3.2.2021 (തനത് ഫണ്ട്) | ചെലവു ചെയ്ത തുക സാംഖ്യ ചെലവ് പത്രികയിൽ ഇല്ല. |
| 4 | 1)പ്രോജക്ട് ഇല്ല, 2)DPC അംഗീകാരം നേടിയിട്ടില്ല | LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ/ Tube /Sodium Vapour Lamp മാറ്റി സ്ഥാപിക്കൽ (തുക ചെലവ് ചെയ്തത്: സെക്രട്ടറി) | 1,50,00,000 | 1,44,32,656/- (തനത് ഫണ്ട്) | 2403019/3.2.2021 (തനത് ഫണ്ട്) | 1)പ്രോജക്ട് തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ല 2)ചെലവു ചെയ്ത തുക സാംഖ്യ ചെലവ് പത്രികയിൽ ഇല്ല. |
| | | | | 2020-21 വർഷത്തെ തനത് ഫണ്ട് ചെലവ് തുക ആകെ: 2,84,51,861/- | | |
| | | | ആകെ | 5,68,22,418/- | | |

ഇതു കൂടാതെ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി 2020-21 വർഷം തനത് ഫണ്ടിൽ നിന്നും വേറെയും തുക ചെലവു ചെയ്തിട്ടുണ്ട്. നഗരസഭയും യുണൈറ്റഡ് ഇൻഡസ്ട്രീസുമായി ഏർപ്പെട്ട കരാറിലെ നിബന്ധന പ്രകാരം 90% തുക സാധനം സപ്ലെ ചെയ്യുമ്പോഴും ബാക്കി തുക ഇൻസ്റ്റലേഷന് ശേഷവുമാണ് നൽകേണ്ടത്. ഓരോ വാർഡിലേയും എത്ര ലൈറ്റുകൾ ഏതെല്ലാം പോസ്റ്റുകളിൽ ഏത് തീയതിയിൽ മാറ്റിയാണ് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് പുതിയ ലൈറ്റ് സ്ഥാപിച്ചതെന്നതിനെ സാധൂകരിക്കുന്നതിനായി വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രവും കെ.എസ്.ഇ.ബി.യുടെ സാക്ഷ്യപത്രവും പരിശോധിച്ച് ഉറപ്പ് വരുത്താതെയാണ് മുഴുവൻ തുകയും നൽകിയത്. മേൽ സൂചിപ്പിച്ചിട്ടുള്ള ചെലവുകളുടെ കൃത്യതയ്ക്കായി ചുവടെ ചേർക്കുന്ന പരാമർശങ്ങൾ വിശദീകരിക്കപ്പെട്ടിട്ടില്ല.

1) KSEB യുമായി സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തിയ റിപ്പോർട്ട് ലഭ്യമാക്കിയില്ല.

2) ക്രമ നം 3,4 പ്രകാരം പ്രോജക്ട് തയ്യാറാക്കി അംഗീകാരം നേടാതെ, സാംഖ്യ ചെലവ് പത്രികയിൽ ഉൾപ്പടുത്താതെ ചെലവ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) 2020-21 വർഷത്തെ സ്പിൽ ഓവർ പ്രോജക്ടുകൾക്കായി 3,14,59,469/- രൂ. നഗരസഭ തനത് ഫണ്ടിൽനിന്നും അനുവദിക്കുന്നതിനും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തിരികെ ഈടാക്കുന്നതിനുമാണ് അനുമതി ലഭിച്ചിട്ടുള്ളത്. നഗരസഭ തനത് ഫണ്ടിൽനിന്നും തൻവർഷം ചെലവു രേഖയിൽ ഉൾപ്പെടുത്താതെ ചെലവുചെയ്ത തുക 2,84,51,861/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2,83,70,557/- രൂപ 2020-21 വർഷം ഈയിനത്തിൽ ലഭിച്ചതിനാൽ തനത് ഫണ്ടിലേയ്ക്ക് (റിക്രൂപ്പ്) തിരികെ ഇടേണ്ടതായിരുന്നു. എന്നാൽ നഗരസഭ തനത് ഫണ്ടിൽനിന്നും കൂടാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചും ചെലവ് ചെയ്യുകയാണ് ഉണ്ടായത്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് തനത് ഫണ്ടിലേയ്ക്ക് റിക്രൂപ്പ് ചെയ്തിട്ടില്ല. അപ്രകാരം 5,68,22,418/-രൂപ ആകെ ചെലവ് ചെയ്തു. ആയതിനാൽ 2,83,70,557/-രൂപയുടെ അധിക ചെലവ് നടന്നിട്ടുള്ളതായി കാണുന്നുണ്ട്.

4)മുൻവർഷം ഗാൽവനൈസ്ഡ് പോളുകളിൽ LED ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി 1,50,00,000 രൂപ PWD Electrical Section, തൃശ്ശൂരിന് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ചെയ്തതിന്റെ വിശദാംശം/ എസ്റ്റിമേറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയില്ല. രണ്ട് എജൻസികൾക്ക് ഒരേ പ്രവൃത്തിയ്ക്ക് തന്നെ തുക നല്കിയിയതിനാൽ ഇരട്ടിപ്പ് വന്നിട്ടുണ്ടോ എന്ന് വ്യക്തമല്ല. കൂടാതെ LED ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി മുൻവർഷം (തൻവർഷം സ്പിൽ ഓവർ ആയ പ്രോജക്ട്) എത്ര തുക ചെലവു ചെയ്തു എന്ന വിശദാംശവും ഹാജരാക്കിയില്ല.

5)കെ.എസ്.ഇ.ബിയിൽ നിന്നുള്ള ഇൻസ്റ്റലേഷൻ, സൂപ്പർവിഷൻ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

6) M/s United Electrical Industries Ltd. തുകകൾ കൈപ്പറ്റിയതിന്റെ രസീത് ഹാജരാക്കിയില്ല.

7) ഈ പ്രോജക്ടിനായി മറ്റ് ഫണ്ടുകൾ, MP / MLA ഫണ്ട് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

8) തെരുവ് വിളക്കുകൾ ലഭ്യമായത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. കൂടാതെ വിതരണം ചെയ്തത്/സ്ഥാപിച്ചത് സംബന്ധിച്ച വിവരങ്ങളും ഹാജരാക്കിയില്ല. പ്രൊജക്ട് മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയില്ല. കൂടാതെ KSEB, PWD തുടങ്ങിയ വകുപ്പുകളിൽ നിന്നുള്ള എതിർപ്പു കാരണം വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായ സ്ഥലങ്ങളിലാണ് ലൈറ്റുകൾ സ്ഥാപിച്ചത്. ഇത് ശരിയായ നടപടിയല്ല. കൂടാതെ പൊതുസ്ഥലമല്ലാത്ത പാട്ടുപുരയ്ക്കൽ ക്ഷേത്രാങ്കണത്തിലും ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ തുക ക്ഷേത്രാധികാരികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

9) മേൽ സൂചിപ്പിച്ച, ക്രമ നം 1,2,3പ്രകാരം LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാനായി പ്രോജക്ടുകൾ തയ്യാറാക്കി തുക വകയിരുത്തിയിട്ടും ക്രമ നം 4 പ്രകാരം LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ/Tube /Sodium Vapour Lamp മാറ്റി സ്ഥാപിക്കൽ എന്ന ഇനത്തിൽ വീണ്ടും ഡി പി സി അംഗീകാരമില്ലാതെ, ക്രമ നം 4പ്രകാരം നഗരസഭ കണക്കിൽ ഉൾപ്പെടുത്താതെ സെക്രട്ടറി തുക ചെലവ് ചെയ്തത് എന്തിനെന്ന് വ്യക്തമല്ല. Sodium Vapour Lamp മാറ്റി സ്ഥാപിക്കാനായി ഇത്രയും എണ്ണം Sodium Vapour Lamp കൾ ഉണ്ടെന്നുള്ള രജിസ്റ്റർ,രേഖകൾ എന്നിവ നിലവിലില്ല. കൂടാതെ ഒരു ചെക് മുഖേന തുക 1,44,32,656/-രൂപ പിൻവലിച്ചിട്ടും വിവിധ ഇൻവോയിസ് ബില്ലുകളും എഗ്രിമെന്റുകളുമാണ് ഫയലിൽ ഉള്ളത്. ഈ

ചെലവിന്റെ ആധികാരികത കൂടുതൽ അന്വേഷണം നടത്തി ഓഡിറ്റിൽ വ്യക്തമാക്കുന്നതിന് വിധേയമായി 1,44,32,656/-രൂപ ഓഡിറ്റിൽ നിരാകരിച്ച് വിശദാംശം ഈ റിപ്പോർട്ട് ഖണ്ഡിക 3-6 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻസിപ്പൽ എൻജിനിയറും നഗരസഭ സെക്രട്ടറിയും തുല്യമായ ഉത്തരവാദിത്വത്തിൽ ഈ തുക തിരികെ ഈടാക്കേണ്ടതാണ്.

തെരുവ് വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച് കൃത്യമായ രേഖകൾ ഇല്ലാതെയും വാർഷിക കണക്കിൽ ഉൾപ്പെടുത്താതെയും അധികം ചെലവു ചെയ്ത 2,83,70,557/-രൂപയിൽ ഓഡിറ്റിൽ നിരാകരിച്ച 1,44,32,656/-രൂപ കഴിച്ച് ബാക്കി തുക 1,39,37,901/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു(അധികം തുക ചെലവു ചെയ്തതിന് മുൻസിപ്പൽ എൻജിനിയർക്കും, നഗരസഭ സെക്രട്ടറിയ്ക്കും, നഗരസഭ കൗൺസിലിനും തുല്യമായ ഉത്തരവാദിത്വമുണ്ട്). ഇതു സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തി വ്യക്തത വരുത്തുന്നതിനായി ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു(വിശദീകരണം ആവശ്യപ്പെട്ട് 04.08.2022 ൽ നൽകിയ 78ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല).

## 1-46 വൃക്ക രോഗികൾക്ക് ഡയാലിസിസ് -സർക്കാർ അനുമതി ഹാജരാക്കേണ്ടതാണ്

| | |
|---|---|
| ഫയൽ നമ്പർ | H2-6519/20 – വൃക്ക രോഗികൾക്ക് ഡയാലിസിസ് |
| ചെലവ് വിവരം | 52038/-(തനത് ഫണ്ട് ) ചെക്ക് നമ്പർ 403023/തീയതി-04.02.21 |

നഗരസഭയിലെ സ്ഥിര താമസക്കാരായ വൃക്ക രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചെയ്ത് നൽകുന്നതിന് സൺറൈസ് ആശുപത്രിയുമായി സഹകരിച്ച് നടപ്പാക്കിയ ഈ പദ്ധതി പ്രകാരം ഒരു ഡയാലിസിസിന് 52038/-രൂപ ധനസഹായമായി നൽകി ചെലവഴിച്ചിട്ടുണ്ട്. 14.02.18 ലെ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) 22/2018 ത.സ്വ.ഭ.വ പ്രകാരം ചികിത്സാധനസഹായം നൽകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമാണ്. എന്നാൽ ഈ പദ്ധതിയ്ക്ക് സർക്കാരിന്റെ അനുമതി ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല (എൻക്വയറി-62/01.08.22). മുൻകൂർ അനുമതി ഇല്ലാതെ നടപ്പാക്കിയ മേൽ ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണെന്നറിയിക്കുന്നു. സാധൂകരണം ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 52038/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-47 ഭവന പുനരുദ്ധാരണം- നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നഗരസഭയിൽ ഭവന പുരുദ്ധാരണത്തിനായി വിവിധ ഗുണഭോക്താക്കൾക്ക് ആദ്യഗഡുവായി 20000/-രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിനു ശേഷം നിർമ്മാണം ആരംഭിക്കുകയോ ആരംഭിച്ച് പ്രവൃത്തി പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | പേര് | കൈപ്പറ്റിയ തുക ,തീയതി/ അവസാനം കൈപ്പറ്റിയ തീയതി |
|---|---|---|
| 1 | സുകുമാരൻ,പുളിമൂട്ടത്തിൽപ്പറമ്പ്,തൃക്കാക്കര | 20000/-, 15.06.19 |
| 2 | ജബ്ബാർ.എം.എ,മാനാത്ത്,കുറ്റിക്കാട്, താണപാടം,തൃക്കാക്കര | 20000/-, 06.07.19 |
| 3 | ജോൺ എം ജെ,മാടവന, യുണൈറ്റി നഗർ,തൃക്കാക്കര | 20000/-, 16.11.19 |
| 4 | അബ്ദുൾ അസീസ്,കാഞ്ഞിരത്തിങ്കൽ,പടമുകൾ,കാക്കനാട് | 20000/-, 10.12.19 |
| 5 | ഷിബു പി ടി,പള്ളിപ്പാടൻ,സഹകരണ റോഡ്,ഇടപ്പിള്ളി | 20000/-, 03.07.19 |
| 6 | മുഹമ്മദ് എം എച്ച്,മുല്ലപ്പറമ്പ്,തൃക്കാക്കര നോർത്ത് | 20000/-, 10.12.19 |
| 7 | സാൽബി ജോസ്,തോപ്പിൽ,വൈലോപ്പിള്ളി റോഡ്,ഇടപ്പിള്ളി | 20000/-, 29.04.19 |
| 8 | ജമാൽ പി കെ,പുതിങ്ങൽപ്പറമ്പ്,വാഴക്കാല,കാക്കനാട് | 20000/-, 15.11.19 |
| 9 | രവീന്ദ്രൻ കെ ടി,പുതിയാലിൽ,കുസുമഗിരി,കാക്കനാട് | 20000/-, 07.03.20 |
| 10 | ലൈനി ജോർജ്ജ്,കാക്കനാട് | 20000/-, 07.08.19 |
| 11 | മാർട്ടിൻ,കൊല്ലപ്പിള്ളി,ഉരുത്തേപ്പറമ്പ് റോഡ്,തൃക്കാക്കര | 20000/-, 24.03.19 |
| 12 | ഷീല,മണശാല,കുസുമഗിരി,കാക്കനാട് | 20000/-, 03.02.20 |
| ആകെ | | 2,40,000 |

വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് (നം-18/27.07.22) മറുപടി ലഭ്യമാക്കിയില്ല. മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിക്കാത്തതിന്റെ/പൂർത്തീകരിക്കാത്തതിന്റെ കാരണം പരിശോധിച്ച് ആവശ്യമായ തുടർനടപടി കൈക്കൊള്ളേണ്ടതും പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധ്യതയില്ലായെന്നുറപ്പാകുന്നെങ്കിൽ തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 1-48 സെക്രട്ടറിയുടെ ശമ്പളം സർക്കാരിലേയ്ക്ക് ഒടുക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3),കേരള സർവ്വീസ് റൂൾസ് പാർട്ട് 1 റൂൾ 146 എന്നിവ പ്രകാരം നഗരസഭ സെക്രട്ടറി ഒരു സർക്കാർ ഉദ്യോഗസ്ഥനെന്നനിലയിൽ ശമ്പളവും അലവൻസുകളും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് പിൻവലിക്കേണ്ടതും ടിയാന്റെ സേവനം നഗരസഭയ്ക്കായി വിട്ടുനൽകിയിട്ടുള്ളതിനാൽ പ്രസ്തുത തുകകളും പെൻഷൻ അംശദാനവും മുനിസിപ്പാലിറ്റി തനതുഫണ്ടിൽ നിന്ന് മാസം തോറും തിരികെ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതുമാണ്. സെക്രട്ടറിയുടെ ശമ്പളവും, അലവൻസുകളും, പെൻഷൻ അംശദാനവും ഏത് കാലയളവ് വരെ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേയ്ക്ക് അടവാക്കിയിട്ടുണ്ടെന്നുള്ളതിന്റെ വിവരവും, അടവാക്കിയതിന്റെ വിശദാംശങ്ങളും, ഇനി സഞ്ചിത നിധിയിലേയ്ക്ക് ഒടുക്കാൻ ബാക്കിയുള്ള ശമ്പളത്തിന്റെയും അലവൻസുകളുടെയും

വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയില്ല (എൻക്വയറി-4/22.07.22) എൻക്വയറി മുഖേന ആവശ്യപ്പെട്ട വിശദാംശങ്ങൾ പരിശോധനയ്ക്ക് നൽകേണ്ടതാണ്.

## 1-49 ക്വാർട്ടേഴ്സ് ഉപയോഗം-ശമ്പളത്തിൽ നിന്നും വാടക കുറവുചെയ്യുന്നതിന്റെ രേഖകൾ ഹാജരാക്കിയില്ല

നഗരസഭാ മുൻ സെക്രട്ടറിയായിരുന്ന ശ്രീ.പി.എസ്.ഷിബുവിന് താമസിക്കുന്നതിനായി തൃക്കാക്കര നഗരസഭയിലെ ശ്രീ രാജേഷ് എസ്,നന്ദനം,ദേശീയമുക്ക്,തൃക്കാക്കര എന്നയാളുടെ വീട് 21.03.2016 മുതൽ വാടകയ്ക്ക് എടുക്കുകയും മുൻസിപ്പൽ ഫണ്ടിൽ നിന്നും വാടക ഇനത്തിൽ ജി.എസ്.റ്റി ഉൾപ്പെടെ 143000/-രൂപ തൻവർഷം ചെലവഴിച്ചിട്ടുമുണ്ട്.
ക്വാർട്ടേഴ്സ് സൗകര്യം പ്രയോജനപ്പെടുത്തുന്ന ജീവനക്കാർ 35700-75600 ശമ്പള സ്കെയിലിനും അതിനു മുകളിലും വരുന്നവരാണെങ്കിൽ G.O.(P) 7/2016/Fin Dtd.20.1.16 ഖണ്ഡിക 14 പ്രകാരം H.R.A. യ്ക്കു പുറമെ അടിസ്ഥാന ശമ്പളത്തിന്റെ 2% നിരക്കിൽ വാടക കൂടി ടി ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പ്രതിമാസം കുറവു ചെയ്യേണ്ടതാണ്. സെക്രട്ടറിയുടെ ശമ്പളത്തിൽ നിന്നും ഇത്തരത്തിൽ തുക ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-1/22.07.22 ) മറുപടി നൽകിയില്ല. വാടക ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 143000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-50 അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് - തുക തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

കേന്ദ്രസർക്കാറിന്റെ അപ്രന്റീസ് പ്രമോഷൻ സ്കീം രാജ്യത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി അപ്രന്റീസ് ട്രെയിനിംഗ് കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എല്ലാ അപ്രന്റീസ് ട്രെയിനികൾക്കും അനുവദിക്കുന്ന (2016 ഒക്ടോബർ മുതൽ) സ്റ്റൈപന്റിന്റെ 25% പരമാവധി ₹1500/- സ്റ്റൈപന്റ് നൽകുന്ന സ്ഥാപനത്തിന് കേന്ദ്രസർക്കാർ നൽകുമെന്ന് വ്യവസായ പരിശീലന വകുപ്പിന്റെ 26.09.2016 ലെ എഫ്-1/21777/ 2016 നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം നഗരസഭയിൽ ICWAI തസ്തികയിൽ അപ്രന്റീസ് ട്രെയിനിയായി നിയമിച്ച 4 പേർക്ക് പ്രതിമാസം ₹7000/-വീതം അനുവദിച്ചിട്ടുണ്ട്. ഇതിന്റെ 25 % അല്ലെങ്കിൽ പരമാവധി ₹1500/- രൂപ വീതം പ്രതിമാസം നഗരസഭയ്ക്ക് തിരികെ ലഭിക്കേണ്ടതാണ്. അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് നൽകിയ ഇനത്തിൽ 2020-21 സാമ്പത്തിക വർഷം നഗരസഭ ആകെ ചെലവഴിച്ചത് 483000/-രൂപയാണ്. നഗരസഭക്ക് കേന്ദ്രസർക്കാരിൽ നിന്നും തിരികെ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.03/22.07.22)മറുപടി ലഭിച്ചില്ല. ആകെ ചെലവഴിച്ച 483000/-രൂപയുടെ 25% പരമാവധി പ്രതിമാസം ₹1500/-വീതം സ്റ്റൈപന്റ് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-51 കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കി

11-ാം വാർഡിലെ എം.ഒ.പി റോഡ് ടൈൽ വിരിയ്ക്കൽ പ്രവൃത്തിയുടെ നിർവ്വഹണത്തിനായി കരാർ ക്ഷണിച്ചതിൽ മൂന്ന് കരാറുകാർ പങ്കെടുക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഷാബിൻ ഇബ്രാഹിം എ.ഇ എന്ന കരാറുകാരന് പ്രവൃത്തി നിർവ്വഹിക്കുന്നതിനായി അനുമതി നൽകുകയും ചെയ്തു. ഷാബിൻ എന്ന കരാറുകാരൻ പ്രവൃത്തിയിലെ ഒരിനം ഒഴിവാക്കിയതിനാലാണ് കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഷെഫിൻ എന്ന കരാറുകാരനെ പരിഗണിക്കാതിരുന്നത്. ഇപ്രകാരം പരിഗണിക്കാതിരുന്നത് കാരണം ഷാബിൻ എന്ന കരാറുകാരന് അധിക തുക നൽകാനിടയായിട്ടുണ്ട്. വിശദ വിവരം ഭാഗം 3 ൽ ചേർത്തിട്ടുണ്ട്.

## 1-52 റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ് സ്ഥാപിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്

| | |
|---|---|
| ഫയൽ നമ്പർ | E1-1836/19 |
| ചെക്ക് നമ്പർ/തീയതി | 361585/17.07.20 |
| തുക | 2400000 |

നഗരസഭയ്ക്ക് വിട്ടുകിട്ടിയ സ്ഥാപനങ്ങളിൽ വെള്ളം ശുചീകരിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്, കളമശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ് യൂണിറ്റ് വാങ്ങിയിട്ടുണ്ട്. പടമുഗൾ യു.പി സ്കൂൾ, എം.എ.എ.എം എൽ.പി സ്കൂൾ, തെങ്ങോട് ജി.എച്ച്.എസ്, ഗവ.ഹോമിയോ ഡിസ്പെൻസറി എന്നിവിടങ്ങളിലാണ് റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി ലക്ഷ്യമിട്ടിരുന്നത്. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ പ്ലാന്റ് യൂണിറ്റ് വാങ്ങിയതിന്റെ കാരണം വിശദീകരിക്കുവാനും പ്ലാന്റ് നിലവിൽ പ്രവർത്തനക്ഷമമാണെങ്കിൽ ആ വിവരവും അറിയിക്കുവാനും ആവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-41/31.07.22) മറുപടി നൽകിയില്ല. പരാമർശത്തിന് മറുപടി നൽകേണ്ടതും യൂണിറ്റുകൾ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനക്ഷമമായതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-53 മരങ്ങൾ ലേലം ചെയ്തിട്ടില്ല

തൃക്കാക്കര നഗരസഭയുടെ വിവിധ വാർഡുകളിൽ (കാക്കനാട്,വാഴക്കാല വില്ലേജുകളിൽ) നിന്നിരുന്ന മരങ്ങൾ വെട്ടി മാറ്റുന്നതിന് ചെക്ക് നമ്പർ 361364 തീയതി 12.05.20 പ്രകാരം തനത് ഫണ്ടിൽ നിന്നും ആദ്യ തവണ 1,35,000/-രൂപയും, ചെക്ക് നമ്പർ 360963 തീയതി 11.11.20 പ്രകാരം രണ്ടാം തവണ 1,47,000/-രൂപയും മീതിയൻകുഞ്ഞ്.ടി.യു എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. എറണാകുളം ജില്ലാ റേഞ്ച് സോഷ്യൽ ഫോറസ്റ്റി ഓഫീസറുടെ 15.05.2020 ലെ എസ്.എഫ്.ആർ-14/2020 നമ്പർ കത്ത് പ്രകാരം, മുറിച്ച് കഷണങ്ങളായി ഡമ്പിംഗ് യാർഡിൽ സൂക്ഷിച്ചിരുന്ന മരങ്ങളുടെ മൂല്യനിർണ്ണയം നടത്തി നൽകിയിട്ടുണ്ട്. ആയതു പ്രകാരം ക്യൂബിക് മീറ്ററിന് ആകെ 1,82,572/-രൂപ മൂല്യം കണക്കാക്കിയിട്ടുണ്ട്. തടിയും വിറകും 26.05.2020 ലേലം നടത്തിയതിൽ, വനം വകുപ്പ് നിശ്ചയിച്ച് നൽകിയ വിലയിൽ ലേലത്തിൽ പങ്കെടുക്കാൻ ആരും തയ്യാറായില്ല. തുടർന്ന് 15.06.2020 ൽ പുനർ ലേലം നടത്തിയെങ്കിലും വില കൂടുതലാണെന്ന കാരണത്താൽ ലേലത്തിൽ നിന്നും എല്ലാവരും പിൻമാറുകയാണ് ചെയ്തത്. മരത്തിന്റെ വില പുനർ നിർണ്ണയം നടത്തി ലഭിക്കുന്നതിന് 15.06.2020 ശേഷം നഗരസഭ വനം വകുപ്പിന് കത്ത് നൽകിയെങ്കിലും മൂല്യനിർണ്ണയം നടത്തി ലഭിച്ചില്ല. പകരം നഗരസഭാ സെക്രട്ടറിയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊണ്ട് മരത്തിന്റെ ലേല നടപടികൾ തുടരാവുന്നതാണെന്ന് വ്യക്തമാക്കുകയുണ്ടായി. നിലവിൽ ഈ മരങ്ങൾ ലേലം ചെയ്ത് നൽകിയിട്ടുണ്ടോയെന്നുള്ള വിവരം ലഭ്യമാക്കിയില്ല (എൻക്വയറി-28/30.07.22). വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-54 സർക്കാർ മാർഗ നിർദ്ദേശത്തിന് വിരുദ്ധമായി വാഹനം വാങ്ങി

| | |
|---|---|
| ഫയൽ നമ്പർ | E4/23786/2018 |
| വൗച്ചർ നം/തീയതി | 56/09-20,57/09-20,14.09.2020 |
| ചെക്ക് നമ്പർ,നൽകിയ തുക | 1)361744/14.09.2020,740594/-<br>2)361745/14.09.2020,1050439/-<br>ആകെ-17,91,033/- |

നഗരസഭയിൽ രണ്ട് ജീപ്പുകൾ സപ്ലൈ ചെയ്യതിലേയ്ക്ക് മഹീന്ദ്ര& മഹീന്ദ്ര പ്രൈവറ്റ് ലിമിറ്റഡ് ഇടപ്പിള്ളി എന്ന സ്ഥാപനത്തിന് അനുവദിച്ച തുകയാണിത്. മഹീന്ദ്ര& മഹീന്ദ്ര പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം സമർപ്പിച്ച 00839/27.03.2019ലെ ഇൻവോയ്സ് പ്രകാരമാണ് 1791033/-രൂപ നൽകിയിട്ടുള്ളത്. ഈ വാങ്ങൽ നടപടിയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) 31.03.2006 ലെ സർക്കാർ ഉത്തരവ് (എം.എസ്) 86/06 നമ്പർ ഉത്തരവ് പ്രകാരം വാഹനങ്ങൾ വാങ്ങുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരമല്ലാതെ മറ്റേതൊരാവശ്യത്തിനാണെങ്കിലും അനുമതി തേടേണ്ടതാണ്. സബ്സിഡി മാർഗരേഖ 22/18 ഖണ്ഡിക 8.11ലും ആയത് നിഷ്കർഷിച്ചിട്ടുണ്ട്.

2) ടെണ്ടർ നടപടികൾ സ്വീകരിച്ച് വാങ്ങൽ നടത്തിയതിന്റെ വിവരം ഹാജരാക്കിയില്ല.
2) മഹീന്ദ്ര& മഹീന്ദ്ര പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി നഗരസഭ കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കിയില്ല.
3)സ്റ്റോർ പർച്ചേസ് വകുപ്പിന്റെ ജി.ഒ(ആർ.ടി)നം.67/2017/എസ്.പി.ഡി/തീയതി.25.11.2017 ലെ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വാഹനങ്ങൾ വാങ്ങുന്നത് GeM മുഖേനയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ GeM മുഖേനയല്ല ജീപ്പുകൾ വാങ്ങിയിട്ടുള്ളത്.
4) രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് വാഹനം ഉപയോഗക്ഷമമാണോയെന്ന കാര്യവും അറിയിക്കേണ്ടതാണ്.
മേൽ അപാകതകൾ വിശദീകരിക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല(ഓഡിറ്റ് എൻക്വയറി നം.21/28.07.22). അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-55 ക്ലീനിംഗ് പ്രവൃത്തി-ചെലവ് രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| ഫയൽ നമ്പർ | H1-6289/20 |
| ചെലവ് തുക, ചെക്ക് നമ്പർ,തീയതി | 1)1,32,000/-,40307/12.02.21<br>2)59,400/-403077/12.02.21 |

തൃക്കാക്കര നഗരസഭയിലെ വിവിധ വാർഡുകളിൽ ക്ലീനിംഗ് നടത്തുന്നതിനായി ആദ്യ ചെക്ക് പ്രകാരം ഈസ്റ്റ് സി.ഡി.എസ് ചെയർപേഴ്സണിന് 1,32,000/-രൂപയും, രണ്ടാം ചെക്ക് പ്രകാരം വെസ്റ്റ് സി.ഡി .എസ് ചെയർപേഴ്സണിന് 59,400/-രൂപയും നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച യാതൊരുവിധ ചെലവു രേഖകളും ഹാജരാക്കിയിട്ടില്ല(എൻക്വയറി-81/04.08.22). രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുകയായ 1,91,400/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-56 വാഹനങ്ങളുടെ ഇൻഷൂറൻസ് കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന നടത്തിയിട്ടില്ല

18.04.2000 ലെ ജി.ഒ.(പി) നം.819/2000/ഫിൻ ഉത്തരവ് പ്രകാരം സർക്കാർ വാഹനങ്ങളുടെ എല്ലാ ഇൻഷൂറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുഴുവൻ വാഹനങ്ങളുടേയും (17 എണ്ണം) ഇൻഷൂറൻസ് യുണൈറ്റഡ് ഇന്ത്യാ ഇൻഷൂറൻസ് കമ്പനി മുഖേനയാണ് എടുത്തിരിക്കുന്നത്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി സ്വകാര്യ കമ്പനി മുഖേന വാഹനങ്ങളുടെ ഇൻഷൂറൻസ് എടുത്തതിന്റെ കാരണം വിശദീകരിച്ചില്ല (എൻക്വയറി.നം-42/31.07.22).പരാമർശത്തിന് മറുപടി നൽകേണ്ടതാണ്.

## 1-57 ഡി.പി.സി അംഗീകാരമില്ലാതെ പ്രോജക്ടുകൾ നടപ്പിലാക്കുന്നു

2020-21 സാമ്പത്തിക വർഷം സ്പിൽ ഓവറായി തുടർന്ന് വരുന്നതും തനത് ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയതുമായ പ്രവൃത്തികൾക്ക് ഡി.പി.സി യുടെ അംഗീകാരം ലഭ്യമായിട്ടില്ല എന്ന് പരിശോധനയിൽ വ്യക്തമാവുകയുണ്ടായി. തനതു ഫണ്ടിൽ നിന്ന് വൻ തുക ചെലവഴിച്ച് നടപ്പിലാക്കുന്ന ഇത്തരം പ്രവൃത്തികൾ കൗൺസിൽ തീരുമാനത്തിന്റെ മാത്രം അടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്. 2012 ലെ കേരളാ പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 1402 പ്രകാരം ഡിസൈനും എസ്റ്റിമേറ്റും അന്തിമമാക്കുന്നതിന് മുൻപ് പ്രവൃത്തി ഉചിതമായ വിധത്തിൽ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും പ്രസക്തമായ വിവരശേഖരണങ്ങൾ നടത്തുകയും വിവരങ്ങൾ പരസ്പരം ബന്ധപ്പെടുത്തുകയും ചെയ്യുക എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ആസൂത്രണം ചെയ്ത ഘട്ടത്തിൽത്തന്നെ പദ്ധതി സൂക്ഷ്മപരിശോധന നടത്തിയതിന്റെയോ പ്രസക്തമായ വിവരശേഖരണങ്ങൾ നടത്തി പ്രവൃത്തി വിശകലനം ചെയ്തതിന്റെയോ വിശദാംശങ്ങളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല. കൂടാതെ പൊതു ആവശ്യ ഗ്രാന്റിൽ നിന്നും പൊതു മരാമത്ത് പ്രവൃത്തികൾക്കായി ഒരു കോടിയോളം രൂപ അംഗീകാരമില്ലാതെ ചെലവഴിച്ചിട്ടുണ്ട്. കൂടുതൽ തുക ചെലവു ചെയ്ത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നമ്പർ | പ്രവൃത്തി | തുക | ചെക്ക് നം,തീയതി |
|---|---|---|---|---|
| 1 | E1-21160/18 | പി എച്ച് സി നിർമ്മാണം | 58,49,758 | 5916152/06.01.21 |

| | | | | |
|---|---|---|---|---|
| 2 | E1-22649/18 | എം.എ.എം എൽ .പി.എസ് ജൂബിലി കെട്ടിട നിർമ്മാണം | 1)47,62,780 2)17,83,072 | 1)5916153/06.01.21 2)00005/24.08.2020 |
| 3 | E1-18849/20 | Community Hall-Smart City | 12,96,552 | 402899/21.12.2020 |
| 4 | E1-16742/18 | Tile Work -Bus Stand | 12,28,082 | 402944/7.01.2021 |
| 5 | E1-12438/20 | Tile Work ,Mauria Villa(Near) | 11,49,776 | 402977/18.1.2021 |
| 6 | E1-7078/20 E1-736/19 | Shopping Coplex നിർമ്മാണം | 11,20,643 14,00,794 | 403001/28.01.2021 " |
| 7 | E1-21736/17 | കൊല്ലംകുടി മുഗൾ BMBC Tarring | 53,26,889 | 361427/02.06.2020 |
| 8 | E1-6679/19 | Gas Crematorium | 23,20,732 | 361482/18.06.2020 |
| 9 | E1-1836/19 | R O Plant നിർമ്മാണം | 24,00,000 | 361585/17.07.2020 |

ഡി.പി.സി അംഗീകാരമില്ലാതെ പദ്ധതികൾ നടപ്പാക്കിയതിന് വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് മറുപടി(നം-76/03.08.22)ലഭ്യമാക്കിയില്ല. വിഷയം ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധയിൽപെടുത്തുന്നു.

## 1-58 ലൈബ്രറി സെസ്സിനത്തിൽ അടവാക്കുവാൻ കുടിശ്ശിക-13 ലക്ഷം

നഗരസഭ ലൈബ്രറി സെസ്സിനത്തിൽ പിരിച്ചെടുത്ത തുകയുടെ ഒടുക്ക് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ 31.03.2021 വരെ കുടിശ്ശികയിനത്തിൽ 13,37,019/- രൂപ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ഒടുക്കുവാനുണ്ട്. ഇതിൽ 2020-21 സാമ്പത്തിക വർഷം ഒരു തവണ 40,55,058/- രൂപ ഒടുക്കുവരുത്തിയിട്ടുണ്ട് (ചെക്ക് നം. 361778/29.09.20). ലൈബ്രറി സെസ്സിനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ട് ഗഡുക്കളായി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ഒടുക്കു വരുത്തണമെന്നും അല്ലാത്ത പക്ഷം കുടിശ്ശിക വരുത്തുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരിൽ നിന്നും സെക്രട്ടറിമാരിൽ നിന്നും പ്രതിമാസം 2% പലിശ ഈടാക്കണമെന്നും കേരള പബ്ലിക് ലൈബ്രറീസ് ആക്ടിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കുടിശ്ശികയിനത്തിൽ ഇനിയും ഒടുക്കുവാനുള്ള തുക 13,37,019/- രൂപ അടയ്ക്കാതിരുന്നതിന് കാരണം വ്യക്തമാക്കിയില്ല (എൻക്വയറി-73/02.08.22). സെസിനത്തിൽ കുടിശ്ശികയായുള്ള തുക അടവാക്കി ബാധ്യതയിൽ നിന്ന് ഒഴിവാകേണ്ടതാണ്.

## 1-59 വാഹന ഉപയോഗവും-പരിപാലനവും അപാകതകൾ

2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളും, സർക്കാർ ഉത്തരവുകളും അടിസ്ഥാനമാക്കി തൃക്കാക്കര നഗരസഭയിലെ വാഹന ഉപയോഗം സംബന്ധിച്ച് പരിശോധന നടത്തുകയുണ്ടായി. 2020-21 വർഷം നഗരസഭയുടെ ഉടമസ്ഥതയിൽ 17 വാഹനങ്ങളാണ് ഉണ്ടായിരുന്നത്. തൻവർഷം ഉപയോഗത്തിലുണ്ടായിരുന്ന വാഹനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വാഹനം | ഉപയോഗം |
|---|---|---|
| 1 | ബൊലോറോ ജീപ്പ്(2 എണ്ണം) | ഓഫീസ് ആവശ്യങ്ങൾക്ക് |
| 2 | സ്കോർപ്പിയോ | ഓഫീസ് ആവശ്യങ്ങൾക്ക് |

| | | |
|---|---|---|
| 3 | ടിപ്പർ ലോറി(2 എണ്ണം) | മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് |
| 4 | ഇന്നോവ(2 എണ്ണം) | ചെയർപേഴ്സൺ |
| 5 | ആംബുലൻസ്(2 എണ്ണം) | ഹെൽത്ത് |
| 6 | പിക്കപ്പ് കാർ | ഹെൽത്ത് |
| 7 | ഓട്ടോറിക്ഷകൾ(7എണ്ണം) | മാലിന്യ സംസ്കരണത്തിന് |

പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങളും അപാകതകളും താഴെ ചേർക്കുന്നു.

1. രജിസ്റ്ററുകൾ യഥാവിധി സൂക്ഷിച്ചിട്ടില്ല

2000ത്തിലെ കേരള മുനിസിപ്പലാറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലവും )ചട്ടങ്ങളിലെ ചട്ടം 4(1) അനുസരിച്ച് ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെ ചേർക്കും പ്രകാരമുള്ള രജിസ്റ്ററുകളും റെക്കോർഡുകളും സൂക്ഷിക്കേണ്ടതാണ്.

1) ലോഗ് ബുക്ക്
2)പെട്രോൾ,ഡീസൽ, ഓയിൽ മുതലായവക്കുള്ള ഓർഡർ ബുക്ക്
3) ഡി.സി.ബി.രജിസ്റ്റർ (വാടക ഈടാക്കുന്ന കേസുകളിൽ.)
4)റിപ്പയർ രജിസ്റ്റർ
5) സ്റ്റോക്ക് രജിസ്റ്റർ.

എന്നാൽ നഗരസഭയിൽ ലോഗ് ബുക്കും, റിപ്പയർ രജിസ്റ്ററും ഒഴികെ മറ്റൊരു രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

2. ലോഗ് ബുക്ക് യഥാ വിധി എഴുതി സൂക്ഷിച്ചിട്ടില്ല .

ഓഡിറ്റിന്റെ ഭാഗമായി നഗരസഭയിലെ വാഹനങ്ങളുടെ ലോഗ് ബുക്കുകൾ പരിശോധനവിധേയമാക്കുകയുണ്ടായി. ലോഗ് ബുക്ക് സൂക്ഷിക്കുന്നതിൽ കണ്ടെത്തിയ പ്രധാന അപാകതകൾ താഴെ ചേർക്കുന്നു.

1) 2000ത്തിലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം 7(2) അനുസരിച്ച് കസ്റ്റോഡിയൻ ഓഫീസർ ഇടക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോധ്യപ്പെടേണ്ടതും വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. തൃക്കാക്കര നഗരസഭയുടെ ഒരു വാഹനത്തിന്റെയും ലോഗ് ബുക്കിൽ ഇപ്രകാരം പരിശോധന നടത്തി കസ്റ്റോഡിയൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. നഗരസഭയുടെ വാഹനങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിട്ടില്ല .

നഗരസഭയുടെ വാഹനങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കുന്നില്ല .

2000ത്തിലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും)ചട്ടങ്ങളിലെ ചട്ടം 4(2) അനുസരിച്ച് ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ ഓരോ വാഹനത്തിനും ചെലവായ തുകയെ സംബന്ധിച്ചും അതിൽ നിന്നും വാടക ഇനത്തിൽ ലഭിച്ച തുകയെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയ്ക്ക് നിർദ്ദിഷ്ട മാതൃകയിൽ ഒരു റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. എന്നാൽ തൃക്കാക്കര നഗരസഭയിൽ ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചതായി കാണുന്നില്ല.

5. പുക പരിശോധന നടത്തുന്നില്ല .

1989ലെ സെൻട്രൽ മോട്ടോർ വെഹിക്കിൾസ് ചട്ടങ്ങളിലെ ചട്ടം 115(7) അനുസരിച്ച് ഓരോ മോട്ടോർ വാഹനത്തിനും ആറു മാസത്തിലൊരിക്കൽ സംസ്ഥാന സർക്കാർ അധികാരപ്പെടുത്തിയ ഏജൻസിയിൽ നിന്ന് പൊലൂഷൻ അണ്ടർ കൺട്രോൾ സർട്ടിഫിക്കറ്റ് നേടിയിരിക്കേണ്ടതും പ്രസ്തുത സാക്ഷ്യ പത്രം വാഹനത്തിൽ സൂക്ഷിച്ചിരിക്കേണ്ടതും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. എന്നാൽ നഗരസഭയിലെ ഒരു വാഹനത്തിനും പുകപരിശോധന നടത്തിയതായി കാണുന്നില്ല.

6. മൈലേജ് ടെസ്റ്റ് ശരിയായ സമയത്ത് നടത്തുന്നില്ല

2000 ലെ കേരള മുനിസിപ്പാലിറ്റി(മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും)ചട്ടങ്ങളിലെ ചട്ടം 8(1) അനുസരിച്ച് ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെ കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഫയലിൽ മൈലേജ് ടെസ്റ്റ് നടത്തിയതായി പരാമർശിച്ചിട്ടുണ്ടെങ്കിലും സാക്ഷ്യ പത്രം ഫയലിലോ ലോഗ് ബുക്കിലോ ലഭ്യമായി കാണുന്നില്ല.

7.ഗ്യാരേജ് സൗകര്യം ഇല്ല .

ചട്ടം 8(4) അനുസരിച്ച് ഓരോ വാഹനവും മുനിസിപ്പാലിറ്റിയുടെ ഗ്യാരേജിൽ സൂക്ഷിക്കേണ്ടതും കസ്റ്റോഡിയൻ ഓഫീസർ അതിന്റെ സുരക്ഷിതത്ത്വം ഉറപ്പു വരുത്തേണ്ടതുമാണ്. നഗരസഭയിൽ വാഹനങ്ങൾ സൂക്ഷിക്കുന്നതിനായി ഗ്യാരേജ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. ഇപ്പോൾ സ്ഥല സൗകര്യം ലഭ്യമല്ലെന്നും പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ ഗ്യാരേജ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നുമാണ് നഗരസഭ മറുപടി നൽകിയത്.

8. ഇന്ധന ഉപയോഗത്തിന്റെ കൃത്യത പരിശോധിക്കുന്നില്ല .

ചട്ടം9 അനുസരിച്ച് കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ സാന്നിധ്യത്തിൽ ഇന്ധന ടാങ്കിൽ പൂർണ്ണമായും ഫുൾ ടാങ്കിൽ ഇന്ധനം നിറച്ചതിന് ശേഷം ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പു വരുത്തുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ വ്യവസ്ഥയും പാലിക്കപ്പെട്ടതായി കാണുന്നില്ല.

9)വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" എന്ന സൈറ്റിൽ ചേർത്തിട്ടില്ല

ധനകാര്യ വകുപ്പിന്റെ 22.10.2020-ലെ 59/2020/ധനം നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ. സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" എന്ന സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതായിരുന്നു. ഇപ്രകാരം നഗരസഭയുടെയും അനുബന്ധ സ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും

ഡ്രൈവർമാരുടെയും രേഖകൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല .
മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല (എൻക്വയറി-44/31.07.22, 72/02.08.22). അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതും പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

1-60 ഷീ ലോഡ്ജ്-കൗൺസിൽ തീരുമാനം നടപ്പായില്ല

തൃക്കാക്കര നഗരസഭ വെസ്റ്റ് സി.ഡി.എസ് ചെയർപേഴ്സന്റെ അപേക്ഷ പ്രകാരം എൻ.ജി.ഒ ക്വാർട്ടേഴ്സിന് സമീപമുള്ള നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിന്റെ മുകൾ നിലയിൽ ഷീ ലോഡ്ജ് തുടങ്ങുന്നതിനായി കൗൺസിൽ 17.03.2020 ലെ 5-ാം നമ്പരായി തീരുമാനമെടുത്തിരുന്നു. എന്നാൽ ഷീ ലോഡ്ജ് തുടങ്ങുന്നതിന്റെ യാതൊരു വിധ നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. വിഷയത്തിൽ നടപടികളെന്തെങ്കിലും കൈക്കൊണ്ടതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല (എൻക്വയറി-51/31.07.22) എറണാകുളം ജില്ലയിലെ തന്നെ ഏറ്റവും തിരക്കുള്ള ഒരു സ്ഥലമായി കാക്കനാട് വളർന്നു കൊണ്ടിരിക്കെ സ്ത്രീകൾക്ക് താമസിക്കാനുതകുന്ന രീതിയിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഉത്തരവാദിത്തമുണ്ട്. ആയതിനാൽ തീരുമാനം നടപ്പിലാക്കുന്നതിനുള്ള ഊർജിത ശ്രമങ്ങൾ കൗൺസിലിന്റെ ഭാഗത്തു നിന്നുണ്ടാകുന്നത് ഉചിതമായിരിക്കും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-61 അഗതി രഹിത കേരളം- പദ്ധതിയുടെ വിനിയോഗ വിവരം ലഭ്യമല്ല

| | |
|---|---|
| ഫയൽ നമ്പർ | H2-11410/20 |
| ചെക്ക് നമ്പർ | 361602/29.07.2020 |
| ചെലവ് വിവരം(തുക) | 12,02,329/- |

അഗതി കേരളം പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി നഗരസഭയിൽ കണ്ടെത്തിയ നിരാലംബരും,നിരാശ്രയരുമായ അഗതികളെ പുനരധിവസിപ്പിക്കുന്നതിനായി കുടുംബശ്രീ കേരള സംസ്ഥാന സഹകരണ ബാങ്ക് എറണാകുളം ജില്ല, തൃക്കാക്കര ബ്രാഞ്ചിന്റെ അക്കൗണ്ടിലേക്ക് 12,02,329/-രൂപ കൈമാറിയിട്ടുണ്ട്. അഗതികൾക്ക് സേവനം നൽകുന്നതിനായുള്ള ആശ്രയ പദ്ധതിയുടെ മാർഗരേഖ സ.ഉ(എം.എസ്)നം.151/2009/ത.സ്വ.ഭ.വ,തീയതി.01.08.2009 പ്രകാരം പുതുക്കിയിട്ടുണ്ട്.
1)പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആനുകൂല്യങ്ങൾ അഗതി/ആശ്രയ വിഭാഗങ്ങൾക്ക് നൽകിയിട്ടുണ്ടെങ്കിൽ, പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.
2)അർഹരായ ഗുണഭോക്താക്കൾ തന്നെയാണോ ആശ്രയ ലിസ്റ്റിൽ ഉള്ളതെന്ന് വ്യക്തമാക്കിയില്ല.
3)ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി ആശ്രയ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.
മേൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ഭക്ഷണം, മരുന്ന് എന്നിവ വിതരണം ചെയ്യുന്നതിനുള്ള ഏജൻസിയായി മാത്രമാണോ കുടുംബശ്രീ പ്രവർത്തിക്കുന്നതെന്നും അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി-39/31.07.22). ലഭിച്ച മറുപടിയിൽ അഗതി/ആശ്രയ വിഭാഗത്തിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് 2020-21 ൽ ഭക്ഷണം, മരുന്ന് എന്നിവ കൃത്യമായി വിതരണം ചെയ്തതിന്റെ വിവരം ഹാജരാക്കുകയുണ്ടായി. അല്ലാതെ മേൽ ഗുണഭോക്താക്കൾക്ക് ഏതെങ്കിലും ആനുകൂല്യം ലഭിച്ചതിന്റെയോ,ലൈഫ് ലിസ്റ്റിലുൾപ്പെടുത്തിയതിന്റെയോ വിവരം ഹാജരാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-62 തൊഴിലുറപ്പ് പദ്ധതിക്കായി അനുവദിച്ച തുക റീക്കൂപ്പ് ചെയ്തിട്ടില്ല

| | |
|---|---|
| ഫയൽ നമ്പർ | E1-(AUEGS)796/11 |
| ചെലവ് വിവരം | 1)25,00,000/-<br>(ചെക്ക് നമ്പർ 360809,തീയതി 30.09.20)<br>2)20,00,000/-<br>(ചെക്ക് നമ്പർ 403099,തീയതി27.02.21) |

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ജോലി ചെയ്യുന്നവർക്ക് വേതനം നൽകുന്നതിനായി നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും 2020-21 സാമ്പത്തിക വർഷം രണ്ട് തവണയായി മേൽപ്പറയും പ്രകാരം തുക ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക അയ്യങ്കാളി തൊഴിലുറപ്പ് മിഷനിൽ നിന്നും ലഭിക്കാത്തതിനാൽ തനതു ഫണ്ടിലേക്ക് തിരികെ നൽകിയിട്ടില്ല. നഗരകാര്യ ഡയറക്ടറുടെ സർക്കുലർ നം ഡി.സി 3/11328/19,തീയതി.07.08.2019 പ്രകാരം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ചെലവിലേക്കായി നഗരസഭ നൽകിയ തുക നഗരസഭയുടെ തനതു ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്തത് സംബന്ധിച്ച വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ തുക റീക്കൂപ്പ് ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.(എൻക്വയറി-52/31.07.22) വേതനം നൽകുന്നതിനായി തനത് ഫണ്ടിൽ നിന്നും തൻവർഷം അനുവദിച്ച 45 ലക്ഷം രൂപ തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതും ഇല്ലെങ്കിൽ പ്രസ്തുത തുക തൊഴിലുറപ്പ് മിഷനിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-63 ജീവനക്കാരുടെ ശമ്പള റിക്കവറികൾ ഒടുക്കിയതിന്റെ രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷം ചുവടെ ചേർത്ത മാസങ്ങളിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള ജി.ഐ.എസ്, എസ്.എൽ.ഐ, എൽ.ഐ.സി, പെൻഷൻ കോൺട്രിബ്യൂഷൻ തുടങ്ങിയ റിക്കവറി തുകകൾ ഒടുക്കിയതിന്റെ ചെലാൻ

രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി- 57/01.08.22)

| മാസം | PF | GIS | SLI | LIC | Pen-Contribution | വൗച്ചർ നം/തീയതി |
|---|---|---|---|---|---|---|
| 4/20 | 167954(contigent)+ 161646(regular) | 7950 | 3675 | 20390 | 255450 | 1)18/04, തീ.07.04.2020,55/04, തീ.27.04.2020<br>2)57/04,തീ.27.04.2020<br>3)58/04,തീ.27.04.2020<br>4)48/04,തീ.27.04.2020<br>5)23/04,തീ.08.04.2020 |
| 5/20 | 322230(contigent)+ 89843(regular) | 7950 | 3675 | 20390 | 35844 | 1)40/05, തീ.11.05.2020,100/05, തീ.25.05.2020<br>2)98/05,തീ.25.05.2020<br>3)97/05,തീ.25.05.2020<br>4)96/05,തീ.25.05.2020<br>5)95/05,തീ.25.05.2020 |
| 6/20 | 163344(contigent)+ 133198(regular) | 8350 | 4175 | 20390 | 33508 | 1)47/06, തീ.10.06.2020,44/06, തീ.10.06.2020<br>2)45/06,തീ.10.06.2020<br>3)46/06,തീ.10.06.2020<br>4)42/06,തീ.10.06.2020<br>5)48/06,തീ.10.06.2020 |
| 7/20 | - | 8350 | 9375 | 20390 | - | 1)53/07,തീ.07.07.2020<br>2)54/07,തീ.07.07.2020<br>3)34/07,തീ.06.07.2020 |
| 01/21 | 179629(contigent)+ 197557(regular) | 10000 | 9400 | 10950 | 46190 | 1)57/01, തീ.11.01.2021,22/01, തീ.06.01.2021<br>2)25/01,തീ.06.01.2021<br>3)26/01,തീ.06.01.2021<br>4)51/10,തീ.06.01.2021<br>5)23/01,തീ.06.01.2021 |

തുക ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടതിന് ജീവനക്കാരുടെ ശമ്പള റിക്കവറികൾ ഒടുക്കിയതിന്റെ ചെലാനുകൾക്ക് പകരം ജീവനക്കാരിൽ നിന്നും റിക്കവറിയിനത്തിൽ കിഴിവ് വരുത്തിയ തുക എഴുതി ചേർത്തിരിക്കുന്ന രജിസ്റ്ററാണ് ഹാജരാക്കിയത്. ഇത് ശരിയായ നടപടിയല്ല. റിക്കവറികൾ അടച്ചതിന്റെ ഒറിജിനൽ രസീതുകൾ ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

1-64 കേന്ദ്രാവിഷ്കൃത പദ്ധതികൾ-പി.എം.എ.വൈ

2022 വർഷത്തിനകം എല്ലാവർക്കും ഭവനം ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ 2015-ൽ ആരംഭിച്ച പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന. കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, നഗരസഭ എന്നിവയുടെ വിഹിതവും ഗുണഭോക്തൃവിഹിതവും ഉൾപ്പെടുത്തിയാണ് ഭവന നിർമ്മാണത്തിനുള്ള ഫണ്ടുകൾ കണ്ടെത്തുന്നത്. നിലവിൽ ഗുണഭോക്തൃ വിഹിതം എന്ന ഘടകം ഒഴിവാക്കിയിട്ടുണ്ട്.

ഭവന നിർമ്മാണത്തിന് 400000/- രൂപയാണ് സഹായമായി ആകെ അനുവദിക്കുന്നത്. കരാർ സമർപ്പിച്ച് ഒന്നാം ഗഡുവായി (10%) 40000/- രൂപയും, അടിത്തറ പൂർത്തീകരിക്കുന്ന മുറയ്ക്ക് രണ്ടാം ഗഡുവായ (40%) 160000/- രൂപയും, തറനിരപ്പിന് മുകളിൽ മേൽക്കൂര ഉൾപ്പെടെയുള്ള നിർമ്മാണം പൂർത്തീകരിക്കുമ്പോൾ മൂന്നാം ഗഡുവായ (40%) 160000/- രൂപയും എസ്റ്റിമേറ്റ് പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിച്ച് വെള്ളം/വൈദ്യുതി എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് അവസാന ഗഡുവായ (10%) 40000/- രൂപയും ഗുണഭോക്താവിന് നൽകുന്നതാണ്. ഒരു ഗുണഭോക്താവിന് നൽകുന്ന 400000/- രൂപയിൽ 150000/- രൂപ കേന്ദ്ര വിഹിതവും, 50000/- രൂപ സംസ്ഥാന വിഹിതവും ബാക്കിയുള്ള 200000/- രൂപ നഗരസഭ വിഹിതവുമാണ്. നഗരസഭ വിഹിതത്തിൽ പദ്ധതി പ്രകാരം വകയിരുത്തുന്ന വികസന ഫണ്ടും ഹഡ്കോയിൽ നിന്നും എടുത്തിട്ടുള്ള ലോൺ തുകയും ഉൾപ്പെടും. നഗരസഭ സെക്രട്ടറിയും ഗുണഭോക്താവും തമ്മിൽ കരാറിലേർപ്പെട്ടതിന് 12 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

2015-16 വർഷം മുതലാണ് പി.എം.എ.വൈ പദ്ധതി നഗരസഭയിൽ നടപ്പിലാക്കി തുടങ്ങിയത്. 2017-18 വർഷം മുതൽ ആയത് ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ചാണ് നടപ്പിലാക്കുന്നത്. വിവിധ ഘട്ടങ്ങളിലായിട്ടാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ (ഡി.പി.ആർ) അടിസ്ഥാനത്തിലാണ് ഓരോ ഘട്ടം പ്രവർത്തനത്തിലെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പുൾപ്പെടെയുള്ള കാര്യങ്ങൾ നടക്കുന്നത്. 2020-21 വർഷം വരെ ആകെ 6 ഡി.പി.ആർ അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ട്.

2020-21 വർഷത്തെ വരവ്-ചെലവുകൾ

ഓഡിറ്റ് വർഷം 1കോടി രൂപ സംസ്ഥാന വിഹിതമായി നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. ആയത് 30.03.21 തീയതിയിൽ യൂണിയൻ ബാങ്കിലുള്ള 385402010056482 ാം നമ്പർ അക്കൗണ്ടിൽ വരവായിട്ടുണ്ട്. 1,35,12,157/- രൂപയാണ് തൻവർഷത്തെ ചെലവ്.

വിവിധ ഡി.പി.ആർ പ്രകാരം 31.03.2021 അടിസ്ഥാനപ്പെടുത്തിയുള്ള ഭവന നിർമ്മാണ പുരോഗതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഡി.പി.ആർ | ആകെ | കരാറിൽ | ഭവന | പൂർത്തീകരിക്കാൻ |
|---|---|---|---|---|

| നം. | ഗുണഭോക്താക്കൾ (1) | ഏർപ്പെട്ടവർ (2) | നിർമ്മാണം പൂർത്തീകരിച്ചവർ (3) | അവശേഷിക്കുന്നത് (2)- (3) |
|---|---|---|---|---|
| 1 | 133 | 94 | 86 | 8 |
| 2 | 62 | 44 | 40 | 4 |
| 3 | 50 | 45 | 26 | 19 |
| 4 | 224 | 197 | 158 | 39 |
| 5 | 97 | 97 | 45 | 52 |
| 6 | 16 | 16 | 7 | 9 |
| ആകെ | 582 | 493 | 362 | 131 |

തെരഞ്ഞെടുക്കപ്പെട്ട 582 ഗുണഭോക്താക്കളിൽ കരാറിൽ വച്ച 493 പേർക്ക് നാളിതുവരെ ആനുകൂല്യത്തിന്റെ വിവിധ ഗഡുക്കൾ നൽകിയിട്ടുണ്ട് 131 പേർ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ട് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഇവരിൽ തന്നെ 31പേർ ആദ്യഗഡു (അഡ്വാൻസ്) മാത്രം കൈപ്പറ്റിയിട്ടുള്ളവരാണ്. ആയതിന്റെ വിവരങ്ങൾ താഴെപ്പറയുന്നു.

| ക്രമ.നം | ഗുണഭോക്താവിന്റെ പേര് | ഡി.പി.ആർ |
|---|---|---|
| 1 | ചന്ദ്രികസെൽവരാജ്,കീരേലിമല | 1 |
| 2 | ഓമനകൃഷ്ണൻകുട്ടി,ഞാറ്റുംമലയിൽ | 1 |
| 3 | ശ്രീദേവി നാരായണൻ, നടുപ്പറമ്പിൽ | 1 |
| 4 | പങ്കജാക്ഷി.കെ.സി, തെങ്ങോട് | 1 |
| 5 | യു.പി.തങ്ക,അത്താണി | 1 |
| 6 | ഷൈലജസന്തോഷ്,നിലംപതിഞ്ഞമുഗൾ | 2 |
| 7 | രജീഷ്.പി.കെ, പുല്ലാഞ്ഞിപ്പറമ്പിൽ | 3 |
| 8 | അക്കിം.കെ.കെ, കരിക്കോട് | 3 |
| 9 | ദേവകി തങ്കപ്പൻ, ജഡ്ജിമുക്ക് | 4 |
| 10 | നദീറ.എൻ, മുണ്ടംപാലം | 4 |
| 11 | റിമില ആന്റണി, വാഴക്കാല | 4 |
| 12 | ഉഷ സെൽവൻ, ചിറ്റേത്തുകര | 4 |
| 13 | സുമ വള്ളി, ഉതിയൂർ | 4 |
| 14 | അമ്മിണി.കെ.കെ, തെങ്ങോട് | 4 |
| 15 | ലൈല അസീസ്, അമ്പാടിമല | 4 |
| 16 | തേവി കുമാരൻ, കൊല്ലംകുടിമുഗൾ | 4 |
| 17 | ദേവകി തേവൻ, തെങ്ങോട് | 4 |
| 18 | ശാന്ത ശശി, നിലംപതിഞ്ഞമുഗൾ | 4 |
| 19 | ക്ലാര ലൂയിസ് | 4 |

| | | |
|---|---|---|
| 20 | ഷംല, ഇല്ലിക്കൽ | 5 |
| 21 | മേരി ജോൺസൺ, തൃക്കാക്കര | 5 |
| 22 | കല്യാണി മുത്തുസ്വാമി | 5 |
| 23 | റോസി ഫ്രാൻസിസ്, പറക്കാട്ട് | 5 |
| 24 | അന്നമ്മ.ടി.എസ്, തൃക്കാക്കര | 5 |
| 25 | ലീലമണി തമ്പി | 5 |
| 26 | കാളിക്കുട്ടി, തൃക്കാക്കര | 5 |
| 27 | മോഹിനി.എ.കെ, എച്ചക്കണ്ടം | 5 |
| 28 | സിന്ധു രാജേഷ്, ഇതിയൂർ | 5 |
| 29 | ഭാഗ്യ.കെ.ടി, ഉതിയൂർ | 5 |
| 30 | യമുന.എം.ബി, ഉതിയൂർ | 5 |
| 30 | രേവതി.കെ.ആർ, ഉതിയൂർ | 5 |
| 31 | രാജമ്മ, രാജഗിരിവാലി | 6 |

മേൽപ്പറഞ്ഞവർ ഉൾപ്പെടെയുള്ള 131 ഗുണഭോക്താക്കൾ ഭവനനിർമാണം പൂർത്തീകരിക്കാത്തതിനും 89 ഗുണഭോക്താക്കൾ കരാറിലേർപ്പെടാത്തതിനും കാരണം പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ഭവന നിർമ്മാണം തുടരുന്നില്ലായെന്ന് ഉറപ്പാകുന്ന അല്ലെങ്കിൽ അപ്രകാരം അന്വേഷണത്തിൽ ബോദ്ധ്യപ്പെടുന്ന ഗുണഭോക്താക്കളുടെ വിഷയത്തിൽ മുൻകൂർ ആയി നൽകിയ പദ്ധതി തുക തിരിച്ചടപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-65 വയോജനങ്ങൾക്ക് കട്ടിൽ – 129 കട്ടിലുകൾ വിതരണം ചെയ്തതിന്റെ രേഖകളില്ല -5,64,850 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം/വർഷം | 372/2020-21 |
| പ്രോജക്ടിന്റെ പേര് | 60 വയസ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ |
| ഫണ്ട് | വികസന ഫണ്ട് - സാധാരണ വിഹിതം |
| അടങ്കൽ | 21,75,000 |
| ചെലവ് | 19,74,000 |
| ബിൽ നം./തിയതി -തുക | 1) 39/03.11.2020 – 1,57,000<br>2) 61/27.02.2021 – 9,87,500<br>3) 64/27.03.2021 – 4,34,500<br>4) തുക പാസ്സായ തീയതി,ബിൽ നം എന്നിവ ബിൽ ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല –3,95,000<br>ആകെ - 19,74,000 രൂപ |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

നഗരസഭാ പരിധിയിലെ 60 വയസ്സ് കഴിഞ്ഞ 500 ഗുണഭോക്താക്കൾക്ക് (പൊതുവിഭാഗം) കട്ടിൽ വാങ്ങി വിതരണം ചെയ്യുന്നതിനാണ് ടി പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. സിഡ്കോയിൽ നിന്ന് നിർവ്വഹണോദ്യോഗസ്ഥൻ നേരിട്ട് വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണ് പ്രോജക്ട്. എല്ലാ ടാക്സുകളും ഉൾപ്പെടെ ഒരു കട്ടിലിന് 3950 രൂപയ്ക്ക് ആകെ 500 കട്ടിലുകളാണ് വാങ്ങിയിരിക്കുന്നത്. എന്നാൽ ഇവ സ്റ്റോക്കിലെടുക്കുകയോ ബില്ലിൽ ടി വിവരം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. വിതരണം നടത്തിയതിന് ഒരു രജിസ്റ്റർ മാത്രമാണ് സൂക്ഷിച്ചിരിക്കുന്നത്. ബിൽ പ്രകാരം

സാധനങ്ങൾ സ്റ്റോക്കിലെടുത്തതായി സ്റ്റോക്ക് രജിസ്റ്റർ എഴുതി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

വിതരണ രജിസ്റ്റർ പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 357 പേർക്കാണ് കട്ടിലുകൾ വിതരണം ചെയ്തിരിക്കുന്നത്. ബാക്കി 143 കട്ടിലുകൾ വിതരണം ചെയ്തിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ആയത് എവിടെയാണ് സൂക്ഷിച്ചിരിക്കുന്നതെന്നും വിതരണം ചെയ്യാൻ കഴിയാതിരുന്ന സാഹചര്യവും വ്യക്തമാക്കേണ്ടതാണ് എന്ന് അറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/29.07.2022) മറുപടി ലഭിച്ചിട്ടില്ല. 14 കട്ടിലുകൾ വിതരണം ചെയ്യാതെ ഒരു അംഗൻവാടിയുടെ മുകളിൽ കൂട്ടിയിട്ടിരിക്കുകയാണെന്നാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചത്. ബാക്കി 129 കട്ടിലുകൾ ആർക്കാണ് വിതരണം ചെയ്തതെന്ന മറുപടി ലഭ്യമാക്കാൻ നിർവ്വഹണോദ്യോഗസ്ഥയ്ക്ക് സാധിച്ചിട്ടില്ല. ഇത് ഗുരുതരമായ കൃത്യവിലോപമായും വികസന ഫണ്ടിന്റെ ദുർവിനിയോഗമായും ഓഡിറ്റ് വിലയിരുത്തുന്നു. 2020-21 വർഷം കോവിഡ് ലോക്ക്ഡൌൺ മൂലം ഗുണഭോക്താക്കൾക്ക് നേരിട്ട് വന്ന് കട്ടിലുകൾ ഏറ്റുവാങ്ങാൻ കഴിയാതിരുന്നതിനാൽ നഗരസഭാ കൌൺസിലർമാരാണ് ഇവ ഗുണഭോക്താക്കൾക്ക് എത്തിച്ച് നൽകിയതെന്നാണ് അറിയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ 129 കട്ടിലുകൾ ഏതെല്ലാം കൌൺസിലർമാർക്കാണ് നൽകിയിട്ടുള്ളതെന്നും ഇവർ കട്ടിലുകൾ ഗുണഭോക്താക്കൾക്ക് തന്നെ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതും അല്ലാത്തപക്ഷം അത്രയും കട്ടിലുകൾക്ക് ചെലവായ തുക, 143x3950=5,64,850 രൂപ തിരികെ അടവാക്കേണ്ടതുമാണ്. അതു വരെ ടി തുക തടസ്സപ്പെടുത്തുന്നു.

2019-20 ലും വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ എന്ന പേരിൽ പ്രോജക്ട് നടത്തി 620 കട്ടിലുകൾ വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. അതിൽ ചിലതും കൗൺസിലർമാർ വഴിയാണ് വിതരണം ചെയ്തു കാണുന്നത്. ഗുണഭോക്താക്കളില്ലെങ്കിൽ ആവർത്തിച്ച് എല്ലാ വർഷവും ടി പ്രോജക്ട് രൂപീകരിക്കുന്നതിന്റെ കാരണം വ്യക്തമല്ല. 2021-22 ലും ഇതേ പ്രോജക്ട് വെച്ച് 600 ൽ അധികം കട്ടിലുകൾ വിതരണം ചെയ്തിട്ടുണ്ട് എന്നാണ് അറിയാൻ കഴിഞ്ഞത്. 2020-21 ൽ ലഭിച്ച ബാക്കി 14 കട്ടിലുകൾ ഉപയോഗമില്ലാതെ സൂക്ഷിച്ചിരിക്കുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-66 ബാലസഭ – മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി പണം വിനിയോഗിച്ചു

| | |
|---|---|
| പ്രോജക്ട് നം/വർഷം | 193/2020-21 (സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | ബാലസഭയ്ക്ക് പ്രവർത്തനം മെച്ചപ്പെടുത്തൽ |
| ഫണ്ട് | വികസന ഫണ്ട് - സാധാരണ വിഹിതം |
| അടങ്കൽ | 53000 {52385(വികസന ഫണ്ട്) + 615(തനത് ഫണ്ട്)} |
| ചെലവ് | 52385(വികസന ഫണ്ട്) |
| ബിൽ നം./തിയതി | 3/21.04.2020 |

സി.ഡി.എസ് മെമ്പർ സെക്രട്ടറി &ചെയർപേഴ്സന്റെ പേരിൽ കാക്കനാടുള്ള യൂണിയൻ ബാങ്ക് അക്കൌണ്ട് (നം.025241000008459) ലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്.

മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകളുണ്ട്.

ഹാജരാക്കിയ വൗച്ചറുകൾ പ്രകാരം 100 കുട്ടികളാണ് കുട നിർമ്മാണ പരിശീലനത്തിൽ പങ്കെടുത്തിരിക്കുന്നത്. താഴെപ്പറയുന്ന വൗച്ചറുകളാണ് ഹാജരാക്കിയിട്ടുള്ളത്.

| ക്രമ നം | വൌച്ചർ നം/തിയതി | ഇനം | തുക | അനുവദിച്ച തുക |
|---|---|---|---|---|
| 1 | 1/01.03.2020 | Food | 15000 | 15000 |
| 2 | 2/30.02.2020 | Transportation | 1000 | 385 |
| 3 | 3/01.03.2020 | RP മാരുടെ ഹോണറേറിയം | 10500 (3x3500) | 10500 |
| 4 | 4/01.03.2020 | Sound | 3500 | 3500 |
| 5 | 5/22.02.2020 | Umbrella Materials Accessories | 23500 | 23000 |
| | | ആകെ | | 52385 |

1) വൗച്ചർ നം. 2ൽ Transportation ഇനത്തിൽ ഹാജരാക്കിയിരിക്കുന്ന വൗച്ചറിൽ 30.02.2020 എന്ന തീയതിയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഫെബ്രുവരി മാസത്തിൽ 30 എന്ന തീയതി ഇല്ല. ഇത്തരത്തിൽ ഇല്ലാത്ത ഒരു തീയതിയിൽ എന്ത് ട്രാൻസ്പോർട്ടേഷന് വേണ്ടിയാണ് തുക ചെലവാക്കിയത് എന്നും ആർക്കാണ് തുക കൈമാറിയത് എന്നും വ്യക്തമല്ല. മാത്രമല്ല 385/-രൂപ മാത്രമാണ് പാസ്സാക്കി നൽകിയിട്ടുള്ളത്. ഇത്തരത്തിൽ ഇല്ലാത്ത തീയതിയിൽ വൗച്ചർ ഹാജരാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) സബ്സിഡി മാർഗ്ഗരേഖ, സ.ഉ(കൈ)നം.22/2018/തസ്വഭവ/തി.14.02.2018 ഖ.8.5 പ്രകാരം പരിശീലനത്തിനു മാത്രമായി പ്രോജക്ട് പാടുള്ളതല്ല. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി മാത്രമേ വികസന പ്രോജക്ടുകൾ പ്രകാരം പരിശീലനം നടത്താവൂ. പരിശീലനാർത്ഥിക്ക് യാത്രാപ്പടിയും അനുവദനീയമല്ല. കുട നിർമ്മാണ പരിശീലനം എന്ന പ്രോജക്ട് മാത്രം ബാലസഭ പ്രവർത്തനം മെച്ചപ്പെടുത്താൻ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.

3)വൗച്ചർ നം. 3 പ്രകാരം RP മാരുടെ ഹോണറേറിയം ഇനത്തിൽ 3 പേർക്ക് 3500 രൂപ വീതം ആകെ 10500/- നൽകിയതായി കാണുന്നു. ടി റിസോഴ്സ് പേഴ്സൺമാരുടെ യോഗ്യത, പേര് എന്നീ വിവരങ്ങൾ, 3 പേരും തുക കൈപ്പറ്റിയതിന്റെ രസീത് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4) 01.03.2020 ൽ പരിപാടി നടത്തിയതായാണ് ഫയലിൽ കാണുന്നത്. എന്നാൽ തൃക്കാക്കര വെസ്റ്റ് സി.ഡി.എസി ന്റെ

അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം 23.02.2020 ൽ 50 പേരും 01.03.2020 ൽ 50 പേരും പങ്കെടുത്തതായാണ് കാണുന്നത്. കാരണം വ്യക്തമാക്കേണ്ടതാണ്. ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ള ഫോട്ടോഗ്രാഫിൽ 100 കുട്ടികൾ പങ്കെടുത്തതായും കാണുന്നില്ല. മേൽ സൂചിപ്പിച്ച വസ്തുതകളിൽ നിന്ന് ടി പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകളുടെയും, രേഖകളുടെ അഭാവത്തിന്റെയും അടിസ്ഥാനത്തിൽ ചെലവ് തുക 52,385/-രൂപ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.25/29.07.2022 ന് മറുപടി ലഭ്യമാക്കിയില്ല.

1-67 അങ്കണവാടി അനുപൂരക പോഷകാഹാര വിതരണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം/വർഷം | 3/2020-21 |
| പ്രോജക്ടിന്റെ പേര് | അങ്കണവാടി അനുപൂരക പോഷകാഹാര വിതരണം |
| ഫണ്ട് /അടങ്കൽ | 1) വികസന ഫണ്ട് - സാധാരണ വിഹിതം ( 65,00,000)<br>2) കേന്ദ്രാവിഷ്കൃത ഫണ്ട് (10,00,000) |
| ചെലവ് | 1) 64,99,988(വികസന ഫണ്ട്)<br>2) 8,16,365 (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

1)കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നുള്ള ചെലവ്- തുകകൾ പൊരുത്തപ്പെടുന്നില്ല .

അനുപൂരക പോഷകാഹാര പദ്ധതിക്കായി യൂണിയൻ ബാങ്കിൽ ഉള്ള തനത് ഫണ്ട് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ.385402010001061) നിന്നും ഇതിനായി കേന്ദ്രവിഹിതം ചെലവഴിച്ചതിന്റെ ചെക്കുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ചെക്ക് നം/തിയതി | തുക | തുക ലഭിച്ചവർ | റിമാർക്സ് |
|---|---|---|---|---|
| 1 | 02402995 / 27.01.2021 | 397686 | കുടുംബശ്രീ ഈസ്റ്റ് സി.ഡി.എസ് | മുട്ടയും പാലും വാങ്ങിയതിന് |
| 2 | 02403066 / 12.02.2021 | 222223 | കുടുംബശ്രീ ഈസ്റ്റ് സി.ഡി.എസ് | മുട്ടയും പാലും വാങ്ങിയതിന് |
| 3 | 02402994 / 27.01.2021 | 192526 | അമൃതം ഫുഡ്സ് സപ്ലിമെന്റ് , എടത്തല | തുക ലഭ്യമായതിന്റെ കൈപ്പറ്റ് രസീത് ഫയലിൽ ഉണ്ട്. എന്നാൽ സാധനം വാങ്ങിയതിന്റെ അമൃതം ഫുഡ്സ് സപ്ലിമെന്റിൽ നിന്നുള്ള ഇൻവോയ്സ് ഹാജരാക്കേണ്ടതാണ്. |
| 4 | 02403067 / 12.02.2021 | 164243 | അമൃതം ഫുഡ്സ് സപ്ലിമെന്റ് ,എടത്തല | തുക ലഭ്യമായതിന്റെ കൈപ്പറ്റ് രസീത് ഫയലിൽ ഉണ്ട്. എന്നാൽ സാധനം വാങ്ങിയതിന്റെ അമൃതം ഫുഡ്സ് സപ്ലിമെന്റിൽ നിന്നുള്ള ഇൻവോയ്സ് ഹാജരാക്കേണ്ടതാണ്. |
| 5 | 361520/02.07.2020 | 10169 | സിജി പോൾസൺ, ഡ്രൈവർ | ടി തുക കൈപ്പറ്റിയതിന്റെ രേഖ, വൗച്ചറുകൾ എന്നിവ ഫയലിൽ ലഭ്യമല്ല . |
| | ആകെ തുക | 9,86,847 | | |

സുലേഖ ചെലവ് പത്രിക പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും ഇതിനായി ആകെ 8,16,365/-രൂപയാണ് ചെലവ് വന്നതായി രേഖപ്പെടുത്തിയിരിക്കുന്നത്. ചെലവ് പത്രിക പ്രകാരമുള്ള തുകയും ഫയൽ പ്രകാരം ചെലവായ തുകയും തമ്മിൽ (986847– 816365)1,70,482/-രൂപയുടെ വ്യത്യാസം കാണുന്നു. തുകകൾ പൊരുത്തപ്പെടാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതും ആയത് കൃത്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. നിർവഹണോദ്യോഗസ്ഥയുടെ ക്യാഷ് ബുക്ക് പ്രകാരം ആകെ 1,46,339/-രൂപ മാത്രമാണ് കേന്ദ്രവിഹിതമായി ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കി തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി കേന്ദ്രവിഹിതം ചെലവഴിച്ചതിന്റെ കൃത്യമായ കണക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2)തൃക്കാക്കര നഗരസഭയിലെ 59 അംഗൻവാടികളിലെയും പ്രീ സ്കൂൾ കുട്ടികൾക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും ആഴ്ചയിൽ 2 ദിവസം വെച്ച് മുട്ടയും പാലും വിതരണം ചെയ്യുന്നതിന് കുടുംബശ്രീ സി.ഡി.എസുമായി ഐ.സി.ഡി.എസ് സൂപ്പർവൈസർ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. മുട്ട ഒന്നിന് 8 രൂപയും പാൽ ലിറ്ററിന് 50 രൂപയും (ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ) കൃത്യതയോടെയും ഗുണമേന്മ ഉറപ്പുവരുത്തിക്കൊണ്ടും 31.03.2021 വരെ സൂപ്പർവൈസർ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ വിതരണം ചെയ്യാമെന്നാണ് 30.05.2020 ൽ ചമച്ച കരാറിൽ പറഞ്ഞിരിക്കുന്നത്. മുട്ടയും പാലും നിലവിൽ അംഗൻവാടികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കൗമാരക്കാരായ പെൺകുട്ടികൾക്കും നൽകി വരുന്നു എന്നാണ് ഫയലിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ ബഹു.സർക്കാരിന്റെ 28.07.2004 ലെ എഫ്1-18036/04 നമ്പർ ഉത്തരവിൽ എസ്.സി/എസ്.ടി കുടുംബത്തിൽപ്പെട്ട കുട്ടികൾ, പീഡനത്തിന് ഇരയായവർ, ഉപേക്ഷിക്കപ്പെട്ടവർ, ഭൂരഹിത കർഷകരുടെ മക്കൾ. ആരോഗ്യ കാരണങ്ങളാൽ മെഡിക്കൽ ഓഫീസർ നിർദ്ദേശിക്കുന്ന കുട്ടികൾ. ബി.പി.എൽ കുടുംബത്തിൽപ്പെട്ട കുട്ടികൾ എന്നിവർക്ക് മാത്രമേ ഇവ വിതരണം ചെയ്യാവൂ എന്ന ഉത്തരവുള്ളതിനാൽ കൗമാരക്കാരായ എല്ലാ പെൺകുട്ടികൾക്കും മുട്ടയും പാലും വിതരണം നടത്തുന്ന തീരുമാനത്തിൽ നഗരസഭാ സെക്രട്ടറി 15.07.2020 ലെ കൗൺസിലിൽ വിയോജനം രേഖപ്പെടുത്തിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലും ഇത്തരത്തിൽ എല്ലാവർക്കും ഇവ വിതരണം ചെയ്യാവുന്നതാണ് എന്ന് പറഞ്ഞിട്ടില്ല. ഈ പ്രോജക്ടിന് അംഗീകാരം ലഭ്യമായതിന്റെ പ്രോജക്ട് രൂപീകരണ ഫോം ഓഡിറ്റിന് ഹാജരാക്കണമെന്നറിയിച്ചെങ്കിലും ആയത് ഹാജരാക്കിയില്ല. ഇത്തരത്തിൽ എല്ലാവർക്കും മുട്ടയും പാലും വിതരണം ചെയ്യാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ആകെ 18,22,354 രൂപയാണ് ഇതിനായി പ്ലാൻ ഫണ്ട്, കേന്ദ്ര വിഹിതം എന്നിവ വഴി ചെലവഴിച്ചിട്ടുള്ളത്. കുടുംബശ്രീ ഹാജരാക്കിയിരിക്കുന്ന ബില്ലുകൾ മുംതാസ് ഏജൻസീസ്, പാലച്ചുവട്, ദീപ ഏജൻസീസ്,കാക്കനാട് എന്നീ 2 സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ബില്ലുകളാണ്. എന്നാൽ ഇവ ജി.എസ്.ടി ബില്ലുകളല്ല. ഇവ പ്രകാരം ലഭ്യമായ സാധനങ്ങൾ സ്റ്റോക്കിൽ കൃത്യമായി എടുത്ത് രേഖകൾ സൂക്ഷിച്ചിട്ടുമില്ല .

3) ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ക്യാഷ് ബുക്ക് പ്രകാരം വികസന ഫണ്ടിൽ നിന്ന് 57,69,207/-രൂപയുടെ ചെലവുകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ക്യാഷ് ബുക്കിൽ എല്ലാ വരവ് ചെലവുകളും കൃത്യമായി രേഖപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അനുപൂരക പോഷകാഹാര വിതരണത്തിനായി വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുകയോ അതനുസരിച്ച് വിതരണം നടത്തുകയോ ചെയ്യുന്നില്ല. വിതരണ രജിസ്റ്റർ മാത്രമാണ് നിർവ്വഹണോദ്യോഗസ്ഥ സൂക്ഷിച്ചിരിക്കുന്നത്. ബിൽ പ്രകാരം ഉള്ള സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 1-68 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ട്- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം/വർഷം | 199/2020-21 (സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | കോക്ലിയാർ ഇംപ്ലാന്റേഷൻ കഴിഞ്ഞവർക്ക് ഉപകരണങ്ങളുടെ മെയിന്റനൻസിനുള്ള തുക സാമൂഹ്യ സുരക്ഷാ മിഷന് കൈമാറൽ |
| അടങ്കൽ / ഫണ്ട് | 2,00,000/ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | 2,00,000രൂപ |
| ട്രഷറി ബിൽ നം./തിയതി | 10/09.06.2020 |

കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി കഴിഞ്ഞ കുട്ടികൾക്ക് അതിനു ശേഷമുള്ള മെയിന്റനൻസ് ചെലവുകൾക്കായി ഒരു കുട്ടിക്ക് 50,000 രൂപ നിരക്കിൽ വാർഷിക പദ്ധതിയിൽ വകയിരുത്തി കേരള സാമൂഹ്യ മിഷന് തുക കൈമാറുന്ന പ്രോജക്ടാണിത്. ഇതുപ്രകാരം തൃക്കാക്കര നഗരസഭയിലെ കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി കഴിഞ്ഞ താഴെപ്പറയുന്ന 4 കുട്ടികളെ അവശ്യരേഖകളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുകയും ഇവർക്കായി ആകെ രണ്ട് ലക്ഷം രൂപ സാമൂഹ്യ സുരക്ഷാ മിഷന് (അക്കൌണ്ട് നം.70101140000134) കൈമാറുകയും ചെയ്തു.

1) കുമാരി.ശ്രീലക്ഷ്മി
2)കുമാരി.നിരഞ്ജന
3)മാസ്റ്റർ.എമിൽ സജി
4)കുമാരി.ഇവാനിയ സജി

എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ ടി പ്രോജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്ക് (നം. 60/01.08.2022) തുക കുട്ടികൾക്ക് ലഭ്യമായിട്ടില്ല എന്നാണ് മറുപടി ലഭിച്ചത്. ഈ 4 ഗുണഭോക്താക്കൾക്കും തുക ലഭ്യമായതായുള്ള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 2,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

### 1-69 അങ്കണവാടി എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ -രേഖകൾ മുഴുവൻ ഹാജരാക്കിയില്ല – തനത് ഫണ്ട് ചെലവ് തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം/വർഷം | 7/2020-21 |
| പ്രോജക്ടിന്റെ പേര് | അങ്കണവാടി എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ |
| അടങ്കൽ | 1,03,500/-(തനത് ഫണ്ട്) |
| ചെലവ് | 13,946/-രൂപ |
| ചെക്ക് നം./തീയതി - തുക | 1)02403159/25.03.20201,<br>5853/-രൂപ<br>2)402807/30.11.2020,<br>8093/-രൂപ<br>ആകെ -13,946/- |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ചെലവ് പത്രിക പ്രകാരം അംഗൻവാടി എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി തനത് ഫണ്ടിൽനിന്ന് ആകെ 13,946/-രൂപ ചെലവ് വന്നിട്ടുണ്ട്. ഇതിൽ ചെക്ക് നം.402807 പ്രകാരമുള്ള 8093 രൂപക്കുള്ള ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ചെക്ക് നം.0243159 പ്രകാരമുള്ള 5853/-രൂപയ്ക്കുള്ള ചെക്ക് നഗരസഭയിൽ നിന്ന് ലഭ്യമായതിന്റെ രേഖയും, 9 പേർക്ക് തുക നൽകിയതിന്റെ ലിസ്റ്റും മാത്രമാണ് ഹാജരാക്കിയിരിക്കുന്നത്. എന്നാൽ ഇവർ ആരാണെന്നോ, തുക കൈപ്പറ്റിയതിന്റെ രേഖകളോ, ടി തുകകൾക്കുള്ള വൗച്ചറുകളോ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഇവ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.58/01.08.2022)മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതുവരെ 5853/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

### 1-70 ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി - കരാർ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം/വർഷം | 25/2020-21 |

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ഓട്ടോറിക്ഷാ (പട്ടികജാതി) |
| അടങ്കൽ(ഫണ്ട്) | 2,40,000 (വികസനഫണ്ട്-എസ്.സി.പി) |
| ചെലവ് | 60,000 രൂപ |
| TRN നം./തീയതി - തുക | 20110147020201257875/ 16.03.2021 |
| നിർവ്വഹണോദ്യോഗസ്ഥ | വ്യവസായ വികസന ഓഫീസർ |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് സ്വയം തൊഴിലിനായി ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി നൽകുന്നതിനായി വിഭാവനം ചെയ്ത മേൽ പ്രോജക്റ്റിന്റെ ഗുണഭോക്താവായ ശ്രീ.ശ്രീജേഷ്.പി.എസ് എന്ന ഗുണഭോക്താവിനാണ് ബാക്ക് എൻഡ് സബ്സിഡി ആയി 60,000/-രൂപ അനുവദിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് ആവശ്യമായ എല്ലാ രേഖകളും ഫയലിൽ ലഭ്യമാണ്. എന്നാൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം 5 വർഷത്തിനുള്ളിൽ വാഹനം വിൽക്കുകയോ ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്താൽ ലഭിച്ച സബ്സിഡി തുക, പലിശ സഹിതം തിരിച്ചടയ്ക്കണം എന്ന വ്യവസ്ഥയുള്ളതാണ്. ആയതിനാൽ നിർവ്വഹണോദ്യോഗസ്ഥൻ ഗുണഭോക്താവുമായി ഇത് സംബന്ധിച്ച് ഒരു കരാറിൽ ഏർപ്പെടേണ്ടതായിരുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ വ്യവസായ വികസന ഓഫീസർ ടിയാനുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ആയത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 64/01.08.2022) മറുപടി ലഭിച്ചില്ല. ഗുണഭോക്താവുമായി നിർവ്വഹണോദ്യോഗസ്ഥൻ കരാർ ചമച്ച് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. മോണിറ്ററിംഗ് സമിതിയുടെ പ്രത്യേക ശ്രദ്ധ ഇത്തരം പ്രോജക്റ്റുകൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകേണ്ടതാണ്.

1-71 തുടർ സാക്ഷരത -ഗുഡ് ഇംഗ്ലീഷ്-സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രോജക്റ്റ് നം./പേര് | 234/21,സാക്ഷരത പ്രവർത്തനങ്ങൾക്കുള്ള ചെലവ് |
| അടങ്കൽ | 200000(തനത് ഫണ്ട് ) |
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| ചെലവ് തുക ചെക്ക് നം./ തീയതി | 1) ചെക്ക് നം,403111, തുക .82500തീ 05.03.2021.<br>2) ചെക്ക് നം,403112 തുക .26200തീ 05.03.2021.<br>3)ചെക്ക് നം,403113 തുക .24450തീ 05.03.2021.<br>4)ചെക്ക് നം,402981 തുക .5550തീ 18.01.2021.<br>5)ചെക്ക് നം,4031070, തുക .8800തീ 12.02.2021<br>6)ചെക്ക് നം,403068, തുക .52500തീ 12.02.2021<br>ആകെ-2,00,000/- |

നഗരസഭ പരിധിയിൽ പെടുന്ന പത്താംതരം, ഹയർസെക്കൻഡറി തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ കോഴ്സ് ഫീസ് അടക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്റ്റാണിത്. ഇതോടൊപ്പം ഗുഡ് ഇംഗ്ലീഷ് എന്ന കോഴ്സും വിദ്യാർത്ഥികൾക്കായി ആവിഷ്കരിച്ചിട്ടുണ്ട്. ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതുവാനും സംസാരിക്കുവാനും പ്രാപ്തരാക്കി ആയതിന് ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് സർഫിക്കറ്റ് നൽകുകയാണ് ലക്ഷ്യം. പ്രസ്തുത പദ്ധതിക്കായി മേൽ പരാമർശിച്ചിട്ടുള്ള പ്രകാരം 2 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ നിന്ന് ഗുഡ് ഇംഗ്ലീഷ് എന്ന കോഴ്സിനായി ഒരാൾക്കായി 2500/-രൂപ വീതം 33 പേർക്കായി 2500/-രൂപ നിരക്കിൽ 82,500/-രൂപ 05.03.2021.ലെ ചെക്ക് നമ്പർ 403111 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ 33 വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതിന്റേയോ അവർക്ക് സർട്ടിഫിക്കറ്റ് ലഭ്യമായതിന്റേയോ വിവരം ഫയലിൽ നിന്ന് ലഭ്യമല്ല. ആയത് ഓഡിറ്റിനായി ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 30.07.2022ൽ നല്കിയ 32 ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സാക്ഷരത മിഷനിൽ നിന്ന് ലഭ്യമാക്കിയ മറുപടിയിൽ ഈ കുട്ടികളുടെ പരീക്ഷ നടത്തിയിട്ടുണ്ടെന്നും ഈ കോഴ്സിന് 3 വർഷം കോഴ്സ് കാലയളവ് ഉള്ളതിനാൽ 2023-24 സാമ്പത്തിക വർഷം പരീക്ഷ നടത്തി കുട്ടികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ കുട്ടികൾക്ക് പരീക്ഷ നടത്തിയതിന്റേയും സർട്ടിഫിക്കറ്റ് നൽകിയതിന്റേയും രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-72 എ ബി സി പ്രോഗ്രാം അപാകതകൾ

| | |
|---|---|
| പദ്ധതി | എ ബി സി പ്രോഗ്രാം, 371/21 |

| | |
|---|---|
| നിർവ്വഹണം | ഹെൽത്ത് ഇൻസ്പെക്ടർ |
| അടങ്കൽ | 3,15,000/- |
| ചെലവ് | 3,15,000/- |
| BRN/തീയതി | 312450860120035/26.08.2020 |

നഗരസഭയിൽ അലഞ്ഞു തിരിയുന്ന തെരുവ് നായ്ക്കളെ പിടികൂടി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തി പിടിച്ച സ്ഥലത്ത് തന്നെ തിരിച്ച് വിടുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. 2100/-രൂപ നിരക്കിൽ 150 നായ്ക്കളെ വന്ധ്യംകരിക്കുന്നതിനായി 3,15,000/- രൂപ കുടുംബശ്രീ എറണാകുളം ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് കൈമാറിയിട്ടുണ്ട്. ഈ പദ്ധയിയുടെ നടത്തിപ്പുമായി താഴെപ്പറയുന്ന അപാകതകൾ കാണുന്നു. പരിശോധിച്ച് വിശദീകരണം നൽകേണ്ടതാണ്.

1) പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിനായി ബഹു .നഗരകാര്യ ഡയറക്ടർ തൃക്കാക്കര നഗരസഭ സെക്രട്ടറിക്ക് സ്ട്രീറ്റ് ഡോഗ് വാച്ച് അസോസിയേഷൻ എന്ന സംഘടനയെ എ.ബി.സി പ്രോഗ്രാമിൽ പങ്കെടുപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ നോട്ട് ഫയലിൽ ഈ സംഘടന തിരുവന്തപുരം ജില്ലയിൽ മാത്രം പ്രവർത്തിക്കുന്ന സംഘടയാണെന്ന് മാത്രം രേഖപ്പെടുത്തി ഈ സംഘടനയെ ഒഴിവാക്കിയതായി കാണുന്നു. ഈ സംഘടന ഇന്ത്യ മുഴുവൻ ABC പ്രോഗ്രാം നടപ്പാക്കുന്ന സംഘടനയാണെന്ന് അവരുടെ കത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ടി സംഘടനയെ കത്ത് മുഖാന്തിരം ക്ഷണിച്ചിട്ടുള്ളതായി കാണുന്നില്ല.

2) നഗരകാര്യ ഡയറക്ടറുടെ 04/01/2020 ലെ ഡി.സി 5-27509/2019 നമ്പർ കത്ത് പ്രകാരം നഗരസഭകൾ എ.ബി.സി പദ്ധതി നടപ്പാക്കുന്നതിന് കുടുംബശ്രീക്ക് ഫണ്ട് നൽകുന്നതിന് മുമ്പ് മോണിറ്ററിംഗ് സമിതിയുടെ പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. നഗരസഭ സെക്രട്ടറിയും കുടുംബശ്രീ ജില്ലാ മിഷനും ഏർപ്പെട്ട കരാർ (ക്രമ നം-5) പ്രകാരവും മോണിറ്ററിംഗ് സമിതി രൂപീകരിക്കണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ എ.ബി.സി പദ്ധതി നടപ്പാക്കുന്നതിന് കുടുംബശ്രീക്ക് ഫണ്ട് നൽകുന്നതിന് മുമ്പ് മോണിറ്ററിംഗ് സമിതിയുടെ പരിശോധന നടത്തി എന്നത് സംബന്ധിച്ച വിവരങ്ങളൊന്നും ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

3) നഗരസഭ സെക്രട്ടറിയും കുടുംബശ്രീ ജില്ലാ മിഷനും ഏർപ്പെട്ട കരാർ (ക്രമ നം-6) പ്രകാരം നഗരസഭയിലെ തെരുവുനായ്ക്കളെ സംബന്ധിച്ച വിവരങ്ങൾ നഗരസഭ ജില്ലാ കുടുംബശ്രീ മിഷന് കൈമാറിയതായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4)നഗരസഭപ്രദേശത്ത് നിന്നും പദ്ധതി പ്രകാരം പിടികൂടിയതും വന്ധീകരണ സർജ്ജറിക്ക് വിധേയമാക്കിയതുമായ നായ്ക്കളുടെ വിവരങ്ങൾ പ്രവൃത്തി നിർവ്വഹിച്ച സ്ഥാപനം ലഭ്യമാക്കിയത് നഗരസഭ പരിശോധിച്ച് ഉറപ്പുവരുത്തിയത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

5) 27.08.2016 ലെ 45151/RC3/2014/LSGD നമ്പരായ സർക്കുലറിലെ ഖണ്ഡിക നമ്പർ അഞ്ച് പ്രകാരം എ.ബി.സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി-റാബീസ് വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. എന്നാൽ ഇവ സംബന്ധിച്ച രേഖകൾ ലഭ്യമല്ല.

6) സ.ഉ (സാധാ) നം.3247/2016/ത.സ്വ.ഭ.വ തീയതി 30.11.2016 പ്രകാരം പരിശീലനം സിദ്ധിച്ച കുടുംബശ്രീ എ.ബി.സി. മൈക്രോ യൂണിറ്റുകളെയാണ് ഇതിനായി നിയോഗിക്കേണ്ടത്. എന്നാൽ പദ്ധതി നടപ്പിലാക്കാൻ മൈക്രോ യൂണിറ്റുകളെ ചുമതലപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

7)കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ 20.08.2020 ലെ 1294/ABC 20/18/KSEKM-ാം നമ്പർ കത്ത് പ്രകാരം കാക്കനാടുള്ള യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയുടെ 385402010061958 നമ്പർ അക്കൗണ്ടിലേക്ക് തുക നിക്ഷേപിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഈ കത്തിന്റെയും, 05.05.2017 ലെ സ.ഉ(സാധാ.)1450/17/ത.സ്വ.ഭ.വ ഉത്തരവും പ്രകാരമാണ് ജില്ലാ കുടുംബശ്രീ മിഷന് തുക കൈമാറിയിട്ടുള്ളത്. ഈ പ്രവർത്തനങ്ങളുടെ ഫലമായി നഗരസഭയിലെ തെരുവുനായ്ക്കളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ എന്ന വിവരവും, മേൽപ്പറഞ്ഞിട്ടുള്ള അപാകതകളും വിശദീകരിക്കേണ്ടതാണ്.

മേൽ പരാമർശങ്ങൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ സർക്കാർ നിർദ്ദേശം പാലിച്ച് കൊണ്ട് മാത്രം പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. ആയതിനാൽ മേൽ പരാമർശങ്ങൾക്ക് വ്യക്തമായ മറുപടികൾ ലഭ്യമാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 3,15,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-73 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം-അപാകതകൾ

ധനകാര്യ (എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ സ.ഉ. (എം.എസ്) നം. 278/2018 ധനം. തീയതി 3.8.2018 പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കാനും ഇത്തരത്തിൽ സർക്കാരിൽ നിന്നും അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക അനന്തരാവകാശികളിൽ നിന്നും തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മരണ റിപ്പോർട്ടുകൾ (2020-21 ആസ്പദമാക്കി സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം പരിശോധിച്ചതിൽ ഗുണഭോക്താക്കൾ മരണപ്പെട്ടശേഷം പെൻഷൻ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്യാത്തതുമൂലം നിലവിലും അക്കൗണ്ടുകൾ ആക്ടീവ് ആയി തുടരുകയും പലതിലും വിതരണം ചെയ്യപ്പെട്ട തുകകൾ കൈമാറാൻ സാധിക്കാത്തതായി സ്റ്റാറ്റസ് കാണിക്കുകയും ചെയ്യുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം: | പെൻഷണറുടെ പേര് | പെൻഷൻ ഇനം | മരണം നടന്ന തിയതി | പെൻഷണർ ഐഡി | അധികമായി തുക കൈപ്പറ്റിയ തുകയുടെ വിവരം | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | പിയൂസ് കുന്നത്തുചിറ | വാർദ്ധക്യകാല പെൻഷൻ | 23.09.20 | 114250200431 | 6000 | സസ്പെന്റ് |

| | | | | | | |
|---|---|---|---|---|---|---|
| 2 | മജീദ്.എ.എം അമ്പാടിമൂല വീട്,കാക്കനാട് | വാർദ്ധക്യകാല പെൻഷൻ | 9.11.20 | 114250200776 | 2900 | സസ്പെന്റ് |
| 3 | ഹമീദ്.കെ.എം കുരിക്കോട് വീട്.കാക്കനാട് | വാർദ്ധക്യകാല പെൻഷൻ | 9.11.20 | 114250201159 | 2900 | സസ്പെന്റ് |
| 4 | പത്മാവതി അമ്മ,നേര്, എടപ്പള്ളി,തൃക്കാക്കര | വാർദ്ധക്യകാല പെൻഷൻ | 06.06.20 | 101690206719 | 37500 | ആക്ടീവ് |
| 5 | ചാക്കോപൈലി നേരേവീട്ടിൽ, തൃക്കാക്കര | വാർദ്ധക്യകാല പെൻഷൻ | 30.05.20 | 112450200348 | 39000 | ആക്ടീവ് |
| 6 | സബിതാ അബ്ബാസ് മൂലയിൽ വീട് തൃക്കാക്കര | വാർദ്ധക്യകാല പെൻഷൻ | 09.01.20 | 112450200525 | 45000 | ആക്ടീവ് |
| 7 | ശ്യാമുവതി ബാബു പുതുവാമൂല, തൃക്കാക്കര | വാർദ്ധക്യകാല പെൻഷൻ | 30.07.20 | 106270600263 | 36000 | ആക്ടീവ് |
| 8 | കാളി,കമ്പിവേലി ക്കക്കത്ത് , വാഴക്കാല | കർഷകത്തൊഴി ലാളി പെൻഷൻ | 03.05.20 | 106570100362 | 39000 | ആക്ടീവ് |
| 9 | കെ.വി.സ്റ്റീഫൻ വലിയവീട്ടിൽ, തെങ്ങോട് | വാർദ്ധക്യകാല പെൻഷൻ | 31.07.20 | 112450201774 | 36000 | ആക്ടീവ് |
| 10 | ഗോപാലകൃഷ്ണൻ.എ.ജി. ഭഗീരഥി നിവാസ് കാക്കനാട് | വാർദ്ധക്യകാല പെൻഷൻ | 22.07.20 | 112450200967 | 36000 | ആക്ടീവ് |
| 11 | കുഞ്ഞുബിബി. കെ.കെ വലിയവീട്ടിൽ വീട്, പള്ളിലാംകര, തൃക്കാക്കര | വാർദ്ധക്യകാല പെൻഷൻ | 11.08.20 | 101910601847 | 34500 | ആക്ടീവ് |
| ആകെ | | | | | 314800 | |

പെൻഷനറുടെ മരണശേഷം അധികം നൽകിയിട്ടുള്ള 3,14,800/-രൂപ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്നും, ഗുണഭോക്താക്കളുടെ മരണശേഷം സേവന പെൻഷൻ അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിയാത്ത തുകകൾ സസ്പെൻസ് അക്കൗണ്ടിൽ വിവിധ ബാങ്കുകളിൽ നിലനിൽക്കുന്നു. ടി തുകകൾ കണ്ടെത്തി തിരികെ സോഷ്യൽ സെക്യൂരിറ്റി മിഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് അടവാക്കുന്നതിനായി ബാങ്കുകളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ആവശ്യപ്പെട്ട് കൊണ്ട് 03.08.2022 ൽ നല്കിയ 77-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ DBT Cell Messageപ്രകാരം, മരണപ്പെട്ട ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകകൾ എല്ലാം തന്നെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് H.O Branch Account ലേക്ക് തിരികെ അടവാക്കേണ്ടതാണ്. A/c No.001101023000269, IFS Code KSBK 0000101. മേൽ സന്ദേശത്തെ തുടർന്ന് നഗരസഭ ഈ ഇനത്തിൽ തിരികെ അടവാക്കിയ തുകകൾ, തീയതി, അക്കൗണ്ട് നമ്പർ, UTR നമ്പർ എന്നിവയുൾപ്പെടുന്ന സ്റ്റേറ്റ്മെൻറ് ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

പെൻഷൻ വിതരണം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് എൻക്വയറിയിലൂടെ ലഭ്യമാക്കിയത്. നഗരസഭ വഴി പെൻഷൻ വിതരണം നടത്തുന്ന എല്ലാ അക്കൗണ്ടുകളും ഓഡിറ്റിൽ പരിശോധിക്കുക എന്നത് പ്രായോഗികമല്ലാത്തതിനാൽ മേൽ ഉദാഹരണങ്ങളിൽ സംഭവിച്ചിരിക്കുന്ന അപാകതകൾ മറ്റ് അക്കൗണ്ടുകളിലും സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനായി നഗരസഭയിലെ മുഴുവൻ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും അക്കൗണ്ടുകൾ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉറപ്പാക്കുന്ന വിധത്തിൽ കൂടുതൽ കാര്യക്ഷമതയോടെ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടേണ്ടതുണ്ട്. ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ സംബന്ധിച്ച് ബാങ്ക് സ്റ്റേറ്റ്മെൻറ് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും നഗരസഭ കമ്മിറ്റിയുടെയും ബന്ധപ്പെട്ട വാർഡ് കൗൺസിലർമാരുടെയും അടിയന്തിരമായ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-74 പൊതുടാപ്പുകളുടെ വെള്ളക്കരം - അപാകതകൾ

ഫയൽ നമ്പർ-ഇ4-329/2011

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ നഗരസഭയ്ക്ക് വൻ ബാദ്ധ്യതയാണുള്ളത്. പ്രതിമാസം വെള്ളക്കരമിനത്തിൽ 5,40,054/-രൂപയാണ് കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നത്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം ഹാജരാക്കേണ്ടതാണ്. നിലവിൽ 822 കുടിവെള്ള ടാപ്പുകളുടെ കുടിവെള്ളക്കരം നഗരസഭ പ്രതിമാസം അടവാക്കുന്നുണ്ട്. ഈ ടാപ്പുകൾ എല്ലാം തന്നെ പ്രവർത്തനക്ഷമമാണെന്നതിന്റെ രേഖ ഹാജരാക്കേണ്ടതാണ്. കൂടാതെ വെള്ളക്കരത്തിനായി നഗരസഭയിൽ നിന്നും അടവാക്കിയ തുകയും ഈയിനത്തിൽ വിവിധ ഗ്രാന്റുകളിൽ നിന്നും നേരിട്ട് ഈടാക്കിയ തുകയും ഉൾപ്പെടുത്തി കൃത്യമാക്കി രജിസ്റ്റർ ഹാജരാക്കേണ്ടതാണ്.

പൊതുടാപ്പുകൾ കഴിയുന്നതും നിരുത്സാഹപ്പെടുത്തേണ്ടതാണെന്നും ഗാർഹിക കണക്ഷൻ വ്യാപകമാക്കുന്നതിന് പദ്ധതികൾ ഏറ്റെടുക്കേണ്ടതാണെന്നും 14.02.2018-ലെ സ.ഉ.(കൈ)നമ്പർ 22/2018/ത.സ്വ.ഭ.വ നമ്പർ ആയിട്ടുള്ള സബ്സിഡി മാർഗ നിർദ്ദേശ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം പദ്ധതികൾ ഏറ്റെടുത്തിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് ഹാജരാക്കേണ്ടതുമാണ്.

1-75 ഫിഷ് മാർക്കറ്റ് നിർമ്മാണം- അംഗീകാരമില്ല, 1,55,25,544/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

ഫയൽ നം E1-17492/19

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഫിഷ് മാർക്കറ്റ് ,ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണം ഫയൽ നം E1-17492/19,<br>ഫയൽ നം E1-11928/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുൻസിപ്പൽ എൻജിനിയർ |
| പ്രോജക്ടിന്റെ നം/ വർഷം | പ്രോജക്ട് തയ്യാറാക്കിയില്ല, ഡിപിസി അംഗീകാരമില്ല |
| അടങ്കൽ തുക /ഫണ്ട് | ടെൻഡർ പ്രകാരം തുക-3.12 കോടി രൂപ |
| ചെലവ് തുക/ ചെക്ക് നം തീയതി (2020-21 വർഷം)<br>(തനത് ഫണ്ട്) | 1)Vr.87/09,തുക 22,90,568/-രൂപ,ചെക് നം 361767/തീയതി 25.9.2020(Phase Ii)<br>2)Vr.108/03,തുക 17,02,816/-രൂപ, ചെക് നം 361681/തീയതി 21.8.2020<br>3)Vr.108/03,തുക 32,56,119/-രൂപ, ചെക് നം 403206/തീയതി 31.3.2021<br>5)Vr.144/03,തുക 82,76,041/-രൂപ, ചെക് നം 403208/തീയതി 31.3.2021 (Phase Iii)<br>ആകെ :1,55,25,544/- |

തൃക്കാക്കര നഗരസഭ 2016-07 വർഷം കാക്കനാട് ജംഗ്ഷനിൽ ഫിഷ് മാർക്കറ്റ്, ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മിക്കുന്നതിന് 3,12,00,000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും പ്രോജക്ട് തയ്യാറാക്കാതെ ഡിപിസി അംഗീകാരമില്ലാതെ 5/15-16/CE/LSGD തീയതി. 13.07.2015 ഉത്തരവ് പ്രകാരം സാങ്കേതികാനുമതിയും ലഭിച്ചു. ടി നിർമ്മാണം ശ്രീ പി എം അലി 60/16-17 തീ.26.09.16നം കരാർ പ്രകാരം 18.9% എസ്റ്റിമേറ്റ് നിരക്കിൽ നിന്നും കുറവിൽ പ്രവൃത്തി നടപ്പാക്കുവാൻ കരാർ വച്ച് പ്രവൃത്തി ആരംഭിച്ച് 2019-20 വർഷം 2,77,39,909/- രൂപ ചെലവ് ചെയ്തു പ്രവൃത്തി പൂർത്തികരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ നിർമ്മാണ പ്രവൃത്തിയ്ക്കാണ് 2020-21 വർഷം വീണ്ടും മറ്റൊരു കരാറുകാരന് മുൻ കരാറിൽ ഉൾപ്പെട്ട ഇനം പ്രവർത്തികൾക്ക് തുക 1,55,25,544/-രൂപ ചെലവു ചെയ്തത്. ഇപ്രകാരമൊരു നടപടിയ്ക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. കൂടാതെ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1)ഡി പി സി അംഗീകാരം ഇല്ലാതെയും പ്രോജക്ട് തയ്യാറാക്കാതെയുമാണ് നിർമ്മാണ പ്രവൃത്തി നടപ്പാക്കിയിട്ടുള്ളത്.

2)2019-20 വർഷം 3,12,00,000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും, പ്രോജക്ട് തയ്യാറാക്കാതെ 5/15-16 /CE/LSGDതി. 13.7.2015 പ്രകാരം സാങ്കേതികാനുമതിയും ലഭിച്ച ഈ പ്രവൃത്തി കരാർ വച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തതാണ്. 18 മാസമായിരുന്നു പൂർത്തികരണ കാലാവധി. കരാർ വച്ച് പ്രവൃത്തി ആരംഭിച്ചത് ഫിഷ് മാർക്കറ്റ്,ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണം എന്ന പ്രവൃത്തി പൂർണ്ണമായും ചെയ്യുവാനായിരുന്നു. പ്രവൃത്തി പൂർത്തികരിച്ചതായി ഫയലിൽ ഉണ്ട്. എന്നാൽ ആദ്യ കരാറിലുൾപ്പെട്ട ഇനം പ്രവൃത്തികൾ ഉൾപ്പെടെ 2020-21 വർഷം ഈ പ്രവൃത്തിയ്ക്കായി 1,55,25,544/-രൂപ പ്രോജക്ട് തയ്യാറാക്കാതെ, ഡിപിസി അംഗീകാരം ഇല്ലാതെ മറ്റ് കരാറുകാർക്ക്

പ്രവൃത്തി നൽകി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്(കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2116.2.1.(GO (P) 13/2012/PWD/1.2.2012) പ്രകാരം,
I) പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കിയിരിക്കുന്ന എന്ന് മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഹാജരാക്കണം
Ii) പ്രവൃത്തിയുടെ ഗുണനിലവാരം,അളവുകൾ, ബില്ലിലെ നിരക്കുകൾ എന്നിവയുടെ കൃത്യത നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പവരുത്തേണ്ടതാണ്.
Iii) കറാറുടമ്പടി ലംഘിച്ചെങ്കിൽ കരാറുകാരനിൽ നിന്നും അവശേഷിക്കുന്ന പണിയുടെ 30% വിവിധ രീതിയിൽ തിരിച്ചുപിടിക്കേണ്ടതുമാണ്. എങ്കിൽ മാത്രമാണ് പ്രവൃത്തി മറ്റൊരാളെ ഏല്പിക്കാവുന്നത്. ഇപ്രകാരം ഒരു നടപടി കൈക്കൊണ്ടിട്ടില്ല, മുൻസിപ്പൽ എൻജിനിയർ 2020-21 വർഷം മറ്റൊരു കരാറുകാരന് ഈ പ്രവൃത്തി ഏല്പിച്ചത്.

3)കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തികരിക്കാതിരുന്നതിന് ഫൈൻ ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. നിലവിൽ ഈ കെട്ടിടം നിഷ്ക്രിയാസ്തിയായി ഇടരുകയാണ്. കെട്ടിടം നാളിതു വരെയും വാടകയ്ക്ക് നൽകിയിട്ടില്ല. ഫിഷ് മാർക്കറ്റ് നിർമ്മിച്ച് ഉപയോഗപ്രദമാക്കിയിട്ടില്ല.

4)ഈ പ്രവൃത്തിയ്ക്കായി മറ്റ് ഫണ്ടുകൾ /MP/MLA ഫണ്ട് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

5) പ്രോജക്റ്റ് തയ്യാറാക്കാതെ 4,32,65,453/-രൂപ (2020-21 വർഷം വരെയുള്ള ആകെ ചെലവ്) ചെലവിൽ ഒരു നിർമ്മാണ പ്രവൃത്തി നടപ്പാക്കിയതിനും, ഒരു കരാറുകാരന് നൽകിയ പ്രവൃത്തി ടിയാൾ കരാർ പ്രകാരം പ്രവൃത്തി പൂർത്തികരിക്കാതെ, മറ്റ് കരാറുകാർക്ക് നിർമ്മാണ പ്രവൃത്തി നൽകി 1,55,25,544/-രൂപ (പ്രോജക്റ്റ് തയ്യാറാക്കാതെ ഡി.പി.സി അംഗീകാരമില്ലാതെ, ചെലവുപത്രികയിൽ ഉൾപ്പെടുത്താതെ) ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും കൂടുതൽ അന്വേഷണം നടത്തി നിജസ്ഥിതി അറിയിക്കേണ്ടതുമാണ്. കേരള പൊതുമരാമത്ത് മാന്വൽ ചട്ടങ്ങൾക്ക് വിരുദ്ധമായി, അംഗീകാരമില്ലാതെ 2020-21 വർഷം ചെലവു ചെയ്ത 1,55,25,544/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച 5.8.2022 തീയതിയിൽ 102ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല.

1-76 മുൻസിപ്പൽ ബസ്സ് സ്റ്റാന്റ് നവീകരണവും ഹൈടെക് സ്ത്രീസൗഹൃദ വെയിറ്റിംഗ് ഷെഡ് നിർമ്മാണവും-അപാകത

| | | |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | മുൻസിപ്പൽ ബസ്സ് സ്റ്റാന്റ് നവീകരണം | ഹൈടെക് സ്ത്രീസൗഹൃദ വെയിറ്റിംഗ് ഷെഡ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുൻസിപ്പൽ എൻജിനിയർ | മുൻസിപ്പൽ എൻജിനിയർ |
| പ്രോജക്റ്റിന്റെ നം/വർഷം | 1)360/2020-21 | 1)360/2020-21 |
| അടങ്കൽ തുക /ഫണ്ട് | 1) 50ലക്ഷം രൂപ, മെയിന്റനൻസ് ഗ്രാൻറ്. | 1) 20ലക്ഷം രൂപ, വികസന ഫണ്ട് |
| ചെലവ് തുക/ ബിൽ നം തിയതി | 1) 46,99,709/-രൂപ. ബിൽ നം 14/തീയതി 27.03.2021 | 1) 1,94,602/-രൂപ. ചെക്ക് നം 582/തീയതി 27.03.2021 |

2020-21 വർഷം തൃക്കാക്കര നഗരസഭയിലെ മുൻസിപ്പൽ ബസ്സ് സ്റ്റാന്റ് നവീകരണത്തിനായി 46,99,709/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബസ്സ് സ്റ്റാന്റിൽ BMBC ടാറിംഗ് പ്രവൃത്തികൾ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. വെയിറ്റിംഗ് ഷെഡ്ഡോ മറ്റ് നവീകരണ പ്രവൃത്തികളോ ഒന്നും നടപ്പാക്കാതെ ഏകദേശം 50 ലക്ഷത്തോളം രൂപ ചെലവഴിച്ചത് ന്യായീകരിക്കത്തക്കതല്ല.

അതു പോലെ തന്നെ മുൻസിപ്പൽ ബസ്സ് സ്റ്റാന്റിൽ തന്നെ 20 ലക്ഷം രൂപ അടങ്കൽ വച്ച് നടപ്പാക്കിയ മറ്റൊരു പ്രവൃത്തിയാണ് ഹൈടെക് സ്ത്രീ സൗഹൃദ വെയിറ്റിംഗ് ഷെഡ് & ഫീഡിംഗ് റൂം എന്ന പ്രോജക്റ്റ്. ഈ പ്രവൃത്തി പൂർത്തികരിക്കാത്ത അവസ്ഥയാണ് നിലവിൽ ഉള്ളത്. ഇതേ സ്ഥലത്ത് തന്നെ മറ്റൊരു ബൃഹത് പ്രവൃത്തിയായി ഇതേ കാലയളവിൽ മുൻസിപ്പൽ ബസ്സ് സ്റ്റാന്റ് നവീകരണം എന്ന പ്രോജക്റ്റ് 46,99,709/-രൂപ ചെലവിൽ നടപ്പാക്കുമ്പോൾ ഈ പ്രവൃത്തിയുടെ ആവശ്യകത ഇല്ലാത്തതാണ്. ശരിയായ രീതിയിൽ പഠനം നടത്താതെ ഫണ്ട് വിനിയോഗം എന്ന ഉദ്ദേശ്യത്തോടെ പ്രോജക്റ്റ് നടപ്പാക്കുന്നതിനാലാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. ലക്ഷ്യം കൈവരിക്കാത്തതിനാൽ ചെലവഴിച്ച തുക 1,94,602/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ( ഇതു സംബന്ധിച്ച് 29.07.2020 ൽ 22ാം നംപരായി നൽകിയ ഓഡിറ്റ് എൻക്വറിക്ക് മറുപടിയായി ഈ പ്രവൃത്തി പൂർത്തികരിക്കാത്ത അവസ്ഥയാണ് എന്ന് അറിയിച്ചു.)

1-77 തെങ്ങോട് വനിതാ വ്യവസായ കേന്ദ്രം നവീകരണം -അപാകതകൾ

| ക്രമ.നം | പ്രോജക്റ്റിന്റെ നം/ വർഷം/ പ്രോജക്റ്റിന്റെ പേര് | അടങ്കൽ തുക /ഫണ്ട് | ചെലവ് തുക/ ബിൽ നം തീയതി/ചെക് നം തീ. | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 270/ 20-21 തെങ്ങോട് വനിതാ വ്യവസായ കേന്ദ്രം നവീകരണം | 1) 32,44,837/- | 1) ബിൽ നം 107 തി.25.5.2020 തുക31,67,144/- (2)16,30,278/- Ist.part Bill 2019-20 വർഷത്തെ ചെലവ്) ആകെ:47,97,422/- | മുൻസിപ്പൽ എൻജിനിയർ |
| 2 | 272/20-21 (SO) തെങ്ങോട് വനിതാ വ്യവസായ കേന്ദ്രം - അനുബന്ധ സൌകര്യങ്ങൾ വർദ്ധിപ്പിക്കൽ | 1)1374650/- | 1)ബിൽ നം 105 തി.25.5.2020 തുക13,73,296/- | അസിസ്റ്റന്റ് എൻജിനിയർ |
| 3 | 249/20-21 (SO) തെങ്ങോട് വനിതാ വ്യവസായ കേന്ദ്രം - വികസന പ്രവർത്തികൾ | 1)5,28,794 | 1)ബിൽ നം 77 തി.28.4.2020 തുക3,18,601/ | അസിസ്റ്റന്റ് എൻജിനിയർ |

തൃക്കാക്കര നഗരസഭ 2018-19 വർഷം 57 ലക്ഷം സാങ്കേതികാനുമതിയും ഭരണാനുമതിയും ലഭിച്ചിട്ടുള്ള പ്രോജക്റ്റാണ് തെങ്ങോട് വനിതാ വ്യവസായ കേന്ദ്രം നവീകരണം എന്ന പ്രോജക്റ്റ്. ശ്രീ.പി.എൻ സുരേന്ദ്രൻ 48,75,114/-രൂപയ്ക്ക് എഗ്രിമെന്റ് നം. 271/18-19തി.17.12.2018 പ്രകാരം കരാർ ഏറ്റെടുത്തിട്ടുണ്ട്. നാളിതു വരെ ആകെ 47,97,422/- ചെലവഴിച്ചിട്ടുമുണ്ട്. ഈ പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ള ഇനം പ്രവൃത്തികൾക്കാണ് ക്രമ.നം 2,3 പ്രകാരം അസിസ്റ്റന്റ് എൻജിനിയർ ചെലവു ചെയ്തിട്ടുള്ളത്. കരാർ വച്ചതിൻപ്രകാരം പ്രവൃത്തി,(കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2116.2.1.(GO (P) 13/2012/PWD/1.2.2012)

1)തൃപ്തികരമായി പൂർത്തിയാക്കിയിരിക്കുന്നു എന്ന് മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഹാജരാക്കണം.

2) പ്രവൃത്തിയുടെ ഗുണനിലവാരം,അളവുകൾ, ബില്ലിലെ നിരക്കുകൾ എന്നിവയുടെ കൃത്യത നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

3) കരാറുടമ്പടി ലംഘിച്ചെങ്കിൽ കരാറുകാരനിൽ നിന്നും അവശേഷിക്കുന്ന പണിയുടെ 30% വിവിധ രീതിയിൽ തിരിച്ചുപിടിക്കണം. എങ്കിൽ മാത്രമാണ് പ്രവൃത്തി മറ്റൊരു കരാറുകാരന് നൽകാവുന്നത്.

എന്നാൽ മുൻസിപ്പൽ എൻജിനിയർ നടപ്പാക്കിയ തെങ്ങോട് വനിതാ വ്യവസായ കേന്ദ്രം നവീകരണം എന്ന പ്രോജക്റ്റ് (ക്രമനം 1, തുക31,67,144/-രൂപ ചെലവിൽ) നടപ്പാക്കുന്ന കാലയളവിൽ തന്നെ മേൽ സൂചിപ്പിച്ച പ്രകാരം കേരള പൊതുമരാമത്ത് മാന്വൽ ചട്ടങ്ങൾക്ക് വിരുദ്ധമായി തെങ്ങോട് വനിതാ വ്യവസായ കേന്ദ്രം - അനുബന്ധ സൌകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്ന പ്രവൃത്തിയ്ക്കായി (ക്രമനം 2,3 പ്രകാരം) അസിസ്റ്റന്റ് എൻജിനിയർ രണ്ട് പ്രോജക്റ്റുകളിലായി വീണ്ടും 16,91,897/-രൂപ ചെലവഴിച്ചത്. ഈ പ്രവൃത്തികൾ മുൻ കരാറുകാരന് നൽകിയ ഇനം പ്രവൃത്തികൾക്കുമാണ്. ക്രമ നമ്പർ 2,3 പ്രകാരം ചെലവ് ചെയ്ത തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തി ചെലവു തുക ഇരട്ടിപ്പ് വന്നിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതാണ്(മുൻസിപ്പൽ എൻജിനിയറും,അസിസ്റ്റന്റ് എൻജിനിയറും തുല്യ ഉത്തരവാദികളാണ്). ഇതു സംബന്ധിച്ച 04.08.2022 തീയതിയിൽ 79ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-78 മുനിസിപ്പൽ പെൻഷൻ തുക - മുനിസിപ്പാലിറ്റി ചട്ടം അവഗണിച്ച് ദേശസാൽകൃത ബാങ്കിൽ നിക്ഷേപിച്ചു

1996 ലെ കേരള മുനിസിപ്പലിറ്റി (ജീവനക്കാരുടെ ഡെത്ത്- കം- റിട്ടയർമെന്റ് ബെനഫിറ്റ്) ചട്ടങ്ങൾ ചട്ടം 6 പ്രകാരം മുനിസിപ്പലിറ്റിയിലെ റഗുലർ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നല്കുന്നതിന് വേണ്ടി മുനിസിപ്പൽ ഭരണ ഡയറക്ടറുടെ മേൽ നോട്ടത്തിലും നിയന്ത്രണത്തിലുമുള്ള സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ചട്ടം 7(2) പ്രകാരം ഒരോ ജീവനക്കാരന്റേയും പ്രതിമാസ മൊത്തവേതനത്തിന്റെ 15% പെൻഷൻ വിഹിതം അടവാക്കേണ്ടതാണ്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം പെൻഷൻ വിഹിതം അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്ന് പിൻവലിച്ച് അതത് മാസം 15ന് മുൻപായി സെൻട്രൽ മുനിസിപ്പിൽ ഫണ്ടിൽ അടയ്ക്കാൻ മുനിസിപ്പൽ ഡയറക്ടറുടെ പേരിൽ ഡി.ഡിയായി അയയ്ക്കേണ്ടതും ചട്ടം 8(4) പ്രകാരം സമയ പരിധിക്കകം ഡിമാന്റ് ഡ്രാഫ്റ്റ് അയച്ചില്ലെങ്കിൽ വീഴ്ച് വരുത്തിയ കാലയളവിൽ സേവിംങ്സ് ബാങ്ക് നിരക്കിൽ പലിശ മുനിസിപ്പാലിറ്റി അടവാക്കേണ്ടതുമാണ്.1996 ലെ കേരള മുനിസിപ്പലിറ്റി (ജീവനക്കാരുടെ ഡെത്ത്- കം- റിട്ടയർമെന്റ് ബെനഫിറ്റ്) ചട്ടങ്ങൾ ചട്ടം 10 പ്രകാരം നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ലഭിക്കുന്ന പെൻഷൻ ആനുകൂല്യങ്ങൾ ജീവനക്കാർക്ക് യഥാവിധി നല്കുന്നതിനായി സെക്രട്ടറി സർക്കാർ ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ ഒരു അക്കൗണ്ട് ആരംഭിക്കണമെന്ന് പറയുന്നുണ്ട്. നഗരസഭയുടെ റഗുലർ ജീവനക്കാരുടെ പെൻഷൻ അടവ് സംബന്ധിച്ച് ഫയൽ (ഫയൽ നം.GE1-12054/15,GE1-8574/2022) പരിശോധിച്ചതിൽ നഗരസഭയിൽ നിന്ന് 13.03.2018 വരെയാണ് ജീവനക്കാരുടെ പെൻഷൻ അടവ് സെൻട്രൽ മുനിസിപ്പിൽ ഫണ്ടിലേക്ക് അടവാക്കിയിട്ടുള്ളതായി കാണുന്നത്. തുടർന്ന് 2021 ജൂൺ മുതൽക്കുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക സെൻട്രൽ മുനിസിപ്പിൽ ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. ആയതിന്റെ വിവരം താഴെച്ചേർക്കുന്നു.

| ക്രമനം | മാസം | ചെക്ക് നം തീയതി | തുക |
|---|---|---|---|
| 1 | 2021ജൂൺ മുതൽ 2021 ഡിസംബർ വരെ | 6993067/ 08.07.2022 | 890620 |
| 2 | 2022 ജനുവരി മുതൽ 2022ഏപ്രിൽ വരെ | 6993048/ 25.05.2022 | 499816 |
| 3 | 2022 മെയ് | 6993053/ 09.06.2022 | 118607 |
| 4 | 2022 ജൂൺ | 6993066/08.07.2022 | 118800 |
| ആകെ | | | 1627843 |

2018 മാർച്ച് മുതൽ 2021 മെയ് മാസം വരെയുള്ള പെൻഷൻ കോൺട്രിബ്യൂഷൻ (നഗരസഭയുടേയും ജീവനക്കാരുടേയുമുൾപ്പെടെയുള്ളത്) തുകയായി എത്ര രൂപ ലഭ്യമായിട്ടുണ്ടെന്നും,നഗരസഭ കൗൺസിലിന്റെ 30/09/2016 ലെ 1ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൃക്കാക്കര എച്ച്.ഡി.എഫ്.സി ബാങ്കിൽ (50200022497540) പെൻഷൻ തുകയായി 60,55,811 രൂപ നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. ഇത്തരത്തിൽ പെൻഷൻ ഫണ്ട് മുനിസിപ്പാലിറ്റി ചട്ടത്തിന് വിരുദ്ധമായി ദേശസാൽകൃത ബാങ്കിൽ നിക്ഷേപിക്കുവാനുണ്ടായ സാഹചര്യം എന്തെന്ന് വിശദമാക്കേണ്ടതാണെന്നും, മേൽ കാലയളവിൽ ലഭ്യമായ പെൻഷൻ കോൺട്രിബ്യൂഷൻ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2013 ഡിസംബർ മുതൽ 2016 മാർച്ച് വരെയുള്ള റഗുലർ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 27,92,441/-രൂപ സെൻട്രൽ മുനിസിപ്പിൽ ഫണ്ടിൽ അടച്ചിട്ടുള്ളതാണ്. എന്നാൽ നഗരസഭയിലെ ജീവനക്കാരുടെ പെൻഷൻ നൽകുന്നതിനായി നഗരകാര്യ ഡയറക്ടേറ്റിൽ നിന്നും ആകെ 27,34,239/-രൂപ മാത്രമേ ലഭിച്ചിരുന്നുള്ളുവെന്നും, തുക കുറവായി ലഭിച്ചതിനാൽ തുടർന്നുള്ള പെൻഷൻ തുക നഗരകാര്യ ഡയറക്ടറേറ്റിലേക്ക് അടവാക്കേണ്ടെന്നും, പ്രസ്തുത തുക പ്രത്യേകമായി അക്കൗണ്ട് ആരംഭിച്ച് ആയതിൽ നിക്ഷപിക്കുവാനും നഗരസഭ കൗൺസിലിന്റെ 30/09/2016 ലെ 1ാം നമ്പർ തീരുമാനം കൈക്കൊണ്ടു. ആയതിന്റെ അടിസ്ഥാനത്തിൽ തൃക്കാക്കര എച്ച്.ഡി.എഫ്.സി ബാങ്കിൽ (50200022497540) പെൻഷൻ തുക നിക്ഷേപിക്കുന്നതിനായി അക്കൗണ്ട് ആരംഭിക്കുകയും,ആയതിൽ പെൻഷൻ തുകയായി 60,55,811/-രൂപ നിക്ഷേപിച്ചിട്ടുള്ളതായും കാണുന്നു. 1994 ലെ മുനിസിപ്പാലിറ്റി ആക്ടിലെ അദ്ധ്യായം 3 ൽ നഗരസഭ കൗൺസിലിന്റ അധികാരങ്ങളെക്കുറിച്ച് വിവരിക്കുന്നുണ്ട്. ആയതിനാൽ തൃക്കാക്കര എച്ച്.ഡി.എഫ്.സി ബാങ്കിൽ പെൻഷൻ തുകയായി നിക്ഷപിച്ചിട്ടുള്ള 60,55,811/-രൂപയും ആയതിന്റെ പലിശയും കണക്കാക്കി സെൻട്രൽ മുനിസിപ്പിൽ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-79 ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമാൻ വിഹിതം നൽകിയതിന്റെ വിനിയോഗ വിവരം,രശീത് എന്നിവ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് നം | 374/21 |

| | |
|---|---|
| ബിൽ നം,തീയതി | 765640/24.11.2020 |
| തുക | 100000/- |

ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമാൻ, സ്റ്റേറ്റ് മുനിസിപ്പൽ കെട്ടിടം പണിയുന്നതിനുള്ള വിഹിതമായി തൃക്കാക്കര നഗരസഭയിൽ നിന്നും നൽകിയ തുകയ്ക്ക് കൈപ്പറ്റ് രശീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിരുന്നില്ല. തുക അടവാക്കി ഒന്നര വർഷത്തിലധികമായതിനാൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതാണ്(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.93/05.08.2022).

## 1-80 വിനിയോഗ വിവരം,രശീത് ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | ഐ.കെ.എം വിഹിതം നൽകൽ,58/21 |
| ബിൽനം.,തീയതി | 300246652/10.06.2020 |
| തുക | 498878/- |

തൃക്കാക്കര നഗരസഭ ഐ.കെ.എം വിഹിതമായി നൽകിയ താഴെ പറയുന്ന തുകയ്ക്ക് നാളിതുവരെ കൈപ്പറ്റ് രശീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. തുക അടവാക്കി രണ്ട് വർഷത്തിലധികമായതിനാൽ രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതു വരെ 498878/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-81 പത്രപരസ്യങ്ങൾ - പരസ്യചാർജ്ജിൽ അർഹമായ ഇളവ് പ്രയോജനപ്പെടുത്തിയില്ല

2020-21 വർഷത്തിൽ തൃക്കാക്കര നഗരസഭ നിന്നും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് നൽകിയ പത്ര പരസ്യ ചാർജ്ജ് ഇനത്തിലുള്ള ചെലവുകൾ പരിശോധിച്ചതിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അർഹതയുണ്ടായിരുന്ന 15 ശതമാനം ഇളവ് പ്രയോജനപ്പെടുത്താതെയാണ് പത്രസ്ഥാപനങ്ങൾക്ക് തൻവർഷവും, മുൻവർഷവും തുക നൽകിയത് എന്ന് കാണുകയുണ്ടായി. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ബിൽ/വൗച്ചർ നം. | ബിൽതുക | ആവശ്യം | പത്രം | തുക | ജി.എസ്.ടി ഉൾപ്പെടെ ആകെ തുക |
|---|---|---|---|---|---|---|
| 1 | 300990303/25.1.21 | 122913 | ടെണ്ടർ/ ലേല പരസ്യം | കേരള കൗമുദി | 4000 | 4200 |
| 2 | 16301295287/17.2.20 | 11631 | ടി | മാതൃഭൂമി | 7458 | 7831 |
| 3 | 6300637047/30.9.19 | 26586 | ടി | മാതൃഭൂമി | 5600 | 5800 |

സ.ഉ.നം.17/(പി)ഐ.&പി.ആർ.ഡി/തീയതി 8.12.15 പ്രകാരം എ.ബി.സി സർക്കുലേഷനുള്ള പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് നിരക്ക് പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. പരസ്യത്തിന്റെ ഉയരം സെന്റീമീറ്ററിലും വീതി കോളം അടിസ്ഥാനത്തിലും കണക്കാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് 15 ശതമാനം ഡിസ്കൗണ്ടും അനുവദിച്ചിട്ടുണ്ട്. എന്നാൽ നഗരസഭ ഈ ആനുകൂല്യം പ്രയോജനപ്പെടുത്തിയിട്ടില്ല. ഭാവിയിൽ നൽകുന്ന പരസ്യങ്ങൾക്ക് ലഭിക്കേണ്ട കിഴിവ് ലഭിക്കുന്നതിനായി ശ്രദ്ധിക്കേണ്ടതാണ്.

## 1-82 ജാതികൃഷി വികസന പദ്ധതി - ഗുണഭോക്തൃ പട്ടികയിലുള്ളതിനേക്കാൾ അധികം പേർക്ക് ആനുകൂല്യം നൽകി

| | |
|---|---|
| പദ്ധതി നം | 50/2020-21 |
| പദ്ധതി | ജാതികൃഷി വികസനം |
| അടങ്കൽ | 600000/- (വികസനഫണ്ട്) |
| ചെലവ് | 124552/- |
| നിർവ്വഹണം | കൃഷി ഓഫീസർ |

| ബിൽ നം | തുക | ആനുകൂല്യം അനുവദിച്ച ഗുണഭോക്താക്കളുടെ |
|---|---|---|

| | | എണ്ണം |
|---|---|---|
| 19701108868/18.02.21 | 84450.00 | 50 |
| 19701248307/15.03.21 | 32499.00 | 23 |
| 19701383583/25.03.21 | 7603.00 | 6 |
| ആകെ | 124552.00 | 79 |

സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും 75% സബ്സിഡി നിരക്കിൽ ജാതി ഗ്രാഫ്റ്റ്/ബഡ്, ജൈവവളം എന്നിവ 500 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണ് പദ്ധതി.
മേൽ ബില്ലുകൾ പ്രകാരം വിവിധ ഗുണഭോക്താക്കൾക്ക് സബ്സിഡി തുക കൈമാറിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ നേരിട്ട് എറണാകുളം VFPCK യിൽ നിന്നും വളം സബ്സിഡി നിരക്കിൽ വാങ്ങുകയും മേൽ ബിൽ പ്രകാരം വിവിധ ഗുണഭോക്താക്കളുടെ സബ്സിഡി തുക VFPCK-യ്ക്ക് കൈമാറുകയുമാണ് ചെയ്തത്.

പദ്ധതിയിൽ വിഭാവനം ചെയ്തതു പ്രകാരം ജാതി തൈ VFPCK-യിൽ നിന്ന് വാങ്ങിയതായി ഇൻവോയിസിൽ കാണാനായിട്ടില്ല. മറ്റ് സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയതായും രേഖകളില്ല. കൂടാതെ സബ്സിഡി വിതരണം ചെയ്തത് 80 പേർക്കാണ്. എന്നാൽ അംഗീകൃത ഗുണഭോക്തൃ പട്ടികയിൽ 65 പേരാണുള്ളത്. അർഹതപ്പെടാത്തവർക്ക് ആനുകൂല്യം നൽകുവാനിടയായത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(94/05.08.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃ പട്ടികയിൽ ഇല്ലാത്ത 15 പേർക്ക് അനുവദിച്ച തുക കണക്കാക്കി ആയത് സഞ്ചിതനിധിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. പ്രസ്തുത തുക അടവാക്കുന്നതുവരെ പദ്ധതിയുടെ ചെലവ് തുക 1,24,552/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-83 കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണ പദ്ധതി - രേഖകൾ ലഭ്യമാക്കിയില്ല, ഗുണഭോക്തൃ പട്ടികയിലില്ലാത്തവർക്ക് ആനുകൂല്യം നൽകി

| | |
|---|---|
| പദ്ധതി നം | 44/2020-21 |
| പദ്ധതി | കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം |
| അടങ്കൽ | 375000/- (വികസനഫണ്ട്) |
| ചെലവ് | 375000/- |
| നിർവ്വഹണം | കൃഷി ഓഫീസർ |

ബിൽ നം/തീയതി : ലഭ്യമാക്കിയിട്ടില്ല.

സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും75% സബ്സിഡി നിരക്കിൽ കിഴങ്ങ് വർഗ്ഗ കിറ്റ് 500 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണ് പദ്ധതി.

മേൽ ബിൽ പ്രകാരം വിവിധ ഗുണഭോക്താക്കൾക്ക് സബ്സിഡി തുക VFPCK എന്ന സ്ഥാപനം മുഖേന കൈമാറിയ രേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ലഭ്യമാക്കിയ വിതരണ രജിസ്റ്റർ പ്രകാരം 500 ഗുണഭോക്താക്കൾ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അംഗീകൃത ഗുണഭോക്തൃ പട്ടികയിൽ ആകെ 249 ഗുണഭോക്താക്കൾ മാത്രമേയുള്ളൂ. ആയതിനാൽ അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകുവാനിടയായത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പട്ടികയിലില്ലാത്ത 251 പേർക്ക് നൽകിയ തുക തിട്ടപ്പെടുത്തി തിരിച്ചടവാക്കേണ്ടതാണ്. ചെലവ് രേഖകൾ പൂർണ്ണമായി പരിശോധനക്ക് ലഭ്യമാക്കാത്തതിനാലും അനർഹമായി നൽകിയ തുക തിരിച്ചടവാക്കുന്നതുവരേയും 3,75,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-84 പദ്ധതി ചെലവിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

കൃഷി ഓഫീസർ നടപ്പാക്കിയ താഴെ ചേർത്ത പദ്ധതികളുടെ ചെലവിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതി നം | പദ്ധതി | ആകെ ചെലവ് | തടസ്സപ്പെടുത്തിയ തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 187/21 (So) | കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം | 56250/- | 56250 | ട്രഷറി ബിൽ, ഇൻവോയിസ്, ഗുണഭോക്തൃ പട്ടിക, വിതരണ/കൈപ്പറ്റ് രേഖകൾ. |
| 2 | 182/21 | തെങ്ങ് കൃഷിവികസനം | 70794/- | 70794 | ട്രഷറി ബിൽ, ഇൻവോയിസ്, ഗുണഭോക്തൃ പട്ടിക, വിതരണ/കൈപ്പറ്റ് രേഖ, ചെലവിന്റെ മറ്റ് അനുബന്ധ രേഖകൾ. |
| 3 | 53/21 | തെങ്ങ് കൃഷിവികസനം | 384660/- | 110364 | 110364/- രൂപയുടെ ട്രഷറി ബിൽ,ഇൻവോയിസ്, കൈപ്പറ്റ് രേഖ, ചെലവിന്റെ മറ്റ് അനുബന്ധ രേഖകൾ. |
| 4 | 44/21 | കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം | 375000/- | 375000 | ട്രഷറി ബിൽ, ഇൻവോയിസ്, ചെലവിന്റെ മറ്റ് അനുബന്ധ രേഖകൾ. |

| | | | | | |
|---|---|---|---|---|---|
| 5 | 294/21 | ഫലവൃക്ഷതൈ വിതരണം | 103861/- | 103861 | ട്രഷറി ബിൽ, ഇൻവോയിസ്, ഗുണഭോക്തൃ പട്ടിക, വിതരണ/കൈപ്പറ്റ് രേഖകൾ, ചെലവിന്റെ മറ്റ് അനുബന്ധ രേഖകൾ. |
| 6. | 33/21 | ഹരിതാലയം | 248472/- | 128902 | 128902/ രൂപയുടെ ട്രഷറി ബിൽ, ഇൻവോയിസ്, വിതരണ/കൈപ്പറ്റ് രേഖകൾ |
| | | ആകെ | | 845171 | |

1994 – ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 11, 1996 – ചട്ടം 8 എന്നിവ പ്രകാരം മേൽ പറഞ്ഞ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കുന്നതിനായി ഓഡിറ്റ് റിക്വിസിഷൻ (നം.01/03.08.2022) നൽകിയിരുന്നു. ചെലവ് രേഖകൾ ലഭ്യമാക്കാത്തതിന്റെ കാരണം സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പും (നം.98/05.08.2022) നൽകിയിരുന്നെങ്കിലും പ്രസ്തുത രേഖകൾ ലഭിച്ചിട്ടില്ല. ആയതിനാൽ ഓഡിറ്റിൽ 8,45,171/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-85 തെങ്ങ് കൃഷി വികസനം - ഗുണഭോക്തൃ പട്ടികയിലില്ലാത്തവർക്ക് ആനുകൂല്യം നൽകിയതും മറ്റ് ന്യൂനതകളും

| | |
|---|---|
| പദ്ധതി നം | 53/21 |
| പദ്ധതി | തെങ്ങ് കൃഷി വികസനം |
| അടങ്കൽ | 450000/- |
| ചെലവ് | 384660/- |
| നിർവ്വഹണം | കൃഷി ഓഫീസർ |
| ബിൽ നം,തുക | 19701383593/25.02.21 : ₹ 33,431/-<br>19701108863/18.2.21 : ₹ 2,40,865/- |
| | ആകെ : 2,74,296/- |

മേൽ പദ്ധതി പ്രകാരം 2 ബില്ലുകളിലായി 274296/- രൂപ VFPCK - ക്ക് (വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള) നൽകിയിട്ടുണ്ട്. മൊത്തം 120 പേരുടെ സബ്സിഡിയാണ് നൽകിയിട്ടുള്ളത്. പദ്ധതിയിലെ ഗുണഭോക്താക്കളുടെ കൈപ്പറ്റ് രജിസ്റ്റർ പ്രകാരം 173 പേർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ചതിൽ തൻവർഷത്തെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ 120 ഗുണഭോക്താക്കൾ മാത്രമേയുള്ളൂ. അനർഹർക്ക് ആനുകൂല്യം നൽകാനിടയായത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 100/5.8.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതുവരെ ലഭ്യമാക്കിയ രേഖകൾ പ്രകാരം അധികമായി അനുവദിച്ച 53(173-120) പേരുടെ ആനുകൂല്യം കണക്കാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടവാക്കുന്നത് വരെ പദ്ധതിക്കായി ചെലവഴിച്ച 2,74,296/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-86 വാഴകൃഷി വികസനം - പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ

| | |
|---|---|
| പദ്ധതി നം. | 48/21 |
| അടങ്കൽ | 460000/- |
| ചെലവ് | 351830/- |
| നിർവ്വഹണം | കൃഷി ഓഫീസർ. |

മേൽ പദ്ധതി പ്രകാരം ഡോളോമൈറ്റ്, വേപ്പിൻപിണ്ണാക്ക്, എല്ല്പൊടി എന്നിവയുടെ വിലയുടെ 75% ആണ് സബ്സിഡിയായി നൽകിയിട്ടുള്ളത്. VFPCK വഴിയാണ് ഗുണഭോക്താക്കൾ വളം വാങ്ങിയിട്ടുള്ളത്.

ലഭ്യമാക്കിയ ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം. | തുക |
|---|---|
| 19701248305/15.3.21 | 33145 (9 പേർക്ക്) |
| 19701108870/8.2.21 | 282788 (76 പേർക്ക്) |
| 19701358275/25.3.21 | 1897 (1 ആൾ) |
| ആകെ | 317830/- (86 പേർക്ക്) |

ആകെ പദ്ധതി ചെലവ് തുകയിൽ അവശേഷിക്കുന്ന 34,000/-രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. 86 പേർക്കാണ് മേൽ ബില്ലുകൾ പ്രകാരം സബ്സിഡി അനുവദിച്ചത്. പദ്ധതിയുടെ കൈപ്പറ്റ് രജിസ്റ്ററിൽ 92 പേർ ഒപ്പുവച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.101/05.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണവുമായി ബന്ധപ്പെട്ട പൊരുത്തക്കേട് വിശദീകരിക്കേണ്ടതും 34,000/-രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. രേഖകളുടെ അഭാവത്തിൽ 34,000/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-87 ബയോഫ്ലോക്ക് മത്സ്യ കൃഷി പദ്ധതി നിർവ്വഹണത്തിൽ സബ്സ്ഡി കണക്കാക്കിയതിലെ വ്യത്യാസം

| ബിൽ നം. | തുക |
|---|---|
| 1374836/26.03.2021 | 191537/- |
| 1438965/30.03.2021 | 33290/- |
| 1438958/30.03.2021 | 107584/- |
| 1440854/30.03.2021 | 167578/- |

പദ്ധതി നം. 299/21

അടങ്കൽ : 736000/- ചെലവ് :499989/-

നിർവ്വഹണം : സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്.

സ.ഉ.(കൈ)22/2018 ത.സ്വ.ഭ.വ ,14.02.2018,സബ്സിഡി മാർഗ്ഗരേഖയിലെ ഭേദഗതി ഉത്തരവ് സ.ഉ (സാധാ) നം. 1009/2020/ത.സ്വ.ഭ.വ . 29.05.2020 പ്രകാരം ബയോഫ്ലോക്ക് മത്സ്യ കൃഷിയുടെ മൂലധന ചെലവിന്റെയും പ്രവർത്തന ചെലവിന്റെയും ആകെയുള്ള യൂണിറ്റ് ചെലവിന്റെ (പൊതുവിഭാഗം) 40 ശതമാനത്തിന്റെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണ സ്ഥാപനവും മൂന്നിൽ ഒന്ന് ഫിഷറീസ് വകുപ്പുമാണ് വഹിക്കേണ്ടത്. പ്രസ്തുത ഉത്തരവിൽ മൂലധന ചെലവിന്റെയും പ്രവർത്തന ചെലവിന്റെയും പരമാവധി അനുവദിക്കാവുന്ന നിരക്കും ആകെ യൂണിറ്റ് ചെലവും നിശ്ചയിച്ചിട്ടുണ്ട്.

എന്നാൽ താഴെ ചേർത്ത പ്രകാരം മൂലധന ചെലവിന്റെ നിശ്ചിത നിരക്ക് തദ്ദേശസ്ഥാപനം വഹിക്കുന്നതായും പ്രവർത്തന ചെലവിന്റെ സബ്സിഡി ഫിഷറീസ് വകുപ്പ് വഹിക്കുന്നതായും കാണുകയുണ്ടായി.

ഇത് മേൽ സർക്കാർ ഉത്തരവിലെ മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമമല്ല. ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | മൂലധന ചെലവിന്റെ 40% (A) | പ്രവർത്തന ചെലവിന്റെ 40% (B) | ഫിഷറീസ് വകുപ്പ് അനുവദിക്കേണ്ട സബ്സിഡി | ഫിഷറീസ് വകുപ്പ് അനുവദിച്ച സബ്സിഡി |
|---|---|---|---|---|---|
| 1 | ബുഷറ | 21280 | 18400 | 13227 | 18400 |
| 2 | ഷെമീന | 33782 | 18400 | 17394 | 18400 |
| 3 | ത്രേസ്യാമ തോമസ് | 134058 | 73600 | 69219 | 73600 |

മാർഗ്ഗരേഖ പ്രകാരം ആകെ യൂണിറ്റ് ചെലവിന്റെ 40 ശതമാനത്തിന്റെ മൂന്നിൽ ഒരു ഭാഗമാണ് വകുപ്പ് വഹിക്കേണ്ടത്.

മുകളിൽ പറഞ്ഞപ്രകാരം മൊത്തം യൂണിറ്റ് ചെലവിനെ മൂലധന ചെലവും പ്രവർത്തന ചെലവുമായി വിഭജിച്ച് അനുപാദം കണക്കാക്കിയതിനാൽ മൊത്തം പ്രവർത്തന ചെലവിന്റെ 40% ഫിഷറീസ് വകുപ്പ് വഹിച്ചതിനാൽ സർക്കാർ മാർഗ്ഗരേഖയിൽ നിശ്ചയിച്ച പ്രകാരമുള്ള നിരക്കിൽ രണ്ട് വകുപ്പുകൾക്കും ചെലവ് വഹിക്കാനായിട്ടില്ല. മേൽ ന്യൂനത സംബന്ധിച്ച്ഓഡിറ്റ് അന്വേഷണ കുറിപ്പ് (നം.87/04.08.22) നൽകിയിട്ടുണ്ട്. മേൽ പറഞ്ഞ സർക്കാർ ഉത്തരവിലെ ഖണ്ഡിക 4.5 – ൽ പറഞ്ഞ പ്രകാരം ഫിഷറീസ് വകുപ്പിൽ നിന്നും ഉള്ള ഉത്തരവിലോ, മാർഗ്ഗനിർദ്ദേശങ്ങളിലോ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വ്യത്യസ്തമായ നിർദ്ദേശങ്ങളുണ്ടെങ്കിൽ ആയത് ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

1-88 സുഭിക്ഷ കേരളം – സർക്കാർ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിലും വ്യത്യസ്തമായ നിരക്കിൽ ആനുകൂല്യം അനുവദിച്ചത് സംബന്ധിച്ച്

| | |
|---|---|
| പദ്ധതി നം. | 299/21 |
| പദ്ധതി | ബയോഫ്ലോക്ക് മത്സ്യ കൃഷി |
| അടങ്കൽ | 736000/- |
| ചെലവ് | 499989/- |
| നിർവ്വഹണം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |

| ബിൽ നം. | തുക |
|---|---|
| 1374836/26.03.2021 | 191537/- |
| 1438965/30.03.2021 | 33290/- |
| 1438958/30.03.2021 | 107584/- |
| 1440854/30.03.2021 | 167578/- |

സർക്കാർ ഉത്തരവ് (സാധാ) നം. 1009/2020/ത.സ്വ.ഭ.വ 29.05.2020 പ്രകാരം ബയോഫ്ലോക്ക് മത്സ്യ കൃഷിയുടെ മൂലധന ചെലവിന്റെയും പ്രവർത്തന ചെലവിന്റെയും ആകെയുള്ള യൂണിറ്റ് ചെലവിന്റെ (പൊതുവിഭാഗം) 40 ശതമാനത്തിന്റെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണ സ്ഥാപനമാണ് വഹിക്കേണ്ടത്. ഇതിൽ മൂലധന ചെലവിന്റെ വിവിധ ചെലവ് ഇനങ്ങൾക്ക് അനുവദിക്കാവുന്ന തുകയുടെ പരമാവധി നിരക്കും നിശ്ചയിച്ചിട്ടുണ്ട്. അപ്രകാരം മൂലധന ചെലവിൽ ഉൾപ്പെട്ട ടാങ്ക് നിർമ്മാണത്തിന് അനുവദിക്കാവുന്ന പരമാധി നിരക്ക് 35000/-രൂപയാണ്. ഇപ്രകാരം ചെലവ് അംഗീകരിച്ചതിനാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആയതിലും കൂടുതൽ തുക അനുവദിക്കുകയുണ്ടായി.

| ക്രമ നം | പേര് | അനുവദിക്കാവുന്ന തുക | അനുവദിച്ചത് | അധികം അനുവദിച്ചത് |
|---|---|---|---|---|
| 1 | ബുഷറ | 35000 | 42000 | 7000 |
| 2 | ഷെമീന | 35000 | 42000 | 7000 |
| 3 | ത്രേസ്യാമ തോമസ് | 140000 | 140800 | 800 |
| 4 | സുജബെന്നി | 35000 | 42000 | 7000 |
| 5 | സുജാതമണിലാൽ | 35000 | 40164 | 5164 |
| 6 | വിജയലക്ഷ്മി | 35000 | 42000 | 7000 |
| 7 | അഞ്ചുടീസ | 35000 | 39230 | 4230 |
| 8 | ലീലജോൺ | 35000 | 36175 | 1175 |

മുകളിൽ പറഞ്ഞ പ്രകാരം 29.05.20 – ലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൽ നിന്നും വിഭിന്നമായി ടാങ്ക്

നിർമ്മാണത്തിന് അധിക നിരക്ക് അനുവദിക്കുവാനുണ്ടായ കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(നം.92/05.08.22) നൽകിയിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവിലെ ഖണ്ഡിക 4.5- ൽ പറഞ്ഞ പ്രകാരം ഫിഷറീസ് വകുപ്പിൽ നിന്നും ഉള്ള ഉത്തരവിലോ, മാർഗ്ഗനിർദ്ദേശങ്ങളിലോ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട കൂടുതൽ നിർദ്ദേശങ്ങളുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

1-89 ലാപ്ടോപ്പ് വിതരണം- അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്,143/21 | |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ | |
| അടങ്കൽ | 12,00,000/- (എസ്.സി.പി)<br>19,768/- (തനത് ഫണ്ട്)<br>12,19,768/- | |
| ചെലവ് | 8,23,800/-(എസ്.സി.പി) | |
| | ബിൽ.നം-140/20-21,തീയതി-27/03/21 | |

നഗരസഭ പരിധിയിലെ എസ്.സി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിലേയ്ക്കായി ആവിഷ്കരിച്ച മേൽ പ്രോജക്ട് പ്രകാരം ലാപ്ടോപ്പ് ഒന്നിന് 27460/-രൂപ നിരക്കിൽ 30 എണ്ണം വാങ്ങുന്നതിലേയ്ക്ക് 823800/-രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. കെൽട്രോണിൽ നിന്നും ഓൺലൈൻ പോർട്ടൽ മുഖേനയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. 20.02.2021 തീയതിയിലെ TVM/ITBG/P1/RC/21418 ാം നമ്പർ പ്രോഫോർമ ഇൻവോയ്സ് പ്രകാരമാണ് കെൽട്രോണിന് 8,23,800/- രൂപ അനുവദിച്ചത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിലുള്ള അപാകതകൾ താഴെചേർക്കുന്നു.

എ) 8,23,800/-രൂപയുടെ ടാക്സ് ഇൻവോയിസ് ഫയലിൽ ലഭ്യമായില്ല.

ബി) ആകെ 30 ലാപ്ടോപ്പിന്റെ വില മുൻകൂറായി കെൽട്രോണിന് നൽകിയെങ്കിലും 28 ലാപ്ടോപ്പുകൾ വിതരണം ചെയ്ത രേഖകൾ മാത്രമാണ് ഓഡിറ്റിനായി ഹാജരാക്കിയത്. (വിദ്യാർത്ഥികളുടെ അപേക്ഷകളും 28 എണ്ണം മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്) അവശേഷിക്കുന്ന രണ്ട് ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ടോയെന്നത് വ്യക്തമല്ല. ആയതിന്റെ കൈപ്പറ്റ് രേഖകളോ വിദ്യാർത്ഥികളുടെ അപേക്ഷകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല (എൻക്വയറി-29/29.07.22).

സി) ലാപ്ടോപ്പ് കൈപ്പറ്റിയ അഖിൽ സുരേഷ് എന്ന ഗുണഭോക്താവ് Schooltek Institute Of Techncial Education എന്ന സ്ഥാപനത്തിലെ പഠിതാവാണ്. ടി സ്ഥാപനം അംഗീകൃത സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ എൻക്വയറി (നം-29) മുഖേന ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല.

അഫിലിയേഷൻ രേഖകളുടെ അഭാവത്തിൽ അഖിൽ സുരേഷ് എന്ന ഗുണഭോക്താവിന് ലാപ്ടോപ്പ് അനുവദിച്ചതിനാലും രണ്ട് ലാപ്ടോപ്പുകളുടെ വിതരണരേഖകൾ ഹാജരാക്കാത്തതിനാലും വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കാത്തതിനാലും മൂന്ന് ലാപ്ടോപ്പുകൾ വാങ്ങുന്നതിനായി ചെലവഴിച്ച 82380/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-90 ടെണ്ടർ നടപടികൾ കൂടാതെ വാങ്ങൽ നടത്തി

| | |
|---|---|
| പ്രോജക്ട് നം./പേര് | 120/21, സർക്കാർ സ്കൂളുകൾക്ക് ഫർണീച്ചർ വാങ്ങൽ |
| അടങ്കൽ | 600000(റോഡിതരം,മെയിന്റനൻസ് ) |
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| ചെലവ് തുക ബിൽ നം./ തീയതി | 1)589818/-,2011014701960074 2734.തീ 17.11.2020 |

2020-21 വർഷം ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ സർക്കാർ സ്കൂളുകൾക്ക് ഫർണീച്ചർ വാങ്ങൽ എന്ന പദ്ധതി പ്രകാരം ആർട്ട്കോ ലിമിറ്റഡിൽ നിന്ന് ഫർണ്ണിച്ചർ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഫർണീച്ചറിന്റെ വിലയായി 589818/-രൂപ ആർട്ട്കോയ്ക്ക് നൽകിയിട്ടുണ്ട്. 25-07-2017 ലെ ജി.ഒ(പി) നം.95/2017/ധനം. നമ്പർ ഉത്തരവിൽ 'അക്രഡിറ്റേഷൻ ഉത്തരവുകളിൽ എൻലിസ്റ്റ്' ചെയ്തിട്ടുള്ള ഏജൻസികളിൽ നിന്നും സുതാര്യവും മത്സരാധിഷ്ഠിതവുമായ ലേല നടപടികളിലൂടെയാണ് ഒരു പ്രവൃത്തിക്ക് അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ആർട്ട്കോയിൽ നിന്ന് ഫർണ്ണിച്ചർ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയത് വിശദീകരിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് 30.07.2022 ൽ നൽകിയ

31ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭിച്ച മറുപടിയിൽ അറിവില്ലായ്മ മൂലം സംഭവിച്ചതാണെന്നും ഇത്തരം അപാകതകൾ ഭാവിയിൽ പരിഹരിക്കുന്നതാണെന്നും അറിയിച്ചു. ഭാവിയിൽ ഇത്തരം വാങ്ങലുകൾ നടത്തുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

1-91 ഗുണഭോക്തൃവിഹിതം ഈടാക്കിയില്ല - നഷ്ടം 4,02,785/- രൂപ

A)

| | |
|---|---|
| പ്രോജക്ട് നം ,<br>പ്രോജക്ടിന്റെ പേര് | 349/21, ഉറവിട മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ |
| അടങ്കൽ, ഫണ്ട് | 63,00,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>41,94,000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>75,06,000/- (തനത് ഫണ്ട്)<br>ആകെ- 1,80,00,000/- |
| ചെക്ക് നം,തീയതി,<br>ചെലവ് തുക | 1)ചെക്ക് നം152479, തീ.13.11.2020, തുക 10,13,880/-<br>2)ചെക്ക് നം152480, തീ.27.11.2020, തുക 5,59,796/-<br>3)ചെക്ക് നം396902, തീ.27.11.2020, തുക 11,424/-<br>4)ചെക്ക്നം396903, തീ.03.03.2021, തുക 5,13,128/-<br>5)ചെക്ക്നം396904, തീ.03.03.2021, തുക 10,492/-<br>6)ചെക്ക്നം396912, തീ.23.03.2021, തുക 15,97,694/-<br>7)ചെക്ക്നം396913, തീ.23.03.2021, തുക 32,646/-<br>ആകെ ചെലവ് തുക – 27,25,100/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് ഇൻസ്പെക്ടർ ,തൃക്കാക്കര നഗരസഭ |

തൃക്കാക്കര നഗരസഭ പരിധിയിൽ ഉറവിട മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്. 2019-20 സാമ്പത്തിക വർഷത്തിൽ 183/20 പ്രോജക്ട് നമ്പറിൽ ആരംഭിക്കുകയും തൻവർഷം നടപ്പിലാക്കി 2021-22 ലേക്ക് സ്പിൽ ഓവറായിട്ടുള്ള പദ്ധതിയാണിത്. 06.03.2020 ലെ 40ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ ഈ പദ്ധതിക്ക് അംഗീകാരം നല്കിയിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ,ആലുവ വഴിയാണ് ഈ പദ്ധതി നഗരസഭയിൽ നടപ്പിലാക്കിയിട്ടുള്ളത്. ഈ സ്ഥാപനവുമായിട്ടുള്ള കരാറിലെ 8.1 ക്ലോസ് പ്രകാരം പദ്ധതി അടങ്കലിന്റെ 20% തുക മുൻകൂറായി ടി സ്ഥാപനത്തിന് 13.11.2020 തീയതിലെ 152479 ചെക്ക് നമ്പർ പ്രകാരം 10,13,880/- രൂപ നല്കിയിട്ടുണ്ട്. കൂടാതെ 2020-21 സാമ്പത്തിക വർഷത്തിൽ നഗരസഭ പരിധിയിലെ വിവിധ ഗുണഭോക്താക്കൾക്ക് 229 ബയോഗ്യാസ് പ്ലാന്റുകൾ 11,900/-രൂപ നിരക്കിൽ 0.75m3 വാട്ടർ ജാക്കറ്റുള്ള ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. ആയത് വഴി മേൽ പരാമർശിച്ചിട്ടുള്ള ബില്ലുകൾ പ്രകാരം 27,25,100/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെച്ചേർത്തിട്ടുള്ള പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കൗൺസിൽ അംഗീകരിച്ചിട്ടുള്ള ഗുണഭോക്തൃലിസ്റ്റ് ഫയലിൽ ലഭ്യമല്ല.

2) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31.12.2018 ലെ സർക്കാർ ഉത്തരവ് (സാധാ) 3281/2018 പ്രകാരം ഖരമാലിന്യ സംസ്കരണ സംവിധാനം-ഗാർഹികതലം -കമ്പോസ്റ്റ് ആന്റ് ബയോമെതനേഷൻ ബയോഗ്യാസ് പ്ലാന്റ് നല്കുന്നതുമായി ബന്ധപ്പെട്ട് ഗുണഭോക്തൃവിഹിതം അർബൻ 50% ത്തിൽ നിന്ന് 10% ആയി കുറയ്ക്കുകയും യൂണിറ്റ് കോസ്റ്റിന്റെ 10% ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതമായി ഈടാക്കേണ്ടതുമാണ്. എന്നാൽ (11900x229=27,25,100) 229 ഗുണഭോക്താക്കളിൽ നിന്ന് 10% ഗുണഭോക്തൃവിഹിതം ഈടാക്കാത്തത് കാരണം 2,72,510/-രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.

3) 1500 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകുന്നതിനാണ് 1,80,00,000/- രൂപ അടങ്കലായി ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെങ്കിലും 2019-20 മുതൽ 2020-21 കാലയളവ് വരെ 229 ഗുണഭോക്താക്കൾക്ക് മാത്രമാണ് ആനുകൂല്യം നൽകിയത്.

4) 2019-20 സാമ്പത്തിക വർഷത്തിൽ 183/20 എന്ന പ്രോജക്ട് നമ്പറിൽ ആവിഷ്കരിച്ചിട്ടുള്ളതും,2020-21 സാമ്പത്തിക വർഷം സ്പിൽ ഓവർ ആയിട്ടുള്ളതുമായ 349/21 എന്ന നമ്പറിലുള്ള പദ്ധതിയ്ക്ക് തനത് ഫണ്ടിൽ നിന്ന് 1,80,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ 20-21 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം 37,38,980 രൂപ ചെലവ് വന്നിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ പ്രസ്തുത ചെലവ് വന്നിട്ടുള്ളതായി കാണുന്നില്ല.

B) റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ -ഗുണോക്തൃവിഹിതം ഈടാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം ,പ്രോജക്ടിന്റെ പേര് | 350/21,റിംഗ് കമ്പോസ്റ്റ് യൂണിറ്റ് |
| അടങ്കൽ, ഫണ്ട് | 437500 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>291250 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>521250 (തനത് ഫണ്ട്)<br>ആകെ 12,50,000 |
| ചെക്ക് നം,തീയതി,<br>ചെലവ് തുക | 1)ചെക്ക് നം152428, തീ.13.11.2020, തുക 2,43,500/-<br>2)ചെക്ക് നം396908 തീ.12.03.2021, തുക 4,85,250/-<br>3)ചെക്ക്നം.403151, തീ.23.03.2021, തുക 48,850/-<br>4)ചെക്ക്നം403189, തീ.31.03.2021, തുക 3,22,450/-<br>5)GST(ചെക്ക് നം,തീയതി 22450 ഫയലിൽ ലഭ്യമല്ല) |

| | |
|---|---|
| | ആകെ 11,22,500/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് ഇൻസ്പെക്ടർ ,തൃക്കാക്കര നഗരസഭ |

തൃക്കാക്കര നഗരസഭ പരിധിയിൽ ഉറവിട മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി റിംഗ് കമ്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്. 2019-20 സാമ്പത്തിക വർഷം 185/20 പ്രോജക്ട് നമ്പറിൽ ആരംഭിക്കുകയും തൻവർഷം നടപ്പിലാക്കിയിട്ടുമുള്ള പദ്ധതിയാണിത്. 17.03.2020 ലെ 40ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ ഈ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ,ആലുവ വഴിയാണ് ഈ പദ്ധതി നഗരസഭയിൽ നടപ്പിലാക്കിയിട്ടുള്ളത്. ഈ സ്ഥാപനവുമായിട്ടുള്ള കരാറിലെ 8.1 ക്ലോസ് പ്രകാരം പദ്ധതി അടങ്കലിന്റെ 20% തുക മുൻകൂറായി ടി സ്ഥാപനത്തിന് 13.11.2020തീയതിലെ 152428 ചെക്ക് നമ്പർ പ്രകാരം 2,43,500/- രൂപ നൽകിയിട്ടുണ്ട്. കൂടാതെ 2020-21 സാമ്പത്തിക വർഷത്തിൽ നഗരസഭ പരിധിയിലെ വിവിധ ഗുണഭോക്താക്കൾക്ക് 449 റിംഗ് കമ്പോസ്റ്റുകൾ ഒരെണ്ണത്തിന് 2,500/- രൂപ നിരക്കിൽ ഗുണഭോക്താക്കൾക്ക് നിർമ്മിച്ച് നൽകിയിട്ടുണ്ട്. ആയത് വഴി മേൽ പരാമർശിച്ചിട്ടുള്ള അഡ്വാൻസ് തുകയടക്കം 11,22,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെച്ചേർത്തിട്ടുള്ള പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കൗൺസിൽ അംഗീകരിച്ചിട്ടുള്ള ഗുണഭോക്തൃലിസ്റ്റ് ഫയലിൽ ലഭ്യമല്ല.

2) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31.12.2018 ലെ സർക്കാർ ഉത്തരവ് (സാധാ) 3281/2018 പ്രകാരം ഖരമാലിന്യ സംസ്കരണ സംവിധാനം-ഗാർഹികതലം -കമ്പോസ്റ്റ് ആന്റ് ബയോമെതനേഷൻ റിംഗ് കമ്പോസ്റ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് ഗുണഭോക്തൃവിഹിതം അർബൻ 50% ത്തിൽ നിന്ന് 10% ആയി കുറയ്ക്കുകയും യൂണിറ്റ് കോസ്റ്റിന്റെ 10% ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതമായി ഈടാക്കേണ്ടതുമാണ്. എന്നാൽ (2500x449 = 11,22,500) 449 ഗുണഭോക്താക്കളിൽ നിന്ന് 10% ഗുണഭോക്തൃവിഹിതം ഈടാക്കാത്തത് മൂലം 1,12,250/-രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.

3) 2019-20 സാമ്പത്തിക വർഷത്തിൽ 185/20 എന്ന പ്രോജക്ട് നമ്പറിൽ ആവിഷ്കരിച്ചിട്ടുള്ളതും, 2020-21 സാമ്പത്തിക വർഷം സ്പിൽ ഓവർ ആയിട്ടുള്ളതുമായ 350/21 എന്ന നമ്പറിലുള്ള പദ്ധതിയ്ക്കായി 12,50,000/-രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം 11,22,500/-രൂപ ചെലവ് വന്നിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ പ്രസ്തുത ചെലവ് വന്നിട്ടുള്ളതായി കാണുന്നില്ല.

C) ബയോ കമ്പോസ്റ്റ് സ്ഥാപിക്കൽ -ഗുണോക്തൃവിഹിതം ഈടാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം ,പ്രോജക്ടിന്റെ പേര് | 253/21,ബയോ കമ്പോസ്റ്റർ നൽകൽ (ഉറവിട മാലിന്യ സംസ്കരണം) |
| അടങ്കൽ, ഫണ്ട് | 32,40,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>3,60,000/- (മറ്റുള്ളവ )<br>ആകെ- 36,00,000/- |
| ബിൽ നം,തീയതി, ചെലവ് തുക | 75/20, തീ 28.04.2020, 13,14,250 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് ഇൻസ്പെക്ടർ ,തൃക്കാക്കര നഗരസഭ |

(ഫയൽ നം H2-25736/2019 തീ 18.03.2020)

തൃക്കാക്കര നഗരസഭ പരിധിയിൽ ഉറവിട മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി ബയോ കമ്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്. 2019-20 സാമ്പത്തിക വർഷം 500/20 പ്രോജക്ട് നമ്പറിൽ ആരംഭിക്കുകയും തൻവർഷം നടപ്പിലാക്കിയിട്ടുമുള്ള പദ്ധതിയാണിത്. 06.03.2020 ലെ 40 ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ ഈ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ,ആലുവ വഴിയാണ് ഈ പദ്ധതി നഗരസഭയിൽ നടപ്പിലാക്കിയിട്ടുള്ളത്. ഈ സ്ഥാപനവുമായിട്ടുള്ള കരാറിലെ 8.1 ക്ലോസ് പ്രകാരം പദ്ധതി അടങ്കലിന്റെ 20% തുക മുൻകൂറായി ടി സ്ഥാപനത്തിന് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് നൽകിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്. ഈ പദ്ധതി വഴി 2020-21 സാമ്പത്തിക വർഷത്തിൽ നഗരസഭ പരിധിയിലെ വിവിധ ഗുണഭോക്താക്കൾക്ക് 751 ബയോ കമ്പോസ്റ്റുകൾ ഒരെണ്ണത്തിന് 1750/-രൂപ നിരക്കിൽ ഗുണഭോക്താക്കൾക്ക് നിർമ്മിച്ച് നൽകിയിട്ടുണ്ട്. ആയത് വഴി മേൽ പരാമർശിച്ചിട്ടുള്ള ചെലവുകൾ പ്രകാരം 13,41,250/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധയിയുമായി ബന്ധപ്പെട്ട് താഴെച്ചേർത്തിട്ടുള്ള പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കൗൺസിൽ അംഗീകരിച്ചിട്ടുള്ള ഗുണഭോക്തൃലിസ്റ്റ് ഫയലിൽ നിന്ന് ലഭ്യമല്ല.

2) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31.12.2018 ലെ സർക്കാർ ഉത്തരവ് (സാധാ) 3281/2018 പ്രകാരം ഖരമാലിന്യ സംസ്കരണ സംവിധാനം-ഗാർഹികതലം -കമ്പോസ്റ്റ് ആന്റ് ബയോമെതനേഷൻ റിംഗ് കമ്പോസ്റ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് ഗുണഭോക്തൃവിഹിതം അർബൻ 50% ത്തിൽ നിന്ന് 10% ആയി കുറയ്ക്കുകയും യൂണിറ്റ് കോസ്റ്റിന്റെ 10% ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതമായി ഈടാക്കേണ്ടതുമാണ്. എന്നാൽ ബയോ കമ്പോസ്റ്റുകൾ നൽകിയ ഇനത്തിൽ 648 ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതമായി 1,14,300 രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ 751 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. 103 ഗുണഭോക്താക്കളിൽ നിന്ന് ഇനിയും 10% ഗുണഭോക്തൃവിഹിതം ഈടാക്കാത്തത് മൂലം 18,025/-രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. 10% ഗുണഭോക്തൃവിഹിതം അടവാക്കുന്നതിലൂടെ പദ്ധതി നടപ്പിലാക്കുന്നതിനായാണ് ഡി.പി.സി അംഗീകാരം നൽകിയിട്ടുള്ളത്.

മേൽ പദ്ധതികളുമായി ബന്ധപ്പെട്ട അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 27.07.2022, 30.07.2022.01.08.2022 തീയതികളിലായി നൽകിയ 19,34,65 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പരാമർശിച്ചിട്ടുള്ള പദ്ധതികളിൽ നിന്ന് ഗുണഭോക്തൃവിഹിതമായി ഈടാക്കേണ്ടിയിരുന്ന (2,72,510 + 1,12,250 + 18,025) 4,02,785/-രൂപ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ, ഗുണഭോക്താക്കളിൽ നിന്നോ ഈടാക്കേണ്ടതാണ്.

1-92 മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് വാഹനങ്ങൾ ഉപയോഗിച്ചതിലെ അപാകതകൾ

| | |
|---|---|
| ഫയൽ നമ്പർ | H2-17653/20, മാലിന്യം നീക്കം ചെയ്യൽ(ടിപ്പിംഗ് ചാർജ്ജ്) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| ചെലവ് ബിൽ നം/തീയതി | TRN 562/20-21/24.03.21 = 16,40,893/- |

തൃക്കാക്കര നഗരസഭാപരിധിയിലെ മാലിന്യം ടിപ്പർ ലോറിയിൽ നിറച്ച് കേരള സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടുപോകുന്നതിനാണ് ഈ പ്രോജക്റ്റിലൂടെ ലക്ഷ്യമിട്ടിരുന്നത്. ആയതിനായി മലപ്പുറം കോട്ടയ്ക്കലുള്ള എക്കോഗ്രീൻ എന്ന കമ്പനിയുമായി നഗരസഭ 25.06.2020 ന് കരാറിൽ ഏർപ്പെടുകയും ചെയ്തു. ഫയൽ പ്രകാരം നഗരസഭയിൽ നിന്നും മാലിന്യം നീക്കം ചെയ്യുന്നതിന് ഉപയോഗിച്ചിട്ടുള്ളത് TN-28-AM-8167,KA-01-AF-2693,KL-16-T-837,TN-28-AY-3393,TN-28-AM-8166,TN-28-AA-1284,KA-01-AK-0488,KA-01-AJ-2693,TN51D-3130,TN-76-W-5396,TN-30-Y-9176,KA-01-AF-0943,KA-01-AF-3993,KA-01-AJ-2959 എന്നീ വാഹനങ്ങളാണ്. എന്നാൽ മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റ് പ്രകാരം KL-16-T-837എന്ന വാഹനം മോട്ടോർ സൈക്കിളും(ഹീറോ ഹോണ്ട),KA-01-AJ-2693 എന്ന വാഹനം പാസഞ്ചർ ഓട്ടോറിക്ഷയുമാണ്(ബജാജ് ഇലക്ട്രിക്ക് വെഹിക്കിൾ). മാലിന്യം നീക്കം ചെയ്യുമ്പോൾ ആയത് വെയ്ബ്രിഡ്ജിൽ വച്ച് തൂക്കി അളവുകൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചുവെക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല. ഹെൽത്ത് ഇൻസ്പെക്ടർ ഇത് യഥാസമയം പരിശോധിച്ചതിന്റെ സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാഹനനമ്പർ/ മോഡൽ | തീയതി | മാലിന്യത്തിന്റെ അളവ് X അടച്ച തുക /ടൺ | നൽകിയ തുക |
|---|---|---|---|
| KL-16-T-837 | 12.08.2020 | 14130 | 40020 |
| KA-01-AJ-2693 | 27.08.2020 | 16500 | 32085 |
| | ആകെ | | 72105 |

നിലവിലെ രേഖകൾ പ്രകാരം മേൽ വാഹനങ്ങളിലൊന്നും തന്നെ മാലിന്യം നീക്കം ചെയ്യാൻ കഴിയില്ല എന്നിരിക്കെ, മേൽ അളവുകൾ രേഖപ്പെടുത്തിയതും മാലിന്യം കൊണ്ടുപോകുന്നതിന് മേൽ വാഹനങ്ങൾ ഉപയോഗിച്ചത് വിശദീകരിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി(നം.106/07.08.2022)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അന്യ സംസ്ഥാനങ്ങളിലേക്ക് മാലിന്യം കൊണ്ടു പോകുമ്പോൾ നികുതി ഒഴിവാക്കുന്നതിനായി ചെയ്യുന്ന ഒരു പ്രവൃത്തിയായിട്ടാണ് ഓഡിറ്റ് ഇതിനെ വിലയിരുത്തുന്നത്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 72,105/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-93 ബാങ്ക് മടക്കിയ ചെക്കുകളുടെ വിവരങ്ങൾ/തുടർനടപടികൾ ലഭ്യമാക്കിയില്ല

നഗരസഭയുടെ യൂണിയൻ ബാങ്കിലെ 385402010001061-ാം നമ്പർ Ownfund അക്കൗണ്ട് പാസ്സ് ബുക്ക് പരിശോധനയിൽ താഴെ പറയുന്ന ചെക്കുകൾ ബാങ്കിൽ കളക്ഷന് നൽകിയെങ്കിലും വിവിധ കാരണങ്ങളാൽ Reject/bounce ആയതായി കാണുന്നു.

| ക്രമ നം | പാസ്സ് ബുക്ക് പ്രകാരം ചെക്ക് Reject/bounce ആയ തീയതി | ചെക്ക് നം | തുക |
|---|---|---|---|
| 1 | 22.04.2020 | 145 | 6380 |
| 2 | | 601 | 28530 |
| 3 | 29.04.2020 | 585 | 72130 |
| 4 | 14.05.2020 | 154848 | 19850 |
| 5 | 15.05.2020 | 494 | 137585 |
| 6 | 22.05.2020 | 887495 | 546 |
| 7 | 09.07.2020 | 34 | 34168 |
| 8 | 17.07.2020 | 623709 | 900000 |
| 9 | 08.09.2020 | 115 | 79550 |

| | | | |
|---|---|---|---|
| 10 | 16.09.2020 | 357079 | 128960 |
| 11 | 18.09.2020 | 682264 | 6550 |
| 12 | 21.09.2020 | 351824 | 89568 |
| 13 | | 301 | 1250 |
| 14 | 29.09.2020 | 358196 | 41900 |
| 15 | | 358197 | 1250 |
| 16 | 07.10.2020 | 254746 | 16600 |
| 17 | 21.10.2020 | 321 | 2250 |
| 18 | 02.11.2020 | 54985 | 213250 |
| 19 | 11.11.2020 | 1296 | 40050 |
| 20 | 28.12..2020 | 641565 | 13644 |
| 21 | 16.01.2021 | 2376 | 2754 |
| ആകെ | | | 18,36,765 |

മേൽ ചെക്കുകളിലെ തുകകൾ പിന്നീട് നഗരസഭയിൽ വരവായി വന്നിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (56/01.08.2022) മറുപടി ലഭ്യമാക്കിയില്ല. കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007– ലെ ചട്ടം 20(1) പ്രകാരം ഏതെങ്കിലും ചെക്ക് ഡിസ്ഹോണർ ആകുകയാണെങ്കിൽ രസീതിന്റെ ഓഫീസ് കോപ്പി റദ്ദ് ചെയ്യേണ്ടതും പ്രസ്തുത വിവരം ചെക്ക് നൽകിയ ആളെ അറിയിച്ച് തുക ക്യാഷ് ആയോ ഡി.ഡി ആയോ ബാങ്ക് ചാർജ്ജ് ഉൾപ്പടെ ഒടുക്കുവാൻ ആവശ്യപ്പെടേണ്ടതും തുക ഒടുക്കുന്ന മുറയ്ക്ക് രസീത് നൽകേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നു. ആയതിനാൽ ബാങ്ക് മടക്കിയ മേൽ ചെക്കുകൾ മുഖേന നഗരസഭയ്ക്ക് വരവ് വരേണ്ട തുകകൾ പിന്നീട് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ/സ്വീകരിച്ച നടപടി ക്രമങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതും അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതുമാണ്.

### 1-94 ബാങ്ക് പാസ്സ്ബുക്കുകൾ/സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കിയില്ല

തൃക്കാക്കര നഗരസഭയുടെ താഴെ ചേർത്തിരിക്കുന്ന ബാങ്കുകളുടെ പാസ്സ്ബുക്കുകൾ/സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (83/04.08.2022) നൽകിയെങ്കിലും ലഭ്യമാക്കിയില്ല. ആയത് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

1. Bank Of Baroda
2. Indian Overseas Bank
3. State Bank Of India
4. Union Bank Of India - 60184 (ONAM)
5. Union Bank Of India - 38402010055709 (Suchithwa Mission)
6. South Indian Bank - 7379 (Propertytax)
7. South Indian Bank - 7511 (Profession Tax E-payment)
8. HDFC Bank - 50200029263250

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 റൈറ്റ് ഓഫ് വേ പെർമിഷൻ -ഒറ്റത്തവണ കോൺട്രിബ്യൂഷൻ കുറവായി ഈടാക്കി-2കോടി 8 ലക്ഷം നഷ്ടം

ഫയൽ നം. ഇ1-15738/21.05.2020

തൃക്കാക്കര നഗരസഭ പരിധിയിൽ ഇന്റർനെറ്റ് ലഭ്യത വേഗതയിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എംഎസ് ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് 07.08.2018 ൽ RJIL/OFC/ROW/INTRA/THRIKKAKKARA.MC/FTTX/A/C/763 പ്രകാരം സമർപ്പിച്ച അപേക്ഷയും 19.08.2020, 28.09.2020 തീയതികളിലെ RJIL/OFC/ROW/KL/THRIKKAKKARA.MC/FTTX/A/C/1729 എന്നീ അപേക്ഷകൾ പരിഗണിച്ച് റിസ്റ്റോറേഷൻ ചാർജ്, റൈറ്റ് ഓഫ് വേ പെർമിഷൻ ഫീസ് എന്നിവ യഥാക്രമം 66.28 കിലോമീറ്ററിനും, 83.64 കിലോമീറ്ററിനും ഈടാക്കുവാൻ നിർദ്ദേശിച്ച് കൊണ്ട് നഗരസഭ സെക്രട്ടറി ആദ്യത്തെ അപേക്ഷയ്ക്ക് 21.05.2020 ൽ E1-15738/2018 ഉത്തരവ് പ്രകാരവും,രണ്ടാമത്തെ അപേക്ഷയ്ക്ക് 07.01.2021ൽ E2-12984/2020 ഉത്തരവ് പ്രകാരവും അനുവാദം നൽകിയിട്ടുണ്ട്. മേൽ പദ്ധതികൾക്ക് നഗരസഭ കൗൺസിലിന്റെ 20.05.2019,21.10.2020 തീയതികളിൽ 16,

62 എന്നീ തീരുമാനങ്ങൾ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ആയത് പ്രകാരം സെക്രട്ടറി അനുവാദം നൽകിയിട്ടുള്ള വർക്കിന്റെ റിസ്റ്റോറേഷൻ ചാർജ്ജും, റൈറ്റ് ഓഫ് വേ പെർമിഷൻ -ഒറ്റത്തവണ കോൺട്രിബ്യൂഷനും താഴെപ്പറയും പ്രകാരം കണക്കാക്കിയിട്ടുണ്ട്.

1)

| | |
|---|---|
| UG Cable By Post (Tile Road ) | 21.02 KM |
| UG Cable By Post (Tar Road ) | 42.06 KM |
| UG Cable By Trenching (Tile Road ) | 1.20 KM |
| UG Cable By Trenching ( Tar Road ) | 2.00 KM |
| Total | 66.28 KM |

ഫീസ് ഈടാക്കിയതിന്റെ വിവരം.

| | മീറ്റർ2 | ഈടാക്കേണ്ട നിരക്ക് | തുക |
|---|---|---|---|
| Application Fee | | 10000 | 10000 |
| Restoration Charge For Tar Road Cutting | 3570m2 | 3129.12/m2 | 11170958 |
| Restoration Charge For Tile Road Cutting | 1985m2 | 4190.70/m2 | 8318638 |
| Rent For Post | 2355 Nos | 500 | 1177500 |
| ROW Fee For Post/Pole | 3.20KM | 75000 | 240000 |
| Total | | | 20917096 |

മേൽ പരാമർശിച്ച വിധത്തിൽ റിസ്റ്റോറേഷൻ ഫീസ് കണക്കാക്കുകയും ആയതിൽ 3.20KM ന് ROW Fee For Post/Pole സ്ഥാപിക്കുന്നതിന് 240000 രൂപ നഗരസഭ കണക്കാക്കിയിട്ടുള്ളതുമാണ്. എന്നാൽ എംഎസ് ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് ROW Fee For Post/Pole ന്റെ 3.20KM ൽ 1.75 കിലോ മീറ്ററിനുള്ള ചാർജ്ജായി 1,31,250 രൂപ 21.01.2020 ലെ GO( Ms) No. 3/2020/ITD ഉത്തരവ് പ്രകാരം അടവാക്കിയിട്ടുണ്ട്. ആയത് ഓഡിറ്റിൽ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ROW Fee For Post/Pole ന്റെ 3.20KM ൽ 1.75 കിലോ മീറ്ററിനുള്ള ചാർജ്ജായി 1,31,250 രൂപ അടവാക്കിയതിനാൽ ബാലൻസ് തുകയായ 1,08,750 രൂപ ഈ സ്ഥാപനം ലഭ്യമാക്കിയ ബാങ്ക് ഗ്യാരണ്ടിയിൽ നിന്ന് ഈടാക്കിയെടുക്കാമെന്ന സത്യവാങ്മൂലം നല്കിയതിന്റെ അടിസ്ഥാനത്തിൽ ആകെ ഫീസ് ഇനത്തിൽ അടവാക്കേണ്ട 2,09,17,096 രൂപയിൽ 2,40,000 രൂപ കുറവാക്കി 21.05.2020 ലെ 01/120330400061ാം നമ്പർ രസീത് പ്രകാരം 2,06,77,097 രൂപ നഗരസഭയിൽ അടവാക്കിയിട്ടുണ്ട്(ഡി.ഡി നം 440068,തീയതി 19.05.2020). എന്നാൽ ടി സ്ഥാപനം 21.01.2020 GO( Ms) No. 3/2020/ITD ഉത്തരവ് പ്രകാരം ROW Fee For Post/Pole ന്റെ 3.20 KM ൽ 1.75 കിലോ മീറ്ററിനുള്ള ചാർജ്ജായി 1,31,250 രൂപ അടവാക്കിയതിനാൽ പ്രസ്തുത തുക മാത്രം കുറക്കേണ്ടുന്നതിന് പകരം ബാക്കിത്തുകയായ 108750 രൂപയുമുൾപ്പെടേ 2,40,000 രൂപയും കുറച്ച് നല്കി. ആയതിന് വിശദീകരണം നൽകേണ്ടതാണെന്നുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ROW Fee For Post/Pole ഇടുന്നതിന് നഗരസഭയ്ക്ക് ലഭിക്കുവാനുള്ള ബാക്കിത്തുകയായ 108750 രൂപ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

A) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 22.05.2018 ലെ DC2/531/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളിലൂടെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ ഇടുന്നതുമായ ബന്ധപ്പെട്ട് റൈറ്റ് ഓഫ് വേ പെർമിഷനു വേണ്ടി ഒരു കിലോമീറ്ററിന് 75000/-രൂപ നിരക്കിൽ ഇലക്ട്രോണിക്സ് വിവരസാങ്കേതികവിദ്യ വകുപ്പ് -ഒറ്റത്തവണ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിശ്ചയിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം 66.28 KM നീളത്തിലാണ് ഒപ്റ്റിക്കൽ കേബിളുകൾ നഗരസഭ പരിധിയിലൂടെ വലിച്ചിട്ടുള്ളത്. ആയത് പ്രകാരം റൈറ്റ് ഓഫ് വേ പെർമിഷനു വേണ്ടി 63.08 കിലോമീറ്ററിന് 75000 രൂപ നിരക്കിൽ 47,31,000 കൂടി ഈടാക്കണമായിരുന്നു. (66.28 KM-3.20 KM =63.08 KM*75000= 47,31,000)എന്നാൽ ആയത് ഈടാക്കിയിട്ടില്ല. കേവലം 3.20 KM ന് മാത്രമാണ് തുക ഈടാക്കിയിട്ടുള്ളത്. ഇപ്രകാരം തുക കുറവായി ഈടാക്കിയതിന് വിശദീകരണം നല്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ റൈറ്റ് ഓഫ് വേ പെർമിഷനു വേണ്ടി 63.08 കിലോമീറ്ററിന് 75000 രൂപ നിരക്കിൽ ഈടാക്കേണ്ടിയിരുന്ന 47,31,000 രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്ന് ഈടാക്കി രസീത് സഹിതം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. അല്ലെങ്കിൽ ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതായിരിക്കും.

B)30.03.2019 ലെ പി.ഡബ്ലി.യു.ചീഫ് എഞ്ചിനീയറുടെ CE/R &B/GL-RC/2/2019 സർക്കുലർ പ്രകാരം റോഡ് റീസ്റ്റോറേഷൻ തുകയുടെ ഫീസുകൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ (Tar Road ) Trenchingയായി 3.20 KM റോഡ് കട്ടിംങ് നടത്തിയിട്ടുണ്ട്. ആയതിന് Restoration Charge ഈടാക്കി കാണുന്നില്ല. ഒരു മീറ്റർ$^2$ ന് 3129.12 രൂപ നിരക്കിലാണ് ഫീസ് ഈടാക്കേണ്ടിയിരുന്നത്. ഫീസ് ഈടാക്കാത്തത് മൂലം (3200M2x 3129.12/m2=10013184) 1,00,13,184 രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. ആയത് പരിശോധിച്ച് വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. നഷ്ടം വന്ന തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്ന് ഈടാക്കി രസീത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

2) 07.01.2021ൽ E2-12984/2020 ഉത്തരവ് പ്രകാരം സെക്രട്ടറി അനുവാദം നൽകിയിട്ടുള്ള ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ റിസ്റ്റോറേഷൻ ചാർജ്ജും, റൈറ്റ് ഓഫ് വേ പെർമിഷൻ -ഒറ്റത്തവണ കോൺട്രിബ്യൂഷനും താഴെപ്പറയും പ്രകാരം കണക്കാക്കിയിട്ടുണ്ട്.

| | |
|---|---|
| UG Cable By Post (Tile Road ) | 20.42 KM |
| UG Cable By Post (Tar Road ) | 60.99KM |
| UG Cable By Trenching HDD(Tar Road ) | 2.23 KM |
| Total | 83.64 KM |

A)No Of Post In Tile Road - 800 Nos 800x1m= 800m2 (Area Of Restoration)

B) UG Cable By Trenching HDD( Tar Road ) 2.23kmx1.00 M=2230m2 (“)

ഫീസ് ഈടാക്കിയതിന്റെ വിവരം.

| | മീറ്റർ2 | ഈടാക്കേണ്ട നിരക്ക് | തുക |
|---|---|---|---|
| Restoration Charge For Tar Road Cutting | 2033m2 | 3129.12/m2 | 6361501 |
| Restoration Charge For Tile Road Cutting | 800m2 | 4190.70/m2 | 3352560 |
| Restoration Charge For Trenching (Tar Road) | 2.230m2 | 3129.12/m2 | 6977938 |
| Rent For Post | 2833 Nos | 500 | 1416500 |
| ROW Fee For Post/Pole | 2.23KM | 75000 | 167250 |
| Total | | | 18275749 |

A) ROW Fee For Post/Pole ന്റെ റൈറ്റ് ഓഫ് വേ പെർമിഷന വേണ്ടി ഒരു കിലോമീറ്ററിന് 75000/-രൂപ നിരക്കിൽ 167250 രൂപ ബാങ്ക് ഗ്യാരന്റിയിൽ നിന്ന് ഈടാക്കാമെന്ന മേൽ പരാമർശിച്ചിട്ടുള്ള കമ്മറ്റിത്തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കുന്നതിൽ നിന്ന് സ്ഥാപനത്തെ ഒഴിവാക്കി നൽകിയിട്ടുണ്ട്. ബാക്കിത്തുകയായ 1,81,08,750രൂപ (രസീത് നം 01/120330400325, തീയതി.07.01.2021,ഡി.ഡി നം.307311 തീയതി.04.12.2020) ആയത് ടി സ്ഥാപനത്തിന്റെ ബാങ്ക് ഗ്യാരന്റിയിൽ നിന്ന് അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല

B) മേൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം റൈറ്റ് ഓഫ് വേ പെർമിഷന വേണ്ടി കിലോമീറ്ററിന് 75000 രൂപ നിരക്കിൽ 83.64 കിലോമീറ്ററിന് 62,73,000 രൂപ ഈടാക്കണമായിരുന്നു. എന്നാൽ കേവലം 2.23 KM ന് 1,67,250രൂപ മാത്രമേ ഒറ്റത്തവണ ഫീസായി കണക്കാക്കിയിട്ടുള്ളൂ. 81.41 KM ന് 75000 രൂപ നിരക്കിൽ (83.64 -2.23 = 81.41 ) 61,05,750 രൂപ കൂടി ഈടാക്കണമായിരുന്നു. ഇപ്രകാരം തുക കുറവായി ഈടാക്കിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ടും മേൽ പരാമർശങ്ങൾക്കെല്ലാമായി വിശദീകരണമാവശ്യപ്പെട്ട് കൊണ്ടും 26.07.2022 ൽ നല്കിയ 16 ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകിയില്ല. ആയതിനാൽ ROW Fee For Post/Pole ന്റെ റൈറ്റ് ഓഫ് വേ പെർമിഷന വേണ്ടി ഒരു കിലോമീറ്ററിന് 75000/-രൂപ നിരക്കിൽ 61,05,750 രൂപയും 47,31,000 രൂപയുൾപ്പെടെ ( 61,05,750+ 47,31,000) 1,08,36,750 രൂപയും , (Tar Road ) Trenching 3.20 KM ന് Restoration Charge ഈടാക്കാതിരുന്നതിനാൽ നഷ്ടം വന്നിട്ടുള്ള 1,00,13,184 രൂപയും ഉൾപ്പെടേ 2,08,49,930രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്ന് ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക ബന്ധപ്പെട്ട തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്. കൂടാതെ ROW Fee For Post/Pole ന്റെ ബാക്കിത്തുകയായ (108750 + 167250) 276000 രൂപ ബാങ്ക് ഗ്യാരണ്ടിയിൽ നിന്ന് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് രസീത് സഹിതം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

C)30.03.2019 ലെ പി.ഡബ്ല്യു.യു.ചീഫ് എഞ്ചിനീയറുടെ CE/R &B/GL-RC/2/2019 സർക്കുലർ,GO(MS) NO.59/2020 തീയതി 30.07.2020 എന്നിവ പ്രകാരം റോഡ് റീസ്റ്റോറേഷൻ തുകയുടെ ഫീസുകൾ നിർണ്ണയിച്ചതിൽ ഓരോ ഐറ്റത്തിനും 12% ജി.എസ്.ടി ഉൾപ്പെടെയുള്ള നിരക്കാണ് നിർണ്ണയിച്ചിട്ടുള്ളത്. ആയതിനാൽ മേൽ പ്രവൃത്തിക്കായി സ്ഥാപന അടവാക്കിയ മൊത്തം തുകയിൽ നിന്ന് കേന്ദ്ര- സംസ്ഥാന സർക്കാരുകൾക്ക് നല്കുവാനുള്ള 12% ജി.എസ്.ടി തുക (നഷ്ടത്തുകയിൽ നിന്നുൾപ്പെടെ)കണക്കാക്കി അടിയന്തരമായി പ്രസ്തുത നികുതി ഹെഡിലേക്ക് അടവാക്കേണ്ടതാണ്.

2-2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ 34217/-രൂപയുടെ കുറവ്

2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം- 3 തൊഴിൽ നികുതി നിരക്ക് പട്ടിക പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ ആകെ 34217/- രൂപയുടെ കുറവ് വന്നിട്ടുണ്ട്.
(എ) 2020-21 സാമ്പത്തിക വർഷത്തിലെ 1-ാം അർദ്ധ വർഷത്തിൽ ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ 15,777/-രൂപയുടെ കുറവ് വന്നിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരന്റെ പേര് | 1-ാം അർദ്ധ വർഷ വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| 1 | ക്രിസ്തുജയന്തി പബ്ലിക്ക് സ്കൂൾ, രാജഗിരി വാലി പി.ഒ, കാക്കനാട് | നിഷ വി | 1,14,704 | 1000 | 840 | 160 |
| | | ശരണ്യ ആർ | 1,14,704 | 1000 | 840 | 160 |
| | | അൽഡ്രിൻ ജോർജ്ജ് | 1,05,000 | 1000 | 630 | 370 |
| | | അപർണ്ണ നമ്പൂതിരി | 1,05,000 | 1000 | 630 | 370 |
| | | ചിന്നു ടോം | 1,20,000 | 1000 | 840 | 160 |
| | | ക്രിസ്റ്റീന സാറാ എബ്രാഹം | 1,20,000 | 1000 | 840 | 160 |
| | | പ്രീയ ജെർസൺ | 2,00,000 | 1250 | 1050 | 200 |
| | | അഷ്യ എലിസബത്ത് ജോർജ്ജ് | 91750 | 750 | 420 | 330 |
| | ആകെ | | | | | 1910 |
| 2 | തോംസൺ ഇൻഫോകെയർ, ഇൻഫോപാർക്ക് ഫേസ്2, കാക്കനാട് | റെജിനോൾഡ് ബോബിൻ | 10,00,002 | 1250 | 1042 | 208 |
| | | ആൻ ലീന ടൈറ്റസ് | 3,51,000 | 1250 | 1042 | 208 |

| | | | | | | |
|---|---|---|---|---|---|---|
| | | സുമിത് ശശിധരൻ | 6,15,000 | 1250 | 416 | 834 |
| | | ചിഞ്ചു ജോസ് എ | 3,00,000 | 1250 | 699 | 551 |
| | | കീർത്തി ചന്ദ്രൻ | 2,40,000 | 1250 | 834 | 416 |
| | | റിഞ്ചു കെ ജോസ് | 2,70,000 | 1250 | 834 | 416 |
| | | രഞ്ചു അജിത ഗോപകുമാർ | 3,37,998 | 1250 | 834 | 416 |
| | | എബി ടൈറ്റസ് | 4,50,000 | 1250 | 626 | 624 |
| | | ഹബീബിൻ അലി പി | 2,74,998 | 1250 | 626 | 624 |
| | | റഹീസ മുംതാസ് വി | 3,00,000 | 1250 | 418 | 832 |
| | | അമൃത മാത്യൂ | 2,50,002 | 1250 | 418 | 832 |
| | | ഗ്രീഷ്മ ജി | 4,00,002 | 1250 | 418 | 832 |
| | | അനസ് പി.കെ | 5,37,498 | 1250 | 418 | 832 |
| | | പ്രശാന്ത് എം.പി | 2,50,002 | 1250 | 418 | 832 |
| | | മിഥുൻ ഗോപിനാഥ് | 3,00,000 | 1250 | 418 | 832 |
| | | എലിസബത്ത് തോമസ് | 72000 | 600 | 330 | 270 |
| | | ജോയൽ രാജ് | 1,43,502 | 1250 | 335 | 915 |
| | | അരുൺ സോമൻ | 6,19,998 | 1250 | 418 | 832 |
| | | നീതു ജോർജ്ജ് | 90000 | 750 | 155 | 595 |
| | | ജിത്തു ആന്റണി | 3,04,999 | 1250 | 210 | 1040 |
| | ആകെ | | | | | 12941 |
| 3 | ആക്സിസ് ബാങ്ക് ലി, തൃക്കാക്കര ബ്രാഞ്ച്, സെസ്സ്, കാക്കനാട് | വിഷ്ണു വി.കെ | 4,09,048 | 1250 | 820 | 430 |
| | | ഷീമ ബാലൻ | 2,50,000 | 1250 | 1002 | 248 |
| | | ബെറ്റ്സി മേരി സാജു | 1,50,000 | 1250 | 1002 | 248 |
| | ആകെ | | | | | 926 |
| | മൊത്തം തുക | | | | | 15,777 |

(ബി) 2020-21 സാമ്പത്തിക വർഷത്തിലെ 1-ാം അർദ്ധ വർഷത്തിൽ ഡെന്റ്കെയർ ഡെന്റൽ ലാബ് പ്രൈവറ്റ് ലിമിറ്റഡ്, സെസ്സ്, കൊച്ചി-682037 എന്ന സ്ഥാപനം സമർപ്പിച്ചിരിക്കുന്ന തൊഴിൽ നികുതി നിർണ്ണയ പത്രികയിൽ ജീവനക്കാരുടെ വരുമാനം രേഖപ്പെടുത്തിയിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതിനാൽ 18,440/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തൊഴിൽ നികുതി പത്രിക യിൽ രേഖപ്പെ ടുത്തി യിരിക്കുന്ന പ്രകാരം ഒരു മാസത്തെ ശമ്പളം | തൊഴിൽ നികുതി നിർണ്ണയ പത്രിക പ്രകാരം ആകെ ജോലി ചെയ്തിരിക്കുന്ന കാലയളവ് | തൊഴിൽ നികുതി നിർണ്ണയ പത്രിക യിൽ രേഖപ്പെ ടുത്തി യിരിക്കു ന്ന 6മാസ ത്തെ ശമ്പളം | ജീവന ക്കാരന് ജോലി ചെയ്ത കാലയള വിൽ ലഭിക്കേ ണ്ട ആകെ ശമ്പളം | ഈടാ ക്കിയ തുക | ഈടാ ക്കേണ്ട തുക | തൊഴിൽ നികുതി ഈടാക്കി യതിലെ കുറവ് |
|---|---|---|---|---|---|---|---|---|
| 1 | Peter Tiju M O | 19725 | 3 മാസം 14 ദിവസം | 0 | 68380 | 0 | 600 | 600 |
| 2 | Sabeesh P Varghese | 21700 | 3 മാസം 14 ദിവസം | 0 | 75226 | 0 | 750 | 750 |
| 3 | Remya Joju | 17350 | 3 മാസം 14 ദിവസം | 0 | 60146 | | 600 | 600 |
| 4 | Regimol | 14150 | 3 മാസം | 0 | 42450 | 0 | 300 | 300 |
| 5 | Priyanka Antony | 14650 | 3 മാസം | 1690 | 43950 | 0 | 300 | 300 |
| 6 | Litty Mathew | 14500 | 3 മാസം | 3067 | 43500 | 0 | 300 | 300 |
| 7 | Betsi Baby | 16900 | 3 മാസം | 0 | 50700 | 0 | 450 | 450 |
| 8 | Blasi C M | 15650 | 3 മാസം 12 ദിവസം | 0 | 53210 | 0 | 450 | 450 |
| 9 | Dani Varghese | 15650 | 3 മാസം 12 ദിവസം | 0 | 53210 | 0 | 450 | 450 |
| 10 | Jely Roy | 14300 | 3 മാസം 12 ദിവസം | 0 | 48620 | 0 | 450 | 450 |
| 11 | Joicy Varghese | 17350 | 3 മാസം | 0 | 52050 | 0 | 450 | 450 |
| 12 | Mary M Yohannan | 13750 | 3 മാസം | 0 | 41250 | 0 | 300 | 300 |
| 13 | Merin Sabeesh | 15450 | 3 മാസം 14 ദിവസം | 0 | 53560 | 0 | 450 | 450 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 14 | Priya Joyson | 18800 | 3 മാസം 14 ദിവസം | 0 | 65173 | 0 | 600 | 600 |
| 15 | Reena M John | 13300 | 3 മാസം 12 ദിവസം | 0 | 45220 | 0 | 450 | 450 |
| 16 | Sani | 14000 | 3 മാസം 12 ദിവസം | 0 | 47600 | 0 | 450 | 450 |
| 17 | Sani P M | 15650 | 3 മാസം 12 ദിവസം | 0 | 53210 | 0 | 450 | 450 |
| 18 | Shaibi Kurian | 16800 | 3 മാസം 12 ദിവസം | 0 | 57120 | 0 | 450 | 450 |
| 19 | Sheona Sebastian | 16800 | 3 മാസം | 0 | 50400 | 0 | 450 | 450 |
| 20 | Shini Anil | 15550 | 3 മാസം | 0 | 46650 | 0 | 450 | 450 |
| 21 | Jincy K K | 15500 | 3 മാസം | 0 | 46500 | 0 | 450 | 450 |
| 22 | Binil Kuriakose | 22200 | 3 മാസം | 21773 | 66600 | 180 | 600 | 420 |
| 23 | Libin Joseph V A | 16400 | 3 മാസം | 630 | 49200 | 0 | 450 | 450 |
| 24 | Reenu Varghese | 13250 | 3 മാസം | 0 | 39750 | 0 | 300 | 300 |
| 25 | Slevin Mathew | 22700 | 3 മാസം | 22700 | 68100 | 180 | 600 | 420 |
| 26 | Saly Varghese | 11550 | 3 മാസം | 444 | 34650 | 0 | 300 | 300 |
| 27 | Nithin P Andrews | 21100 | 3 മാസം 14 ദിവസം | 0 | 73140 | 0 | 600 | 600 |
| 28 | Sanal C K | 13500 | 3 മാസം | 10730 | 46500 | 0 | 450 | 450 |
| 29 | Shainy Cherian | 12350 | 3 മാസം | 0 | 37050 | 0 | 300 | 300 |
| 30 | Remy M A | 11000 | 3 മാസം | 0 | 33000 | 0 | 300 | 300 |
| 31 | Asha Roshan | 11000 | 3 മാസം 12 ദിവസം | 0 | 37400 | 0 | 300 | 300 |
| 32 | Deepu Dileep | 11500 | 3 മാസം | 884 | 34500 | 0 | 300 | 300 |
| 33 | Sindu P P | 48900 | 3 മാസം | 0 | 146700 | 0 | 1250 | 1250 |
| 34 | Merin Issac | 15500 | 3 മാസം | 0 | 46500 | 0 | 450 | 450 |
| 35 | Abcy Thomas | 16750 | 3 മാസം 14 ദിവസം | 0 | 58066 | 0 | 450 | 450 |
| 36 | Greeshma Joy | 14700 | 3 മാസം | 3675 | 44100 | 0 | 300 | 300 |
| 37 | Neenu Baby | 13500 | 3 മാസം | 1558 | 40500 | 0 | 300 | 300 |
| 38 | Neenu Jose | 13850 | 3 മാസം | 0 | 41550 | 0 | 300 | 300 |
| 39 | Ambili T John | 14475 | 3 മാസം 14 ദിവസം | 0 | 50200 | 0 | 450 | 450 |
| 40 | Bindu Mathew | 15825 | 3 മാസം | 0 | 47475 | 0 | 450 | 450 |
| 41 | Shibi Alias | 17750 | 3 മാസം | 5462 | 53250 | 0 | 450 | 450 |
| 42 | Sini Thomas | 14000 | 3 മാസം | 10230 | 42000 | 0 | 300 | 300 |
| ആകെ | | | | | | 360 | 18800 | 18440 |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ചട്ടങ്ങൾ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 05.08.2022 ലെ എൻക്വയറി നം. 89, 08.08.2022 ലെ എൻക്വയറി നം. 107 എന്നിവ പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മുകളിൽ സൂചിപ്പിച്ചിട്ടുള്ള പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന തുകയായ 34,217/- രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 സൂപ്പർമാർക്കറ്റ് കെട്ടിടത്തിന് ഉപയോഗക്രമത്തിനനുസരിച്ചുള്ള നികുതി നിർണ്ണയിച്ചില്ല - നികുതി നഷ്ടം

തൃക്കാക്കര നഗരസഭയിൽ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്രമീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് ചതുരശ്രമീറ്ററിന് 75/-രൂപയും, വാണിജ്യാവശ്യത്തിനുള്ള 200 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയുടെ അടിസ്ഥാന നിരക്ക് ചതുരശ്രമീറ്ററിന് 110/-രൂപയുമാണ്. എന്നാൽ നഗരസഭയുടെ അസസ്സ്മെന്റ് രജിസ്റ്ററിലും സഞ്ചയയിലും 220.76 ച.മീറ്റർ വിസ്തീർണ്ണമുള്ള ശ്രീ.രവി ജേക്കബ്, ട്രിനിറ്റി എൻക്ലവ്,കാക്കനാട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 5/1399-ാം നമ്പർ കെട്ടിടത്തിന്റെ ഉപയോഗക്രമം സൂപ്പർമാർക്കറ്റ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വസ്തു നികുതി നിർണയത്തിൽ അടിസ്ഥാന നിരക്കായ 110/-രൂപക്ക് പകരം 75/-രൂപ കണക്കാക്കിയിരിക്കുന്നതിനാൽ വസ്തുനികുതി ഇനത്തിൽകുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയിക്കേണ്ടിയിരുന്നത് |
|---|---|---|
| തറവിസ്തീർണ്ണം (M2) | 220.76 | 220.76 |
| അടിസ്ഥാന വസ്തു നികുതി | 220.76 X 75 = 16557 | 220.76 X 110 = 24284 |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് - 20% | 3312 | 4857 |
| ആകെ വസ്തുനികുതി | 19869 | 29141 |
| ലൈബ്രറി സെസ്സ് - 5% | 994 | 1457 |
| സർചാർജ്ജ് - 10% | 1987 | 2914 |
| ആകെ നികുതി | 22850 | 33512 |

| നികുതി നിർണ്ണയത്തിൽ വന്ന ആകെ കുറവ് | 33512 – 22850 = 10662 |
|---|---|

മേൽ പരാമർശ പ്രകാരം സൂപ്പർമാർക്കറ്റ് ഉപയോഗ ക്രമത്തിലുള്ള കെട്ടിടത്തിന്റെ വസ്തുനികുതി കുറവായി നിർണ്ണയിച്ചതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (55/01.08.2022)മറുപടി ലഭ്യമാക്കിയില്ല. നഷ്ട തുകയായ 10662/-രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും നാളിതുവരെയുള്ള കുടിശ്ശിക ഈടാക്കി രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 കെട്ടിടങ്ങൾ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു; നികുതിയിൽ കുറവ്

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറ നിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. കെട്ടിട ഉടമകൾ വാണിജ്യാവശ്യത്തിനുള്ള വലിയ കെട്ടിടങ്ങളെ സൗകര്യാർത്ഥം ഒന്നിലധികം മുറികളായി തിരിക്കുന്നത് കേരള മുനിസിപ്പാലിറ്റി നിയമപ്രകാരം അനുവദനീയമാണ്. എന്നാൽ ഓരോ മുറിക്കും പ്രത്യേകം വസ്തുനികുതി നിശ്ചയിക്കുന്നതിനു നിയമത്തിൽ വ്യവസ്ഥയില്ല. ഇപ്രകാരം ചെയ്യുന്നത് നികുതി കുറയാൻ ഇടയാക്കും. എന്നാൽ നഗരസഭയിൽ വലിയ കെട്ടിടങ്ങളെ വിഭജിച്ച്, ഓരോ ഭാഗത്തിനും പ്രത്യേകം നികുതി നിർണ്ണയം നടത്തിയതിനാൽ നഗരസഭയ്ക്ക് വരുമാനനഷ്ടമുണ്ടായതായി കാണുന്നു. വിശദാംശങ്ങൾ ഭാഗം 2 ൽ 2-4 ആയി ചേർത്തിരിക്കുന്നു.

തൃക്കാക്കര നഗരസഭയിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 75 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ, ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിച്ചത് മൂലം താഴെ പറയുന്ന 100 ച.മീ യിൽ കൂടുതലുള്ള കെട്ടിടങ്ങളിൽ നിന്നും 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. 2020-21 സാമ്പത്തിക വർഷം മേൽ പരാമർശിച്ച പ്രകാരം നികുതി നിർണ്ണയം നടത്തിയ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമയുടെ പേര് | വാർഡ് നം/കെട്ടിട നമ്പർ | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (Rs.50/ ച.മീ.) | ആകെ | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി (Rs.75/ ച.മീ.) | അടിസ്ഥാന വസ്തുനികുതിയിൽ വന്ന കുറവ് |
|---|---|---|---|---|---|---|---|---|
| 1 | കെ.എസ്.രാമചന്ദ്രൻ & രാജ്. ആർ സാരഥി വീട്ടിൽ, പാലാരിവട്ടം | 6/1935 | 68.6 | 3430 | 10740 | 214.8 | 16110 | 5370 |
| | | 6/1936 | 68.6 | 3430 | | | | |
| | | 6/1937 | 77.6 | 3880 | | | | |
| 2 | എൽദോ ജോർജ് | 6/2000 | 28.8 | 1440 | 9443 | 188.85 | 14164 | 4721 |
| | | 6/2001 | 21.45 | 1073 | | | | |
| | | 6/2002 | 33.48 | 1674 | | | | |
| | | 6/2005 | 26.28 | 1314 | | | | |
| | | 6/2006 | 26.28 | 1314 | | | | |
| | | 6/2007 | 26.28 | 1314 | | | | |
| | | 6/2008 | 26.28 | 1314 | | | | |
| 3 | എൽദോ ജോർജ് | 6/2022 | 79.96 | 3998 | 11016 | 220.32 | 16524 | 5508 |
| | | 6/2023 | 79.96 | 3998 | | | | |
| | | 6/2024 | 30.2 | 1510 | | | | |
| | | 6/2025 | 30.2 | 1510 | | | | |
| 4 | നിജ ഇയുൻ കാക്കനാട് | 7/904 | 39.77 | 1989 | 9945 | 198.89 | 14917 | 4972 |
| | | 7/905 | 39.78 | 1989 | | | | |
| | | 7/906 | 39.78 | 1989 | | | | |
| | | 7/907 | 39.78 | 1989 | | | | |
| | | 7/908 | 39.78 | 1989 | | | | |
| 5 | വേലായുദ്ധൻ കാക്കനാട്, തേങ്ങോട് | 8/3511 | 53.75 | 2688 | 5375 | 107.5 | 8063 | 2688 |
| | | 8/3512 | 53.75 | 2688 | | | | |
| 6 | ഐസക് ജോൺ & ഗീതാ ഐസക് കിഴക്കേകരയിൽ ഹൌസ്, കാക്കനാട് | 16/3972 | 15.56 | 778 | 39068 | 781.36 | 58602 | 19534 |
| | | 16/3973 | 15.56 | 778 | | | | |
| | | 16/3974 | 83.36 | 4168 | | | | |
| | | 16/3975 | 83.36 | 4168 | | | | |
| | | 16/3976 | 83.36 | 4168 | | | | |
| | | 16/3977 | 83.36 | 4168 | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | 16/3978 | 83.36 | 4168 | | | | |
| | | 16/3979 | 83.36 | 4168 | | | | |
| | | 16/3980 | 83.36 | 4168 | | | | |
| | | 16/3981 | 83.36 | 4168 | | | | |
| | | 16/3982 | 83.36 | 4168 | | | | |
| 7 | ശ്രീനിവാസൻ പി.പി (പൈനാക്കിൽ ഹൌസ്,കാക്കനാട്) | 15/925 | 63.05 | 3153 | 6306 | 126.1 | 9458 | 3152 |
| | | 15/926 | 63.05 | 3153 | | | | |
| 8 | അലിമൂപ്പൻ(സാമനിസ മൻസിൽ,കാക്കനാട്) | 15/955 | 52.06 | 2603 | 7811 | 156.2 | 11715 | 3904 |
| | | 15/956 | 52.07 | 2604 | | | | |
| | | 15/957 | 52.07 | 2604 | | | | |
| 9 | അലിബാവ നെട്ടംകുളങ്ങരമല, കാക്കനാട് | 15/966 | 22.81 | 1141 | 6000 | 120 | 9000 | 3000 |
| | | 15/967 | 23.9 | 1195 | | | | |
| | | 15/968 | 23.9 | 1195 | | | | |
| | | 15/969 | 23.9 | 1195 | | | | |
| | | 15/970 | 25.49 | 1275 | | | | |
| 10 | ഉമാദേവി കെ &കിരൺ കിഷോർ നായർ കാക്കനാട് | 15/972 | 99.96 | 4998 | 9996 | 199.92 | 14994 | 4998 |
| | | 15/973 | 99.96 | 4998 | | | | |
| ആകെ | | | | | 115701 | | 173565 | 57847 |

ഇതു സംബന്ധിച്ച് 05.08.2022ൽ ഓഡിറ്റ് എൻക്വയറി (നം.90) നൽകിയെങ്കിലും സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. വസ്തു നികുതിയിനത്തിൽ കുറവ് വന്ന തുകയായ 57,847/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗുണഭോക്തൃവിഹിതം ഈടാക്കിയില്ല - നഷ്ടം 4,02,785/-രൂപ

A)

| | |
|---|---|
| പ്രോജക്ട് നം , പ്രോജക്ടിന്റെ പേര് | 349/21, ഉറവിട മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ |
| അടങ്കൽ, ഫണ്ട് | 63,00,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>41,94,000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>75,06,000/- (തനത് ഫണ്ട്)<br>ആകെ- 1,80,00,000/- |
| ചെക്ക് നം,തീയതി, ചെലവ് തുക | 1)ചെക്ക് നം152479, തീ.13.11.2020, തുക 10,13,880/-<br>2)ചെക്ക് നം152480, തീ.27.11.2020, തുക 5,59,796/-<br>3)ചെക്ക് നം396902, തീ.27.11.2020, തുക 11,424/-<br>4)ചെക്ക്നം396903, തീ.03.03.2021, തുക 5,13,128/-<br>5)ചെക്ക്നം396904, തീ.03.03.2021, തുക 10,492/-<br>6)ചെക്ക്നം396912, തീ.23.03.2021, തുക 15,97,694/-<br>7)ചെക്ക്നം396913, തീ.23.03.2021, തുക 32,646/-<br>ആകെ ചെലവ് തുക – 27,25,100/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് ഇൻസ്പെക്ടർ ,തൃക്കാക്കര നഗരസഭ |

തൃക്കാക്കര നഗരസഭ പരിധിയിൽ ഉറവിട മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്. 2019-20 സാമ്പത്തിക വർഷത്തിൽ 183/20 പ്രോജക്ട് നമ്പറിൽ ആരംഭിക്കുകയും തൻവർഷം നടപ്പിലാക്കി 2021-22 ലേക്ക് സ്പിൽ ഓവറായിട്ടുള്ള പദ്ധതിയാണിത്. 06.03.2020 ലെ 40ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ ഈ പദ്ധതിക്ക് അംഗീകാരം നല്കിയിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ,ആലുവ വഴിയാണ് ഈ പദ്ധതി നഗരസഭയിൽ നടപ്പിലാക്കിയിട്ടുള്ളത്. ഈ സ്ഥാപനവുമായിട്ടുള്ള കരാറിലെ 8.1 ക്ലോസ് പ്രകാരം പദ്ധതി അടങ്കലിന്റെ 20% തുക മുൻകൂറായി ടി സ്ഥാപനത്തിന് 13.11.2020 തീയതിലെ 152479 ചെക്ക് നമ്പർ പ്രകാരം 10,13,880/- രൂപ നല്കിയിട്ടുണ്ട്. കൂടാതെ 2020-21 സാമ്പത്തിക വർഷത്തിൽ നഗരസഭ പരിധിയിലെ വിവിധ ഗുണഭോക്താക്കൾക്ക് 229 ബയോഗ്യാസ് പ്ലാന്റുകൾ 11,900/-രൂപ നിരക്കിൽ 0.75m3 വാട്ടർ ജാക്കറ്റുള്ള ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. ആയത് വഴി മേൽ പരാമർശിച്ചിട്ടുള്ള ബില്ലുകൾ പ്രകാരം 27,25,100/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെച്ചേർത്തിട്ടുള്ള പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കൗൺസിൽ അംഗീകരിച്ചിട്ടുള്ള ഗുണഭോക്തൃലിസ്റ്റ് ഫയലിൽ ലഭ്യമല്ല.

2) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31.12.2018 ലെ സർക്കാർ ഉത്തരവ് (സാധാ) 3281/2018 പ്രകാരം ഖരമാലിന്യ സംസ്കരണ സംവിധാനം-ഗാർഹികതലം -കമ്പോസ്റ്റ് ആന്റ് ബയോമെതനേഷൻ ബയോഗ്യാസ് പ്ലാന്റ് നല്കുന്നതുമായി ബന്ധപ്പെട്ട് ഗുണഭോക്തൃവിഹിതം അർബൻ 50% ത്തിൽ നിന്ന് 10% ആയി കുറയ്ക്കുകയും യൂണിറ്റ് കോസ്റ്റിന്റെ 10% ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതമായി ഈടാക്കേണ്ടതുമാണ്. എന്നാൽ (11900x229=27,25,100) 229 ഗുണഭോക്താക്കളിൽ നിന്ന് 10% ഗുണഭോക്തൃവിഹിതം ഈടാക്കാത്തത് കാരണം 2,72,510/-രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.

3) 1500 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകുന്നതിനാണ് 1,80,00,000/- രൂപ അടങ്കലായി ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെങ്കിലും 2019-20 മുതൽ 2020-21 കാലയളവ് വരെ 229 ഗുണഭോക്താക്കൾക്ക് മാത്രമാണ് ആനുകൂല്യം നൽകിയത്.

4) 2019-20 സാമ്പത്തിക വർഷത്തിൽ 183/20 എന്ന പ്രോജക്ട് നമ്പറിൽ ആവിഷ്കരിച്ചിട്ടുള്ളതും,2020-21 സാമ്പത്തിക വർഷം സ്പിൽ ഓവർ ആയിട്ടുള്ളതുമായ 349/21 എന്ന നമ്പറിലുള്ള പദ്ധതിയ്ക്ക് തനത് ഫണ്ടിൽ നിന്ന് 1,80,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ 20-21 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം 37,38,980 രൂപ ചെലവ് വന്നിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ പ്രസ്തുത ചെലവ് വന്നിട്ടുള്ളതായി കാണുന്നില്ല.

B) റിംങ് കമ്പോസ്റ്റ് സ്ഥാപിക്കൽ -ഗുണോക്തൃവിഹിതം ഈടാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം ,പ്രോജക്ടിന്റെ പേര് | 350/21,റിംങ് കമ്പോസ്റ്റ് യൂണിറ്റ് |
| അടങ്കൽ, ഫണ്ട് | 437500 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>291250 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>521250 (തനത് ഫണ്ട്)<br>ആകെ 12,50,000 |
| ചെക്ക് നം,തീയതി,<br>ചെലവ് തുക | 1)ചെക്ക് നം152428, തീ.13.11.2020, തുക 2,43,500/-<br>2)ചെക്ക് നം396908 തീ.12.03.2021, തുക 4,85,250/-<br>3)ചെക്ക്നം.403151, തീ.23.03.2021, തുക 48,850/-<br>4)ചെക്ക്നം403189, തീ.31.03.2021, തുക 3,22,450/-<br>5)GST(ചെക്ക് നം,തീയതി 22450 ഫയലിൽ ലഭ്യമല്ല)<br>ആകെ 11,22,500/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് ഇൻസ്പെക്ടർ ,തൃക്കാക്കര നഗരസഭ |

തൃക്കാക്കര നഗരസഭ പരിധിയിൽ ഉറവിട മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി റിംങ് കമ്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്. 2019-20 സാമ്പത്തിക വർഷം 185/20 പ്രോജക്ട് നമ്പറിൽ ആരംഭിക്കുകയും തൻവർഷം നടപ്പിലാക്കിയിട്ടുമുള്ള പദ്ധതിയാണിത്. 17.03.2020 ലെ 40ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ ഈ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ,ആലുവ വഴിയാണ് ഈ പദ്ധതി നഗരസഭയിൽ നടപ്പിലാക്കിയിട്ടുള്ളത്. ഈ സ്ഥാപനവുമായിട്ടുള്ള കരാറിലെ 8.1 ക്ലോസ് പ്രകാരം പദ്ധതി അടങ്കലിന്റെ 20% തുക മുൻകൂറായി ടി സ്ഥാപനത്തിന് 13.11.2020തീയതിലെ 152428 ചെക്ക് നമ്പർ പ്രകാരം 2,43,500/- രൂപ നൽകിയിട്ടുണ്ട്. കൂടാതെ 2020-21 സാമ്പത്തിക വർഷത്തിൽ നഗരസഭ പരിധിയിലെ വിവിധ ഗുണഭോക്താക്കൾക്ക് 449 റിംങ് കമ്പോസ്റ്റുകൾ ഒരെണ്ണത്തിന് 2,500/- രൂപ നിരക്കിൽ ഗുണഭോക്താക്കൾക്ക് നിർമ്മിച്ച് നൽകിയിട്ടുണ്ട്. ആയത് വഴി മേൽ പരാമർശിച്ചിട്ടുള്ള അഡ്വാൻസ് തുകയടക്കം 11,22,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെച്ചേർത്തിട്ടുള്ള പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കൗൺസിൽ അംഗീകരിച്ചിട്ടുള്ള ഗുണഭോക്തൃലിസ്റ്റ് ഫയലിൽ ലഭ്യമല്ല.

2) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31.12.2018 ലെ സർക്കാർ ഉത്തരവ് (സാധാ) 3281/2018 പ്രകാരം ഖരമാലിന്യ സംസ്കരണ സംവിധാനം-ഗാർഹികതലം -കമ്പോസ്റ്റ് ആന്റ് ബയോമെതനേഷൻ റിംങ് കമ്പോസ്റ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് ഗുണഭോക്തൃവിഹിതം അർബൻ 50% ത്തിൽ നിന്ന് 10% ആയി കുറയ്ക്കുകയും യൂണിറ്റ് കോസ്റ്റിന്റെ 10% ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതമായി ഈടാക്കേണ്ടതുമാണ്. എന്നാൽ (2500x449 = 11,22,500) 449 ഗുണഭോക്താക്കളിൽ നിന്ന് 10% ഗുണഭോക്തൃവിഹിതം ഈടാക്കാത്തത് മൂലം 1,12,250/-രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.

3) 2019-20 സാമ്പത്തിക വർഷത്തിൽ 185/20 എന്ന പ്രോജക്ട് നമ്പറിൽ ആവിഷ്കരിച്ചിട്ടുള്ളതും, 2020-21 സാമ്പത്തിക വർഷം സ്പിൽ ഓവർ ആയിട്ടുള്ളതുമായ 350/21 എന്ന നമ്പറിലുള്ള പദ്ധതിയ്ക്കായി 12,50,000/-രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം 11,22,500/-രൂപ ചെലവ് വന്നിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ പ്രസ്തുത ചെലവ് വന്നിട്ടുള്ളതായി കാണുന്നില്ല.

C) ബയോ കമ്പോസ്റ്റ് സ്ഥാപിക്കൽ -ഗുണോക്തൃവിഹിതം ഈടാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം ,പ്രോജക്ടിന്റെ പേര് | 253/21,ബയോ കമ്പോസ്റ്റർ നൽകൽ<br>(ഉറവിട മാലിന്യ സംസ്കരണം) |
| അടങ്കൽ, ഫണ്ട് | 32,40,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>3,60,000/- (മറ്റുള്ളവ )<br>ആകെ- 36,00,000/- |
| ബിൽ നം,തീയതി, ചെലവ് തുക | 75/20, തീ 28.04.2020, 13,14,250 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് ഇൻസ്പെക്ടർ ,തൃക്കാക്കര നഗരസഭ |

(ഫയൽ നം H2-25736/2019 തീ 18.03.2020)

തൃക്കാക്കര നഗരസഭ പരിധിയിൽ ഉറവിട മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി ബയോ കമ്പോസ്റ്റുകൾ

സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്. 2019-20 സാമ്പത്തിക വർഷം 500/20 പ്രോജക്ട് നമ്പറിൽ ആരംഭിക്കുകയും തൻവർഷം നടപ്പിലാക്കിയിട്ടുമുള്ള പദ്ധതിയാണിത്. 06.03.2020 ലെ 40ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ ഈ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ,ആലുവ വഴിയാണ് ഈ പദ്ധതി നഗരസഭയിൽ നടപ്പിലാക്കിയിട്ടുള്ളത്. ഈ സ്ഥാപനവുമായിട്ടുള്ള കരാറിലെ 8.1 ക്ലോസ് പ്രകാരം പദ്ധതി അടങ്കലിന്റെ 20% തുക മുൻകൂറായി ടി സ്ഥാപനത്തിന് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് നൽകിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്. ഈ പദ്ധതി വഴി 2020-21 സാമ്പത്തിക വർഷത്തിൽ നഗരസഭ പരിധിയിലെ വിവിധ ഗുണഭോക്താക്കൾക്ക് 751 ബയോ കമ്പോസ്റ്റുകൾ ഒരെണ്ണത്തിന് 1750/-രൂപ നിരക്കിൽ ഗുണഭോക്താക്കൾക്ക് നിർമ്മിച്ച് നൽകിയിട്ടുണ്ട്. ആയത് വഴി മേൽ പരാമർശിച്ചിട്ടുള്ള ചെലവുകൾ പ്രകാരം 13,41,250/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധയിയുമായി ബന്ധപ്പെട്ട് താഴെച്ചേർത്തിട്ടുള്ള പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കൗൺസിൽ അംഗീകരിച്ചിട്ടുള്ള ഗുണഭോക്തൃലിസ്റ്റ് ഫയലിൽ നിന്ന് ലഭ്യമല്ല.

2) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31.12.2018 ലെ സർക്കാർ ഉത്തരവ് (സാധാ) 3281/2018 പ്രകാരം ഖരമാലിന്യ സംസ്കരണ സംവിധാനം-ഗാർഹികതലം -കമ്പോസ്റ്റ് ആന്റ് ബയോമെതനേഷൻ റിംഗ് കമ്പോസ്റ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് ഗുണഭോക്തൃവിഹിതം അർബൻ 50% ത്തിൽ നിന്ന് 10% ആയി കുറയ്ക്കുകയും യൂണിറ്റ് കോസ്റ്റിന്റെ 10% ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതമായി ഈടാക്കേണ്ടതുമാണ്. എന്നാൽ ബയോ കമ്പോസ്റ്റുകൾ നൽകിയ ഇനത്തിൽ 648 ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതമായി 1,14,300 രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ 751 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. 103 ഗുണഭോക്താക്കളിൽ നിന്ന് ഇനിയും 10% ഗുണഭോക്തൃവിഹിതം ഈടാക്കാത്തത് മൂലം 18,025/-രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. 10% ഗുണഭോക്തൃവിഹിതം അടവാക്കുന്നതിലൂടെ പദ്ധതി നടപ്പിലാക്കുന്നതിനായാണ് ഡി.പി.സി അംഗീകാരം നൽകിയിട്ടുള്ളത്.

മേൽ പദ്ധതികളുമായി ബന്ധപ്പെട്ട അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 27.07.2022, 30.07.2022.01.08.2022 തീയതികളിലായി നൽകിയ 19,34,65 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പരാമർശിച്ചിട്ടുള്ള പദ്ധതികളിൽ നിന്ന് ഗുണഭോക്തൃവിഹിതമായി ഈടാക്കേണ്ടിയിരുന്ന (2,72,510 + 1,12,250 + 18,025) 4,02,785/-രൂപ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ, ഗുണഭോക്താക്കളിൽ നിന്നോ ഈടാക്കേണ്ടതാണ്.

3-2 ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധിക തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല

01.11.2017 ലെ സ.ഉ (അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ജി.എസ്.ടി ചട്ടങ്ങൾ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളായ റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ, കൾവർട്ടുകൾ തുടങ്ങിയവയുടെ DSR പ്രകാരമുള്ള എസ്റ്റിമേറ്റ് നിരക്കുകൾ വിശകലനം ചെയ്തിട്ടുള്ളതിനാൽ ആയതിന്റെ നെറ്റ് ജി.എസ്.ടി. കോമ്പൻസേഷൻ മേൽ പരാമർശിച്ച സർക്കാർ ഉത്തരവിൽ Additional Tax Burden On Works Awarded At Pre GST Tax Rates എന്ന ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പട്ടിക പ്രകാരമുള്ള Extra Tax Burden Under GST അനുവദിക്കാവുന്നതാണ്. മരാമത്ത് പ്രവൃത്തികളുടെ ബില്ല് തയ്യാറാക്കുമ്പോൾ Tender Excess/deduction വരുത്തിയതിനു ശേഷമുള്ള Net Amount-ന്റെ കൂടെ പട്ടിക പ്രകാരമുള്ള ജി.എസ്.ടി. കോമ്പൻസേഷൻ ശതമാന കണക്കിൽ അധികമായി കൂട്ടി നൽകാവുന്നതാണ്. പട്ടിക പ്രകാരം Masonry Building (New And Maintanance) പ്രവൃത്തികൾക്ക് അനുവദനീയമായ ജി.എസ്.ടി. കോമ്പൻസേഷൻ 5 ശതമാനവും Bituminous Topping Road Work (Bitumen Contractor Supply) പ്രവൃത്തികൾക്ക് അനുവദനീയമായ ജി.എസ്.ടി കോമ്പൻസേഷൻ 3 ശതമാനവും ആണ്. ഈ ഉത്തരവ് പ്രകാരം സിമന്റ് കോൺക്രീറ്റ് റോഡുകൾ ഉൾപ്പെടുന്ന സിമന്റ് കോൺക്രീറ്റ് പ്രവൃത്തികൾക്കുള്ള Extra Tax Burden '0' ആണ്.
തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 27.11.2017 ലെ ഡിബി3/9058/17/സിഇ/തസ്വഭവ നമ്പർ സർക്കുലറിൽ അനുബന്ധം-1 ആയി ഉൾപ്പെടുത്തിയ പട്ടിക (01.11.2017 ലെ സ.ഉ (അച്ചടി) നം. 87/2017/തസ്വഭവ ഉത്തരവിൽ Additional Tax Burden On Works Awarded At Pre GST Tax Rates എന്ന ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പട്ടിക പ്രകാരമുള്ള) പ്രകാരമുള്ള ജി.എസ്.ടി നഷ്ടപരിഹാരം അനുവദിക്കേണ്ടതാണ് എന്ന് സ്പഷ്ടീകരണവും നൽകിയിട്ടുണ്ട്.

എന്നാൽ നഗരസഭ തൻവർഷം നിർവ്വഹണം നടത്തിയ ഒരു പ്രവൃത്തിയ്ക്ക് (റോഡ് കട്ടവിരിയ്ക്കൽ, കോൺക്രീറ്റിംഗ്) നെറ്റ് ബിൽ തുകയുടെ കൂടെ 12% ജി.എസ്.ടി കോമ്പൻസേഷനും കൂട്ടി കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ചുവടെ പറയുന്ന പ്രവൃത്തികളിൽ സർക്കാർ നിശ്ചയിച്ചതിലും കൂടിയ നിരക്കിൽ കരാറുകാരന് ജി.എസ്.ടി നഷ്ടപരിഹാരം അനുവദിച്ചതിനാൽ തുക അധികം ചെലവഴിച്ചിട്ടുണ്ട്.
1)

| പ്രവൃത്തി, കരാറുകാരൻ, അളവ് പുസ്തകം, കരാർ, തീയതി | കരാറുകാരന് തുക നൽകിയതിന്റെ വിവരം | | അനുവദനീയമായ ജി.എസ്.ടി. കോമ്പൻസേഷൻ നിരക്ക് | പ്രവൃത്തിക്ക് നൽകേണ്ടിയിരുന്ന തുക | | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| മനയ്ക്കക്കടവ് ജി എച്ച് എസ് എസ് റോഡ് ടൈൽ വിരിയ്ക്കൽ, തനത് ഫണ്ട്, മൂസ കെ ഐ, 295/19-20 (ഐറ്റം നിരക്ക്), | ആകെ അളവുമൂല്യം | 1015938 | | ആകെ അളവു മൂല്യം | 1015938 | |
| | (+) 12% GST | 121912 | 0 | GST | 0 | |
| | ആകെ | 1137851 | | ആകെ | 1015938 | |
| | 1%(-) ആദായ നികുതി | 10160 | | (-)ആദായ നികുതി | 10160 | |
| | 1%(-) നിർമ്മാണ ക്ഷേമനിധി | 10160 | | (-)നിർമ്മാണ ക്ഷേമ നിധി | 10160 | |

| | | | | | | |
|---|---|---|---|---|---|---|
| 01.12.18 | 2%(-) ജി എസ് ടി | 20320 | | (-)<br>ജി എസ് ടി | 20320 | |
| | കരാറുകാരന് നൽകിയ തുക | 1097211<br>(ചെക്ക് നം. 361516/ 30.06.20) | | കരാറുകാരന് നൽകേണ്ടിയിരുന്ന തുക | 975298 | 121913 |
| ആകെ | | | | | | 121913 |

2)

| പ്രവൃത്തി, കരാറുകാരൻ, അളവ് പുസ്തകം | കരാറുകാരന് തുക നൽകിയതിന്റെ വിവരം | | അനുവദനീയമായ ജി.എസ്.ടി. കോമ്പൻസേഷൻ നിരക്ക്. | പ്രവൃത്തിക്ക് നൽകേണ്ടിയിരുന്ന തുക | | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| മനയ്ക്കക്കടവ് ജി എച്ച് എസ് എസ് റോഡ് ടൈൽ വിരിയ്ക്കൽ, തനത് ഫണ്ട്, മൂസ കെ ഐ, 295/19-20 (ഐറ്റം നിരക്ക്), 11.12.18 | ആകെ അളവുമൂല്യം | 42273.47 | | ആകെ അളവു മൂല്യം | 42273.47 | |
| | (+) 12% GST | 5072.82 | 0 | GST | 0 | |
| | ആകെ | 47346.29 | | ആകെ | 42273.47 | |
| | 1%(-) ആദായ നികുതി | 423 | | (-)ആദായ നികുതി | 423 | |
| | 1%(-) നിർമ്മാണ ക്ഷേമ നിധി | 423 | | (-)നിർമ്മാണ ക്ഷേമ നിധി | 423 | |
| | കരാറുകാരന് നൽകിയ തുക | 46500/-<br>(ചെക്ക് നം. 361522/ 02.07.20) | | കരാറുകാരന് നൽകേണ്ടിയിരുന്ന തുക | 41427.47 | 5073 |
| ആകെ | | | | | | 5073/- |

3)

| പ്രവൃത്തി, കരാറുകാരൻ, അളവ് പുസ്തകം | കരാറുകാരന് തുക നൽകിയതിന്റെ വിവരം | | അനുവദനീയമായ ജി.എസ്.ടി. കോമ്പൻസേഷൻ നിരക്ക്. | പ്രവൃത്തിക്ക് നൽകേണ്ടിയിരുന്ന തുക | | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| ചിന്നമ്പിള്ളിച്ചിറ ബൈ റോഡ് കട്ടവിരിയ്ക്കൽ, തനത് ഫണ്ട്, പി കെ അബ്ദുൾ റസാക്ക്, 311/19-20 (ഐറ്റം നിരക്ക്), 15.01.19 | ആകെ അളവുമൂല്യം | 472728.90 | | ആകെ അളവു മൂല്യം | 472728.90 | |
| | (+) 12% GST | 56727.40 | 0 | GST | 0 | |
| | ആകെ | 529456 | | ആകെ | 472728.90 | |
| | 2%(-) ജി എസ് ടി | 9456 | | ജി എസ് ടി | 9456 | |
| | 1%(-) ആദായ നികുതി | 4728 | | (-)ആദായ നികുതി | 4728 | |
| | 1%(-) നിർമ്മാണ ക്ഷേമ നിധി | 4728 | | (-)നിർമ്മാണ ക്ഷേമ നിധി | 4728 | |
| | കരാറുകാരന് നൽകിയ തുക | 510544/-<br>(ചെക്ക് നം. 361660/ 13.08.20) | | കരാറുകാരന് നൽകേണ്ടിയിരുന്ന തുക | 453817/- | 56727 |
| ആകെ | | | | | | 56,727/- |

സർക്കാർ ഉത്തരവിന് വിരുദ്ധമായി അധിക നിരക്കിൽ നൽകിയ ജി.എസ്.ടി കോമ്പൻസേഷൻ തുക (121912+5073+56727=183712/-രൂപ) മേൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരനിൽ നിന്നോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ് (എൻക്വയറി-49/31.07.22, 63/01.08.22, 75/03.08.22)

3-3 കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കി പ്രവൃത്തി നടത്തി-52810/-രൂപ നഷ്ടം

| | |
|---|---|
| ഫയൽ നമ്പർ | E1-20722/19 |

| | |
|---|---|
| പ്രവൃത്തി | 11-ാം വാർഡിലെ എം ഒ പി റോഡ് ടൈൽ വിരിയ്ക്കൽ |
| കരാറുകാരൻ | ഷാബിൻ ഇബ്രാഹിം എ ഇ |
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| അടങ്കൽ | 6,00,000 |
| ചെലവ് തുക | 5,79,849/- |
| ചെക്ക് നമ്പർ | 361613/04.08.2020 |

ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിനായി കരാർ ക്ഷണിച്ചതിൽ മൂന്ന് കരാറുകാർ പങ്കെടുത്തതിൽ ഷാബിൻ ഇബ്രാഹിം എ.ഇ എന്ന കരാറുകാരന് പ്രവൃത്തി നിർവ്വഹിക്കുന്നതിനായി അനുമതി നൽകി. എന്നാൽ ഈ കരാറുകാരൻ ചെയ്ത മേൽ പ്രവൃത്തിയിലെ ഒരിനം ചെയ്തില്ല. എന്നാൽ ഈ പ്രവൃത്തിയിലെ മറ്റിനങ്ങൾക്ക് കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഷെഫിൻ എന്ന കരാറുകാരന്റെ ടെണ്ടർ പരിഗണിച്ചുമില്ല. ആയതിനാൽ ഷാബിൻ എന്ന കരാറുകാരന് താഴെപ്പറയും വിധം അധിക തുക നൽകാനിടയായിട്ടുണ്ട്.

| ഇനം | ഷാബിൻ എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് | നൽകിയ തുക | ഷെഫിൻ എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് | നൽകേണ്ടിയിരുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| Scarifying Existing Bituminous Road Surface ... | 8.85 | 436.55x8.85= 3863.47 | 8.00 | 436.55x8.00= 3492.40 | 3863-3492= 371 |
| Filling Up Quarry Muck .. | 900 | 39.30x900= 35370 | 10 | 39.30x10= 393 | 35370-393= 34977 |
| Providing And Laying Of Interlocking Concrete Block Pavements ... | 1140 | 436.55 X 1140 = 4,97,667/- | 1100 | 436.55x1100= 480205 | 497667-480205= 17462 |
| | | | | ആകെ | 52810/- |

വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-87/04.08.22) മറുപടി നൽകിയില്ല. നഷ്ട തുകയായ 52810/-രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-4 മേൽക്കൂര മാറ്റൽ- അനുവദനീയമായതിലും അധികം സബ്സിഡി നൽകി

| | |
|---|---|
| പ്രോജക്ട് | വീടുകളുടെ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ ,151/21 |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ | 15,00,000/- (എസ്.സി.പി) |
| ചെലവ് | 9,75,000/- |
| | 1) 99/20-21, 25/02/21- 375000/-<br>2)116/20-21,04/03/21-375000/-<br>3)131/20-21, 18/03/21- 75000/-<br>4)144/20-21,27/03/21- 150000/- |

വീടിന്റെ മേൽക്കൂര മാറ്റി പുതിയത് നിർമിക്കുന്നതിലേയ്ക്കായി ആകെ 10 ഗുണഭോക്താക്കൾക്ക് മേൽ പ്രോജക്ട് മുഖേന ധനസഹായം അനുവദിച്ചിട്ടുണ്ട്. ടി ഗുണഭോക്താക്കളിൽ ചൊകൻ മനക്കക്കുഴി, തങ്കമ്മ വിശ്വനാഥൻ വലിയനോടിപറമ്പിൽ, അയ്യപ്പൻ.വി പുതുമനക്കടി എന്നിവർക്ക് 1,50,000/- രൂപ വീതവും (75,000/-രൂപ വീതം രണ്ട് ഗഡുക്കളായി) ബാക്കിയുള്ള 7 പേർക്ക് 75000/-രൂപ വീതവുമാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. സബ്സിഡിമാർഗരേഖ-സ.ഉ.നം.22/2018,ത.സ്വ.ഭ.വ,തീയതി-14.02.18,ഖണ്ഡിക-6.7.1 പ്രകാരം മേൽക്കൂര മാറ്റലിന്

എസ്.സി വിഭാഗങ്ങൾക്കനുവദനീയമായ പരമാവധി സബ്സിഡി 1ലക്ഷം രൂപയാണ്. എന്നാൽ ചൊങ്കൻ, തങ്കമ്മ വിശ്വനാഥൻ, അയ്യപ്പൻ.വി എന്നീ മൂന്ന് ഗുണഭോക്താക്കൾക്ക് താഴെപ്പറയും വിധം സബ്സിഡി അധികമായി അനുവദിച്ചിട്ടുണ്ട്.

| ക്രമ.നം | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച ആകെ തുക | അനുവദനീയമായ തുക | അധികമായി അനുവദിച്ച തുക |
|---|---|---|---|---|
| 1 | ചൊങ്കൻ | 1,50,000/-<br>1)75,000/-(99/20-21,25.02.21)<br>2)75,000/-(131/20-21,18.03.21) | 1,00,000/- | 50,000/- |
| 2 | തങ്കമ്മ വിശ്വനാഥൻ | 1,50,000/-<br>1)75,000/-(99/20-21,25.02.21)<br>2)75,000/-(144/20-21,27.03.21) | 1,00,000/- | 50,000/- |
| 3 | അയ്യപ്പൻ.വി | 1,50,000/-<br>1)75,000/-(99/20-21,25.02.21)<br>2)75,000/-(144/20-21,,27.03.21) | 100000/- | 50,000/- |

വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-30/29.07.22) മറുപടി ലഭ്യമായില്ല. മാർഗരേഖയ്ക്ക് വിരുദ്ധമായി അനുവദിച്ച അധിക സബ്സിഡി തുക (50000x3=1,50,000/-രൂപ) ഗുണഭോക്താക്കളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

### 3-5 സർക്കാർ ഉത്തരവിന് വിധേയമായി തുക റിക്കപ്പ് ചെയ്തില്ല, കൃത്യമായ രേഖകളുമില്ല: 1,44,32,656/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

തൃക്കാക്കര നഗരസഭയിലെ വിവിധ പ്രദേശങ്ങളിൽ LED ലൈറ്റ് സ്ഥാപിക്കാനുള്ള പ്രവൃത്തിയ്ക്ക് നഗരസഭ കൗൺസിൽ അംഗീകാരം നൽകിയിട്ടുള്ള M/s United Electrical Industries Ltd. എന്ന സ്ഥാപനത്തിന് സ്പിൽ ഓവർ പ്രോജക്റ്റ് നം. 268 - ഗാൽവനൈസ്ഡ് പോളുകളിൽ LED ലൈറ്റ് സ്ഥാപിക്കുന്നതിനായി ധനകാര്യകമ്മീഷൻ ഫണ്ടിനത്തിൽ 2,42,22,717/-രൂപയും, പ്രോജക്റ്റ് നം. 267 - LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ ഇനത്തിൽ 1,50,00,000/-രൂപയും, തൻവർഷത്തെ പ്രോജക്റ്റ് നം. 148 - LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ ഇനത്തിൽ 1,50,00,000/-രൂപയും,നൽകേണ്ടതിന് 27.10.2020ലെ കൗൺസിലിന്റെ 41ാം നംപർ തീരുമാനം പ്രകാരം നഗരസഭ തനത് ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിനും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തിരികെ ഈടാക്കുന്നതിനും സർക്കാരിലേയ്ക്ക് അനുമതിയ്ക്കായി അപേക്ഷിച്ചിട്ടുണ്ട്.

അതിൻപ്രകാരം സ.ഉ.(സാധാ)നം 28/2021 ത.സ്വ.ഭ.വ തീയതി.05.01.2021 ഉത്തരവ് മുഖേന മേൽ സൂചിപ്പിച്ച പ്രോജക്റ്റുകൾക്കായി 3,14,59,469/-രൂപ നഗരസഭ തനത് ഫണ്ടിൽനിന്നും അനുവദിക്കുന്നതിനും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തിരികെ ഈടാക്കുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്.

എന്നാൽ നഗരസഭ 2020-21 വർഷം LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ /ഗാൽവനൈസ്ഡ് പോളുകളിൽ LED ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്റ്റുകൾക്കായി M/s United Electrical Industries Ltd. എന്ന സ്ഥാപനത്തിന് ചെലവ് ചെയ്ത തുകകളുടെ വിശദാംശവും ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | അടങ്കൽ തുക | ചെലവഴിച്ചതുക | ചെക് നം/ബിൽ നം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 268/20-21 (SO) | ഗാൽവനൈസ്ഡ് പോളുകളിൽ LED ലൈറ്റ് സ്ഥാപിക്കൽ<br>(നിർവ്വഹണം:മുൻസിപ്പൽ എൻജിനിയർ) | 2,42,22,717/- | 1)1,02,84,162/-<br>2)31,02,575/-<br>3)85,91,124/-(2021-22 വർഷത്തെ ചെലവ്)<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 1)478/ 15.3.2021<br>2)449/ 15.3.2021 | മുൻവർഷം ഈ പ്രോജക്റ്റിനായി 1,50,00,000 രൂപ PWD Electrical Section ന് നല്കിയിട്ടുണ്ട്. |
| 2 | 267/20-21 | LED സ്ട്രീറ്റ് ലൈറ്റ് | 1,50,00,000 | 1)77,63,248/- | 1)93/ | മുൻവർഷം ഈ |

| | | | | | | |
|---|---|---|---|---|---|---|
| | (SO) | സ്ഥാപിക്കൽ (നിർവ്വഹണം: മുൻസിപ്പൽ എൻജിനിയർ) | | 2)72,20,572/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 20.5.2020 2)447/ 15.3.2021 | പ്രോജക്റ്റിനായി ചെലവഴിച്ച തുകയുടെ വിശദാംശം ഹാജരാക്കേണ്ടതാണ് |
| | | | | 2020-21 വർഷത്തെ മാത്രം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് തുക:2,83,70,557 | | |
| 3 | 148/20-21 | LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (തുക ചെലവ് ചെയ്തത്: സെക്രട്ടറി) | 1,50,00.000 | 1,40,19,205/- (തനത് ഫണ്ട്) | 2403018/ 3.2.2021 (തനത് ഫണ്ട്) | ചെലവുചെയ്ത തുക സാംഖ്യ ചെലവ് പത്രികയിൽ ഇല്ല. |
| 4 | 1)പ്രോജക്ട് ഇല്ല, 2)DPC അംഗീകാരം നേടിയിട്ടില്ല | LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ/ Tube /Sodium Vapour Lamp മാറ്റി സ്ഥാപിക്കൽ (തുക ചെലവ് ചെയ്തത്: സെക്രട്ടറി) | 1,50,00,000 | 1,44,32,656/- (തനത് ഫണ്ട്) | 2403019/ 3.2.2021 (തനത് ഫണ്ട്) | 1)പ്രോജക്ട് തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ല 2)ചെലവുചെയ്ത തുക സാംഖ്യ ചെലവ് പത്രികയിൽ ഇല്ല. |
| | | | | 2020-21 വർഷത്തെ തനത് ഫണ്ട് ചെലവ് തുക ആകെ: 2,84,51,861/- | | |
| | | | ആകെ | 5,68,22,418/- | | |

മേൽ സൂചിപ്പിച്ച,ക്രമ നം 1,2,3 പ്രകാരം LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാനായി പ്രോജക്ടുകൾ തയ്യാറാക്കി തുക വകയിരുത്തിയിട്ടും ക്രമ നം 4 പ്രകാരം LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ/Tube /Sodium Vapour Lamp മാറ്റി സ്ഥാപിക്കൽ എന്ന ഇനത്തിൽ വീണ്ടും ഡി.പി.സി അംഗീകാരമില്ലാതെ, നഗരസഭ കണക്കിൽ ഉൾപ്പെടുത്താതെ സെക്രട്ടറി തുക ചെലവ് ചെയ്തത് എന്തിനെന്ന് വ്യക്തമല്ല. നഗരസഭയും യുണൈറ്റഡ് ഇൻഡസ്ട്രീസുമായി Tube Light /Sodium Vapour Lamp മാറ്റി സ്ഥാപിക്കൽ എന്ന പ്രവർത്തിയ്ക്കായി 1,44,32,656/-രൂപയുടെ കരാർ വച്ചിട്ടില്ല. Sodium Vapour Lamp മാറ്റി സ്ഥാപിക്കാനായി ഇത്രയും എണ്ണം Sodium Vapour Lamp കൾ ഉണ്ടായിരുന്നതായി രേഖകൾ ഇല്ല. കൂടാതെ ഒരു ചെക് മുഖേന തുക 1,44,32,656/-രൂപ പിൻവലിച്ചിട്ടും വിവിധ ഇൻവോയ്സ് ബില്ലുകളും എഗ്രിമെന്റുകളുമാണ് ഫയലിൽ ഉള്ളത്. ഓരോ വാർഡിലേയും എത്ര ലൈറ്റുകൾ ഏതെല്ലാം പോസ്റ്റുകളിൽ ഏത് തീയതിയിൽ മാറ്റിയാണ് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് പുതിയ ലൈറ്റ് സ്ഥാപിച്ചെതെന്നതിനെ സാധൂകരിക്കുന്നതിനായി വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രവും കെ.എസ്.ഇ.ബി.യുടെ സാക്ഷ്യപത്രവും പരിശോധിച്ച് ഉറപ്പ് വരുത്താതെയാണ് മുഴുവൻ തുകയും നൽകിയത്. ആയതിനാൽ ഈ ചെലവിന്റെ ആധികാരികത കൂടുതൽ അന്വേഷണം നടത്തി ഓഡിറ്റിൽ വ്യക്തമാക്കുന്നതിന് വിധേയമായി 1,44,32,656/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മുൻസിപ്പൽ എൻജിനിയറും നഗരസഭ സെക്രട്ടറിയും തുല്യമായ ഉത്തരവാദിത്വത്തിൽ ഈ തുക തിരികെ ഈടാക്കേണ്ടതാണ്.

ഇതു കൂടാതെ ചുവടെ ചേർക്കുന്ന അപാകതകളും വിശദീകരിക്കപ്പെട്ടിട്ടില്ല.

1) KSEB യുമായി സ്ട്രീറ്റ് ലൈറ്റുകളുടെ/Tube /Sodium Vapour Lamp എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തിയതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. പ്രസ്തുത റിപ്പോർട്ടില്ലാതെ എപ്രകാരമാണ് തുക ചെലവ് ചെയ്തത് എന്ന് വ്യക്തമല്ല.

2) ക്രമനം 4 പ്രകാരം ചെലവു ചെയ്ത തുകയ്ക്ക് പ്രോജക്ട് തയ്യാറാക്കുകയോ, ഡി പി സി അംഗീകാരം നേടുകയോ ചെയ്യാതെ, സാംഖ്യ ചെലവ് പത്രികയിൽ ഉൾപ്പെടുത്താതെയുമാണ് ചെലവ് ചെയ്തിട്ടുള്ളത്. ശരിയായ ചെലവു രേഖകൾ ഇല്ലാതെ തനത് ഫണ്ടിൽ നിന്നും തുക പിൻവലിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിനായി കൗൺസിൽ തീരുമാനമോ, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗീകാരമോ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

3) 2020-21 വർഷത്തെ സ്പിൽ ഓവർ പ്രോജക്ടുകൾക്കായി 3,14,59,469/-രൂപ. നഗരസഭ തനത് ഫണ്ടിൽനിന്നും അനുവദിക്കുന്നതിനും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക തിരികെ ഈടാക്കുന്നതിനുമാണ് അനുമതി ലഭിച്ചിട്ടുള്ളത്. നഗരസഭ തനത് ഫണ്ടിൽനിന്നും തൻവർഷം ചെലവു രേഖയിൽ ഉൾപ്പെടുത്താതെ ചെലവുചെയ്ത തുക 2,84,51,861/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2,83,70,557/- രൂപ 2020-21 വർഷം ഈയിനത്തിൽ ലഭിച്ചതിനാൽ തനത് ഫണ്ടിലേയ്ക്ക് (റിക്കൂപ്പ്) തിരികെ ഇടേണ്ടതായിരുന്നു. എന്നാൽ നഗരസഭ തനത് ഫണ്ടിൽനിന്നും കൂടാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചും ചെലവു ചെയ്യുകയാണ് ഉണ്ടായത്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് തനത് ഫണ്ടിലേയ്ക്ക റിക്കൂപ്പ് ചെയ്തിട്ടില്ല. അപ്രകാരം 5,68,22,418/- രൂപ ആകെ ചെലവ് ചെയ്തു. ആയതിനാൽ 2,83,70,557/- രൂപയുടെ അധിക ചെലവ് നടന്നിട്ടുള്ളതായി കാണുന്നുണ്ട്. ഈ അധിക ചെലവിൽ ഉൾപ്പെടുന്നതാണ് ക്രമനം 4 പ്രകാരം ഡിപിസി അംഗീകാരമില്ലാത്ത ചെലവു ചെയ്ത 1,44,32,656/-രൂപ .

4)മുൻവർഷം ഗാൽവനൈസ്ഡ് പോളുകളിൽ LED ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്റ്റിനായി 1,50,00,000 രൂപ PWD Electrical Section,തൃശ്ശൂരിന് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ചെയ്തതിന്റെ വിശദാംശം/ എസ്റ്റിമേറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയില്ല. രണ്ട് ഏജൻസികൾക്ക് ഒരേ പ്രവൃത്തിയ്ക്ക് തന്നെ തുക നൽകിയതിനാൽ ഇരട്ടിപ്പ് വന്നിട്ടുണ്ടോ എന്ന് വ്യക്തമല്ല. കൂടാതെ LED ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്റ്റിനായി മുൻവർഷം (തൻവർഷം സ്പിൽ ഓവർ ആയ പ്രോജക്റ്റ്) പ്രകാരം എത്ര തുക ചെലവു ചെയ്തു എന്ന വിശദാംശവും ഹാജരാക്കിയില്ല.

5)കെ.എസ്.ഇ. ബി യിൽ നിന്നുള്ള ഇൻസ്റ്റലേഷൻ, സൂപ്പർവിഷൻ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

6) M/s United Electrical Industries Ltd. ഉരുകൾ കൈപ്പറ്റിയതിന്റെ രസീത് ഹാജരാക്കിയില്ല.

7) ഈ പ്രോജക്റ്റിനായി മറ്റ് ഫണ്ടുകൾ, MP / MLA ഫണ്ട് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

8) തെരുവ് വിളക്കുകൾ ലഭ്യമായത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. കൂടാതെ വിതരണം ചെയ്തത്/സ്ഥാപിച്ചത് സംബന്ധിച്ച വിവരങ്ങളും ഹാജരാക്കിയില്ല. പ്രൊജക്റ്റ് മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയില്ല. കൂടാതെ KSEB, PWD തുടങ്ങിയ വകുപ്പുകളിൽ നിന്നുള്ള എതിർപ്പുകൾ സംബന്ധിച്ച് ഫയലിൽ സൂചിപ്പിച്ചിട്ടുണ്ട്.

മറ്റ് അംഗീകൃത പ്രോജക്റ്റുകൾ തൻവർഷം ഉള്ളപ്പോൾ തന്നെ – പ്രോജക്റ്റ് ഇല്ലാതെ, ഡിപിസി അംഗീകാരമില്ലാതെ, ചെലവു രേഖയിൽ ഉൾപ്പെടുത്താതെ, വ്യക്തമായ എഗ്രിമെന്റ് ഇല്ലാതെ, ഭരണാനുമതി ഇല്ലാതെ, ആകെ വാങ്ങിയ ലൈറ്റുകൾക്കുള്ള സ്റ്റോക്ക് രജിസ്റ്റർ ഇല്ലാതെ, KSEB യിൽ നിന്നും ലൈറ്റുകളുടെ എണ്ണം സംബന്ധിച്ച റിപ്പോർട്ടില്ലാതെ, വിവിധ പ്രോജക്റ്റുകൾ തൻവർഷം നടപ്പാക്കിയിട്ടുള്ളതിനാൽ ഈ തുക ഉപയോഗിച്ച് പ്രവൃത്തി നടപ്പാക്കിയ പോസ്റ്റുകളുടെ കൃത്യമായ രേഖകൾ ഇല്ലാതെയും അധികം തുക ചെലവു ചെയ്തതിനാലാണ് 1,44,32,656/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നത്. അധികം തുക ചെലവ് ചെയ്തതിനാൽ തുക തിരികെ ഈടാക്കുന്നതിന് മുൻസിപ്പൽ എൻജിനിയർക്കും, നഗരസഭ സെക്രട്ടറിയ്ക്കും തുല്യമായ ഉത്തരവാദിത്വമുണ്ട്. നഗരസഭ കൗൺസിൽ തീരുമാനം മുഖേനയാണ് തുക ചെലവ് ചെയ്തതെങ്കിൽ നഗരസഭ കൗൺസിലിനും തുല്യമായ ഉത്തരവാദിത്വമുണ്ട്. ഇതു സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തി വ്യക്തത വരുത്തുന്നതിനായി ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു. (വിശദീകരണം ആവശ്യപ്പെട്ട് 4.8.2022 ൽ നല്കിയ 78ാം നംപർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2020-21 | ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു. |

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തിൽ നഗരസഭ സംയുക്തപ്രോജക്ടുകൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

### 4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | പ്രവൃത്തി ,ഫയൽ നമ്പർ | അടങ്കൽ | ചെക്ക് നം/ തീയതി | ചെലവ് തുക |
|---|---|---|---|---|
| 1 | മൂലേപ്പാടം റോഡ് വാർഡ് 29,30 കുടിവെള്ള പൈപ്പ് ലൈൻ,<br>E1-13902/19 | 1430000/-(തനത് ഫണ്ട്) | 361380/20.05.20 | 1430000 |

| | | | | |
|---|---|---|---|---|
| 2 | വാർഡ് 3 ലെ കുടിവെള്ള പൈപ്പ് ലൈൻ,E1-24397/13 | 108402/-(തനത് ഫണ്ട്) | 361517/30.06.20 | 108402 |
| 3 | പൈപ്പ് ലൈൻ റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ, E2-084/20 | 3490000/-(തനത് ഫണ്ട്) | 361604/29.07.20 | 3490000 |
| 4 | പൈപ്പ് ലൈൻ റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ, E1-21053/19 | 793862/- | 360859/16.10.20 | 793862 |
| 5 | കാക്കനാട്-കൊല്ലംകുടിമുഗൾ കുടിവെള്ള പൈപ്പ് ലൈൻ, E2-13374/20 | 4132000/- 9954264 (തനത് ഫണ്ട്) | 403082/12.02.21 | 4132000 |
| 6 | വിവിധ വാർഡുകളിലെ വൈദ്യുത ലൈനുകളിലെഅറ്റകുറ്റപ്പണി, E1-8057/20, (തനത് ഫണ്ട്) | 402345 (തനത് ഫണ്ട്) | 360993/23.11.20 | 402345 |
| ആകെ | | | | 10356609 |

4-4 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2020-21 വർഷം മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 32155771 |
| തൻവർഷം നിക്ഷേപിച്ച തുക | 2,40,00,000 |
| ആകെ | 56155771 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 56155771 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം

| എഫ്.ഡി.നമ്പർ | ബാങ്ക് | കാലാവധി | തുക |
|---|---|---|---|
| 0055569 | ഇൻഡ്യൻ ഓവർസീസ് ബാങ്ക് | 22.5.20 | 15000000 |
| 0055568 | " | " | 17155771 |
| | വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | | 12000000 |
| | വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | | 12000000 |
| | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | | 56155771 |

ഇതു കൂടാതെ യൂണിയൻ ബാങ്കിൽ 10,75,00,000/-രൂപ ഫ്ലക്സി ഫിക്സഡ് ഡെപ്പോസിറ്റ് ഉണ്ട്. ഇതു അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല.

1)ഫിക്സഡ് ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കേണ്ടതാണ്

തൃക്കാക്കര നഗരസഭയിലെ ഫിക്സഡ് ഡെപ്പോസിറ്റ് വിശദാംശം രേഖപ്പെടുത്തിയ രജിസ്റ്റർ/രേഖകൾ മുൻവർഷങ്ങളിലെ ഉൾപ്പെടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.
2)സ്ഥിര നിക്ഷേപം - ബാങ്ക് രേഖകൾ ഹാജരാക്കിയില്ല.
420800100 -ാം നമ്പർ Fixed Deposit Ledger പരിശോധനയിൽ 29.03.2019 തീയതിയിലെ Opening Balance ആയ 80,000,000/- രൂപയിൽ നിന്നും 03.04.2019 ലെ 470116-ാം നമ്പർ ചെക്ക് മുഖേന (വൌച്ചർ നം :119100900003 ) 30,000,000/- രൂപ യൂണിയൻ ബാങ്കിൽ നിന്നും പിൻവലിച്ച് Bank Of Baroda യിലും 02.05.2019 -ലെ 119100900003 -ാം നമ്പർ വൌച്ചർ പ്രകാരം യൂണിയൻ ബാങ്കിലെ Fixed Deposit Close ചെയ്ത ഇനത്തിലുള്ള 20,000,000/- രൂപ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലും നിക്ഷേപിച്ചതായി കാണുന്നു. മേൽ തുകകൾ പ്രസ്തുത ബാങ്കുകളിൽ നിക്ഷേപിച്ചതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ/രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയത് ഹാജരാക്കാത്തതിനാൽ മേൽ തുകകളുമായി ബന്ധപ്പെട്ട ലെഡ്ജർ എൻട്രികളുടെ ആധികാരികത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ഇതിന്റെ തുടർച്ചയായിട്ടാണ് തൻവർഷം 2.4 കോടി രൂപ HDFC ബാങ്കിൽ നിന്നും പിൻവലിച്ച് സ്ഥിര നിക്ഷേപം നടത്തിയിട്ടുള്ളത്. സ്ഥിര നിക്ഷേപം സംബന്ധിച്ച ബാങ്ക് രേഖകൾ രജിസ്റ്ററിനോടൊപ്പം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

4-7 ഓഡിറ്റ് റിക്കവറി

ഇതു സംബന്ധിച്ച വിശദ വിവരം ഓഡിറ്റിന് ഹാജരാക്കിയില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 12 | 2004-05 | III-7(1) 13(ii) | ചെക്ക് പ്രകാരം പിൻവലിച്ച 150000 രൂപയിൽ 2119/- രൂപ മാത്രമേ ചെലവ് എഴുതിയിട്ടുള്ളൂ. ബാക്കിയുള്ള 147881/- രൂപ പലിശ സഹിതം ഈടാക്കേണ്ടതാണ്. | സമിതി തെളിവെടുത്തു. തീരുമാനം ആയിട്ടില്ല. |
| 2000-01 2001-02 | 16 | 2004-05 | III-7(1) 13(i) | കൺവീനർക്ക് നൽകിയ കമ്പി, സിമന്റ് എന്നിവക്ക് ടെണ്ടർ എക്സസ് നൽകി. അധിക ചെലവ് 47145/- രൂപ | സമിതി തെളിവെടുത്തു. തീരുമാനം ആയിട്ടില്ല. |
| 2016-17 | 2-1 | 2017-18 | 3 | അധിക FAR ഫീസ് ഈടാക്കിയതിലെ അപാകത- 36,26,160/- രൂപ നഗരസഭയ്ക്ക് നഷ്ടം | സമാഹൃത റിപ്പോർട്ടിന് മറുപടി നൽകിയിട്ടുണ്ട്. |

4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 87,24,14,120.81 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 71,99,37,121.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 2,12,60,586/- |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,52,21,963/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,76,17,975/- |

(ബി) നഗരസഭാഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 20800000 | -- | ശ്രീ പി എസ് ഷിബു,സെക്രട്ടറി |
| 2-2 | 34217 | -- | ശ്രീ പി എസ് ഷിബു,സെക്രട്ടറി |
| 2-3 | 10662 | | ശ്രീ പി എസ് ഷിബു,സെക്രട്ടറി |
| 2-4 | 57847 | | ശ്രീ പി എസ് ഷിബു,സെക്രട്ടറി |
| 3-1 | --- | 402785 | ശ്രീ മനോജ് ജി,ഹെൽത്ത് ഇൻസ്പെക്ടർ |
| 3-2 | --- | 183712 | ശ്രീമതി ബോണി എസ്,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | --- | 52810 | ശ്രീമതി ബോണി എസ്,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | --- | 1,50,000 | ശ്രീമതി അനിതാകുമാരി ടി,പട്ടികജാതി വികസന ഓഫീസർ |
| 3-5 | --- | 1,44,32,656 | 1)ശ്രീ കൃഷ്ണകുമാർ, സെക്രട്ടറി<br>2)ശ്രീമതി സുജാകുമാരി എസ്., മുൻസിപ്പൽ എൻജിനിയർ |
| ആകെ | 2,12,60,586 | 1,52,21,963 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 10725000 | ശ്രീമതി അനിതാകുമാരി ടി,പട്ടികജാതി വികസന ഓഫീസർ |
| 1-30(1) | 41560 | ശ്രീമതി ധന്യ കെ വി,മെഡിക്കൽ ഓഫീസർ,പി എച്ച് സി,തൃക്കാക്കര |
| 1-30(2) | 161545 | ശ്രീമതി ധന്യ കെ വി,മെഡിക്കൽ ഓഫീസർ,പി എച്ച് സി,തൃക്കാക്കര |
| 1-33 | 1,74,19,307 | 1)ശ്രീ പി എസ് ഷിബു, സെക്രട്ടറി<br>2)ശ്രീ കൃഷ്ണകുമാർ,സെക്രട്ടറി |

| | | |
|---|---|---|
| | | 3)ശ്രീ എസ് രാജേന്ദ്രൻ, മുൻസിപ്പൽ എൻജിനിയർ<br>4)ശ്രീമതി സുജാകുമാരി എസ്., മുൻസിപ്പൽ എൻജിനിയർ |
| 1-32 | 150000 | ശ്രീമതി അനിതാകുമാരി ടി, പട്ടികജാതി വികസന ഓഫീസർ |
| 1-34 | 98579 | ശ്രീമതി മേരി കാതറീൻ ജോർജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-37 | 402345 | ശ്രീ പി എസ് ഷിബു, സെക്രട്ടറി |
| 1-38 | 9954264 | ശ്രീ പി എസ് ഷിബു, സെക്രട്ടറി |
| 1-40 | 1025000 | ശ്രീ പി എസ് ഷിബു, സെക്രട്ടറി |
| 1-42 | 668490 | ശ്രീ പി എസ് ഷിബു, സെക്രട്ടറി |
| 1-45 | 1,39,37,901 | 1)ശ്രീ കൃഷ്ണകുമാർ,സെക്രട്ടറി<br>2)ശ്രീമതി സുജാകുമാരി എസ്., മുൻസിപ്പൽ എൻജിനിയർ |
| 1-46 | 52038 | ശ്രീ പി എസ് ഷിബു, സെക്രട്ടറി |
| 1-49 | 143000 | ശ്രീ പി എസ് ഷിബു, സെക്രട്ടറി |
| 1-54 | 1791033 | ശ്രീ പി എസ് ഷിബു, സെക്രട്ടറി |
| 1-55 | 191400 | ശ്രീ പി എസ് ഷിബു, സെക്രട്ടറി |
| 1-65 | 564850 | ശ്രീമതി രമ്യ കെ എസ്,ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-66 | 52385 | " |
| 1-68 | 200000 | " |
| 1-69 | 5853 | " |
| 1-72 | 315000 | ശ്രീ. മനോജ് ജി,ഹെൽത്ത് ഇൻസ്പെക്ടർ |
| 1-75 | 15525544 | 1)ശ്രീ കൃഷ്ണകുമാർ,സെക്രട്ടറി<br>2)ശ്രീമതി സുജാകുമാരി എസ്., മുൻസിപ്പൽ എൻജിനിയർ |
| 1-76 | 194602 | 1)ശ്രീ കൃഷ്ണകുമാർ,സെക്രട്ടറി<br>2)ശ്രീമതി സുജാകുമാരി എസ്<br>മുൻസിപ്പൽ എൻജിനിയർ |
| 1-77 | 1691897 | 1)ശ്രീ പി എസ് ഷിബു, സെക്രട്ടറി<br>2)ശ്രീ എസ് രാജേന്ദ്രൻ., മുൻസിപ്പൽ എൻജിനിയർ |
| 1-80 | 498878 | ശ്രീ പി എസ് ഷിബു, സെക്രട്ടറി |
| 1-82 | 124552 | ശ്രീമതി. അനിത.പി, കൃഷി ഓഫീസർ |
| 1-83 | 375000 | ശ്രീമതി. അനിത.പി, കൃഷി ഓഫീസർ |
| 1-84 | 845171 | ശ്രീമതി. അനിത.പി, കൃഷി ഓഫീസർ |
| 1-85 | 274296 | ശ്രീമതി. അനിത.പി, കൃഷി ഓഫീസർ |
| 1-86 | 34000 | ശ്രീമതി. അനിത.പി, കൃഷി ഓഫീസർ |
| 1-89 | 82380 | ശ്രീമതി അനിതാകുമാരി ടി, പട്ടികജാതി വികസന ഓഫീസർ |
| 1-92 | 72105 | ശ്രീ. മനോജ് ജി,ഹെൽത്ത് ഇൻസ്പെക്ടർ |
| ആകെ | 7,76,17,975/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മേരി കാതറീൻ ജോർജ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,കൊച്ചി കോർപ്പറേഷൻ | 3E, Good Earth Melange,<br>മേനോൻപറമ്പ് റോഡ്,<br>ഇടപ്പിള്ളി- 682024 |
| ശ്രീ ബി ദിലീപ്, ഹെൽത്ത് ഓഫീസർ | - | ചാരുവിള വീട്,കൈതക്കോട് പി ഒ,കൊല്ലം |
| ശ്രീമതി അനിതാകുമാരിടി,<br>പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ,തൃശ്ശൂർ കോർപ്പറേഷൻ | തായപ്പിള്ളിൽ(വീട്),<br>പള്ളം പി ഒ,കോട്ടയം ജില്ല |
| ശ്രീമതി ധന്യ കെ വി,<br>മെഡിക്കൽ ഓഫീസർ,<br>പി എച്ച് സി,തൃക്കാക്കര | മെഡിക്കൽ ഓഫീസർ,<br>പി എച്ച് സി,<br>തൃക്കാക്കര | F4/16,സാറ്റലൈറ്റ് ടൌൺഷിപ്പ്,<br>പടമുഗൾ, കാക്കനാട് |
| ശ്രീ പി എസ് ഷിബു, സെക്രട്ടറി | - | സുകുമാരവിലാസം, നടുവത്തുംചേരി |

| | | |
|---|---|---|
| | | ചവറ സൗത്ത്, കൊല്ലം- 691584 |
| ശ്രീ കൃഷ്ണകുമാർ,<br>സെക്രട്ടറി | സെക്രട്ടറി , തൃശ്ശൂർ കോർപ്പറേഷൻ | നമ്പിപറമ്പിൽ വീട്,<br>ശ്രീനാരായണ ഗേൾസ് സ്കൂളിന് സമീപം,<br>കീഴ്മാട്. |
| ശ്രീമതി സുജാകുമാരി എസ്<br>മുൻസിപ്പൽ എൻജിനിയർ | മുൻസിപ്പൽ എൻജിനിയർ,<br>തൃക്കാക്കര | ശ്രാവണം , ഗംഗാനഗർ എ ലെയിൻ<br>കുടപ്പനക്കുന്ന് പി ഒ<br>തിരുവനന്തപുരം |
| ശ്രീ എസ് രാജേന്ദ്രൻ<br>മുൻസിപ്പൽ എൻജിനിയർ | വിരമിച്ചു. | ശ്രീരംഗം , കല്ലേലിഭാഗം<br>കരുനാഗപ്പിള്ളി, കൊല്ലം |
| മനോജ് ജി,<br>ഹെൽത്ത് ഇൻസ്പെക്ടർ | ഹെൽത്ത് ഇൻസ്പെക്ടർ, | ലഭ്യമായില്ല |
| ശ്രീമതി രമ്യ കെ എസ്,ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ,<br>തൃക്കാക്കര നഗരസഭ | മംഗലത്ത്(വീട്),പുല്ലുവഴി,<br>പെരുമ്പാവൂർ, എറണാകുളം ജില്ല |

4-11 തീർപ്പാക്കാനവശേഷിക്കുന്നഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടിന്റെ വിവരം |
|---|---|
| 1978-79 | എൽ.എഫ്.ഇ(പി3)2175/80/5.12.1981 |
| 1980-81 | എൽ.എഫ്.ഇ(പി3)2177/84/3.10.1987 |
| 1981-82 | എൽ.എഫ്.ഇ(പി3)1009/85/9.10.87 |
| 1982-83 | എൽ.എഫ്.ഇ(പി3)369/87/18.1.98 |
| 1983-84 | എൽ.എഫ്.ഇ(പി3)1469/88/3.11.88 |
| 1984-85 | എൽ.എഫ്.ഇ(പി3)1178/88/16.7.88 |
| 1985-86 | എൽ.എഫ്.ഇ(പി3)225/89/3.7.89 |
| 1986-87 | എൽ.എഫ്.ഇ(പി2)1707/90/13.6.91 |
| 1987-88 | എൽ.എഫ്.ഇ(പി2)1413/92/30.7.92 |
| 1988-89 | എൽ.എഫ്.ഇ(പി2)876/93/2.11.93 |
| 1989-90 | എൽ.എഫ്.ഇ(പി2)876/93/2.11.93 |
| 1990-91 | എൽ.എഫ്.ഇ(പി2)588/94/3.4.95 |
| 1991-92 | എൽ.എഫ്.ഇ(പി2) “ |
| 1992-93 | എൽ.എഫ്.ഇ(പി4)1303/05/22.9.06 |
| 1993-94 | എൽ.എഫ്.ഇ(പി4)1304/05/” |
| 1994-95 | എൽ.എഫ്.ഇ(പി4)1305/05/” |
| 1995-96 | എൽ.എഫ്.ഇ(പി4)1306/05/” |
| 1998-99 | എൽ.എഫ്.ഇ(പി3)1034/01/10.10.01 |
| 1999-00 | എൽ.എഫ്.ഇ(പി3)857/04/26.1.04 |
| 2000-01 | എൽ.എഫ്.ഇ(പി3)1078/04/12.1.05 |
| 2001-02 | എൽ.എഫ്.ഇ(പി3) “ |
| 2002-03 | എൽ.എഫ്.ഇ(പി4)472/08/24.11.08 |
| 2003-04 | എൽ.എഫ്.ഇ(പി4)473/08/” |
| 2004-05 | എൽ.എഫ്.ഇ(പി4)317/08/29.1.09 |
| 2005-06 | എൽ.എഫ്.ഇ(പി8)269/10/29.7.10 |
| 2006-07 | എൽ.എഫ്.ഇ(പി8)282/10/31.7.10 |
| 2007-08 | എൽ.എഫ്.ഇ(പി8)791/09/20.3.10 |
| 2008-09 | എൽ.എഫ്.ഇ(പി8)183/11/11.3.12 |
| 2009-10 | എൽ.എഫ്.ഇ(പി8)183/11/” |
| 2010-11 | എൽ.എഫ്.ഇ(എം.1)874/12/7.7.12 |
| 2011-12 | എൽ.എഫ്.ഇ(എം.1)1650/14/19.2.15 |
| 2012-13<br>2013-14 | എൽ.എഫ്.ഇ(എം.2)409/16/8.3.16 |
| 2014-15 | എൽ.എഫ്.ഇ(എം.1)1384/16/9.8.16 |
| 2015-16 | എൽ.എഫ്.ഇ(എം.1)141/17/8.2.17 |
| 2016-17 | കെഎസ്എ-ഇകെഎം(എം.1) 1775/2017/ 30.11.2017 |
| 2017-18 | കെഎസ്എ-ഇകെഎം(എം.1)222/2019/21.03.2019 |
| 2018-19 | കെഎസ്എ-ഇകെഎം(എം.1) 358/2020 / 23.03.2020 |

| | |
|---|---|
| 2019-20 | കെഎസ്എ-ഇകെഎം(എം.1) 724/2022 / 21.07.2022 |

ജോയിന്റ് ഡയറക്ടർ,
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്